2019 ഏപ്രിൽ

പുസ്തകം 3 ലക്കം 2

# TEEN സ്വസ്തി

ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

VISION & MISSION OF 25 TEENAGERS

**Cover Story**

ടീൻ സ്വസ്തി പങ്കുവെക്കുന്നു ഈ കുട്ടികളുടെ വിശേഷങ്ങൾ!



അറിയേണ്ട നമ്പൂതിരി



സംസ്ഥാന ചലച്ചിത്ര പുരസ്കാരം

ഗാനരചന

ബി.കെ.ഹരിനാരായണൻ



**Breaking News**

## ആ വിധവാ വിവാഹത്തിലെ മകൾ മുത്തശ്ശിയായി കോഴിക്കോട്ടുണ്ട്

91 കാരനായ ടി സി നാരായണൻ നമ്പൂതിരി

19 കാരനായ ഫ്രീക്കനെക്കുറിച്ച് എഴുതുന്നു

Salute For Spike to Shoes

ഇല്ലപ്പെരുമയിൽ: കൊളപ്പുറത്തെ സർപ്പപുരാണം

കുട്ടിക്കൂട്ടത്തിൽ : തോറ്റു തരുന്ന മുത്തശ്ശിയെപ്പറ്റി ആർദ്ര മങ്ങത്തായ

ശ്രീവേദ അവിഞ്ഞിക്കാട് എഴുതിയ Story of a Coconut

## നമുക്കിടയിലെ പ്രതിഭകൾ

# നളപാകത്തിലെ നായകനോ?

തീയില്ലാതെ വേവിക്കാനറിയില്ല.പാലടക്കാണെങ്കിൽ ആറുമണിക്കൂറെങ്കിലും സമയവും വേണം. അഗ്നിയും സമയവും വേണ്ടതിനാൽ നളപാകം എന്നു പറയാൻ വയ്യ. എങ്കിലും രുചിയുടെ കാര്യത്തിൽ അസ്സൽ നളപാകം. ചരക്കിലിരുന്ന് കുറുകിയിട്ടാണ് അച്ചിപ്ര ബ്രാൻഡിന്റെ പാലട ബ്രൗൺ നിറമാവുന്നത്.120 ലിറ്റർ പാലു വേണം100 ലിറ്റർ പായസത്തിന്.

ഏതാനും വർഷം മുമ്പാണ്. കോഴിക്കോട് ഭാഗത്ത് ഒരു വിവാഹസദ്യ ഉണ്ട ഒരാൾ ദേഹണ്ണക്കാരനെ അന്വേഷിച്ചു. അന്വേഷിച്ച ആൾ ചില്ലറക്കാരനല്ല. മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഉടമയായവൻ മുതലാളി ആർ.എൻ സാബു. എന്തോ കുഴപ്പമുണ്ടാവുമെന്ന് പലരും നിനച്ചു.കുഴപ്പമായതല്ല, ഗംഭീരമായതാണ് പ്രശ്നം. സദ്യ ബഹു കേമായാൽ ഒന്നും പറയാൻ ല്യ എന്നല്ലേ നമ്പൂതിരിമാർ പറയുക. അയാൾക്ക് അത് പോരായിരുന്നു. എന്തെങ്കിലും പറയണം. ദേഹണ്ണക്കാരനെ നേരിൽ ക്കണ്ട് അഭിനന്ദിക്കണമത്രെ. പടിഞ്ഞാറ്റീരി സതീശനായിരുന്നു ആ ദേഹണ്ണക്കാരൻ.അച്ചിപ്രയായിരുന്നു ആ ബ്രാൻഡ്.

നളചരിതത്തിലെ നായകൻ അച്ചിപ്രക്കാരനായിരുന്നതിന് തെളിവൊന്നുമില്ല. എന്നാൽ ബ്രാൻഡ് അച്ചിപ്രയുടെ അംബാസഡറാണ് സതീശൻ. ഇത് രജതജൂബിലി വർഷം.1994 ലാണ് തുടക്കം. അപ്ഫൻ വലിയ ദേഹണ്ണക്കാരനായിരുന്നു. ലിസ്റ്റ് തയ്യാറാക്കുമ്പോൾ എഴുതുന്ന ജോലി അക്കാലത്ത് സതീശനായിരുന്നു. പത്തു മുന്നൂറു പേരുടെ സദ്യയ്ക്ക് വേണ്ടതെല്ലാം അങ്ങനെ വിരൽത്തുമ്പിൽ വന്നു. പിന്നെ തീയിനും ചരക്കിനും മുന്നിലായി. വേവും പാകവും സമയവും എല്ലാം സിങ്ക്രണൈസ് ചെയ്യിച്ചു കോട്ടക്കൽ ആര്യവൈദ്യശാലയിലെ മെക്കാനിക്കൽ ഡ്രാഫ്റ്റ്സ് മാൻ കൂടിയായ സതീശൻ.

എണ്ണയിട്ട മെഷീൻ പോലെയായി എല്ലാം. 10 പേരടങ്ങുന്ന യാത്രയയപ്പ് പരിപാടിക്ക് ഓഫീസിൽ ഉച്ചയൂണെത്തിക്കണം. ഉണ്ണിയുടെ ചോറൂണിന് 100പേരുടെ സദ്യവേണം. ഷഷ്ഠിപൂർത്തിക്ക് 200 പേർക്ക് ഇലയിടണം. ക്ഷേത്രത്തിലെ ഉത്സവത്തിന് ഏഴ് ചതുശ്ശതം പായസം വേണം. ഒന്ന് ഫോൺ ചെയ്താൽ മതി .9447116305. അച്ചിപ്രയിൽ നിന്ന് 50 കിലോമീറ്റർ റേഞ്ചിൽ സാധനങ്ങൾ എത്തിക്കും.ചൂടോടെ .പത്തു കിലോമീറ്റർ പരിധിയിലെങ്കിൽ യാത്രാച്ചെലവ് വേണ്ട.

വെറും10 പേർക്കുള്ള കാറ്ററിംഗ് ആയാലും 5000 പേർക്കുള്ള സദ്യ ആയാലും നോ എന്ന് പറയില്ല. 500നു മുകളിലുള്ളതെല്ലാം സ്ഥലത്തു ചെന്ന് തയ്യാറാക്കും.
ഒന്നും അറിയേണ്ട. ഇലയുടെ നിരക്കിൽ ഭക്ഷണം റെഡി. വടക്ക് കണ്ണൂരിലെ മട്ടന്നൂർ മുതൽ തെക്ക് ചാലക്കുടി വരെ വ്യാപിച്ചു കഴിഞ്ഞു അച്ചിപ്ര വെജിറ്റേറിയൻ ബ്രാൻഡ്.


ലൈവ് വെള്ളയപ്പം, ലൈവ് പുട്ട്, ലൈവ് മസാലദോശ, ലൈവ് ഊത്തപ്പം....അങ്ങനെ ഒരേർപ്പാടുണ്ട്. സൽക്കാര പാർട്ടികൾക്ക്. അതിലുമുണ്ട് അച്ചിപ്ര ടച്ച്. വെയ്ക്കാൻ മാത്രമല്ല വെളമ്പാനുമുണ്ട് ടീം. വെളമ്പാൻ മാത്രമല്ല സദ്യ കഴിഞ്ഞ് ഇലയെടുക്കാനും സംവിധാനമുണ്ട്. ഇലയെടുക്കാൻ മാത്രമല്ല വേസ്റ്റ് കൊണ്ടു പോവാനുമുണ്ട്. അതാണ് അച്ചിപ്ര. പാചകക്കാർ മുതൽ ഇലയെടുപ്പുകാർ വരെ യൂണിഫോമിട്ട ബ്രാൻഡഡ് പ്രൊഫഷണലുകൾ.

രുചിയും വൃത്തിയുമാണ് കാൽ നൂറ്റാണ്ടായി ഗ്യാരണ്ടി ചെയ്യുന്നത്.
ചൈനീസും ഗോബി മഞ്ചൂരിയും ചില്ലി ഗോബിയും എന്നു വേണ്ട എന്തും റെഡി. വെജ് കൊണ്ട് ഏതു വേഷവും കെട്ടും. ഏതു കൂട്ടും ചമയ്ക്കും. മറ്റേത് ഇല്ലെന്നല്ല,വയ്യേ വയ്യ.

ഉസ്താദ് ഹോട്ടൽ പോലെ സകുടുംബമല്ല . മകൾ ആരതിനമ്പൂതിരി ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ ഡിഗ്രി. മകൻ അഭിനവ് നമ്പൂതിരി പത്തിലും. ഭാര്യപ്രീത സ്കൂൾ ടീച്ചർ. കാറ്ററിംഗിന് കൂട്ട് വേറെക്കുറെ നമ്പൂതിരിമാരാണ്.നൂറോളം പേരുണ്ട് ബ്രാൻഡ് അച്ചിപ്രയുടെ പാനലിൽ.

ഇല്ലത്തെ അടുത്ത വിശേഷത്തിന് വിളിച്ചു നോക്കൂ ഈ ബ്രാഹ്മണനെ.
9447116305






പുസ്തകം 3 ലക്കം 2

## 2019 ഏപ്രിൽ

**Email: swasthitrimonthly@gmail.com**

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5121 ചൈത്രം
കൊല്ലവർഷം 1194 മേടം
ശ്വേതവരാഹകല്പം-
വൈവസ്വത മന്വന്തരം 7
വസന്ത ഋതു

**ടീം സ്വസ്തി**

ചീഫ് എഡിറ്റർ:
കൊയ്ത്തൊടി ചെറുമുക്കു പരമേശ്വരൻ 8089441634
അസോസിയേറ്റ് എഡിറ്റർ:
പാനാട് പദ്മനാഭൻ നമ്പൂതിരി 9400992823
മാനേജിംഗ് എഡിറ്റർ: ഉമശ്രീ കിഴക്കുമ്പാട്, 9496164912
അംഗങ്ങൾ: ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി, വി.ഇ. നാരായണൻ നമ്പൂതിരി, വിനോദ് മങ്ങത്തായ, രവി മങ്ങത്തായ

മാനേജിംഗ് കമ്മിറ്റി
പ്രിന്റർ ആന്റ് പബ്ലിഷർ
പാലാഞ്ചേരി നാരായണൻ നമ്പൂതിരി
**സർക്കുലേഷൻ മാനേജർ**
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337
മാനേജർ (പരസ്യം):
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
അംഗങ്ങൾ: നാറണിയാട് ദാമോദരൻ നമ്പൂതിരി
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്

ജില്ലാ പ്രസിഡന്റ്: മധു അരീക്കര
ജില്ലാ സെക്രട്ടറി
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി

ഡിസൈനിംഗ്
റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോബസാർ, കോഴിക്കോട് -673001,
മൊബൈൽ: 9847941277, 9847907630

വര: കൃഷ്ണൻ പാതിരിശ്ശേരി

# ടീം സ്വസ്തിയിൽ നിന്ന് ടീൻ സ്വസ്തി


ടീം സ്വസ്തിയുടെ വിഷുപ്പതിപ്പ് ടീനേജുകാർക്ക് സമർപ്പിക്കുകയാണ്.ടീൻ സ്വസ്തിയാണ് ഇത്തവണ. നമ്പൂതിരിമാരിലെ പുതുനാമ്പുകളുടെ വിഷനും മിഷനും. നല്ല വിഷനുള്ള 25 കുട്ടികളാണ് ഈ ലക്കത്തിലെ ഹൈലൈറ്റ്സ്. വിവിധ മേഖലകളിൽ മികവ് കാണിച്ച നമ്മുടെ ടീനേജുകാർ. മറ്റു കുട്ടികൾക്ക് മാതൃകയാക്കാവുന്നവർ. പ്രചോദനമേകുന്നവർ. പ്രതികൂല സാഹചര്യങ്ങളെ മറികടന്ന് നേട്ടം കൊയ്തവർ.നാളത്തെ പൊതു സമൂഹത്തിൽ ഉന്നത സ്ഥാനമുറപ്പിച്ചവർ.

അങ്ങനെ മിടുക്കു കാണിച്ചവരാണ് ഇതിൽ. എസ്.എസ് എൽ.സി റിസൽട്ട് അടുത്ത മാസം പുറത്തു വരും.എ.പ്ളസ് നഷ്ടമായതിന് ശകാരിക്കുന്ന രക്ഷിതാക്കൾക്കും കരച്ചിലും പിഴിച്ചിലുമായി ഇരിക്കുന്ന കുട്ടികൾക്കും വായിക്കാനുള്ളതാണ് ഈ ലക്കം. എ.പ്ളസ് നഷ്ടമായാലും ചിലത് നേടാമെന്ന് ടീൻ സ്വസ്തി കാട്ടിത്തരുന്നു. ഇച്ഛാശക്തിയും കഠിനാദ്ധ്വാനവും ഉണ്ടെങ്കിൽ ആവറേജ്കാർക്കും മികവ് കാട്ടാമെന്നതിന് ഉദാഹരണങ്ങളാണ് ഇവരിൽ പലരും. അതോടൊപ്പം കഷ്ടപ്പാടിന്റെ ഇതിഹാസതുല്യമായ ജീവിതം നയിച്ച് നമ്മളാരും അറിയാതെ പോയ ഒരു മുത്തശ്ശിയെ - സരസ ഞാളൂരിനെ, പരിചയപ്പെടുത്തുകയും ചെയ്യുന്നു. അവരുടെ ജീവിതം പഴയതലമുറയ്ക്ക് വായിക്കാനും ടീനേജുകാർക്ക് പഠിക്കാനുമുള്ളതാണ്.

സംഘശക്തി കൊണ്ട് എന്തെങ്കിലും നേടിയെടുക്കാനുള്ള ജനസംഖ്യയില്ല നമുക്ക്. എന്നാൽ ബുദ്ധിശക്തി കൊണ്ട് നേടാൻ കഴിയാത്തത് ഇല്ല താനും. മുൻ ലക്കത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഴിയിടം വിജയൻ നമ്പൂതിരി ചൂണ്ടിക്കാട്ടിയത് നമ്മുടെ ബ്രെയിനിന്റെ കാര്യമാണ്. അതു മാത്രം മതി നമുക്ക് രക്ഷപ്പെടാൻ. ടീൻ സ്വസ്തിയിലെ പല കുട്ടികളും അടുത്ത തലമുറയിൽ നമ്മെ നയിക്കുമെന്നും സമൂഹത്തിൽ ഉന്നത നിലയിലെത്തുമെന്നും ഉറപ്പാണ്.

പുതിയ കാലത്തെ ബ്രഹ്മജ്ഞാനം ഒറ്റപ്പെട്ട ചിലരെങ്കിലും ആർജിക്കുന്നത് ചൂണ്ടിക്കാട്ടുകയാണ് ഇതിൽ ചെയ്തത്. മുമ്പ് യോഗക്ഷേമസഭയുടെ ഓങ്ങല്ലൂർ സമ്മേളത്തിൽ ഇ.എം.എസ് ചൂട്ടിക്കാട്ടിയ കാര്യം ഈ ചെറുപിള്ളേർ നടപ്പാക്കാൻ തുടങ്ങിയിരിക്കുന്നു.

കുഡോസ് റ്റു ആൾ!
കിടുക്കാച്ചിയാവട്ടെ എല്ലാവരും !!
വിഷു മാത്രമല്ല വിഷനും മാസാവട്ടെ!!!
എല്ലാ വായനക്കാർക്കും പരസ്യദാതാക്കൾക്കും വിഷുആശംസകൾ.



-പത്രാധിപർ

Swasthi Trimonthly | Yogakshema Sabha Office | Near Kovoor Vishnu temple | Chevayur P.O | Kozhikode -673017
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only

Contact: City 8089441634 | Perumanna 9495892653 | Kakkodi 9447484904 | Narikkuni 9446160817 | Uchakkavu 0495 2208095 | Chathamangalam 9447337337 | Mukkom 9447468956 | Kanniparamba 9495611629 | Thamarasseri 9747950225 | Koyilandy 9846698489 | Vatakara 9446779191 | Balusseri 8281984397 | Feroke 9447332611 | Areacode 9539926654 | Chevayur 7293751990 | Ramallur 9847564517 |




**ഹൃഷികേശ്**
S/o പി.എൻ.ഡി. നമ്പൂതിരി
& ടി. ലളിതാംബിക
ഈസ്റ്റ് പല്ലേരി മന,
ഉളിയന്നൂർ, ആലുവ

**ഡോ. ഗായത്രി**
D/o വിഷ്ണു പുൽപ്പറമ്പിൽ
& ശ്രീദേവി വി.ടി.
നീരാഞ്ജനം, എടക്രമഞ്ചേരി പുൽപ്പറമ്പിൽ
ഇല്ലം, പെരുമണ്ണ പി.ഒ., കോഴിക്കോട്

ആശംസകളോടെ: ബന്ധുമിത്രാദികൾ

# Salute for Spike to Shoes



**19** കാരനായ ഒരു ന്യൂജൻ ബ്രോയെ **91** കാരനായ ഒരു ഓൾഡ് ചങ്ക് (1103 ലെ കുഭമാസത്തിലെ പൂരം പിറന്ന പുരുഷൻ) ഇംഗ്ളീഷിൽ നോക്കിക്കണ്ടതാണ് ഈ കവിത. പുതുപയ്യന്റെ കേശാദിപാദവർണ്ണനയാണ് ഇംഗ്ളീഷിൽ അനുഷ്ടുപ്പിനു തുല്യമായ ഈ മീറ്ററിലൂടെ

**ടി സി നാരായണൻ നമ്പൂതിരി** ചെയ്യുന്നത്.
9946202218

Behold a boy wonderful
Who may look like a dam fool
He is also new gen boy
Let us see him well with joy.

On his head is a dove nest
It's a cluster of hair pressed
Like others he has a head
Holding brain and not mere mud.

Hair style also is novel
Bottom split and bunded well
Reminding a spike or cone
Or a bunch of paddy corn.

With the goggles on his eyes
Which are hiding kirlian spies
Eyes are full of naughty thoughts
About girlies met or brought.

Smoking cigarettes drugged on tips
'Stamp' on tongue or 'hans' in lips
Rings in earholes straightened beard
All with dreams of sex indeed.

Shirt is loose and pants are clung
Legs are lean from body hung
Shirt is always unbuttoned
Belt like canine is the trend.

Shoes are made in 'THRETHA' * style
Gaudy colours cause a smile
And a bullet bike always
At his command for a chase.

Do his parents know all these
Then why they don't try to cease
For a better social cause
That may perhaps bloom a rose!

* 'THRETHA' style. ത്രേതായുഗത്തിലെ സ്റ്റൈൽ.



ആരൊക്കെ/ എന്തൊക്കെ

## ○ ടീൻ 25 ഇവർ

❐ഗംഗ/ഫൈൻ ആർട്സ് (8) ❐ ഹരിത/ഫോട്ടോണിക്സ് (10)
❐ശ്രീകാന്ത്/സിനിമാട്ടോഗ്രാഫി (12) ❐ ഗൗരിപാർവതി/യു ട്യൂബ് (13)
❐ആകാശ് നാരായണൻ/ആക്കപ്പെല്ല (14) ❐ അർജുൻ/മാജിക് (15)
❐നിള/അമേരിക്കൻ (16) ❐ രജിത്/ടാറ്റ ഇൻസ്റ്റിട്യൂട്ട് (24)
❐ശ്രീരാഗ്/ഡ്രീം കെമിസ്ട്രി (20) ❐ അഭിനവ്/ഫുൾ മാർക്ക് (22)
❐ശ്വേത/ബിറ്റ്സ് പിലാനി (23) ❐ ശ്രീരാജ്/സ്പീച്ച് തെറാപ്പി (48)
❐രേവതി/എർത്ത് സയൻസ് (7) ❐ യദുകൃഷ്ണ/റിയാലിറ്റി ഷോ (26)
❐ആദർശ്/സിനിമ (28) ❐ കാർത്തിക/കവിത (29)
❐തീർത്ഥാരാജ്/കലാമണ്ഡലം (30) ❐ ദുർഗ്ഗ ചിറ്റേഴത്ത്/റൈറ്റർ (45)
❐സഞ്ജയ് /സംഗീതം (18) ❐ അഞ്ജന / ഡോക്ടർ (32)
❐പാർവതി / ജെ.ആർ.എഫ് (33) ❐സുവർണ്ണ മുല്ലപ്പള്ളി / ഭാഷാശ്രീ (31)
❐മേധാമാധവി / കഥകളി (47) ❐ അഭിനവ് / ഇന്ത്യൻ ചെസ് (44)
❐ശ്രീഹരി കല്ലൂർ / ഐ.ഐ.എസ്.സി (34)

**◎ ടീൻ ഫീച്ചറിലെ എഴുത്തുകാർ**

കെ.എം.പരമേശ്വരൻ
പദ്മനാഭൻ നമ്പൂതിരി
ഉമശ്രീ കിഴക്കുമ്പാട്
താമരക്കുളം ദിവാകരൻ നമ്പൂതിരി
വിനോദ് മങ്ങത്തായ
ജയൻ പഴങ്ങോട്ടു പൊറ്റ
രൂപ കരുമാരപ്പറ്റ
സ്മിത ചെറുവക്കാട്
വൈത്തല നാരായണൻ നമ്പൂതിരി
പി.എം. നാരായണൻ
പുടയൂർ ജയനാരായണൻ

○ കവിത :പി.കേശവൻ നമ്പൂതിരി (16)
ശ്രീധർ ആർ.എൻ (27)
ചേക്രക്കൽ കൃഷ്ണൻ നമ്പൂതിരി (67)
○ മിനിക്കഥ :ശാംഭവി മൂസത് (43)

# ആ വിധവാ

**ഒരു മുത്തശ്ശിയെ ന്യൂജൻ ടീനേജുകാർക്ക് പരിചയപ്പെടുത്തുകയാണ്. ഏറെ കോളിളക്കം സൃഷ്ടിച്ച ഒരു വിവാദ സംഭവത്തിലെ നായികയുടെ മകളെ സരസ ഞാളൂരിനെ. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, മറക്കുടക്കുള്ളിലെ മഹാനരകം, തുടങ്ങിയ കൃതികൾ കെട്ടുകഥകളായിരുന്നില്ലെന്നതിന് ഒരു നേരനുഭവം.**



*സരസ ഞാളൂർ*



**കെ.എം. പരമേശ്വരൻ**

“അന്ന് ഞാൻ പത്തു വയസ്സുള്ള കുട്ടിയാണ്.അമ്മയ്ക്ക് 36 ഉം.1951 ഒക്ടോബർ അഞ്ചിനാണ് ഞങ്ങൾ കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങിയത് എന്ന് അമ്മ പറയാറുണ്ട്. അഭയം തേടിയിട്ടായിരുന്നു ആ വരവ്. കിടക്കാൻ ഇടമില്ല,കഴിക്കാൻ ഭക്ഷണമില്ല, വരുമാനത്തിന് തൊഴിലുമില്ല. സ്വസമുദായത്തിലെ ആളുകളിൽ നിന്ന് ഭ്രഷ്ടാക്കപ്പെട്ടതിനാൽ സഹായിക്കാനും ആരുമില്ല.അങ്ങനെയാണ് ഒറ്റപ്പാലത്തു നിന്ന് കോഴിക്കോട്ടേക്കുള്ള വരവ്. കോഴിക്കോട്ട് ബന്ധുക്കളില്ല, സുഹൃത്തുക്കളില്ല.ആകെ കയ്യിലുള്ളത് വെള്ളിമാട്കുന്നിലെ അനാഥമന്ദിരത്തിലേക്കുള്ള ഒരു ശുപാർശക്കത്താണ്.അറിയാത്ത നഗരം.”

പറയുന്നത് ആ വിധവാ വിവാഹത്തിലെ മകൾ.നമ്പൂതിരി സമുദായത്തിലെ രണ്ടാമത്തെ വിധവാവിവാഹത്തിലുണ്ടായ ഏകമകൾ. ഇപ്പോൾ മുത്തശ്ശിയായി കോഴിക്കോട്ടെ പാറോപ്പടിയിലുള്ള ഞാളൂർ ഭവനത്തിൽ കഴിയുന്ന സരസ.

സരസയെന്നത് സരസ്വതിയുടെ വിളിപ്പേര്.ഞാളൂർ എന്നത് ഇല്ലപ്പേരും. കോഴിക്കോട്ടെ അനാഥ മന്ദിരത്തിലെത്തിയ സാഹചര്യം അവർ വിവരിച്ചു.

”പക്ഷേ, റെയിൽവേ സ്റ്റേഷനിൽ ഞങ്ങളെ സ്വീകരിക്കാൻ കുറുപ്പങ്കിൾ ( കോഴിക്കോട് അനാഥമന്ദിരം സൂപ്രണ്ട്

### ഇന്നു വരെ ഞാനെന്റെ  ഇല്ലം കണ്ടിട്ടേയില്ല

**❒ ഇക്കാലമൊക്കെ കഴിഞ്ഞിട്ടും ഞാളൂർ എന്ന എന്റെ ഇല്ലം കണ്ടിട്ടില്ല. അത് എവിടെയാണെന്ന് പോലും കൃത്യമായി അറിയില്ല. താനൂരിനടുത്ത് എവിടെയോ ആണെന്ന് കേട്ടിട്ടുണ്ട്.**

**? അവിടെ പോവണമെന്നോ കാണണമെന്നോ തോന്നിയിട്ടേയില്ലേ**

**❒ അമ്മയുള്ളപ്പോൾ പോലും അവിടെ പോയിട്ടില്ല. കുട്ടിക്കാലത്ത് അങ്ങനെയൊരു അടുപ്പം ഉണ്ടായിട്ടില്ല.**

**? പേരിൽ ഞാളൂർ എന്നുണ്ട്. കോഴിക്കോട്ടെ വീടിനു പേരിട്ടതും ഞാളൂർ ഭവൻ എന്നാണ്. എന്നിട്ടും ഞാളൂർ എന്ന സ്വന്തം ഇല്ലം കണ്ടിട്ടില്ല!**

**❒ അതിശയം വേണ്ട. കണ്ടിട്ടേയില്ല**

# ...വിവാഹത്തിലെ മകൾ ...ഇതാ കോഴിക്കോട്ടുണ്ട്



സരസ ഞാളൂരിന്റെ അമ്മ ശ്രീദേവി


കെ.എൻ കുറുപ്പ് ) കാറുമായിട്ടാണ് എത്തിയത്. അതുവരെ പല സ്ഥലങ്ങളിലും ഊരു ചുറ്റിയപ്പോഴൊന്നും കിട്ടാത്ത പരിഗണന. അമ്മയ്ക്ക് അന്ന് വേണ്ടത്ര പ്രശസ്തി ( അല്ലെങ്കിൽ ചീത്തപ്പേര് ) ഉണ്ടായിരുന്നു. വിധവാ വിവാഹത്തിലെ നായിക. അന്തർജന സമാജം പ്രവർത്തക. ഘോഷ ബഹിഹ്കരിച്ച് ഭ്രഷ്ടയായവൾ, യാഥാസ്ഥിതികരെ ചോദ്യം ചെയ്തവൾ. ഇങ്ങനെ പലതരം വിശേഷണങ്ങൾ. സമ്പാദ്യമായുള്ളത് ദാരിദ്ര്യവും അനാഥത്വവും. പോരാത്തതിന് പ്രായമാമാത്ത ഒരു പെൺകുഞ്ഞും.''

''വരുമാനമുള്ള എന്തെങ്കിലും ജോലി വേണം. താമസിക്കാൻ സുരക്ഷിതമായ ഒരിടം വേണം. എന്നെ പഠിപ്പിക്കണം. അതായിരുന്നു അമ്മയുടെ ലക്ഷ്യം. സ്വന്തമായി ജോലി ചെയ്ത് പണമുണ്ടാക്കി മകളെ പഠിപ്പിക്കണമെന്ന വാശി അമ്മയ്ക്കുണ്ടായിരുന്നു. ഒരു ജോലിക്കായി ചെന്നു കണ്ടതാണ് ഗാന്ധിയനും സർവോദയ നേതാവും പൊതുപ്രവർത്തകരുമായ ഒറ്റപ്പാലത്തെ വാപ്പാല ശങ്കരനാരായണമേനോനെ. അദ്ദേഹത്തിന്റെ ശുപാർശക്കത്തിന്റെ ബലത്തിലാണ് കോഴിക്കോട്ട് വി.ഐ.പി പരിഗണന ലഭിച്ചത്.''

? കോഴിക്കോട്ടെത്തിയപ്പോഴോ

> നൂൽ നൂൽക്കാനും നെയ്യാനും മറ്റും അമ്മ നേരത്തെ പഠിച്ചിരുന്നതിനാൽ വെള്ളിമാട് കുന്നിലെ ബാലമന്ദിരത്തിൽ സ്പിന്നിംഗ് ടീച്ചറായി. പോരാത്തതിന് അനാഥമന്ദിരത്തിലെ മേട്രൺ എന്ന അധികച്ചുമതലയും അമ്മയ്ക്ക് കിട്ടി.അതുവരെ എന്റെ മാത്രം അമ്മയായിരുന്ന ആൾ അനവധി അനാഥക്കുട്ടികളുടെ അമ്മയായി.''

? മേഴത്തൂരിൽ നിൽക്കാൻ വയ്യാത്ത സാഹചര്യമായിരുന്നോ



സരസ ഞാളൂരിന്റെ അമ്മ ശ്രീദേവി

## അമ്മ അനുഭവിച്ചത്

- **28 വയസ്സിനുള്ളിൽ രണ്ടു വൈധവ്യം**
- **ഭർത്താന്മാരുടെ ഇല്ലങ്ങളും കണ്ടില്ല**
- **ഒടുവിൽ അനാഥമന്ദിരത്തിൽ അഭയം**
- **ഇതിഹാസതുല്യമായ കഷ്ടപ്പാടുകൾ**

> ജീവിക്കാൻ ഒരു ഗതിയുമില്ലാത്ത സാഹചര്യത്തിൽ അമ്മ ഒറ്റപ്പാലത്തെ ഒരു തീപ്പെട്ടിക്കമ്പനിയിൽ ചെന്നു. രാവിലെ മുതൽ വൈകുന്നേരം വരെ കാത്തുനിന്നു അതിന്റെ മാനേജരെക്കാണാൻ. എന്തെങ്കിലും ജോലി നൽകി സഹായിക്കണമെന്ന് പറയാൻ.

**‘ നിങ്ങളുടെ ആളുകളെല്ലാം കമ്മ്യൂണിസ്റ്റുകാരാണ്. നിങ്ങളെ ജോലിക്കെടുത്താൽ ഇവിടെ പിന്നെ ഇങ്കുലാബാവും പണിമുടക്കാവും. അതു കൊണ്ട് ജോലി തരാൻ പറ്റില്ല.‘ അതായിരുന്നു മറുപടി.**

നേരെ മങ്കരയിലേക്ക് ചെന്നു.പേരൂരിലെ ഗാന്ധി സേവാസദനത്തിലേക്ക്. സദനം ഭാരവാഹികൾ മനസ്സലിഞ്ഞ് അവിടെ അഭയം നൽകി. എന്നെ അവിടെ അടുത്തുള്ള സ്കൂളിലാക്കി.അമ്മയ്ക്ക് നൂൽ നൂൽപ്പും അടുക്കളപ്പണിയും.‘

? ഏതാണ്ട് എത്രകൊല്ലം മുമ്പാണ് ഇതെല്ലാം.

> 1940കളിലാണ് ഇതെന്ന് ഓർക്കണം. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടും മുമ്പ്.

ഒരു കൊല്ലം കഴിഞ്ഞു. സദനം ബേസിക് സ്കൂൾ ആക്കിമാറ്റി. തുടർന്ന് അവിടെ പഠിക്കാൻ ഫീസ് നൽകണം.അപ്പോൾ പിന്നെ അമ്മയ്ക്കവിടെ താമസിക്കാനും പറ്റില്ല. വീണ്ടും തെരുവിലേക്ക്. ആറുമാസം ശരിക്കും തെരുവു ജീവിതം. മുന്നിൽ കാണുന്ന ആരെങ്കിലും വല്ലതും നൽകിയാലായി. പട്ടിണിയും പരിവട്ടവും.

ആ സാഹചര്യത്തിലാണ് കോഴിക്കോട്ടെത്തിയത്''

ഇനി ചിലത് കുറിക്കുന്നത് സരസയുടെ അമ്മയായ മിസിസ് ഞാളൂരുമായി സംസാരിച്ച് പി.എം നാരായണൻ 1997ൽ തയ്യാറാക്കിയ ഒരു കുറിപ്പിനെ ആധാരമാക്കിയാണ്.

സരസയെന്ന ഈ മുത്തശ്ശിയുടെ അമ്മയുടെ ചരിത്രം ഇങ്ങന:

ഓങ്ങല്ലൂരിലെ പേരാമംഗല്ലൂർ മന. അവിടത്തെ മുത്തശ്ശൻ നമ്പൂതിരി മൂന്ന് വേട്ടു.മൂന്നിലും കൂടി പത്ത് പെൺമക്കളും അഞ്ചാൺമക്കളും.ആണുങ്ങളിൽ മൂത്തയാൾ നാരായണൻ . അയാൾ മൂത്ത പെങ്ങളെ മാറ്റക്കച്ചവടം നടത്തി ഒന്നാം വേളി കഴിച്ചു.അതിലൊരു പെൺകുട്ടിയുണ്ടായി. 1915 ഏപ്രിൽ 8ന് ശ്രീദേവി.

ഇക്കഥയിലെ സരസയുടെ അമ്മ.നമ്പൂതിരി സമുദായത്തിലെ രണ്ടാമത് വിധവാ വിവാഹത്തിലെ നായിക.വേളി കഴിച്ച രണ്ട് ഇല്ലങ്ങളിലേക്കും കുടിവയ്പ് നടത്തിയിട്ടില്ലാത്ത വധു.രണ്ട് വട്ടം വിധവയായ സ്ത്രീ.ഒടുവിൽ മകളെയും കൂട്ടി അനാഥമന്ദിരത്തിൽ അഭയം തേടേണ്ടി വന്ന അന്തർജനം.

ശ്രീദേവി ജനിക്കുമ്പോൾ ഇല്ലത്ത് മൂന്ന് മുത്തശ്ശിയമ്മമാർ. ഒമ്പത് അച്ഛൻ പെങ്ങൾമാർ. പിന്നെ അമ്മയും! ഈ പെൺകൂട്ടത്തിലാണ് ആ പെൺകുട്ടിയു

ടെ പിറവി.

അവൾക്ക് ഒന്നര വയസ്സായപ്പോൾ അച്ഛന് ഒരു വേളി കൂടി കഴിക്കേണ്ടി വന്നു. ബാക്കിയുള്ള ഒമ്പതു അച്ഛൻ പെങ്ങൾമാരുടെ പെൺകൊട കഴിയ ണമല്ലൊ. ഒരു മൂന്നാം വേളിക്കാരന് അവരിലൊരാളെ കൊടുത്തു. പകരം അവിടന്ന് ഇങ്ങോട്ട് ഒരു വേളിയും കഴി ച്ചു.ഇടപാട് സമാസമമാവുന്ന മാറ്റക്കച്ച വടം.ആ ഇല്ലത്തെ സപത്നീ കലഹ ത്തിലേക്ക് ഒരാൾ കൂടിയായി. ഇങ്ങനെ മാറ്റക്കച്ചവടം തുടരുകയാണെങ്കിൽ ഇനി എട്ടു വേളി കൂടി കഴിക്കാമെന്ന സ്ഥിതിയിലായിരുന്നു അയാൾ. പക്ഷേ, അതിനു മുമ്പ് അയാളുടെ ആയുസ്സൊ ടുങ്ങി. ശ്രീദേവിക്ക്പത്തു വയസ്സായിട്ടി ല്ല അന്ന്.

അച്ഛന്റെ അനിയനായ രാമന് ശ്രീദേവിയേക്കാൾ മൂന്നു വയസ്സേ കൂ ടുതലുള്ളൂ. രാമപ്ഫനായിരുന്നു കൂട്ട്. ഏട്ടനെപ്പോലെയായി അയാൾ. രാവി



ലെ അമ്മയോടൊപ്പം അമ്പലത്തിൽ പോവുക. ഉച്ചക്ക് തളത്തിലിരുന്ന് ഭാ ഗവതം കേൾക്കുക. രാത്രി മുത്തശ്ശിമാ രിൽ നിന്ന് യക്ഷഗന്ധർവന്മാരുടെ കഥ കേൾക്കുക. ഇതായിരുന്നു ദിനചര്യ.

അച്ഛൻ മരിച്ചതോടെ വലിയ ഫ്ഫൻ മാന്യൻ നമ്പൂതിരിക്കായി ചുമ തല. ബാക്കിയുള്ള എട്ടു പെങ്ങൾമാരെ മുഴുവനും അദ്ദേഹം ഒരു വിധത്തിൽ വേളി കഴിപ്പിച്ചു വിട്ടു ബാദ്ധ്യത തീർ ത്തു. ചിലരെ ധർമ്മവേളിയായി. വേറെ ചിലരെ വടക്കോട്ട് കൊടുത്തു.

1921നെ പൊതുവേ ഓർക്കുക മലബാർ കലാപത്തിന്റെ പേരിലാ ണ്.എന്നാൽ നമ്പൂതിരിക്ക് ഓർക്കാൻ ഒന്നു കൂടിയുണ്ട്. അന്തർജനങ്ങളുടെ ഘോഷ ബഹിഷ്കരണം ആ വർഷ മാണ് നടന്നത്. പിന്നെയും 9 കൊല്ലം

**മറക്കുടയും ഘോഷയുമായി എത്തിയ ശ്രീദേവി രണ്ടു ദിവസം കൊണ്ട് ആളാകെ മാറി.**

കഴിഞ്ഞ് 1930ലാണ് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തി ന്റെ അവതരണം. പുറംലോകവുമായി വലിയ ബന്ധമൊന്നും പേരാമംഗല്ലൂരി ലെ അടുക്കളയ്ക്ക് ഇല്ലായിരുന്നെങ്കിലും ചിലതെല്ലാം ശ്രീദേവി അറിഞ്ഞിരുന്നു. യോഗക്ഷേമസഭയോടും യുവജന സം ഘത്തോടും അന്തർജന സമാജത്തോ ടും എല്ലാം അവൾക്ക് വല്ലാത്തൊരു ആഭിമുഖ്യം തോന്നി.

ഉല്പതിഷ്ണുവായ ഒരു നമ്പൂ തിരി യുവാവിന്റെ ധർമ്മപത്നിയായി മറക്കുടയും ഘോഷയുമെല്ലാം കളഞ്ഞ് മാന്യമായി വസ്ത്രം ധരിച്ച് ജീവിക്കാൻ അവളും കൊതിച്ചു. പരിഷ്കാരം അവ ളും സ്വപ്നം കണ്ടു. സങ്കല്പലോകത്ത് അവളും രാജകുമാരിയായി.

പക്ഷേ, ഇല്ലത്തെ കാര്യമൊന്നും അവളല്ലല്ലൊ തീരുമാനിക്കാൻ.

കടുത്ത യാഥാസ്ഥിതികനാണ് വലിയപ്ഫൻ. ഉഗ്രശാസനൻ. ക്ഷിപ്ര കോപി. ആചാരങ്ങളുടെ പട്ടാളച്ചിട്ട. വിധിനിഷേധങ്ങളുടെ പെരുമാറ്റച്ചട്ടം. ആ അന്തഃപുരത്തിൽ സൂര്യനെ കാണാ ത്തവളായി അവളങ്ങനെ കഴിഞ്ഞു. അസൂര്യംപശ്യ - അങ്ങനെവേണം പറയാൻ. എട്ടു അച്ഛൻപെങ്ങൾമാരെ ഇശ്ശ്യാമത്തെ വേളിക്ക് കൊടുത്ത് കടമ നിർവഹിച്ച വലിയപ്ഫനെ അവൾക്ക റിയാം. തന്റെ ഗതിയും അതാവുമെന്ന് അവൾ തിരിച്ചറിഞ്ഞു.

**<u>ഭയപ്പെട്ടതു തന്നെ സംഭവി ച്ചു.</u>**

**<u>ഒരു ദിവസം, പൂതുശ്ശേരിയി ലെ ഒരപ്ഫൻ നമ്പൂതിരി ആലോ ചനയുമായി എത്തി. 45 കഴിഞ്ഞ പശുപതി നമ്പൂതിരി. അയാൾക്കാ ണെങ്കിൽ പ്രത്യേകിച്ച് പണിയൊ ന്നുമില്ല. വല്ലപ്പോഴും ലഭിക്കുന്ന വാദ്ധ്യാർ പ്രവൃത്തിയിൽ നിന്ന് എന്തെങ്കിലും കിട്ടിയാലായി.എ ന്നാലും വേളി കഴിക്കാൻ മോ ഹം.അങ്ങനെയാണ് അയാൾ പേ രാമംഗല്ലൂരിൽ ആലോചനയുമായി എത്തിയത്.</u>**

ജാതകം നോക്കണ്ട, കുട്ടിക്ക് സമ്മതമാണോ എന്നറിയണ്ട.

ജ്യേഷ്ഠൻ ജീവിച്ചിരിക്കെ അനി യൻ വേളി കഴിക്കുന്നത് നിഷിദ്ധമാണ്. അങ്ങനെ പരിവേദനം ചെയ്യുന്നവരെ ഭ്രഷ്ടാക്കും. എന്നാലും പ്രായപൂർ ത്തിയായി വരുന്ന കുട്ടിയെ ഇല്ലത്ത് വച്ചിരിക്കേണ്ട എന്നു കരുതി. മാത്രമല്ല ഇങ്ങനെയുള്ള ആളാവുമ്പോൾ സ്ത്രീ ധനവും നൽകാതെ കഴിയും.അതായിരു ന്നു വലിയപ്ഫന്റെ വിചാരം.

ആ പരിവേദനക്കാരന് പിടിച്ചു കൊടുക്കാൻ തന്നെ തീരുമാനിച്ചു. ഈ തീരുമാനത്തെ മുത്തപ്ഫൻ എതിർ ത്തു. പരിവേദനത്തിന് കൂട്ട് നിന്നാൽ ഇല്ലത്തുള്ളവർ മുഴുവൻ സമുദായഭ്ര ഷ്ടരാവുമെന്ന് മുത്തപ്ഫൻ ഭയന്നു. എന്നാൽ എതിർപ്പ് വകവയ്ക്കാതെ വലിയപ്ഫൻ ആ പതിനെട്ടുകാരിയെ 45 കാരന് നൽകി.

തറവാട്ടിൽ താൻ തോറ്റുപോയതി നെ തുടർന്ന് മനം നൊന്ത് മുത്തപ്ഫൻ എന്നെന്നേക്കുമായി ഇല്ലം വിട്ടിറങ്ങി പ്പോവുകയും ചെയ്തു.

നോക്കൂ, മാധുര്യത്തോടെ എന്നും ഓർമ്മയിലെത്തേണ്ട വിവാഹം എത്ര ക്രൂരമായ ഓർമ്മയാണ് ശ്രീദേവിക്ക് സമ്മാനിച്ചതെന്ന്. 45 കാരൻ വരൻ.പരി വേദനം. അതിനാൽ വരന്റെ ഇല്ലത്തേ ക്ക് കുടിവയ്പ് പോലും നടത്താതി രിക്കുക. വേളി കഴിഞ്ഞിട്ടും സ്വന്തം ഇല്ലത്ത് തന്നെ കഴിയേണ്ടി വരിക. വേ ളിയുടെ പേരിൽ ഇല്ലത്തെ മുത്തപ്ഫൻ എന്നെന്നേക്കുമായി ഇല്ലം വിട്ട് പോവു ക. ഒടുവിൽ സ്ത്രീധനമായി നൽകാമെ ന്ന് പറഞ്ഞ 500രൂപ നൽകാതെ പറ്റിക്കു ക.അതിന്റെ അസ്വാരസ്യത്തെ തുടർന്ന് ഗർഭിണിയായിരിക്കെ ഭർത്താവുമൊത്ത് വീടുവിട്ടിറങ്ങുക.

വരുമാനമോ ജോലിയോ താമസി ക്കാൻ ഇടമോ ഇല്ല. നേരത്തെ സഹാ യിച്ചിരുന്ന ആളുകൾ പോലും ഒന്നും നൽകാതായി. പരിവേദനം കാരണം പ്രഭുഗൃഹങ്ങളിലെ പന്തിയിൽപ്പോലും ഇല കിട്ടാതായി.ചില സുഹൃത്തുക്കൾ മാത്രമായിരുന്നു ആശ്രയം.എങ്ങോട്ടു പോണമെന്നറിയാതെ അവർ കുഴങ്ങി.

സുഹൃത്തായ പേരാമംഗലത്തെ കൊടയ്ക്കാട്ടു കുത്തുള്ളി ഇല്ലത്തേക്ക് പോവാനുറച്ചു. വഴി മദ്ധ്യേ പട്ടാമ്പിയി ലെ മോഴികുന്നത്തു മനയിലെത്തി.. പട്ടാമ്പിയിൽ ഇപ്പോൾ വ്യാപാരഭവൻ നിൽക്കുന്ന സ്ഥലത്ത് മോഴികുന്ന ത്തിന് മനയും പത്തായപ്പുരയുമു ണ്ടായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽ വാസം അനുഷ്ഠി ച്ചതിനാൽ സമുദായ ഭ്രഷ്ടനായിരുന്നു മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരി. പുരോഗമനക്കാരായ നമ്പൂതിരിമാർക്ക് അഭയ കേന്ദ്രമായിരുന്നു അക്കാലത്ത് പട്ടാമ്പിയിലെ ആ പത്തായപ്പുര. അദ്ദേ ഹം അവരെ സ്വീകരിച്ചു.

തുടർന്നു വായിക്കുക 50-ാം പേജിൽ.
**വിധവയായത് രണ്ടു വട്ടം**

## ഉത്തരധ്രുവത്തിലെ

# അന്തർജനക്കുട്ടി



**നോർത്ത് അത്‌ലാന്റിക്കിനും ആർട്ടിക് സമുദ്രത്തിനും ഇടയിൽ ആർട്ടിക് സർക്കിൾ എന്നു പറയുന്ന ധ്രുവ കേന്ദ്രത്തിൽ തൊട്ടു കിടക്കുന്ന രാജ്യം. ഹിമം മൂടിയ ഭൂമി. ഭൂമിക്കടിയിൽ നിറയെ അഗ്നി പർവതങ്ങൾ. അവിടവിടെ പൊട്ടിയൊലിച്ചു കൊണ്ടിരിക്കുന്ന ലാവ. കൂടെക്കൂടെ ഭൂമി കുലുക്കം.**

**1783** ലുണ്ടായ ഭൂകമ്പം ഐസ് ലാൻഡിലെ നാലിലൊന്ന് ജനസംഖ്യയെയും തൂത്തുവാരിയെന്ന് പറഞ്ഞാൽ ഏതാണ്ട് സംഗതി പിടികിട്ടും. അഗ്നിപർവതം പൊട്ടിയുയർന്ന് അതിൽ നിന്നുള്ള ചാരം പടർന്നതിനാൽ യൂറോപ്പിനു കുറുകെ ആകാശയാത്രപോലും അസാദ്ധ്യമായ നാളുകളുണ്ട്. അത്രയ്ക്കുണ്ട് ആഘാതം.തണുപ്പെന്നു പറഞ്ഞാൽ മൈനസ് 38 ഡിഗ്രി വരെ താഴാം. പൂജ്യം ഡിഗ്രിയിലാണ് ജലം ഉറഞ്ഞ് ഐസാവുന്നത് എന്നറിയുക.

ഇങ്ങനെയൊരു സ്ഥലത്ത് ഗവേഷണവുമായി കഴിയുന്നുണ്ട് നമുക്കിടയിലെ ഒരു കുട്ടി.ആൺകുട്ടിയല്ല, അവിവാഹിതയായൊരു പെൺകുട്ടി. ആലോചിക്കുമ്പോൾ പേടി തോന്നും. അറിയാത്ത നാട്. അറിയാത്ത ജനങ്ങൾ. ഒട്ടും പരിചയിക്കാത്ത കാലാവസ്ഥയും.

പക്ഷേ, കാലാവസ്ഥയും ഭൂകമ്പശാസ്ത്രവും ഒക്കെ പഠിക്കാനിറങ്ങിയതാണെങ്കിലോ? അതിന് ഇത്രത്തോളം പറ്റിയ മറ്റൊരിടം ഭൂമിയിലില്ല. അഗ്നി പർവതമുള്ള സ്ഥലത്തല്ലേ അതിനെപ്പറ്റി പഠിക്കാൻ പറ്റൂ? കഥകളിക്കമ്പം പോലെ ഒന്നല്ല ഭൂകമ്പക്കമ്പം.

കോഴിക്കോട് കേന്ദ്രീയ വിദ്യാലയത്തിൽ നിന്ന് വിരമിച്ച മോഴികുന്നം പരമേശ്വരൻ നമ്പൂതിരിയുടെയും കോശ്ശേരി ഇന്ദുവിന്റെയും (സിൻഡിക്കേറ്റ് ബാങ്ക് മാനേജർ ) പുത്രി രേവതിയാണ് ഐസ്‌ലാൻഡിൽ ഭൂകമ്പം പഠിക്കാനിറങ്ങിയത്.

കോഴിക്കോട് സെൻട്രൽ സ്കൂളിലെ ഒന്നാം സ്ഥാനക്കാരി. കോഴിക്കോട് സർവകലാശാലയിലെ രണ്ടാം റാങ്കുമായി ഗുരുവായൂരപ്പൻ കോളേജിൽ നിന്ന് ബി.എസ്.സി ഫിസിക്സ്. തുടർന്ന് കുസാറ്റിൽ പി.ജി. അവിടെയും രണ്ടാം റാങ്ക്. അങ്ങനെ മാസ്റ്റർ ബിരുദത്തിനിടയിലാണ് പിഎച്ച് ഡിയെന്ന മോഹം തോന്നിയത്. അതാകട്ടെ ബെംഗളൂരു ഐ.ഐ.എസ്.സിയിൽ.


വിവാഹം കഴിഞ്ഞിട്ട് പോരേ തുടർപഠനമെന്നായി അച്ഛനമ്മമാർ. താഴെ അനിയത്തിയുമുണ്ട്. അവളുടെ വിവാഹക്കാര്യവും നോക്കണം. പക്ഷേ, ഗവേഷണത്തെ മനസാവരിച്ചതിനാൽ തല്കാലം ഐ.ഐ.എസ്.സിയെ തിരഞ്ഞെടുത്തു. വിവാഹം വർഷങ്ങൾക്കപ്പുറത്തേക്ക് നീട്ടിവച്ചു.

അങ്ങനെ നീണ്ട ആറു വർഷം ബെംഗളൂരുവിൽ. എർത്ത് സയൻസിലാണ് തുടങ്ങിയത്. ഫിസിക്സിലും ഗണിതത്തിലുമുള്ള രേവതിയുടെ സവിശേഷ മികവ് ശ്രദ്ധിച്ച ഐ.ഐ.എസ്.സിയിലെ പ്രൊഫസറാണ് ഭൂകമ്പത്തിലേക്ക് വഴി തിരിച്ചത്. കമ്പ്യൂട്ടർ ഡാറ്റകൾ വിശകലനം ചെയ്യാനുള്ള അസാമാന്യമായ പ്രാവീണ്യവും നിർണ്ണായകമായി.

അതിനിടെ നേപ്പാളിൽ ഭൂകമ്പം. അതൊരു സുവർണ്ണാവസരമായി.ഒരു മാസത്തോളം രേവതിയുടെ ടീം നേപ്പാളിലെ ഹിമവത് സാനുവിൽ . എർത്ത് സയൻസിലും സിസ്മോളജിയിലുമായി അരഡസൺ പേപ്പറുകൾ. പ്രസൻറേഷനുകൾ.ഒടുവിൽ 2016ലെ ഏറ്റവും മികച്ച പ്രബന്ധത്തിനുള്ള സർവകലാശാലയുടെ അനുമോദന പുരസ്കാരവും.

ഐസ് ലാൻഡിൽ എത്തിച്ചേർന്ന വഴി ഇങ്ങനെയൊക്കെ. ഇനിയുള്ളതെല്ലാം രേവതി തെളിച്ച വഴിയെ വരും.ഏതു പ്രമുഖ ഇൻസ്റ്റിട്യൂട്ടിലും ഫാക്കൽട്ടിയാവാം.അല്ലെങ്കിൽ ഗവേഷണസ്ഥാപനങ്ങളിൽ ഉയർന്ന പദവികളാവാം.

അനിയത്തി ആരതിയുടെ വിവാഹത്തിന് ആദ്യാവസാനക്കാരിയായി നിൽക്കുമ്പോഴും മനസ്സ് ഗവേഷണത്തിലായിരുന്നു. അന്ന് പി.എച്ച് ഡി ബിരുദം കയ്യിൽ കിട്ടിയിരുന്നില്ല. ഇപ്പോൾ പിഎച്ച് ഡിയും കഴിഞ്ഞ് പോസ്റ്റ് ഡോക്ടറൽ ഗവേഷണമാണ് ഐസ് ലാൻഡിൽ. അവിടെ നിന്ന് വാട്ട്സ് അപ്പിലൂടെ ഐസ് ലാൻഡിന്റെ തണുപ്പ് ടീംസ്വസ്തിയുമായി പങ്കു വയ്ക്കുമ്പോൾ രേവതി പറഞ്ഞത് ഇങ്ങനെ: 2019 നവംബർ വരെ ഇവിടെ തുടരാനാണ് തീരുമാനം. ഭൂകമ്പത്തിന്റെ അന്തരാർത്ഥങ്ങൾ അറിയേണ്ട സർക്കാർ സ്ഥാപനങ്ങൾ ഇനി ഈ കുട്ടിയെ തേടി വരും. മൊബൈൽ 3248328116 ❒



പ്രധാനമന്ത്രിയുടെ
വേദിയിൽ
ഗംഗയുടെ
ദേശഭക്തിഗാനം
കേൾക്കാം,
കാണാം.
ഈ യൂട്യൂബ്
ലിങ്കിലൂടെ
https://youtu.be/cbBaPUce70w

## രാഷ്ട്രപതിയും പ്രധാനമന്ത്രിയുമൊത്ത്

# വേദി പങ്കിട്ട കുട്ടി

**ഇതു ഗംഗ. ഇന്ത്യൻ ചിത്രകലയുടെ ഹബ്ബ് ആയ ബറോഡയിൽ പെയിന്റിംഗ് പഠിക്കുന്ന കുട്ടി. അഖിലേന്ത്യാതലത്തിൽ നടത്തിയ പരീക്ഷകൾക്ക് ശേഷം ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട**

**എട്ടു കുട്ടികളിലൊരാൾ**

ന്യൂഡെൽഹിയിലെ ലോധി എസ്റ്റേറ്റിലുള്ള സർദാർപട്ടേൽ വിദ്യാലയം. ഗംഗ പ്ളസ് വണ്ണിനു പഠിക്കുന്ന കാലം. ആ സ്കൂളിലേക്ക് രാഷ്ട്രപതിഭവൻ ഒരന്വേഷണവുമായെത്തി. രാഷ്ട്രപതിഭവനിൽ അവതരിപ്പിക്കാൻ ഇന്ത്യൻ മ്യൂസിക്കൽ കൊയർ വേണം. കുട്ടികൾക്ക് ധീരതയ്ക്കുള്ള രാഷ്ട്രപതിയുടെ പുരസ്കാരം നൽകുന്ന ചടങ്ങിൽ അവതരിപ്പിക്കാനാണ് . അന്വേഷണവും അരിച്ചുപെറുക്കലും ടേയ്ക്കും റീ ടേയ്ക്കുമായി. അങ്ങനെയാണ് ഗംഗയുടെ വിദ്യാലയത്തിൽ എത്തിച്ചേർന്നത്. പ്രണബ് മുക്കർജിയായിരുന്നു അന്ന് രാഷ്ട്രപതി.ഗംഗയും സംഘവും രാഷ്ട്രപതിക്കു മുന്നിൽ ആലപിച്ച ആ ദേശഭക്തിഗാനം അവിടെ കൂടിയ വി.വി.ഐ.പികൾക്ക് നന്നേ ബോധിച്ചു.

ബോധിച്ചവരിൽ ഒരാൾ പ്രധാനമന്ത്രി നരേന്ദ്രമോദി. പിന്നെ വൈകിയില്ല, അടുത്ത വേദിയൊരുക്കിയത് പ്രധാനമന്ത്രി. ദേശീയ അദ്ധ്യാപകദിനമായിരുന്നു അതിനുള്ള അവസരം. ഡൽഹിയിലെ പ്രസ്റ്റീജിയസ് സ്റ്റേജ് ആയ മനേക് ഷാ ഓഡിറ്റോറിയത്തിൽ . മുഖ്യാതിഥി മോദി തന്നെ. ഗായകസംഘം ഗംഗയുടെതും.ഇന്ത്യയിൽ നിന്ന് ഒരു സ്കൂളിനു മാത്രമാണ് ആ അവസരം ലഭിക്കുക. അവിടെ ആലപിച്ചതും മോദിക്ക് ഇഷ്ടമായി.



അദ്ദേഹം അത് പ്രധാനമന്ത്രിയുടെ ടിറ്റ്വറിലൂടെ ടീറ്റ് ചെയ്തു. ആയിരക്കണക്കിന് പേർ അത് ഫോളോ ചെയ്തു.

അന്ന് മറ്റൊന്നു കൂടിയുണ്ടായി. മോദിയുടെ മൻ കീ ബാത്ത്. അന്നത് ലൈവ് പ്രക്ഷേപണമായിരുന്നു. മനേക് ഷാ ഓഡിറ്റോറിയത്തിൽ നിന്ന്. കുട്ടികളുമായി ലൈവ് ഇന്ററാക്ഷനും. അപൂർവമായ അനുഭവവും അവസരവുമായുരുന്നു ഇതു രണ്ടും.

പക്ഷേ, ഗംഗയ്ക്ക് ഇതൊന്നും അത്ര വലിയ ഭാഗ്യമായി ഫീൽ ചെയ്തില്ല. ഡൽഹിയിലെ സ്കൂൾ കുട്ടിക്ക് സ്വഭാവികമായി കിട്ടിയേക്കാവുന്ന അവസരം. അത്രയേ നിനച്ചുള്ളൂ. എന്നാൽ താൻ ഏറെ ആഗ്രഹിച്ച ബറോഡയിൽ അഡ്മിഷൻ ലഭിച്ചപ്പോൾ സന്തോഷം ഒരു ഫീൽ ആയിത്തന്നെ അനുഭവിച്ചു. കിട്ടുമെന്ന് ഉറപ്പിക്കാനോ പ്രതീക്ഷിക്കാനോ പറ്റാത്ത ആ കാമ്പസിൽ കയറിക്കൂടാനായത് മഹാഭാഗ്യമായിത്തന്നെ കരുതുന്നു. അതേപ്പറ്റി പറയാം.

ഒമ്പതാം ക്ളാസിൽ പഠിക്കുമ്പോൾ ഡിസൈനിംഗ് ആയിരുന്നു പാഷൻ. നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡിസൈനായിരുന്നു ലക്ഷ്യം.പത്തിൽ 92 ശതമാനവും പന്ത്രണ്ടിൽ 93 ശതമാനവും മാർക്കുണ്ടായിട്ടും ഡോക്ടറാവാൻ കൊതിച്ചില്ല. ബി.ആർ.ഡി.എസ് പോലുള്ള ഡിസൈ

നിംഗ് പരിശീലന കോച്ചിംഗ് കേന്ദ്രങ്ങളിൽ പോയി. പക്ഷേ നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡിസൈൻ കപ്പിനും ചുണ്ടിനുമിടയിൽ നിസ്സാര മാർക്കിന് തട്ടിപ്പോയി.

ഇനിയെന്തു വേണം? ഒരു കൊല്ലം ഡ്രോപ് ചെയ്ത് വീണ്ടും നോക്കാം. ആയിടക്ക് ഡെൽഹി യൂണിവേഴ്സിറ്റിയിലെ കമലാ നെഹ്റു കോളേജിൽ ഹിസ്റ്ററിയ്ക്കും അപേക്ഷിച്ചിരുന്നു. അതു കിട്ടിയപ്പോൾ രണ്ടു കാര്യമായി .ടൈം പാസിന് ഹിസ്റ്ററി. ടൈം പ്രയോജനപ്പെടുത്താൻ ചിത്രവും. പ്രമുഖ ആർട്ടിസ്റ്റ് സഞ്ജയ് കുമാറിൽ നിന്ന് പെയിന്റിംഗിൽ പരിശീലനം. ഭാവനയെ തുറന്നുവിട്ടു കൊണ്ട് എന്തും വരയ്ക്കാം. മോഡ്യൂളോ മോഡലോ ഇല്ല. മുംബയിലെ ജെ.ജെയും കൊൽക്കത്തയിലെ ശാന്തിനികേതനും ബറോഡയിലെ എം.എസ്.യുവും. മനസ്സിൽ അതേയുള്ളൂ. മുംബയ് കൊമ്മേഴ്സ്യൽ ആർട്ടിനും ശാന്തിനികേതൻ ഗുരുകുല സമ്പ്രദായത്തിനും മികച്ചതാണ്. എന്നാൽ ഫൈൻആർട്സിലെ പരിധിയില്ലാത്ത മികവ് ബറോഡയിലാണ് . അത് കിട്ടാൻ കൊതിച്ചു.

ഗുജറാത്തിന് പുറത്തുള്ളവർക്ക് എട്ടു സീറ്റേയുള്ളൂ. കഠിനമായ ടെസ്റ്റുകളുണ്ട്. ആദ്യം സ്റ്റിൽ ലൈഫ്. മോഡൽ നൽകിയാണ് സാധാരണ പതിവ്. ഇവിടെ അതില്ല.പകരം ബോർഡിൽ എഴുതും. ബുക്ക്, ടേബിൾ, ടേബിൾ ക്ലോത്ത് . പിന്നെ 45 ഡിഗ്രിയിൽ ലൈറ്റും .തീർന്നു സ്റ്റിൽ ലൈഫിനുള്ള ചോദ്യം! അതു വച്ച് വരച്ചു. വാട്ടർ കളറായി പിന്നെ. വൺ ഓർ ടു ഹ്യൂമൺസ് ഇന്ററാക്റ്റിംഗ് വിത്ത് ടു ഓർ മോർ ഒബ്ജക്ട്സ്. ആ ചോദ്യവും വാചകരൂപത്തിലാണ്. ദൃശ്യരൂപത്തിലല്ല. പരിധിയും പരിമിതിയുമില്ല. ഓരോരുത്തർക്കും ഓരോന്ന് വരയ്ക്കാം. ദൃശ്യവത്കരിക്കേണ്ട പണി പരീക്ഷാർത്ഥിയുടേതാണ്. ചായവാലയും ചായ കഴിക്കുന്ന ആളുമായി അതും ഒപ്പിച്ചു.

പിന്നെ അപ്ളൈഡ് ആർട്ടിലായി പരീക്ഷ. ഗ്രാഫിക് ഡിസൈനിംഗിൽ. ഒരു ഒബ്ജക്ട് .അതിന് പറ്റിയ പരസ്യ പോസ്റ്റർ. ഭാഗ്യത്തിന് വാട്ടർബോട്ടിലായിരുന്നു ഒബ്ജക്ട്. നല്ല ദാഹമുള്ള സമയം. ഒബ്ജക്ടിൽ നിന്ന് അധികം ദൂരമുണ്ടായില്ല സബ്ജക്ടിലേക്ക്. അങ്ങനെ ആയിരങ്ങളിൽ നിന്ന് നാനൂറിലേക്ക്. നാനൂറിൽ നിന്ന് 60ലേക്ക്. അറുപതിൽ നിന്ന് 25 ലേക്ക്.അപ്പോഴേക്കും മൂന്നു ദിവസം കഴിഞ്ഞു.

ഇനിയാണ് ഇന്റർവ്യൂ. മഹാകവി അക്കിത്തത്തിന്റെ മകൻ അക്കിത്തം വാസുദേവൻ, പ്രമുഖ ബംഗാളി ചിത്രകാരൻ ഇന്ദ്ര പ്രൊമിത് റോയ്,ആശുതോഷ് ഭരദ്വാജ്...അങ്ങനെ വമ്പൻ പാനൽ. ചിത്രം വരച്ച് കുട്ടി രക്ഷപ്പെടുമോ എന്നറിയണം. അതിനാണ്.

പോർട്ട് ഫോളിയോ കാണിക്കണം. മൂന്നു കൊല്ലത്തിനകം ചെയ്ത 25 വർക്കുകൾ. അത് ഡിസ്പ്ളേ ചെയ്യുക. ജഡ്ജിമാർ വെവ്വേറെ മാർക്കിടും. പിന്നെ കാത്തിരിപ്പിന്റെ നാളുകൾ. റിസൽട്ട് വന്നപ്പോൾ ആറാം സ്ഥാനം.രാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും ഒപ്പം വേദി പങ്കിട്ടതേക്കാൾ സന്തോഷം തോന്നിയത് അപ്പോഴാണ്. ഇപ്പോൾ രണ്ടാം വർഷമാണ്. ആ ബാച്ചിലെ ആദ്യത്തെ ആറു കുട്ടികളിലൊരാൾ.

ബിനാലെയിലും മറ്റും ചെന്ന് ബോസ് കൃഷ്ണമാചാരിയെപ്പോലുള്ള അതികായന്മാരെ ഒട്ടും സങ്കോചം കൂടാതെ പരിചയപ്പെടാനും സൗഹൃദം സ്ഥാപിക്കാനുമായത് ബറോഡ മേൽവിലാസം തന്നെ.ബറോഡക്കാരിയെ കൃഷ്ണമാചാരിക്കും പിടിച്ചു. ഇന്ത്യയിലെയും വിദേശത്തെയും എല്ലാ പ്രമുഖരും ബറോഡയിലെത്തും . ഗസ്റ്റായോ വിസിറ്റിംഗ് ഫാക്കൽട്ടിയായോ അല്ലെങ്കിൽ എക്സിബിഷന് വേണ്ടിയോ.അത്രയ്ക്കുണ്ട് കേമത്തം.

ഇനി?എന്തെന്ന് തീരുമാനിച്ചിട്ടില്ല. ചിക്കാഗോയും പാരീസുമുണ്ട്. ഉപരിപഠനം നടത്തും എന്നേ തീർച്ചയാക്കിയിട്ടുള്ളൂ. ഫീൽഡ് എന്തെന്ന് ഉരുത്തിരിഞ്ഞിട്ടില്ല. ഇയ്യിടെ ലോക പ്രശസ്ത ആനിമേറ്റർ പ്രശാന്ത് മിരാൻഡയുടെ ഒരു ക്ളാസ് ലഭിച്ചു. ആനിമേഷനിൽ മാസ്റ്ററാണ് കാനഡയിൽ സ്ഥിരവാസമാക്കിയ അദ്ദേഹം. ഗ്രാഫിക് നോവൽ പോലുള്ള പുതിയ സങ്കേതങ്ങളിൽ അഗ്രഗാമി. ക്ളാസ് ലഭിച്ചതാകട്ടെ ആ വിഷയത്തിൽ. ഇതു പോലെ നവീനചിത്രകലയുടെ ആപ്ളിക്കേഷനുകൾ ഇനിയുമുണ്ട് ഉരുത്തിരിഞ്ഞു വരാൻ. ഒരു ബാച്ചിലർ ബിരുദത്തിൽ ഒതുങ്ങാൻ നിശ്ചയിച്ചിട്ടില്ല. ആനിമേഷനിലോ പെയിന്റിംഗിലോ മാസ്റ്റർ എടുക്കണം. പിന്നെ പി.എച്ച്.ഡിയും.

ഇപ്പോൾ ഒരു ഓയിൽ പെയിന്റിംഗിന്റെ വർക്കിലാണ്. കമേഴ്സ്യൽ വർക്കിനുള്ള ക്ഷണം സ്വീകരിച്ചു തുടങ്ങീട്ടില്ല. കമ്മിറ്റ്മെന്റുകൾ ഒന്നുമില്ലാതെ സ്വതന്ത്രമായ വർക്ക് ചെയ്യുകയാണ് ആർട്ടിസ്റ്റുകൾക്ക് പ്രാണവായു. അത് ശ്വസിക്കുന്നതിന്റെ സുഖം ഒന്ന് വേറെത്തന്നെയാണ്. മഹാരാജാ സയാജിറാവു യൂണിവേഴ്സിറ്റിയുടെ സ്റ്റുഡിയോ രാവിലെ ഏഴുമണിക്കു തുറന്നാൽ രാത്രി പത്തരയ്ക്കും അടയ്ക്കാറില്ല. രാവെന്നോ പകലെന്നോ വ്യത്യാസമില്ല. കാമ്പസെന്നോ ഹോസ്റ്റലെന്നോ വേർതിരിവില്ല. ക്ളാസ് മുറികൾക്ക് ചുമരും ബോർഡും വേണമെന്നുമില്ല. ഗംഗയുടെ കാൻവാസിൽ അമൃത ഷെർഗ്ഗിളിനെപ്പോലുള്ള ഇന്ത്യൻ വനിതകളാണ് മാതൃക.

ഡെൽഹിയിൽ ഊർജമന്ത്രാലയത്തിൽ ഉദ്യോഗസ്ഥനായ തളിപ്പറമ്പ് ചവനപ്പുഴ മുണ്ടോട്ട് പുളിയപ്പടമ്പ് ഇല്ലത്തെ നാരായണൻ നമ്പൂതിരിയുടെയും കൊയ്യത്ത് ചെപ്പന്നൂർ ശ്രീകലയുടെയും പുത്രിയാണ്.


മൊബൈൽ 8588974248 ❐

**നമ്മൾ തീരുമാനിക്കുന്നതാണ് നമ്മുടെ ജോലി. ഫൈൻ ആർട്ട് കോളേജുകളിൽ ഫാക്കൽട്ടിയാവാം. സിനിമയിൽ ആർട്ട് ഡയറക്ഷനാവാം. അഡ്വർട്ടൈസ്മെന്റ് ആവാം. പബ്ളിക്കേഷനുകളിലോ അപ്ളൈഡ് ഫോട്ടോഗ്രഫിയിലോ ആവാം. ജോലി കിട്ടുമോ എന്ന ആശങ്ക ലവലേശമില്ല. ഇവിടെത്തന്നെ ആളുകൾ കുട്ടികളെ അന്വേഷിച്ചു വരാറുണ്ട്. അഡ്വർട്ടൈസിംഗ് പോലുള്ള മേഖലകളിൽ സഹകരിക്കാൻ. പ്രതിഫലം നമുക്ക് നിശ്ചയിക്കാമെന്നതാണ് കാര്യം.**



# എ പ്ളസ് നഷ്ടമായ കുട്ടി എത്തിയത് ജർമ്മനിയിൽ

**രണ്ട് എ പ്ളസ് നഷ്ടപ്പെട്ടിട്ടും ഇപ്പോൾ പ്രതിമാസം ഒന്നേകാൽ ലക്ഷം രൂപയുടെ സ്കോളർഷിപ്പോടെ ജർമ്മനിയിൽ പി.എച്ച്.ഡി ചെയ്യുകയാണ് ഹരിത. ശാന്തിക്കാരനായ അച്ഛന്റെ കയ്യിൽ നിന്ന് ഒരു രൂപ പോലും ചെലവഴിപ്പിക്കാതെ.**



**നാനോ പാർട്ടിക്കിളുകളുടെ ഓപ്ടിക്കൽ ട്രാക്കിംഗ് ആയിരുന്നു അവിടത്തെ പണി.അതു ട്രാക്ക് ചെയ്യാം. എന്നാൽ വെജിറ്റേറിയൻ ഭക്ഷണം ട്രാക്ക് ചെയ്യുന്നതിൽ തെണ്ടിപ്പോയി. പട്ടിണി കിടന്ന ദിവസങ്ങളുണ്ട്.**

ഞാൻ പ്രകാശൻ എന്ന സിനിമയിലെ നായകൻ ജർമ്മൻ ഭാഷ പഠിക്കുന്നുണ്ട്. എങ്ങനെയെങ്കിലും ജർമ്മനിയിലെത്താൻ . ജർമ്മനിയിലേക്ക് വിസ കിട്ടിയ പെണ്ണിനെ പ്രേമിക്കുന്നുമുണ്ട്. അവിടെ ചെന്ന് ജോലി കിട്ടിയാൽ ലക്ഷങ്ങൾ നേടാം. അതിനാണ് എല്ലാ സാഹസവും.

എന്നാൽ ജർമ്മൻ ഭാഷ പഠിക്കാതെ തന്നെ ഹരിത ജർമ്മനിയിലെത്തി.പഠനമികവു കൊണ്ട് മാത്രം.കുസാറ്റിൽ നിന്ന് ഫോട്ടോണിക്സിൽ ഇന്റഗ്രേറ്റഡ് പിജി. ഡിസ്റ്റിംഗ്ഷനോടെ. ജപ്പാനിൽ ഒരു സെമസ്റ്ററിന്റെ ഇന്റർനാഷണൽ എക്സ്പീര്യൻസ്.പിന്നെ കൊൽക്കത്തെയിൽ പ്രോജക്ട് ചെയ്ത അനുഭവവും. അതിന്റെയൊക്കെ ഫലമാണ് ഈ സൗഭാഗ്യം.

ശാന്തിക്കാരനായ അച്ഛന് ഒരു രൂപയും ചെലവഴിക്കേണ്ടി വന്നില്ല. അൺ എയിഡഡ് സ്കൂളിലെ ടീച്ചറായ അമ്മയ്ക്കും കാശിനെപ്പറ്റി വേവലാതി വേണ്ടി വന്നില്ല. വേവലാതിപ്പെട്ടത് മകൾ .ആ പരിശ്രമത്തിന്റെ കഥയാണ് ഇത്.

എസ്.എസ് എൽ. സിക്ക് ഒരു എ പ്ലസ് നഷ്ടമായാൽ അതോടെ എല്ലാം പോയി എന്നു കരുതുന്നവരാണ് അധികപേരും.എന്നാൽ ഹരിതയ്ക്ക് ഒന്നല്ല രണ്ടെണ്ണത്തിൽ എ പ്ളസ് നഷ്ടപ്പെട്ടു.മേനി പറയാൻ എൽ.എസ്.എസോ യു.എസ്.എസോ ഒന്നുമില്ല. ഒരു ശരാശരി പെൺകുട്ടി. ഏതാണ്ട് കാൽ ലക്ഷം കുട്ടികൾക്കാണ് ഒരു വർഷം എ പ്ലസ് കിട്ടുന്നത്. രണ്ട് എ.പ്ളസ് നഷ്ടമായ കുട്ടിയെന്നാൽ ഒരു ബാച്ചിലെ 60000ത്തിൽ ഒരാൾ മാത്രമേ ആവുന്നുള്ളൂ. എന്നിട്ടും ആ ബാച്ചിലെ 100 കുട്ടികൾക്ക് പോലും ലഭിക്കാത്ത നേട്ടമാണ് ഹരിത സ്വന്തമാക്കിയത്.

### ◌ പ്രതിമാസം 1500 യൂറോ

ഇന്ത്യൻ നിലവാരത്തിൽ ചിന്തിച്ചാൽ ഏതാണ്ട് ഒന്നേകാൽ ലക്ഷത്തിലേറെ വരും ആ സംഖ്യ.ശാന്തിക്കാരനായ അച്ഛന് സ്വപ്നസമാനമായ സംഖ്യ.

**ഇപ്പോൾ ജർമ്മനിയിലെ സീഗൻ സർവകലാശാലയിൽ ഫോട്ടോണിക്സിൽ പി.എച്ച്.ഡി.ചെയ്യുകയാണ്. യൂണിവേഴ്സിറ്റികളുടെ ലോകറാങ്കിംഗിൽ ആദ്യറാങ്കുകളിൽ ഉൾപ്പെടുന്നതാണ് സീഗൻ. പണം കോരിച്ചൊരിഞ്ഞാൽ എത്തിച്ചേരാൻ കഴിയുന്ന ഒന്നല്ല, പഠന നിലവാരം കൊണ്ടു മാത്രം എത്താവുന്ന ഒരിടം.അവിടത്തെ നാനോ ഓപ്റ്റിക്സ് ലബോറട്ടറിയിലെ ഒരേ ഒരു ഇന്ത്യൻ ഗവേഷകയാണിപ്പോൾ.**

എങ്ങനെയെത്തി ഇവിടെ? രണ്ടാണ് ഉത്തരം. ഒന്ന് കഠിനാദ്ധ്വാനം. രണ്ട് ഉള്ളുരുകിയ പ്രാർത്ഥന. കുസാറ്റിൽ പഠിക്കുമ്പോൾ അവിടെ അടുത്തുള്ള അമ്പലത്തിലായിരുന്നു പതിവ് പ്രാർത്ഥന.കഴിഞ്ഞ വർഷം ഫ്രാങ്ക് ഫർട്ടിലേക്ക് പുറപ്പെടും മുമ്പ് ഹരിത എല്ലാ അമ്പലങ്ങളിലും പോയി. ഗുരുവായൂർ, വടക്കുംനാഥൻ. വീടിനടുത്തുള്ള മീഞ്ചന്തയിലെ തിരുവച്ചിറ അമ്പലം. തറവാട്ടിനടുത്ത് അച്ഛന്റെ അമ്മാത്തുള്ള ശ്രീലകത്തെ കരുമകൻ.അവിടെ മുത്തശ്ശിയുടെ കാൽ തൊട്ട് വന്ദിച്ച് അനുഗ്രഹം തേടൽ. എല്ലാം കഴിഞ്ഞ് പോവുമ്പോൾ അമ്മയോടായി ഇതും:

'' അമ്മേ നന്നായി പ്രാർത്ഥിക്കണം ട്ടോ ''

ഏതമ്മയും പ്രാർത്ഥിച്ചു പോവും. പ്രാർത്ഥിക്കാനല്ലാതെ ആ അമ്മക്ക് എന്താ കഴിയുക?

മികച്ച യൂണിവേഴ്സിറ്റിയിലെ പ്രോജക്ടിനു വേണ്ടിയുള്ള അന്വേഷണം. ഗൈഡുമാരെ കണ്ടെത്തൽ. ഫണ്ട് ഉറപ്പു വരുത്തൽ. അതിനു വേണ്ടി പാസ്പോർട്ട് ഓഫീസിൽ കയറിയിറങ്ങൽ. അച്ഛന്റെ പേരിലെ നമ്പൂതിരിയെന്ന വാൽ ജനനസർട്ടിഫിക്കറ്റിൽ ഇല്ലാത്തതിനാൽ തടയപ്പെട്ട പാസ്പോർട്ട് ശരിയാക്കൽ. (ഹരിതയ്ക്കുമുണ്ട് അസ്സലൊരു വാൽ. രേഖകളിൽ ഹരിത കമ്പളത്തുമനയാണ്. )വിസ സംഘടിപ്പിക്കൽ. ഫോറിൻ എക്സ്ചേഞ്ച് ശരിയാക്കൽ. വിമാനടിക്കറ്റ് എടുക്കൽ. അവിടെയെത്തിക്കഴിഞ്ഞാലുള്ള താമസം ശരിയാക്കൽ. അതിനായി വിദേശയൂണിവേഴ്സിറ്റിയിലെ പ്രൊഫസർമാരുമായി വീഡിയോ ചാറ്റിംഗ്



**അച്ഛൻ** ചക്കോരത്തു കുളം ദേവീക്ഷേത്രത്തിൽ ശാന്തിക്കാരനായ കമ്പളം നീലകണ്ഠൻ നമ്പൂതിരി. കോഴിക്കോട് മീഞ്ചന്തയിൽ താമസം.

**അമ്മ** തൃശൂർ പെരിങ്ങോട്ടുകര വരിക്കശ്ശേരി മനയിലെ ശോഭന കുമാരി. രാമനാട്ടുകര നിവേദിത വിദ്യാമന്ദിറിൽ ടീച്ചർ.

**അനിയത്തി** ഹിത. ബികോം കഴിഞ്ഞ് കോഴിക്കോട് ലക്ഷ്യയിൽ കമ്പനി സെക്രട്ടറിഷിപ്പ് പ്രാക്ടീസ് ചെയ്യുന്നു.

നടത്തൽ. തനിച്ച് വിദേശയാത്ര നടത്തൽ. ഇങ്ങനെ നൂറുകൂട്ടം.

**<u>അമ്മയ്ക്ക് കഴിയുന്നതല്ല അതൊന്നും. പ്രാർത്ഥന മാത്രം. അർത്ഥമുണ്ടായി ആ പ്രാർത്ഥനയ്ക്ക്. ജർമ്മനിയിലെ സാറിന്റെ നമ്പറുകളും മറ്റെല്ലാ കാര്യങ്ങളും സേവ് ചെയ്തു വച്ച ഫോൺ ഫ്രാങ്ക് ഫർട്ട് വിമാനത്താവളത്തിൽ നിന്ന് പോക്കറ്റടിച്ചു പോയപ്പോൾ കരഞ്ഞു തളർന്നു പോയില്ല. .ഭാരിച്ച ലഗേജും താങ്ങി കിലോമീറ്ററുകൾ താണ്ടി മുൻ പരിചയമില്ലാത്ത ആ നാട്ടിൽ ട്രെയിനിലും ടാക്സിയിലും മണിക്കൂറുകൾ സഞ്ചരിച്ച് വഴിതെറ്റാതെ യൂണിവേഴ്സിറ്റിയിൽ എത്തിയത് ആ പ്രാർത്ഥന കൊണ്ടു മാത്രം.</u>**

എ പ്ലസ് ഇല്ലാത്തത് ഒന്നിനും തടസ്സമായില്ല.

ആദ്യ വിദേശരാജ്യം ജപ്പാനായിരുന്നു. പഠനകാലയളവിൽത്തന്നെ. ഒരു സെമസ്റ്റർ കാലം അവിടത്തെ ഒക്കിനാവ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ റിസർച്ച് ഇന്റേൺ .നാനോ പാർട്ടിക്കിളുകളുടെ ഓപ്ടിക്കൽ ട്രാക്കിംഗ് ആയിരുന്നു അവിടത്തെ പണി.അതു ട്രാക്ക് ചെയ്യാം. എന്നാൽ വെജിറ്റേറിയൻ ഭക്ഷണം ട്രാക്ക് ചെയ്യുന്നതിൽ തെണ്ടിപ്പോയി. പട്ടിണി കിടന്ന ദിവസങ്ങളുണ്ട്. ഭാഷയും ഭക്ഷണവും രുചിക്കാത്ത ആ നാട്ടിലും പ്രയാസങ്ങളെ അതിജീവിച്ചത് ഇച്ഛാശക്തിയിലൂടെ.ആ ജപ്പാൻ ജീവിതമാണ് പിന്നീട് ജർമ്മനിയിലെത്താൻ നിമിത്തമായത്.ജപ്പാനിലെ പ്രൊഫസറുടെ സാക്ഷ്യപത്രം ജർമ്മനിയിൽ പ്രവേശനം കിട്ടാൻ ദൈവാനുഗ്രഹം പോലെ തുണയായി. പിന്നെ കുസാറ്റിലെ മികവും.ആ വർഷം ഐ.ഐ.ടി, ഐസർ,രാമൻ റിസർച്ച് ഇൻസ്റ്റിട്യൂട്ട് എന്നിവിടങ്ങളിൽ നിന്ന് മാത്രമേ ഹരിതയെക്കൂടാതെ നാല് ഇന്ത്യക്കാർ ജപ്പാനിലെ ആ ഇൻസ്റ്റിട്യൂട്ടിൽ എത്തിയിട്ടുള്ളൂ.

ബഹിരാകാശം കീഴ്പ്പെടുത്തിയ കല്പനാ ചൗളയാണ് ഏറ്റവും സ്വാധീനിച്ച വ്യക്തി. ഡോക്ടറും എഞ്ചിനീയറുമൊന്നും ആവേണ്ടെന്നും ശാസ്ത്രജ്ഞയാവണമെന്നും ചെറു പ്രായത്തിലേ തീരുമാനിച്ചു. അതാണ് ഫോട്ടോണിക്സിന്റെ ലോകത്തെത്തിച്ചത്.

ഫോട്ടോൺ നമുക്കൊന്നും എളുപ്പത്തിൽ പിടി തരുന്ന ഒന്നല്ല. കണ്ണു കൊണ്ട് കാണുന്ന പ്രകാശം മുതൽ എക്സ് റേയും ഗാമാ റേയും എന്നു വേണ്ട സമസ്ത വിദ്യുത് കാന്തിക തരംഗങ്ങൾക്കും കാരണഭൂതമായ മൂലപ്രകൃതിയായ കണമാണ് ഫോട്ടോൺ. ഫോട്ടോണിന്റെ ദ്രവ്യമാനം പൂജ്യം. ശൂന്യതയിലൂടെ അതിന് പ്രകാശവേഗത്തിൽ സഞ്ചരിക്കാനും പറ്റും. ചുരുക്കത്തിൽ എസ്.എസ്.എൽ സിക്ക് എ പ്ലസ് പോയി എന്നു കരയുന്ന പെൺകുട്ടിക്ക് മുന്നിൽ ഏത്തമിട്ടു നിൽക്കുന്ന സാധനമല്ല ഫോട്ടോൺ. ❐

മൊബൈൽ 9446782013

### ടൈം ലൈൻ ഇങ്ങനെ

**<u>പ്രൈമറി ക്ലാസുകളിൽ</u>**
ആദ്യത്തെ പത്തു കുട്ടികളിലൊരാൾ
**<u>ഹൈസ്കൂളിൽ</u>**
ആദ്യത്തെ അഞ്ചു കുട്ടികളിലൊരാൾ
**<u>എസ്.എസ്.എൽ സിക്ക്</u>**
എട്ട് എ.പ്ലസ് മാത്രം
**<u>പ്ലസ് ടു വിന്</u>**
92 ശതമാനം മാർക്ക്.
**<u>കുസാറ്റ് എൻട്രൻസിൽ</u>**
റാങ്ക് 2000
**<u>എൻ.ഐ.ടിയിൽ</u>**
ഇൻറേൺഷിപ്പ്
**<u>കൊൽക്കത്ത ടാറ്റയിൽ</u>**
പ്രോജക്ട്
**<u>ഇന്റേൺ</u>**
ഒക്കിനാവ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ റിസർച്ച്
**<u>വിജയം</u>**
ഫസ്റ്റ് ക്ലാസ് വിത്ത് ഡിസ്റ്റിംഗ്ഷനോടെ
**<u>ജർമ്മനിയിൽ</u>**
1500 യൂറോ പ്രതിഫലത്തിൽ ഗവേഷണം.
**<u>ഇനി?</u>**
സ്കോളർഷിപ്പോടെ പോസ്റ്റ് ഡോക്ടറൽ പഠനം. ഫോട്ടോണിക്സ് രംഗത്ത് സ്വന്തം സിഗ്നേച്ചർ. ലോകത്തെ മികച്ച സ്ഥാപനങ്ങളിൽ ദശലക്ഷങ്ങൾ പ്രതിഫലം കിട്ടുന്ന ജോലി

# ഈ പുലിയന്നൂരിന് തന്ത്രം സിനിമയിലാണ്

'അച്ഛാ , നമുക്കെല്ലാവർക്കും കൂടി ഇന്ന് ' ഈട ' ക്ക് പോവാം .ഞാൻ വർക്ക് ചെയ്ത സിനിമയല്ലേ. അച്ഛനൊന്ന് കണ്ടു നോക്കൂ.'

5 ഫ്രീപാസുകളും കാണിച്ചു ശ്രീകാന്ത് അച്ഛനോട് കെഞ്ചി. സിനിമാ ഭ്രാന്തുമായി നടക്കുന്നത് അച്ഛന് തീരെ ഇഷ്ടമല്ലായിരുന്നു, ധാരാളം ചീത്തയും കേട്ടിട്ടുണ്ട് .

സിനിമ കണ്ടു കൊണ്ടിരിക്കുമ്പോൾ വളരെ സീരിയസ്സായിരുന്നു അച്ഛൻ. അച്ഛന്റെ കണ്ണിലെ നനവ് തുള്ളിയായി താഴോട്ടു പതിച്ചതും ശ്രദ്ധിച്ചു മകൻ. സിനിമ കഴിഞ്ഞ് പുറത്തൊരു തട്ടൽ . അതു മതിയായിരുന്നു ശ്രീകാന്തിന്. അതിനു ശേഷം അച്ഛൻ അഭിമാനത്തോടെ പരിചയപ്പെടുത്താൻ തുടങ്ങി .

' മോൻ സിനിമാട്ടോഗ്രാഫറാണ്' ശ്രീകാന്തിന് ഏറ്റവും സന്തോഷം അച്ഛന്റെ അംഗീകാരം തന്നെ.

ആയിരത്തി ഇരുനൂറോളം അമ്പലങ്ങളിലെ തന്ത്രമുള്ള എറണാകുളത്തെ പ്രശസ്തമായ പുലിയന്നൂർ മനയിലെ അംഗം. അച്ഛൻ മുരളീ നാരായണൻ നമ്പൂതിരി ഏറെ മോഹിച്ച ഉന്നത വിദ്യാഭ്യാസം പോലും താന്ത്രിക തിരക്കുകളാൽ തുടരാനാകാതെ വിഷമിച്ചത് പങ്കുവെച്ചിരുന്നു. ഉന്നത വിദ്യാഭ്യാസമായിരുന്നു അച്ഛന്റെ മനസ്സിൽ. എന്നാലോ ഇളമുറക്കാരായ ശ്രീകാന്തിന്റെ സ്വപ്നങ്ങളിൽ സിനിമ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ആദ്യം വിദ്യാഭ്യാസം, പിന്നെ മതി സിനിമ എന്നായി അച്ഛൻ. ബി.കോം കഴിയാൻ കാത്തിരുന്നു ശ്രീകാന്ത്.സുഹൃത്തുക്കളുടെ ക്യാമറകൾ കടം വാങ്ങി ഫോട്ടോ ഷൂട്ടുകൾ നടത്തി. കമേഴ്സ്യൽ വീഡിയോ ഗ്രാഫിയിൽ പങ്കാളിയായി.അവർക്കൊപ്പം തന്റെ ഫീൽഡ് കണ്ടെത്തി സിനിമാട്ടോഗ്രഫി. ആദ്യം അന്വേഷണം പോയത് പൂനെ ഫിലിം ഇൻസ്റ്റിട്യൂട്ടിലേക്ക്. പക്ഷേ,ഫിസിക്സും കണക്കും പഠിക്കാത്തതിനാൽ ആ മോഹം ഉപേക്ഷിക്കേണ്ടി വന്നു.

അങ്ങനെയാണ് അന്വേഷണം പ്രശസ്ത സിനിമാ ഛായാഗ്രാഹകനും ഡയറക്ടറുമായ രാജീവ് മേനോന്റെ ചെന്നൈ മൈൻഡ് സ്ക്രീൻ ഫിലിം ഇൻസ്റ്റിട്യൂട്ടിലെത്തിയത്. ഇൻറർവ്യൂ കഴിഞ്ഞു. സെലക്ഷനും കിട്ടി. കടൽ, ബോംബെ തുടങ്ങിയ സിനിമകളുടെ ഛായാഗ്രാഹകനും കണ്ടു കൊണ്ടേൻ കണ്ടു കൊണ്ടേൻ എന്ന സിനിമയുടെ ഡയറക്ടറുമാണ് രാജീവ് മേനോൻ. അവിടെ നിന്ന് ഡിപ്ലോമ ഇൻ സിനിമാട്ടോഗ്രാഫി ചെയ്തു.

സിനിമാട്ടോഗ്രാഫിക്ക് പുറമേ ഡയറക്ഷൻ, സ്ക്രിപ്റ്റ് റൈറ്റിംഗ് , ആക്റ്റിംഗ് എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന കാര്യങ്ങളടങ്ങിയതായിരുന്നു സിലബസ്. നല്ല ആത്മവിശ്വാസമായി. കർഷക ആത്മഹത്യയെ അധികരിച്ച് തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ വെച്ച് ശ്രീകാന്തും കൂട്ടരും ഷൂട്ട് ചെയ്ത ഗ്രാഡ്യുവേഷൻ ഫിലിമിന് നല്ല സ്വീകരണം കിട്ടി. കോഴ്സ് കഴിഞ്ഞാൽ റഫറൻസിനായി സിനിമാ ഫീൽഡിലെ കുറേ പേരുടെ ഡീറ്റെയിൽസ് കൊടുക്കും. ബാക്കി എല്ലാം അവനവന്റെ മിടുക്കു പോലിരിക്കും.

അങ്ങനെ ക്യാമറയുമായി സിനിമയിലിറങ്ങി.

കേരളത്തിൽ വർക്ക് ചെയ്യാനായിരുന്നു താൽപര്യം. ഷൈജു അന്തിക്കാട് സംവിധാനവും അൻറ്റോണിയോ മൈക്കിൾ ഛായാഗ്രഹണവും നിർവഹിച്ച ഹണീബി 2. 5 എന്ന പരീക്ഷണ സിനിമയിൽ ആയിരുന്നു ആദ്യത്തെ എൻട്രി അസിസ്റ്റൻറ് ക്യാമറാമാനായി.

പിന്നെ പപ്പു എന്ന ഛായാഗ്രാഹകന്റെ അസിസ്റ്റന്റായി. നാഷണൽ അവാർഡ് വിന്നർ ആയ അജിത് കുമാർ ബാലഗോപാലിന്റെ സംവിധാനത്തിൽ കണ്ണൂർ രാഷ്ട്രീയം പ്രമേയമാക്കിയ ഈട എന്ന സിനിമയായിരുന്നു അടുത്തത്. അടുത്തു തന്നെ റിലീസ് ആകുന്ന'വാടു നേനു കാതു' എന്ന തെലുങ്ക് സിനിമയിൽ വർക്ക് ചെയ്യാൻ കഴിഞ്ഞത് ഒരു വലിയ അനുഭവമായിരുന്നു. പ്രശസ്ത സംവിധായകൻ ബ്ലസിയുടെ അസോസിയേറ്റായ സാമിന്റെ സംവിധാനത്തിൽ ഓട്ടം എന്ന സിനിമയുമുണ്ട്. ഇവയിലെല്ലാം ഛായാഗ്രാഹകൻ പിതൃതുല്യനായ പപ്പു തന്നെ. രാജീവ് രവി, വിനോദ് ഇല്ലം പള്ളി തുടങ്ങിയവരുടെ കൂടെയും വർക്ക് ചെയ്തിട്ടുണ്ട് .

സ്വന്തമായി ഡോക്യുമെൻററികളും ചെയ്തിട്ടുണ്ട് . മധുരയിലെ നാരായണൻ കൃഷ്ണൻ (ഉസ്താദ് ഹോട്ടലിലെ റിയൽ കാരക്റ്റർ) , സുനാമി ബാധിത കടലൂരിലെ ഒരു സ്ക്കൂൾ എന്നിവയാണ് പ്രധാനമായവ. അഡ്വർടൈസ്മെന്റ് ഫിലിമിലും വർക്ക് ചെയ്യുന്നു.

അങ്ങനെ സിനിമയിൽ ക്യാമറ തൂക്കുമ്പോഴും ധൂപക്കുറ്റിയും മണിയു



സിനിമയിൽ ക്യാമറ തൂക്കുമ്പോഴും ധൂപക്കുറ്റിയും മണിയുമൊന്നും മറന്നിട്ടില്ല.പൂജയും തന്ത്രവിഷയങ്ങളും പഠിച്ചിട്ടുണ്ട് ഈ 26കാരൻ. ഒഴിവുള്ളപ്പോൾ അച്ഛന്റെ കൂടെ തന്ത്രത്തിനും പോകും. നിർബന്ധിച്ചിട്ടല്ല, ഇഷ്ടമായിത്തന്നെ.

മൊന്നും മറന്നിട്ടില്ല.

പൂജയും തന്ത്രവിഷയങ്ങളും പഠിച്ചിട്ടുണ്ട് ഈ 26കാരൻ . ഒഴിവുള്ളപ്പോൾ അച്ഛന്റെ കൂടെ തന്ത്രത്തിനും പോകും.നിർബന്ധിച്ചിട്ടല്ല, ഇഷ്ടമായി ത്തന്നെ. അമ്മ സുമ കുടുംബിനി. അനിയത്തി സൈക്കോളജിക്കും അനിയൻ ബി കോമിനം പഠിക്കുന്നു.

അച്ഛന്റെ അംഗീകാരം , കുറച്ചു സമയം കൊണ്ടു തന്നെ മൂന്നു നാലു സിനിമകൾ, വർക്ക് ചെയ്ത സിനിമകളെല്ലാം സാമ്പത്തിക ലാഭത്തിൽ നല്ല ആത്മവിശ്വാസത്തിലാണ് പുലിയന്നൂർ ശ്രീകാന്ത് നമ്പൂതിരിപ്പാട്.

മൊബൈൽ 9745508613 ❒



# എട്ടാം ക്ളാസിലെത്തിയിട്ടേയുള്ളൂ
# വൈറലാണ് യു ട്യൂബിൽ

മഞ്ചേരി ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാം ക്ളാസുകാരിയണ് ഗൗരി പാർവ്വതി. കരിക്കാട് മൂത്തേടത്ത് പാലശ്ശേരി മനയ്ക്കൽ ഡോ. സഞ്ജുവിന്റെയും ഡോ. ഹീരാ സഞ്ജുവിന്റെയും മകൾ.

അച്ഛനെയും അമ്മയെയും നമ്മൾ അറിഞ്ഞതാണ്. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കൂത്തിലെ ഹാട്രിക് താരമായിരുന്നു അച്ഛൻ. അമ്മയാണെങ്കിൽ വനിതാരത്നം റിയാലിറ്റി ഷോയിലെ സാക്ഷാൽ രത്നം. ഇത് മകളെപ്പറ്റിയാണ്.

നാട്യവും പാട്ടും തന്നെയാണ് ഗൗരി പാർവ്വതിയുടെ മേഖല. അതെല്ലാം യു ട്യൂബിൽ ഹിറ്റാവുകയും ചെയ്യുന്നു.

അമൃത പാലശ്ശേരി സംവിധാനവും, സാന്ദ്ര പരമേശ്വരൻ രചനയും, സംഗീത സംവിധാനവും നിർവ്വഹിച്ച മോക്ഷ ദ ഇൻസെപ്ഷൻ ഓഫ് ഹ്യൂമാനിറ്റി എന്ന ആൽബം യുട്യൂബിൽ 38000 പേർ കണ്ടു കഴിഞ്ഞു. അതിൽ ഗൗരി പാർവ്വതിയുമുണ്ട് മുഖ്യറോളിൽ.

സുദീപ് പാലനാട് സംഗീത സംവിധാനവും, ശ്രുതി നമ്പൂതിരി രചനയും, സംവിധാനവും ചെയ്ത (ചാരുലത, ബാലെ മ്യൂസിക്കൽ ആൽബം) മകൾ എന്ന മ്യൂസിക്കൽ ആൽബം, അർജുൻ മുരളി സംവിധാനം ചെയ്ത അപ്പ എന്ന ഷോർട്ട് ഫിലിം, പ്രതീക് അഭയാങ്കറുടെ സംഗീത സംവിധാനത്തിൽ ടൈറ്റിൽ സോംഗ്. അമൃത പാലശ്ശേരി സംവിധാനം ചെയ്ത സംസ്കൃതി എന്ന ഷോർട്ട് ഫിലിമിലെ മുഖ്യ കഥാപാത്രം... അങ്ങനെ പലതാണ് യു ട്യൂബിലെ ഹിറ്റുകൾ.

അടുത്തിടെ പുല്ലൂർ ദേവൻ മാസ്റ്റർ എഴുതി വിനോദ് മരനാട് (സംഗീത നാടക അക്കാദമി അവാർഡ് ജേതാവ്) സംവിധാനം ചെയ്ത 'ഉർവ്വര ഭൂമി' എന്ന നാടകത്തിൽ അച്ഛൻ, അമ്മ, അനിയൻ, മുത്തച്ഛൻ എന്നിവവർക്കൊപ്പം സകുടുംബം അഭിനയിക്കുകയുമുണ്ടായി.

മൊബൈൽ 9447316663 ❒



ഗൗരി പാർവതിയുടെ ഒരു ആൽബം കാണാം ഈ യുട്യൂബ് ലിങ്കിൽ: https://youtu.be/Vf-erBcFvx0

**ഗുരുക്കന്മാർ**
ഭരതനാട്യം: തൃപ്പനച്ചി പ്രമോദ് കുമാർ
നങ്യാർകൂത്ത് : പൈങ്കുളം നാരായണ ചാക്യാരുടെ ശിഷ്യ.
സംഗീതം: മഞ്ചേരി കൃഷ്ണ കുമാർ.

- **2017 ലെ ആൾ ഇന്ത്യാ ഡാൻസ് ഫെസ്റ്റിവലിൽ ഭരതനാട്യത്തിൽ ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം.**
- **201617, 201718 സാലഭഞ്ജിക നൃത്തോത്സവം (തിയറി,വൈവ,പ്രാക്ടിക്കൽ) ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം**
- **201718 പാലക്കാട് സ്വരലയ ഫെസ്റ്റിവലിൽ ഭരതനാട്യം, മോഹിനിയാട്ടം യു.പി വിഭാഗത്തിൽ ഒന്നാം സ്ഥാനം**
- **2018-19 പാലക്കാട് സ്വരലയ നൃത്തോത്സവം ഭരതനാട്യം, കുച്ചിപ്പുടി ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനം**
- **201819 ആലപ്പുഴയിലെ സംസ്ഥാന സ്കൂൾ കലോത്സവം ഭരതനാട്യത്തിൽ എ ഗ്രേഡ്.**
- **2018 -19 മയൂര നൃത്തോത്സവത്തിൽ ഭരതനാട്യം അണ്ടർ 16 വിഭാഗത്തിൽ ഫൈനലിൽ പങ്കെടുക്കാൻ യോഗ്യത**

# 'മുടി'ഞ്ഞ മാസാണ്

'ഡിസംബറിൽ മുംബൈ ഐ ഐ ടിയിൽ നടന്ന മൂഡ് ഇൻഡിഗോ ഫെസ്റ്റിവലിൽ കൂടി സമ്മാനം ലഭിച്ചതോടെ ഈ ഇനത്തിൽ മൂന്ന് ഐ ഐ ടി കളിൽ നിന്നും സമ്മാനം നേടുന്ന ആദ്യ ഡൽഹി യൂണിവേഴ്സിറ്റി ടീം ഞങ്ങളുടേതായി ' ആകാശ് നാരായൺ ഇതു പറയുന്നത് ഏറെ അഭിമാനത്തോടെയാണ്.

മുംബയിലെ മൂഡ് ഇൻഡിഗോ ഏഷ്യയിലെ ഏറ്റവും വലിയ കോളേജ് ഫെസ്റ്റ് ആണ്. പങ്കെടുക്കുന്നവരുടെ എണ്ണം, നിലവാരം, സെലിബ്രിറ്റികൾ തുടങ്ങി ആ ഫെസ്റ്റിനോട് കിടപിടിക്കാൻ വേറെ ആഘോഷമില്ല. ചെറുപ്പത്തിന്റെ സകല ഊർജവും പ്രസരിപ്പും! അവിടെയാണ് ആകാശ് വായ്പ്പിട്ടു (അതോ വായ്പ്പാട്ടോ ) കാണിച്ച് സ്റ്റാർ ആയത്. ഇതിന്റെ പെർഫോമൻസ് യുട്യൂബിൽ കണ്ടുനോക്കൂ. നമ്മൾ ഞെട്ടും. മുംബയ് മാത്രമല്ല ഡൽഹി, കാൺപൂർ ഐ ഐ ടി കളിലും പ്രൈസ് കിട്ടിയിട്ടുണ്ട്. ഇന്ത്യയിലെ ചില്ലറക്കാരനല്ല എന്നർത്ഥം. സൂപ്പർ പെർഫോമർക്കാർക്കുള്ളതാണ് ഐ.ഐ.ടി ഫെസ്റ്റിവൽ.


ഡൽഹിയിലെ നമ്പൂതിരിമാർക്കിടയിൽ പാശ്ചാത്യ സംഗീതം പഠിച്ചു പെർഫോം ചെയ്യുന്ന അപൂർവം ചിലരിൽ ഒരാളാണ് ആകാശ്.

മധുരിമ എന്നാണ് ആകാശിന്റെ ആക്കപ്പെല്ല ബാൻഡിന്റെ പേര്. 13 പേരുള്ള ടീം. ഓരോരുത്തരും ഓരോ തരം ഉപകരണസംഗീതം വായ കൊണ്ടുണ്ടാക്കും. മറ്റു ചിലർ പാടും. കേട്ടാൽ ഉപകരണസംഗീതമല്ലെന്ന് ഒരാളും പറയില്ല.

ആക്കപ്പെല്ല സംഘത്തിലെ ബീറ്റ് ബോക്സർ ആണ് ആകാശ്. വായ് കൊണ്ടു ഡ്രംസ് മുതൽ ഗിറ്റാർ വരെ അനുകരിക്കും. കയ്യും കലാശവും കണ്ടാൽ കയ്യിൽ ഗിറ്റാർ ഉണ്ടെന്ന് തോന്നിപ്പോകും. നാലാം ക്ലാസ്സുമുതൽ ഗിറ്റാർ പഠിക്കുന്നുണ്ട്. അമേരിക്ക ആസ്ഥാനമായുള്ള റോക്ക് സ്കൂൾ നടത്തുന്ന ഗിറ്റാർ പരീക്ഷയിൽ ഗ്രേഡ് 8 പൂർത്തിയാക്കിയിട്ടുണ്ട്.അത് പൂർത്തിയാക്കുന്നത് ചില്ലറക്കാര്യമല്ല.

ഇത്രയും കാലമായി പഠിച്ചുകൊണ്ടിരിക്കുന്ന ഗിറ്റാർ എന്തുകൊണ്ട് പെർഫോം ചെയ്തില്ല എന്ന ചോദ്യത്തിനുള്ള ആകാശിന്റെ ഉത്തരം ലളിതമാണ് .

**മിമിക്സ് പരേഡിന് സമാനമായി പശ്ചാത്യ സംഗീത വേദിയിൽ അവതരിപ്പിക്കുന്ന പ്രോഗ്രാമിന്റെ പേരാണ് ആക്കപ്പെല്ല. വാദ്യോപകരണങ്ങൾ ഇല്ലാതെ വായ കൊണ്ടും ശരീരത്തിന്റെ മറ്റു ഭാഗങ്ങൾ കൊണ്ടും മൊത്തം സംഗീത പരിപാടി അവതരിപ്പിക്കുന്ന രീതി. .ആക്കപ്പെല്ല സംഘത്തിലെ ബീറ്റ് ബോക്സർ ആണ് ആകാശ്. വായ് കൊണ്ടു ഡ്രംസ് മുതൽ ഗിറ്റാർ വരെ അനുകരിക്കും. കയ്യും കലാശവും കണ്ടാൽ കയ്യിൽ ഗിറ്റാർ ഉണ്ടെന്ന് തോന്നിപ്പോകും. അമേരിക്ക ആസ്ഥാനമായുള്ള റോക്ക് സ്കൂൾ നടത്തുന്ന ഗിറ്റാർ പരീക്ഷയിൽ ഗ്രേഡ് 8 പൂർത്തിയാക്കിയിട്ടുണ്ട്.അത് പൂർത്തിയാക്കുന്നത് ചില്ലറക്കാര്യമല്ല.**



ആകാശിന്റെ യു ട്യൂബ് ലിങ്ക് :
https://youtu.be/GilX916msmk

'ആക്കാപ്പെല്ലയാണെങ്കിൽ കയ്യും വീശി പോയി സമ്മാനവും വാങ്ങിവരാം. എന്നാൽ ഒരു മൊത്തം മ്യൂസിക് ട്രൂപ്പ്, സാധനങ്ങളോടുകൂടി യാത്ര ചെയ്യുക എന്നത് വളരെ ചെലവേറിയ സംഗതിയാണ്' ടീമിലെ എല്ലാവരും അവർക്കു ലഭിക്കുന്ന പോക്കറ്റ് മണി കൊണ്ട് ഓർഗനൈസ് ചെയ്യുന്നതാണ് ഞങ്ങളുടെ ആക്കപ്പെല്ല. പിന്നെ ഈസിയായി യാത്ര ചെയ്യാനുള്ള ഒരു കാരണം കൂടിയാണ് എന്നെ സംബന്ധിച്ചിടത്തോളം ആക്കപ്പെല്ല. യാത്ര എനിക്കിഷ്ടമാണ്.'

സംഗീതം മാത്രമല്ല വിപാസന മെഡിറ്റേഷനിലും ആകാശിനു താല്പര്യമുണ്ട്. ഹിമാചൽ പ്രദേശിലെ ധർമശാലയിൽ വിപാസന ഫൌണ്ടേഷൻ നടത്തുന്ന 10 ദിവസം നീണ്ട മെഡിറ്റേഷൻ ക്യാമ്പ് രണ്ടുതവണ പൂർത്തിയാക്കിയിട്ടുണ്ട്.

കോഴിക്കോട്, പുലിയപ്പിലാശേരി മുല്ലപ്പള്ളിയിലെ നാരായണൻ നമ്പൂതിരിയുടെയും കരിയന്നൂർ സവിതയുടെയും മകനാണ് ആകാശ്. നിയമപഠനത്തോടൊപ്പം സംഗീതവും ഒരുമിച്ചു കൊണ്ടു പോകാനാണ് ആകാശിനു താല്പര്യം. ജാമിയ മില്ലിയ യൂണിവേഴ്സിറ്റിയിലെ മൂന്നാം വർഷ നിയമവിദ്യാർത്ഥിയാണ്. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം അഡ്മിഷൻ ലഭിക്കുന്ന ഇന്ത്യയിലെ ടോപ് ടെൻ ലിസ്റ്റിൽ വരുന്നതാണ് ജാമിയ.

മൊബൈൽ : 8750146665 ❒



# വാഴക്കുന്നത്തിന്റെ വഴിയിൽ ഒരു ന്യൂജൻ നമ്പൂതിരി

കുഞ്ഞു വയസ്സിലേ മാജിക്കിനോട് മനസ്സിൽ തോന്നിയ വല്ലാത്ത ഒരിഷ്ടം. വളരുന്നതിനൊപ്പം അർജ്ജുന്റെ ഉള്ളിലും ആ ഇഷ്ടം വളർന്നു വന്നു. മാജിക് ഷോകൾ കാണുന്നത് ഒരു ഹരമാക്കി അർജ്ജുൻ. കൂട്ടുകാർ മറ്റു കലകൾ പഠിക്കാൻ പോയപ്പോൾ അർജുന്റെ മനസ്സും ശരീരവും ഇന്ദ്രജാലത്തിനൊപ്പം പോയി.

കിട്ടുന്നത്ര ഇന്ദ്രജാല കഥകൾ വായിച്ചു.പത്തു വയസ്സിനുള്ളിൽ തന്നെ പ്രൊഫസർ ഗോപിനാഥ് മുതുകാട് മൂന്ന് വോള്യങ്ങളിലായി എഴുതിയ വാഴക്കുന്നത്തിന്റെ ഇന്ദ്രജാലകഥകൾ പി.സി സർക്കാറിന്റെ പുസ്തകങ്ങൾ എന്നിവയെല്ലാം വായിച്ച അനുഭവങ്ങളിലൂടെ അർജുന്റെ ഇന്ദ്രജാല മോഹങ്ങൾ പറന്നുയർന്നു.

''ഷോകളിൽ നിന്നും പുസ്തകങ്ങളിൽ നിന്നും കിട്ടിയ അറിവുകൾ വച്ച് അവൻ കുഞ്ഞുകുഞ്ഞ് മാജിക്കുകൾ കാണിക്കാൻ തുടങ്ങി. അവന്റെ മോഹം കണ്ട് ഞങ്ങൾ അവനെ പഠിപ്പിക്കാൻ ഉറപ്പിച്ചു.'' അർജുന്റെ അമ്മ ശ്രീജ പറയുന്നു. ബാലുശ്ശേരിക്കടുത്ത് തൃക്കുറ്റിശ്ശേരി കക്കഞ്ചേരി കളത്തില്ലത്ത് നാരായണൻ നമ്പൂതിരിയുടെയും ശ്രീജയുടെയും മകനാണ് അർജുൻ.

നല്ലൊരു ഗുരുനാഥനെ കണ്ടെത്താനായി പിന്നത്തെ ശ്രമം. അതിനിടക്ക് അർജുന്റെ ഇല്ലത്തിനടുത്ത് ഒരു മാജിക് ഷോ. ആചാര്യ ബി.എൽ. കൃഷ്ണ എന്ന മജീഷ്യന്റെ.

''ഷോ കണ്ട ഞാൻ ഉറച്ചു എനിക്ക് ഈ സാറിന്റെ കീഴിൽ മാജിക് പഠിക്കണമെന്ന്. ഷോ കഴിഞ്ഞ ഉടനെ ഞാൻ അദ്ദേഹത്തെ കണ്ട് എന്നെയും പഠിപ്പിച്ചു തരണമെന്നാവശ്യപ്പെട്ടു. ഒരു പത്തു വയസ്സുകാരന്റെ കുട്ടിക്കളിയായി അദ്ദേഹം അതു വിചാരിച്ചെന്നു തോന്നുന്നു. ആരെയും പഠിപ്പിക്കാറില്ല എന്നൊക്കെ പറഞ്ഞ് ഒഴിഞ്ഞുമാറി.''

പക്ഷേ മോഹം വിട്ടില്ല. അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുക എന്നത് ഒരു വാശിയാക്കി ഉള്ളിൽ വച്ചു. അച്ഛന്റെ പിൻതുണയോടെ ഇടക്കിടക്ക് അദ്ദേഹത്തെ ഫോണിൽ വിളിച്ച് സംസാരിക്കാൻ തുടങ്ങി. അർജ്ജുന്റെ മനസ്സറിഞ്ഞ ബി.എൽ. കൃഷ്ണയുടെയും മനസ്സ് മാറി. അദ്ദേഹം അർജ്ജുനെ തേടി ഇല്ലത്തേക്ക് എത്തി.

ഒരു വർഷം കൊണ്ട് തന്നെ അർജുൻ സ്റ്റേജിൽ ഒറ്റക്ക് മാജിക് ചെയ്യാനുള്ള പ്രാവീണ്യം നേടിയെടുത്തു.

ഇപ്പോൾ ഗുരുവായൂരപ്പൻ കോളേജിൽ ബി.എസ്.സി. ബോട്ടണി രണ്ടാം വർഷം. പത്തൊൻപത് വയസ്സ്. ഇതിനിടയിൽ നൂറിലധികം വേദികളിൽ അർജ്ജുന്റെ ഇന്ദ്രജാല പ്രകടന കാഴ്ച കാണികളിൽ വിസ്മയം തീർത്തു.

തൃശൂരിൽ വച്ച് നടന്ന ഇൻറർനാഷണൽ കൺവെൻഷനിൽ വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന 350 ൽ അധികം മജീഷ്യൻമാരോടൊപ്പം തന്റെ കഴിവ് മാറ്റുരയ്ക്കാൻ അർജുന് ഭാഗ്യം ലഭിച്ചു.

നല്ലൊരു സംഘാടകൻ, ചിത്രകാരൻ, ചെണ്ടവാദകൻ തുടങ്ങിയ കഴിവുകളും അർജുന് ഒപ്പമുണ്ട്. നല്ലൊരു സഭാപ്രവർത്തകനുമാണ്.

''നമ്മുടെ സമുദായത്തിന്റെ ഭാവിക്ക് വേണ്ടി സഭാപ്രവർത്തനങ്ങൾ യുവജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങി ചെല്ലുവാനുള്ള സംവിധാനങ്ങൾ സഭ ഒരുക്കേണ്ടതുണ്ട്. സഭാനേതൃത്വത്തിൽ ആളുകളുടെ വിദ്യാഭ്യാസപരമായും കലാപരമായും ഒക്കെയുള്ള കഴിവുകളെ, നേട്ടങ്ങളെ കൂട്ടായ്മകളിലൂടെ ഒന്നിപ്പിച്ച് അത്തരം വ്യക്തികളുടെ സേവനം അവരുടെ പഠനത്തിനും ജോലിക്കുമൊപ്പം സഭയ്ക്കും മുതൽക്കൂട്ടാക്കുന്നത് നന്നായിരിക്കും'' അർജുൻ പറയുന്നു. അധ്യാപകനാവുക എന്ന തന്റെ ലക്ഷ്യം കൈവരിക്കുന്നതിനൊപ്പം തന്നെ ഒരു മജീഷ്യനായും താൻ അറിയപ്പെടണമെന്നാണ് അർജുന്റെ മോഹം

മൊബൈൽ : 9562741037 ❐

# പഠിക്കാം മലയാളിയാകാൻ അമേരിക്കക്കാരിയിൽ നിന്ന്

**ജന്മം കൊണ്ട് അമേരിക്കക്കാരി. കർമ്മം കൊണ്ട് ഹൈദരാബാദുകാരി. ധർമ്മം കൊണ്ട് ഹിന്ദു. കുലം കൊണ്ട് നമ്പൂതിരി. ഇല്ലം കൊണ്ട് പഴയം. കൂറ്റനാട് പഴയത്ത് മനയിലെ നാരായണന്റെയും ആശയുടെയും മകളാണെങ്കിലും ജനിച്ചത് അമേരിക്കയിലായതിനാൽ നിളയുടെ പൗരത്വം അമേരിക്കനായി.**

പൗരത്വം അമേരിക്കനെങ്കിലും ഭാഷ കൊണ്ടും പേരുകൊണ്ടും അസ്സൽ മലയാളിയാണ്.

അമേരിക്കയിൽ ജനിച്ചു ഹൈദരാബാദിൽ വളരുന്ന ഒരു മലയാളിക്കുട്ടിക്ക് മാതൃഭാഷ എത്ര അറിവുണ്ടാകും? ചിലപ്പോൾ നന്നായി മലയാളം പറയുമായിരിക്കും, ഏറി വന്നാൽ അക്ഷരമാലയും പഠിച്ചു കാണും. ഇതൊക്കെയാകാം കരുതുക. എന്നാൽ മലയാളിയാകാൻ നിളയിൽ നിന്ന് പഠിക്കണം.

അറിയണം അവളുടെയും മാതാപിതാക്കളുടെയും കഠിനാദ്ധ്വാനത്തെക്കുറിച്ച്!

ഹൈദരാബാദ് ട്രിപ്പിൾ ഐടിയുടെ (IIIT) ഡയറക്ടറായ നിളയുടെ അച്ഛന് മകൾ മലയാളം പഠിക്കണം എന്ന് നിർബന്ധമായിരുന്നു; 'എനിക്ക് കുരച്ചു കുരച്ചു മലയാലം അരിയാം' എന്ന് മകൾ പറയരുതെന്നും. തറയിലും പറയിലും ഒതുങ്ങിയില്ല അവളുടെ മലയാളപഠനം.


ആദ്യമൊക്കെ കടുത്ത ശിക്ഷ പോലെയാണ് തോന്നിയത്. അക്ഷരമാല കഴിഞ്ഞ് ഉണ്ണിക്കുട്ടന്റെ ലോകം . പിന്നീട് രണ്ടിടങ്ങഴിയും പാത്തുമ്മയുടെ ആടും. വേനലവധിക്ക് നിർബന്ധമായും മലയാളമേ വായിക്കാവൂ എന്ന് നാരായണൻ ശഠിച്ചപ്പോൾ ആശയ്ക്കു പോലും അത് ഇത്തിരി കൂടുതലല്ലേയെന്ന് തോന്നി. അവധിക്കാലത്ത് അഞ്ചു മണിക്കൂർ മിനിമം മലയാള സാഹിത്യം വായിക്കണം. സ്കൂളുള്ള ദിവസങ്ങളിലാണെങ്കിൽ ഓരോ മണിക്കൂറും. അച്ഛൻ കാണാതെ മുറിയടച്ചും ബാത്ത് റൂമിലിരുന്നും വേനലവധി സമയത്ത് ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ച് അവസാനം കുറ്റബോധം തോന്നി സ്കൂൾ തുറക്കാനാവുമ്പോൾ മകൾ ചെയ്ത 'കള്ളത്തരം' തുറന്നു പറയും. കേരളത്തിൽ അവളുടെ ഭാഷജ്ഞാനം കണ്ടു ആ പ്രായത്തിലുള്ള കുട്ടികൾ അത്ഭുതപ്പെട്ടിട്ടുണ്ട്. എംടിയുടെയും ബഷീറിന്റെയും കഥകളെല്ലാം സുപരിചിതമാണ്.

വായിച്ചതിലേറ്റവും ഇഷ്ടപ്പെട്ടത് മാധവിക്കുട്ടിയുടെ 'നീർമാതളം പൂത്തകാലം'. അവധിക്കാലം ഇല്ലത്തും അമ്മാത്തും കഴിഞ്ഞ് തിരിച്ച് നാഗരികതയുടെ തിരക്കിലേക്ക് എത്തുന്ന നിളയ്ക്ക് സ്വന്തം സ്വത്വമാണ് അതിൽ കണ്ടത്. ഇല്ലത്തെ മുത്തശ്ശൻ (കഴിഞ്ഞ വർഷം അന്തരിച്ച വേദജ്ഞൻ പി.ജെ. നമ്പൂതിരി) താമസിച്ചിരുന്ന കോഴിക്കോടിനെക്കുറിച്ചുള്ള 'ഒരു ദേശത്തിന്റെ കഥയും' അവളുടെ പ്രിയപ്പെട്ട പുസ്തകമായി.

അമേരിക്കയിലെ സിയാറ്റിൽ താമസിക്കുന്ന മീര കൃഷ്ണയുടെ അടുത്തുനിന്ന് സ്കൈപ്പിലൂടെ 2009 മുതൽ 2016 വരെ കർണാടക സംഗീതം പഠിച്ചു. പല വേദികളിലും കച്ചേരി അവതരിപ്പിച്ചു. പിന്നീട് ഇടവേള കൊടുത്ത സംഗീതപഠനം 2018ൽ വീണ്ടും തുടങ്ങി. പുനരാരംഭിച്ചത് ഗുരുവിന്റെ സമക്ഷത്തിൽ നിന്ന് നേരിട്ടാണ്. പഠിക്കുന്ന സർവകലാശാലയിൽ നിന്ന് സ്കോളർഷിപ്പ് ലഭിച്ച് വാഷിങ്ടൺ യൂണിവേഴ്സിറ്റിയിലെത്തിയപ്പോഴാണ് ഈ പഠനം വീണ്ടും തുടങ്ങിയത്. അമേരിക്കൻ പൗരത്വമുള്ളതിനാൽ ആ രാജ്യത്തേക്കു പോകാൻ വിസ വേണ്ട.

ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ സിസ്റ്റംസ് ബയോളജി

# തത്ത്വമസി



**അ**വിടുന്നുകുന്നുംമലകളും താണ്ടി
കൊടും കാട്ടിൽ ചെന്നു തപസ്സിരിയ്ക്കുന്നു.
അവിടെയും സൈ്വരം തരാതെ ഞങ്ങടെ
അഹങ്കാരം പത്തിവിടർത്തി ചീറ്റുമ്പോൾ
പരമ ശാന്തനായ്പരമാത്മജ്ഞാന
പദമുദ്രകരാംഗുലികളാൽ കാട്ടി,
അതിക്രമങ്ങളെ പൊറുത്തു കാരുണ്യം
പൊഴിച്ചരുളുന്നു പരംപൊരുളേ നീ.
ഇരുളു മൂടിയ മനസ്സിൽ കാടു പോൽ
ഇടതിങ്ങി പൊങ്ങും കുടില ഭാവങ്ങൾ
ഇടയിലങ്ങിങ്ങു ചുരമാന്തി പായും
ദുരയായി വന്യമൃഗസമുച്ചയം
ഇവിടെ വന്നങ്ങു കുടിയിരിയ്ക്കണം
തിരുമുഖ കാന്തി ചിതറിയീക്കാട്ടിൽ
പ്രകാശിച്ചു വന്യമൃഗങ്ങളെയെല്ലാം
മെരുക്കണംശാന്തികനിഞ്ഞരുളണം
പരമാനന്ദത്തിൻ പൊരുളേ ഞങ്ങൾക്കാ
തിരുമേനിയുള്ളിൽ തെളിഞ്ഞു കാണണം.

**പ്രൊഫ.പാലയ്ക്കൽ കേശവൻ നമ്പൂതിരി**

മൊബൈൽ 9446488096



> **അവധിക്കാലത്ത് അഞ്ചുമണിക്കൂർ മിനിമം മലയാള സാഹിത്യം വായിക്കണം. സ്കൂളുള്ള ദിവസങ്ങളിലാണെങ്കിൽ ഓരോ മണിക്കൂറും.**

യിൽ ഇന്റഗ്രേറ്റഡ് മാസ്റ്റേഴ്സ് ചെയ്യുകയാണിപ്പോൾ. ജനിതക മേഖലയെക്കുറിച്ചുള്ള പഠനത്തിനാണ് താത്പര്യം. വാഷിങ്ടൺ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് മെഡിസിനിലെ പാത്തോളി ഡിപ്പാർട്മെന്റിലായിരുന്നു ഖുറാന സ്കോളർഷിപ്പിന്റെ ഭാഗമായുള്ള എക്സ്ചേഞ്ച് പ്രോഗ്രാമിലൂടെ നിളയെത്തിയത്. കൂടാതെ ഡൽഹിയിലെ ഇന്റർനാഷണൽ സെന്റർ ഫോർ ജെനറ്റിക് എഞ്ചിനിയറിംഗ് ആൻഡ് ബയോടെക്നോളജി, ട്രിപ്പിൾ ഐടി ഹൈദരാബാദ്, മദ്രാസ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ റിസർച്ച് ഇന്റേൺഷിപ്പും ചെയ്തു.

> **വേനലവധിക്ക് നിർബന്ധമായും മലയാളമേ വായിക്കാവൂ എന്ന് അച്ഛൻ ശഠിച്ചപ്പോൾ അമ്മയ്ക്കു പോലും അത് ഇത്തിരി കൂടുതലല്ലേയെന്ന് തോന്നി.**

മക്കൾക്ക് മലയാളം എഴുതാനും വായിക്കാനും അറിയില്ല എന്നു അഭിമാനിക്കുന്ന കേരളത്തിൽ താമസിക്കുന്ന മാതാപിതാക്കൾ തീർച്ചയായും നിളയുടെ അച്ഛനമ്മമാരെ കണ്ടു പഠിക്കേണ്ടതുണ്ട്. കേരളത്തിൽ ജനിച്ചത് കൊണ്ട് മാത്രം ഒരാൾ മലയാളി ആകുന്നില്ല. എന്റെ ഭാഷ മലയാളം ആണെന്നും അത് സങ്കോചം കൂടാതെ പറയാൻ കഴിയും എന്നും അഭിമാനത്തോടെ പറയാൻ കഴിയുന്നവരെയാണ് മലയാളി എന്ന് വിളിക്കേണ്ടത്. ആ നിലയ്ക്ക് നമ്മെക്കാൾ മലയാളിയാണ് അമേരിക്കയിൽ ജനിച്ച് ബാംഗ്ലൂരിലെത്തി പിന്നീട് നാലുവർഷത്തിനുശേഷം ഹൈദരാബാദിന്റെ ഭാഗമായ നിള. മാടശേരിയാണ് അമ്മാത്ത്.

മൊബൈൽ : 9963808627 ❐




Mob: 9400 821355
9605 029845
മലബാർ ഗ്യാസിന്റെ
അംഗീകൃത വിതരണക്കാർ
മേപ്പാട് ഗ്യാസ് ഏജൻസീസ്
കോതമംഗലം, കൊയിലാണ്ടി

# ആൾ ഇന്ത്യ നമ്പർ വൺ

## ഒരിക്കലല്ല പലവട്ടം

മൂന്നു വർഷം മുമ്പാണ്. അഖിലേന്ത്യാ മത്സരത്തിന്റെ ഭാഗമായി ഇന്ത്യയിലെ എല്ലാ റേഡിയോ നിലയങ്ങളിലും മത്സരാർത്ഥികളുടെ ലളിതഗാനം ആകാശവാണി റെക്കോർഡ് ചെയ്തു. കോഴിക്കോട്ട് 18 പേരുണ്ടായിരുന്നു. അവരുടെ ഓഡിയോ ചെന്നൈക്ക് അയച്ചു. അതിൽ ഫസ്റ്റായി. അങ്ങിനെ എല്ലാ സ്റ്റേഷനുകളിൽ നിന്നും വിവിധ ഭാഷകളിൽ ഫസ്റ്റ് കിട്ടിയ 3000 പേർ. അത് ഡൽഹിക്ക് വിട്ടു. റിസൾട്ട് വന്നപ്പോൾ ഇന്ത്യയിൽ ഒന്നാമനായത് സഞ്ജയ്!

25 കാരനായ ആ നമ്പൂതിരി ഇക്കഴിഞ്ഞ ഫെബ്രുവരി പത്തിന് എ.ആർ.റഹ്മാന്റെ കൂടെ കവാലിയിൽ പാടുകയായിരുന്നു ! ഗ്രൂപ്പിലെ ഏറ്റവും പ്രായം കുറഞ്ഞ ഗായകൻ!!

ഏതു മത്സരമായാലും സമ്മാനം ഉറപ്പ്. ആകാശവാണിയായാലും ചാനൽ ഷോ ആയാലും റാഫി സ്പെഷ്യൽ ആയാലും എഫ്.എം റേഡിയോ ആയാലും. ലക്ഷങ്ങൾ പ്രൈസ് മണിയായ നിരവധി മത്സരങ്ങളെയാണ് പാടിക്കീഴടക്കിയത്.

പഴയൊരു കഥ പറയാം.

ആകാശവാണിയിൽ ആർട്ടിസ്റ്റായിരുന്ന നെടുമങ്ങാട് ശശിധരൻ നായർ കോഴിക്കോട് കർണാടക സംഗീത അക്കാഡമി തുടങ്ങി.രണ്ടാം ക്ലാസുകാരനായ സഞ്ജയിനെ അവിടെ ചേർക്കാനെത്തി. ഇത്ര ചെറിയ കുട്ടിയെ ചേർക്കണോ എന്നായി ഗുരു. രണ്ടു വരിയേ പാടിച്ചുള്ളൂ.അദ്ഭുതം! പിന്നെ 6ാം ക്ലാസു വരെ അവിടെത്തന്നെ.

ആറുംഏഴും നവോദയയിൽ. പിന്നെ സെൻട്രൽ സ്കൂളിൽ. ഫിസിക്സിന്റേതായി അടുത്ത ലോകം. മൈസൂരിലെ പ്രശസ്തമായ റീജ്യണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് എഡ്യുക്കേഷനിൽ. അദ്ധ്യാപകനാവുകയായിരുന്നു സ്വപ്നം.

25 കാരനായ ആ നമ്പൂതിരി ഇക്കഴിഞ്ഞ ഫെബ്രുവരി പത്തിന് എ.ആർ.റഹ്മാന്റെ കൂടെ കവാലിയിൽ പാടുകയായിരുന്നു ! ഗ്രൂപ്പിലെ ഏറ്റവും പ്രായം കുറഞ്ഞ ഗായകൻ!!



**ഒട്ടും മുഷിയില്ല ദക്ഷിണ**


| | |
|---|---|
| @ സീ തമിഴ് സരിഗമപ ഷോ | 2 ലക്ഷം |
| @ റാഫി സ്റ്റാർ ഗ്ലോബൽ 18 | 2 ലക്ഷം |
| @ ഫ്ളവേഴ്സ് ടി.വി ലൈവ് ഷോ | 2 ലക്ഷം |
| @ ഏഷ്യാനെറ്റ് സൂപ്പർ വോയ്സ് | 1 ലക്ഷം |
| @ വോയ്സ് ഓഫ് തെലുങ്കാന | അര ലക്ഷം |
| @ റെഡ് എഫ്.എം മത്സരം | 6935 രൂപ |



ഓമനക്കുട്ടിയോടൊപ്പം



ഇളയരാജയോടൊപ്പം



ശരത്തിനോടൊപ്പം

എം.എസ് സി എഡിനാണ് ചേർന്നത്.

മൈസൂരിലെ പഠനത്തിനിടയിൽ ഒരു യഥാർത്ഥ ഗുരുവിനെ കിട്ടി. ട്യൂഷനില്ല, കൃത്യമായ സമയവുമില്ല. തികച്ചും ഗുരുകുലസമ്പ്രദായം. പാടിച്ച് ഇഷ്ടപ്പെട്ടാൽ മാത്രം പഠനം.അങ്ങനെ വൈദ്യനാഥൻ സാറിന്റെ ശിഷ്യനായി .ദിവസം ഒരു പാട്ട് വീതം. അത് സംഗീതസാഗരത്തിലെ നീന്തലായി. എല്ലാ നേട്ടങ്ങളുടേയും ക്രെഡിറ്റ് വൈദ്യനാഥൻ സാറിന്.( ഈ ലക്കത്തിനു വേണ്ടി സ്വസ്തിയിൽ നിന്ന് വിളിക്കുമ്പോൾ ഗുരുവിന്റെ മരണവാർത്തയറിഞ്ഞ് വലിയ സങ്കടത്തിലായിരുന്നു.)

*സാധകം ചെയ്യാൻ പഠിപ്പിച്ചതിൽ കോഴിക്കോട്ടെ താമരക്കാട് കൃഷ്ണൻ നമ്പൂതിരി സാറിനോട് കടപ്പെട്ടിരിക്കുന്നു. സംഗീതത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഗുരുനാഥൻ.*

അദ്ധ്യാപകജോലി സ്വപ്നമായതിനാൽ കാംപസ് സെലക്ഷനിൽ പങ്കെടുത്തു. ഇന്റർവ്യു ബോർഡ് അംഗങ്ങളെ വിദ്യാർത്ഥികളായി സങ്കൽപ്പിച്ച് ക്ലാസെടുക്കാൻ പറഞ്ഞു. ചോദ്യങ്ങൾ ചോദിച്ചും അഭിനന്ദിച്ചും 'ഇന്റർവ്യൂക്കുട്ടികളെ' ശരിയാക്കി. അങ്ങനെ ചെന്നൈ പബ്ലിക് സ്കൂളിലെത്തി.

ഇഷ്ടജോലി കിട്ടിയെങ്കിലും മനസ്സിലെ സംഗീതം ഇരിക്കപ്പൊറുതി കൊടുത്തില്ല. വീണ്ടും സംഗീത വിദ്യാർത്ഥിയായി. പ്രശസ്തമായ ചെന്നൈ കെ.എം ഇൻസ്റ്റിട്യൂട്ടിലെ പാശ്ചാത്യ സംഗീതം, മ്യൂസിക് ലോഞ്ച് എന്ന സ്ഥാപനത്തിലെ ഓഡിയോ എഞ്ചിനീയറിംഗ് ആൻഡ് മ്യൂസിക് പ്രൊഡക്ഷൻ. അവിടെയൊക്കെ വിദ്യാർത്ഥിയാണ്. അവിടെ നിന്നാണ് എ.ആർ റഹ്മാനെപ്പോലുള്ളവരുടെ ഗ്രൂപ്പിലെത്തിയത്.

സ്കൂളിൽ പഠിക്കുമ്പോൾ റെഡ് എഫ് എം. സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനവും പ്രൈസ് മണിയും നേടിയത് വലിയ ആത്മവിശ്വാസം പകർന്നു. പിന്നെ മൈസൂരിലായിരിക്കെ ആൾ ഇന്ത്യഇൻസ്റ്റിട്യൂട്ട്ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെ ലളിതഗാനമത്സരത്തിൽ പങ്കെടുത്ത 6 വർഷവും ഒന്നാം സ്ഥാനം. മൈസൂരിലെത്തന്നെ സ്വരലയയും വിവേകാനന്ദാ യൂത്ത് മൂവ്മെന്റും നടത്തിയ കർണ്ണാടക സംഗീതത്തിൽ അഖിലേന്ത്യാതലത്തിൽ രണ്ടാംസ്ഥാനം.

## സൂപ്പർ പെർഫോമൻസുകൾ:

@ ആകാശവാണി അഖിലേന്ത്യാലളിതഗാന മത്സരത്തിൽ ഒന്നാം സ്ഥാനം
@ റെഡ് എഫ്.എം നടത്തിയ സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനം
@ കോഴിക്കോട് ആർട് ലവേഴ്സ് അസോ. റാഫി ഗാനാലാപനം കേരള ഫസ്റ്റ്
@ തെലുങ്കാന ഗവ.ഏർപ്പെടുത്തിയ വോയ്സ് ഓഫ് തെലുങ്കാനയിൽ ഒന്നാം സ്ഥാനം.
@ ആൾ ഇന്ത്യ മലയാളം അസോസിയേഷൻ ഗാനമത്സരം ഇന്ത്യയിൽ ഒന്നാം സ്ഥാനം
@ ഏഷ്യാനെറ്റ് സൂപ്പർ വോയ്സ് അബുദാബി ഫിനാലേയിൽ സെക്കന്റ് റണ്ണർ അപ്
@ മൈസൂരിലെ സ്വരലയ കർണ്ണാടകസംഗീതത്തിൽ അഖിലേന്ത്യാ രണ്ടാം സ്ഥാനം
@ സീ തമിഴ് ചാനലിന്റെ സരിഗമപ റിയാലിറ്റി ഷോയിൽ റണ്ണർ അപ്
@ കൊല്ലം റാഫി ഫൌണ്ടേഷന്റെ ഇന്റർനാഷണൽ റാഫി ഗാനാലാപനം രണ്ടാം സ്ഥാനം.

അങ്ങനെ വിവിധ മത്സരങ്ങൾ. തെലുങ്കാന ഗവർമെന്റിന്റെ സാംസ്കാരിക വകുപ്പ് ദക്ഷിണേന്ത്യൻ സ്റ്റേറ്റുകൾക്കായി നടത്തിയ വോയ്സ് ഓഫ് തെലുങ്കാന മത്സരത്തിൽ തെലുങ്കരെപ്പോലും വിസ്മയിപ്പിച്ച് ഒന്നാം സ്ഥാനം. തെലുങ്കിലെ എസ്. ജാനകി വന്ന് മലയാളികളെ ഞെട്ടിച്ച പോലെ. ഉത്തരേന്ത്യക്കാരി ശ്രേയാ ഘോഷാൽ പച്ചമലയാളത്തിൽ പാടുന്ന പോലെ.

സീ തമിഴിന്റെ സരിഗമപ ഷോയിൽ വൈൽഡ് കാർഡ് എൻട്രിയായി കടന്നുവന്ന് റണ്ണർ അപ്പ് ആയപ്പോൾ ഞെട്ടിയത് തമിഴർ.യാരിത് മലയാളത്താൻ? സീ തമിളിലെ ചെമ്പരത്തി സീരിയലിൽ സഞ്ജയ്പാടിയ പാട്ട് യൂ ട്യൂബിൽ ഒരു ലക്ഷത്തിലേറെ പേർ കണ്ടു കഴിഞ്ഞു. സഞ്ജയിന് കേരളത്തേക്കാൾ ആരാധകർ തമിഴ്നാട്ടിലാണ് .

റാഫി സ്റ്റാർ ഗ്ലോബൽ എന്ന ഇന്റർനാഷണൽ മത്സരം മൂന്നു ലെവലിലായിരുന്നു. മൂന്നു തരത്തിലും. ആദ്യം രണ്ടെണ്ണം പാടി സി ഡിയാക്കി അയച്ചു , അതിൽ നിന്നു 100 പേരെ തെരഞ്ഞെടുത്തു. അവരെ സ്കൈപ്പിൽ പാടിച്ച് 30 പേരിലെത്തി. ആ 30 പേരുടെ ലൈവ് പാട്ടിൽ രണ്ടാം സ്ഥാനവും രണ്ടു ലക്ഷവും!

ചാനൽ ഷോകളിൽ ആദ്യത്തെ ലൈവ് മത്സരമായിരുന്നു ഫ്ളവേഴ്സ് നടത്തിയ അയ്മ വോയ്സ്. ആൾ ഇന്ത്യ മലയാളം അസോസിയേഷൻ. ഇന്ത്യയിലെ എല്ലാ സ്ഥലത്തുമുള്ള മലയാളി അസോസിയേഷനുകളുടെ അപെക്സ് ബോഡി. അവരാണ് അയ്മ. എല്ലാ സംസ്ഥാനങ്ങളിലും മത്സരം.ഒന്നും രണ്ടും സ്ഥാനക്കാരായ 50 പേരെ കണ്ടെത്തി . എറണാകുളത്ത് വെച്ച് ഓഡിഷൻ നടത്തി ഏഴു പേരിലെത്തി.
പിന്നെ ലൈവ് ഷോ. അതിൽ ഒന്നാമൻ. ദക്ഷിണയായി 2 ലക്ഷവും.

മലയാളം, തമിഴ്, തെലുങ്ക്, കന്നട, ഹിന്ദി ഭാഷകളിൽ അക്ഷര സ്ഫുടതയോടെ തനത് ആക്സൻഡോടെ അർത്ഥമറിഞ്ഞും ഭാവമുൾക്കൊണ്ടും പാടും. സി.ഡിയിലോ സ്റ്റേജിലോ സ്കൈപ്പിലോ സ്റ്റുഡിയോയിലോ എന്നു വേണ്ട ഏതു ഫോറത്തിലും ഏതു ഫോർമാറ്റിലും മത്സരിക്കാൻ തയ്യാർ. സമ്മാനത്തിലല്ല നോട്ടം പെർഫോമൻസിലാണ്.

പെർഫോം ചെയ്താൽ സമ്മാനം കിട്ടുന്നത് ഗുരുവിന്റെ കടാക്ഷം! ഈശ്വരാനുഗ്രഹവും!!

**അച്ഛൻ** :റിട്ട.ഫെഡറൽ ബാങ്ക് ചീഫ് മാനേജർ കാരശ്ശേരി ഇല്ലത്ത് സതീശൻ

**അമ്മ :** ഗ്രാമത്തിൽ എളയിടത്ത് സുജാത. ഗണിതാദ്ധ്യാപികയാണ്.

**ഏട്ടൻ:** സജിത് കണ്ണൂർ മെഡിക്കൽ കോളേജിൽ പാത്തോളജി അസിസ്റ്റന്റ് പ്രൊഫസർ

**മൊബൈൽ: 8547075525** ❐

# ശ്രീരാഗ് in & as Oxide

**25000 പേർ എഴുതിയ പരീക്ഷയിൽ നിന്ന് 48 ൽ ഇടം നേടി പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ 3000 രൂപ പ്രതിമാസ സ്കോളർഷിപ്പോടെ കെമിസ്ട്രിയിൽ ഉപരി പഠനം നടത്തുകയാണ് ശ്രീരാഗ് ഓക്സൈഡ്**

ഫേസ് ബുക്കിൽ ശ്രീരാഗ് ഓക്സൈഡ് എന്ന് സെർച്ച് ചെയ്താൽ ഒരു നമ്പൂതിരിയുടെ ഹോംപേജിലെത്തും.
ഒന്നുകിൽ നമ്പൂതിരിയെന്ന ജാതിപ്പേരാണ് സഫിക്സായി ചേർക്കുക. അല്ലെങ്കിൽ മൂർക്കന്നൂർ എന്ന ഇല്ലപ്പേര് പ്രീഫിക്സായി ചേർക്കാം. അതു രണ്ടുമല്ല ഓക്സൈഡ്. തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കെമിസ്ട്രിയോടുള്ള അഫിനിറ്റി സൂചിപ്പിക്കാനായി പേരിനൊപ്പം ഒരു യുണീക് സ്പെഷ്യാലിറ്റി ചേർക്കുകയായിരുന്നു. ഹൈസ്കൂളിൽ പഠിക്കുമ്പോൾ ഉണ്ടാക്കിയ ഫേസ് ബുക്ക് പ്രൊഫൈലിലാണ് ശ്രീരാഗിന് ഓക്സിഡേഷൻ ഭവിച്ചത്.

അങ്ങനെ ഓക്സൈഡായ ശ്രീരാഗ് കെമിസ്ട്രിയിൽ പിന്നെ എന്തായി എന്നല്ലേ? ബി.എസ്.സി കെമിസ്ട്രി ഒന്നാം റാങ്കോടെ ജയം. ഒന്നാം റാങ്കുകാർക്ക് യു.ജി.സി നൽകുന്ന റാങ്ക് ഹോൾഡർ സ്കോളർഷിപ്പോടെ ഉപരിപഠനം . പ്രതിമാസം 3000രൂപ. അതുമായി പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ എം.എസ് സി ചെയ്യുകയാണ് ഇപ്പോൾ.

ഇപ്പറഞ്ഞ പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിലെ കെമിസ്ട്രി ഡിപ്പാർട്ട്മെന്റാണെങ്കിൽ ഇന്ത്യയിലെ അക്കാഡമിക് റാങ്കിംഗിൽ ഐ.ഐ.ടികൾ കഴിഞ്ഞാൽ ആദ്യത്തെ അഞ്ചിനുള്ളിൽ വരുന്നതാണ്. അവിടെ അഡ്മിഷൻ കിട്ടണമെങ്കിൽ സെൻട്രൽ യൂണിവേഴ്സിറ്റികൾക്കായുള്ള പൊതു പ്രവേശനപരീക്ഷ പോരാ.അവർ നടത്തുന്ന എൻട്രൻസ് കടക്കണം.ഡിഗ്രിക്ക് 55ശതമാനം മാർക്കുള്ള 25000 പേർ എഴുതിയ ആ പരീക്ഷയിൽ നിന്ന് 48 കുട്ടികൾക്കേ പ്രവേശനമുള്ളൂ. അവരിൽ ഒരാളാണ് ശ്രീരാഗ്.

സ്കോളർഷിപ്പും വാങ്ങി പഠിക്കുക മാത്രമല്ല ചെയ്യുന്നത്. കെമിസ്ട്രി സംബന്ധിച്ച ആഗോള വെബ് പ്ളാറ്റ്ഫോം ആയ ചെഗ് ഇന്ത്യയുമായി സഹകരിച്ച് ജോലിയും ചെയ്യുന്നു. കെമിസ്ട്രി സംബന്ധിച്ച് ആളുകൾ ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഏറ്റവും കൃത്യമായ മറുപടി നൽകലാണ് അതിൽ ചെയ്യേണ്ട ജോലി. മികച്ച ഉത്തരത്തിന് കാശ് കിട്ടും. അതായത് കെമിസ്ട്രിയിൽ മാസ്റ്റർ ആയാൽ പോരാ സ്കോളർ ആവണമെന്നർത്ഥം.

പേരിൽ ഓക്സൈഡ് ചേർത്തതുകൊണ്ട് സംഭവിച്ചു പോയതല്ല ഇതൊന്നും. ഏഴാം ക്ളാസിൽ പഠിക്കുമ്പോൾ നാഷണൽ ടാലന്റ് സെർച്ച് എക്സാമിനേഷൻ പാസായി സ്കോളർഷിപ്പ് നേടി. പത്തിലും അത് നില നിർത്തി. മിടുക്കരായ കുട്ടികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന ഇൻസ്പയർ സ്കോളർഷിപ്പ് കിട്ടി. 10000രൂപയായിരുന്നു അത്. സ്കൂളിൽ പഠിക്കുമ്പോൾ മറ്റൊന്ന് കൂടി ചെയ്തു. കേന്ദ്രസർക്കാറിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി എറണാകുളത്ത് നടത്തിയ എക്സിബിഷനിൽ ഹോം

### ഏബൗ ആവറേജുകാരോട് പറയാനുള്ളത്

ചോദ്യം: സെന്റ് തോമസിൽ പഠിക്കുമ്പോൾ ഘടാഘടിയൻ അന്താരാഷ്ട്ര സെമിനാറുകൾക്ക് പോയപ്പോൾ വല്ലതും മനസ്സിലായോ?
>ഉത്തരം: വലുതായൊന്നും
മനസ്സിലായില്ലെങ്കിലും ആളുകൾ എന്തൊക്കെ ചെയ്യുന്നു എവിടെയൊക്കെ എത്തുന്നു എന്നറിയാൻ അതുപോലുള്ള അന്താരാഷ്ട്ര സെമിനാറുകൾ ഉപകരിച്ചു. മികവിന്റെ കേന്ദ്രങ്ങളിലേക്ക് കുറുക്കു വഴികളില്ലെന്നും മനസ്സിലായി. ഏറ്റവും വലിയ തിരിച്ചറിവ് മറ്റൊന്നായിരുന്നു. ഏബൗ ആവറേജുകാരായ ഏതൊരാൾക്കും കഠിനാദ്ധ്വാനത്തിലൂടെ മികച്ച ഇടങ്ങളിൽ എത്താം.അതിന്റെ ഫലമാണ് പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിലെത്തിയത്.



> ഇനിയാണ് കെമിസ്ട്രിയുടെ വലിയ ലോകം. ഒന്നുകിൽ ജെ.ആർ.എഫ് എഴുതി ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിൽ പി.എച്ച് ഡി. അല്ലെങ്കിൽ ജി.ആർ.ഇ എഴുതി അമേരിക്കൻ സർവകലാശാലകളിൽ സ്കോളർഷിപ്പോടെ പി.എച്ച് ഡി.

?പിന്നെയോ

>പോസ്റ്റ് ഡോക്.

?അതു കഴിഞ്ഞാലോ

>നിരവധി വിദേശ സർവകലാശാലകളുണ്ട്. പ്രശസ്തങ്ങളായ കെമിക്കൽ ലാബുകളുണ്ട്. ഇന്ത്യയിലാണെങ്കിൽ പൂനെയിൽ നാഷണൽ കെമിക്കൽ ലബോറട്ടറിയുണ്ട്. ബാർക്ക് ഉണ്ട്. ബെംഗളൂരുവിൽ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസുണ്ട്.തിരുവനന്തപുരത്താണെങ്കിൽ നിസ്റ്റ് (നാഷണൽ ഇൻസ്റ്റിട്യൂട്ട് ഫോർ ഇന്റർ ഡിസിപ്ളിനറി സയൻസ് ആൻഡ് ടെക്നോളജി )ഉണ്ട്.


**വിലാസം**

**മൂർക്കനൂർ മന**
**തൈക്കാട്ടുശ്ശേരി**
**ഒല്ലൂർ പി.ഒ**
**തൃശൂർ**
**ഫോൺ.8289940330**


മെയ്ഡ് സോളാർ കുക്കർ ഉണ്ടാക്കി സമ്മാനം നേടി.ഇങ്ങനെയെല്ലാമുള്ള മികവിന്റെ അടിസ്ഥാനത്തിൽ മാതൃഭൂമി ഏർപ്പെടുത്തിയ ഗലീലിയോ ലിറ്റിൽ സയിന്റിസ്റ്റ് മത്സരത്തിൽ സംസ്ഥാനത്ത് മൂന്നാമനായി.

എൻട്രൻസ് കോച്ചിംഗിനു പോവാതെ, റിപ്പീറ്റ് ചെയ്യാതെ ആദ്യതവണ തന്നെ കേരളത്തിലെ ആദ്യ പത്തിൽ വരുന്ന തൃശൂർ ഗവ. എൻജിനീയറിംഗ് കോളേജിൽ പ്രവേശനം ലഭിച്ച ശ്രീരാഗ് അവിടെ ചേരാതെയാണ് ശുദ്ധസയൻസിന്റെ വഴിയായ ബി.എസ്. സി കെമിസ്ട്രി സ്വീകരിച്ചത്. തൃശൂർ രാഗത്തിൽ കളിക്കുന്ന റിലീസ് പടത്തേക്കാൾ സെന്റ് തോമസിൽ നടക്കുന്ന ക്രിസ്റ്റലോഗ്രഫിയിലെ അന്താരാഷ്ട്ര സെമിനാറായിരുന്നു അക്കാലത്ത് പഥ്യം.

ശാന്തിക്കാരനായ മൂർക്കനൂർ നാരായണൻ നമ്പൂതിരിയുടെയും സവിതയുടെയും മകന് സമപ്രായക്കാരായ ഉണ്ണി നമ്പൂതിരിമാരെപ്പോലെ പരികർമ്മിയാവാനും കീഴ്ശാന്തിയാവാനും ബൈക്കുമെടുത്ത് മുട്ടുശാന്തിക്ക് പോയി കാശുണ്ടാക്കാനും അറിയാഞ്ഞിട്ടല്ല. വേറെയും ചില വഴികൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞതിന്റെ മാറ്റമായിരുന്നു കെമിസ്ട്രിയിലേക്കുള്ള ഓക്സിഡേഷൻ.

പുസ്തകപ്പുഴു മാത്രമല്ല, അഭിനയത്തിലും പ്രസംഗത്തിലും മറ്റും നിരവധി സമ്മാനങ്ങൾ വേറെയും നേടിയിട്ടുണ്ട് .എന്നാൽ ശ്രീരാഗിനെ വേറിട്ടു നിർത്തുന്നത് യുണീക് പേരും അതിലും യുണീക് ആയ ദൃഢനിശ്ചയവുമാണ്.

പോണ്ടിച്ചേരി സർവകലാശാലയുടെ വെബ്സൈറ്റിൽ പോയാൽ അവിടത്തെ പൂർവ വിദ്യാർത്ഥികൾ എന്തു ചെയ്യുന്നു എന്നറിയാം.ലോകത്തെ വലിയ ഇൻസ്റ്റിട്യൂഷനുകളിലാണ് അവരെല്ലാം. ദശലക്ഷങ്ങളുടെ പ്രതിഫലത്തോടെ. ആദ്യസെമസ്റ്ററിൽത്തന്നെ ബാച്ചിലെ ആദ്യത്തെ അഞ്ചിലൊരാളായതിന്റെ ത്രില്ലിലാണ് ഓക്സൈഡ്. 10 ൽ 8.67 സി.ജി.പി.എയുണ്ട്. ❐

## ഓക്സിഡേഷൻ നിലകൾ

- ☞ നാഷണൽ ടാലന്റ് സെർച്ച് എക്സാമിനേഷൻ ജേതാവ്
- ☞ കേന്ദ്രസർക്കാരിന്റെ ഇൻസ്പയർ സ്കോളർഷിപ്പ്
- ☞ ഫുൾ എ പ്ളസോടെ പത്താം ക്ളാസിൽ വിജയം
- ☞ പ്ളസ് ടു വിജയം 97 ശതമാനം മാർക്കോടെ
- ☞ ഓട്ടോണമസ് കോളേജായ സെന്റ് തോമസിൽ അഡ്മിഷൻ
- ☞ അവിടെ നിന്ന് ഒന്നാം റാങ്കോടെ ബിരുദം
- ☞ പ്രതിമാസം 3000രൂപയുടെ റാങ്ക് ഹോൾഡേഴ്സ് സ്കോളർഷിപ്പ്
- ☞ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ എക്സിബിഷൻ
- ☞ ഗലീലിയോ ലിറ്റിൽ സയിന്റിസ്റ്റ് മത്സരത്തിൽ സംസ്ഥാനത്ത് മൂന്നാം സ്ഥാനം
- ☞ 25000പേർ എഴുതിയ പരീക്ഷയിൽ നിന്ന് 48 ൽ ഒരാൾ




# എയിംസാണ് എയിം

## എ പ്ലസ് അല്ല എ ടു ഇസെഡ്

## 1200/1200 മാർക്ക്

**മറ്റു കുട്ടികൾക്ക് നൽകാനുള്ള ഉപദേശം**

നമ്മുടെ ചിട്ടവട്ടത്തിനുള്ളിൽ നിന്നു മാറാതെ നന്നായി പഠിക്കുക. നല്ല നില സ്വപ്നം കണ്ട് അതു നേടാൻ അക്ഷീണം പ്രവർത്തിക്കുക

കഴിഞ്ഞ ഒരു വർഷമായി സിനിമ കണ്ടിട്ടില്ല. ഇക്കഴിഞ്ഞ ക്രിസ്മസ് വെക്കേഷന് ഇല്ലത്ത് വന്നിട്ടില്ല. പകരം അച്ഛനുമമ്മയും കൂടി പാലായിലെ ഹോസ്റ്റലിൽ ചെന്നു അഭിനവിനെ കാണാൻ. വിശേഷങ്ങൾ തിരക്കി. കൂട്ടുകാരിൽ ചിലരെല്ലാം ഞാൻ പ്രകാശനെ കാണാൻ പോയിരിക്കുന്നു. എന്നാൽ പരീക്ഷക്ക് ഒരുങ്ങുന്ന അഭിനവിന് സിനിമയല്ല വിഷയം.

അച്ഛനമ്മമാർ ചേർന്ന് നിർബന്ധിച്ചു ,നമുക്കും പോവാം ഞാൻ പ്രകാശന്.

വേണ്ട. അഭിനവിന്റെ മറുപടി.

ഒറ്റ ലക്ഷ്യമേ അഭിനവിനുള്ളൂ. ഡെൽഹി എയിംസ്. എന്തു ത്യജിക്കാനും അവന് മടിയില്ല. എത്രയോ വേളിസദ്യകൾ, പിറന്നാളുകൾ , ഷഷ്ടിപൂർത്തികൾ, ഉത്സവങ്ങൾ,സിനിമകൾ,ടെലിവിഷൻ പ്രോഗ്രാമുകൾ, ....മൂന്നു വർഷത്തെ കണക്കെടുത്താൽ ഒരു പാടുണ്ട് നഷ്ടങ്ങൾ. പക്ഷേ, ഒരു വലിയ നേട്ടമുണ്ട്.പ്ളസ് ടുവിന് 1200ൽ 1200 മാർക്ക് . അപൂർവം കുട്ടികൾക്ക് മാത്രം ലഭിക്കുന്നത് .

എ പ്ളസ് ആണ് പലരുടെയും സ്വപ്നം. എന്നാൽ അഭിനവ് ഫുൾമാർക്കാണ് സ്വപ്നം കണ്ടത്. അത് നേടുകയും ചെയ്തു. ഡോക്ടർ ആവണമെന്നേ പലരും സ്വപ്നം കാണാറുള്ളൂ. അത് എൻ.ആർ.ഐ ക്വാട്ടയിൽ കാശിന്റെ ബലത്തിലായാലും കുഴപ്പമില്ല. എന്നാൽ ഇന്ത്യയിലെ ഏറ്റവും മികച്ച വൈദ്യശാസ്ത്രപഠന കേന്ദ്രമായ ഡെൽഹി എയിംസ് ആണ് അടുത്ത സ്വപ്നം. അത് ഫലിക്കുമോ?

രണ്ട് ക്ളൂ തരാം.

ഡെൽഹി എയിംസിലെ 25ശതമാനം സീറ്റും നിറയ്ക്കുന്നത് പാലായിലെ ബ്രില്യന്റിൽ നിന്നുള്ള കുട്ടികളാണ്. അവിടത്തെ ആയിരക്കണക്കിനു കുട്ടികളിൽ ആദ്യഇരുപതിനുള്ളിലാണ് ഇപ്പോൾ അഭിനവ്. ഇനിപ്പറയൂ ആ ഡെൽഹി എയിംസ് അത്ര ദൂരെയാണോ എന്ന്.

വേറെ ചിലത് കൂടി പറയാം.

എൽ.എസ്. എസ് കിട്ടിയിട്ടില്ല. യു.എസ്.എസ് കിട്ടിയിട്ടില്ല. പത്താം ക്ളാസിൽ ഫുൾ എപ്ളസും കിട്ടിയിട്ടില്ല. മററു മത്സരപ്പരീക്ഷകളിലും ജേതാവല്ല. ഒളിംപ്യാഡ് ഇല്ല. കെ.വി.പി.വൈ ഇല്ല . എന്നിട്ടും പന്ത്രണ്ടിൽ ഒറ്റ മാർക്കും നഷ്ടമാവാതെ 1200ൽ1200ഉം നേടി.

അതിന് ഗുണവുമുണ്ടായി.

ഭോപ്പാൽ ഐസറിൽ പ്രവേശനം ലഭിച്ചു. അഖിലേന്ത്യാറാങ്ക് 254. പക്ഷേ, അതിലും വലിയ ലക്ഷ്യം ഉണ്ടായിരുന്നതിനാൽ ചേർന്നില്ല. പാലായിൽ റിപ്പീറ്റ് ചെയ്യാൻ പോയി. അഖിലേന്ത്യാ എൻജിനീയറിംഗ് പ്രവേശനപരീക്ഷയായ

### ടൈം ലൈൻ ഇങ്ങനെ

**അഭിനവ്:** വളാഞ്ചേരി വെണ്ടല്ലൂർ പരത ഇല്ലത്ത്നന്ദകുമാറിന്റെയും സുമയുടെയും മകനാണ്. സഹോദരി ആര്യേന്ദു പത്താം ക്ലാസ് വിദ്യാർത്ഥി. അച്ഛൻ കുറ്റിപ്പുറം എം.ഇ.എസ് എഞ്ചിനിയറിംഗ് കോളേജിൽ അസി.പ്രൊഫസറുംഅമ്മ ഹയർ സെക്കൻഡറി ടീച്ചറും. (ജി.എച്ച് എസ് .എസ്. കുറ്റിപ്പുറം)

**സ്ക്കൂൾ :** എം.ഇ.എസ് ഹയർസെക്കൻഡറി സ്കൂൾ ഇരിമ്പിളിയം, മലപ്പുറം ജില്ല .

**ക്ലാസിൽ :** ഒന്നു മുതൽ അഞ്ചാം സ്ഥാനത്തിനുള്ളിലായിരുന്നു

**സയൻസ് ക്വിസ് :**അക്ഷരമുറ്റം തുടങ്ങിയവയിൽ ജില്ലാതലത്തിൽ ജേതാവായി.

**കലാമേളകളിൽ:** കഥാപ്രസംഗത്തിൽ സംസ്ഥാനതലത്തിൽ സമ്മാനം.

**ഐ.ടി മത്സരത്തിൽ:** മൾട്ടി മീഡിയ പ്രസന്റേഷൻ സംസ്ഥാന തല വിജയി

**പാലായിൽ :** ആദ്യ ഇരുപതിനുള്ളിൽ സ്ഥിരമായി റാങ്ക് .

**ആഗ്രഹം :** പ്രതിബദ്ധതയുള്ള ഡോക്ടർ



# ബിറ്റ്സ് ദുബായിലുമുണ്ട് നമ്മുടെ ഒരാൾ

അച്ഛനും അമ്മയും ഏട്ടനും ഏടത്തിയമ്മയുമെല്ലാം എൻ.ഐ.ടിയൻസ്. അപ്പോൾ ശ്വേത ബിറ്റ്സ് പിലാനിയിൽ എത്തിയില്ലെങ്കിലേ അദ്ഭുതമുള്ളൂ.ബിർള ഇൻസ്റ്റിട്യൂട്ട് ഒഫ് ടെക്നോളജി ആൻഡ് സയൻസിന്റെ ദുബായ് കാമ്പസിൽ എട്ടാം സെമസ്റ്റർ വിദ്യാർത്ഥിയാണ് അരീക്കോട് കരിപ്പം ഇല്ലത്തെ ശ്വേത നാരായണൻ.

മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബി.ടെക്ക് കഴിയാറായി. ഇനി ആസ്ട്രോഫിസിക്സിൽ പി.ജി ചെയ്യണം. ഏതെങ്കിലും മികച്ച വിദേശസർവകലാശാലയിൽ. അതിനായി ജി.ആർ.ഇ, ടോഫെൽ പോലുള്ള ആഗോളടെസ്റ്റുകൾക്ക് ഒരുക്കം തുടങ്ങി. വിദേശ സർവകലാശാലകളിൽ പി.ജി ചെയ്യണമെങ്കിൽ അത്തരം കടമ്പകൾ കടക്കണം.

തിങ്ക് ഗ്ളോബൽ, ആക്ട് ഗ്ളോബൽ എന്നല്ലേ?

ഈ കുട്ടി ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും ആ കണക്കിലാണ്.

ഡൽഹിയിലായിരുന്നു കുട്ടിക്കാലം. കെ.ജി മുതൽ രണ്ടാംക്ളാസ് വരെ നോയ്ഡയിലെ കേംബ്രിഡ്ജ് സ്കൂളിൽ. പിന്നെ അച്ഛൻ ഷാർജയിലെത്തിയപ്പോൾ അവിടെയായി. പത്താം ക്ളാസ് വരെ അവിടത്തെ ഡെൽഹി പ്രൈവറ്റ് സ്കൂളിൽ.

ബിറ്റ്സ് ദുബായ് കാമ്പസിന് അല്പം പ്രത്യേകതകളുണ്ട്. ആർക്കും പ്രവേശനം കിട്ടുന്ന സ്ഥാപനമല്ല അത്. രണ്ടു ലക്ഷത്തോളം കുട്ടികളെഴുതുന്ന പ്രവേശന പരീക്ഷയുടെ റാങ്കിന്റെ ബലത്തിലാണ് അവിടെ പ്രവേശനം. ഗ്ളോബൽ എക്സ്പോഷർ. ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ആയിരിക്കും സഹപാഠികൾ, പിന്നെ പല വിധ അക്കാഡമിക് പ്രത്യേകതകളും.

രണ്ടുമാസത്തെ സമ്മർ ഇന്റേൺഷിപ്പ് പ്രമുഖ വ്യവസായശാലകളിൽ. പിന്നെ ഒരു സെമസ്റ്റർ മുഴുവനും യഥാർത്ഥ തൊഴിൽ പരിചയത്തിനായി ലോകപ്രശസ്ത ബ്രാൻഡായ യൂണിലിവറിന്റെ ദുബായ് യൂണിറ്റിൽ പ്രവൃത്തി പരിചയം. ''ഒരു കോർപറേറ്റ് ഓഫീസിലോ ഫാക്ടറിയിലോ വർക്ക് ചെയ്യേണ്ടത് എങ്ങനെയെന്ന് അവിടെ നിന്ന് മനസ്സിലാവും. ടൈം മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ സ്കിൽ, സഹപ്രവർത്തകരുമായി ഇടപെടുന്നത്, പ്രോബ്ലം സോൾവിംഗ് സ്കിൽ തുടങ്ങി പലതും ഇത്തരം പരിശീലനത്തിൽ നിന്ന് ലഭിക്കും.' ശ്വേത പറയുന്നു. മറ്റു സ്ഥലങ്ങളിൽ പൊതുവേ ലഭിക്കാത്തതാണ് ഇത്തരം വൈദഗ്ദ്ധ്യം.

ഇന്നൊവേറ്റീവ് , അച്ചീവ്, ആൻഡ് ലീഡ് ....ഇതാണ് ബിറ്റ്സ് ദുബായ് കാമ്പസിന്റെ മുദ്രാവാക്യം. അഞ്ചുകൊല്ലം കൊണ്ട് രണ്ട് വ്യത്യസ്ത എഞ്ചിനീയറിംഗ് ബിരുദങ്ങൾ . അത്തരം ഇരട്ടബിരുദക്കോഴ്സാണ് ഇവിടത്തേത്.

അരീക്കോട് വന്നിലാപറമ്പ് കരിപ്പത്താണ് അച്ഛൻ രഘുനാരായണന്റെ ഇല്ലം.അദ്ദേഹം ഷാർജയിൽ ഇൻസ്ട്രുമെൻറേഷൻ മാനേജരാണ്.കോഴിക്കോട് എൻ.ഐ.ടിയിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്. തൃശൂർ അവിണിശ്ശേരി മേലേ മുല്ലനേഴി മനയ്ക്കൽ ശ്രീലതയാണ് അമ്മ. അവരും കോഴിക്കോട് എൻ.ഐ.ടി പ്രോഡക്ട്സിവിൽ. ഏട്ടൻ രാഹുൽ എൻ.ഐ.ടിയിൽ നിന്ന് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് കഴിഞ്ഞ് ബെംഗളൂരിൽ ജോലിചെയ്യുന്നു.ഏടത്തിയമ്മ മൈഥിലിയും കോഴിക്കോട് എൻ.ഐ.ടിക്കാരി ബി.ആർക്കാണ്

മൊബൈൽ 0508946359

## ഹോസ്റ്റലിലുമുണ്ട് സന്ധ്യാവന്ദനം

എങ്ങനെ നേടി 1200 ൽ1200 ?രാവിലെ അഞ്ചു മണിക്ക് തുടങ്ങുന്ന പഠനം അവസാനിക്കുന്നത് രാത്രി 11 ന് . സ്കൂൾ ഉള്ള ദിവസമായാലും ഇല്ലാത്ത ദിവസമായാലും. സ്കൂൾ ഇല്ലാത്ത ദിവസങ്ങളിൽ ട്യൂഷൻ ഉണ്ടാവും. ഗായത്രീജപവും ഉപസ്ഥാനവും ഉൾപ്പെടെ സന്ധ്യാവന്ദനം മുടക്കാറില്ല. പാലായിലെ ഹോസ്റ്റലിലും അത് പതിവുണ്ട്. അവിടെ കടപ്പാട്ടൂർ അമ്പലത്തിൽ തൊഴാനും പോവും. പൂജയും പരികർമ്മവും അസ്സലായി അറിയാം. പൂണൂലഴിച്ച് ആണിയിൽ തൂക്കുന്ന പതിവുമില്ല. ക്ളാസിനും ട്യൂഷനും പുറമെ ആറു മണിക്കൂർ പഠനം എന്നതാണ് ഫുൾ മാർക്കിന്റെ രഹസ്യം. പിന്നെ ഈശ്വരാനുഗ്രഹവും. മറ്റു കുട്ടികളെ പഠനത്തിൽ സഹായിക്കുന്നത് വിഷയത്തിൽ ആഴത്തിലിറങ്ങാൻ സഹായകമായി. എഴുതി പഠിക്കലായിരുന്നു പഠന സമ്പ്രദായം. അതിനാൽ പഠിച്ചവ ആഴത്തിലുറച്ചു നിന്നു.

2019ലെ ജീമെയിൻ വെറുതെ പോയി എഴുതിയിട്ടും 97 പെർസെന്റൈലിൽ സ്ഥാനമുറപ്പിച്ചു.

പൊക്കത്തിലും ഒന്നാമൻ.

182 സെന്റീമീറ്ററുണ്ട് പൊക്കം. ആറടിയിലേറെ. മറ്റു പലരേക്കാളും ഉയരത്തിലാണ് ശിരസ്സ്.ഇല്ലത്തായിരിക്കുമ്പോൾ രാത്രി പത്തു മണിയോടെ തൊട്ടടുത്ത ഗ്രൗണ്ടിൽ ഷട്ടിൽ കളിക്കാൻ പോവും. മുക്കാൽ മണിക്കൂർ നേരം. ശരീരമനങ്ങാതെ ഇരിക്കുന്നതിന്റെ കേട് തീർക്കുന്നത് ഇങ്ങനെ. അഭിനവ് ഗ്രൗണ്ടിലെത്തിയാൽ മറ്റു കുട്ടികൾ മാറിക്കൊടുക്കും. സമയം നഷ്ടപ്പെടുത്താതിരിക്കാൻ, അടുത്ത വീട്ടിൽ നിന്ന് ലൈറ്റ് സംഘടിപ്പിച്ചാണ് കളി.

കഴിഞ്ഞ തവണ 1648 ആയിരുന്നു റാങ്ക്. ജനറൽ കാറ്റഗറി ആയതിനാൽ ഗവ. കോളേജുകളിൽ കിട്ടുന്ന റാങ്ക് ആയില്ലെന്നു മാത്രം. ഇത്തവണ 20ൽ താഴെ റാങ്കിലേക്ക് കടക്കാനാണ് ശ്രമം

മൊബൈൽ: 9388856625

# ആ അന്വേഷണം രജിതിനെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിലെത്തിച്ചു

**ഇന്ത്യയിലെ ഏറ്റവും മികച്ച ഗവേഷണസ്ഥാപനങ്ങളിലൊന്നാണ് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്. അവിടെ എത്തിച്ചേരുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം. ഇനി ഈ നമ്പൂതിരിയെയും വിരലിലെണ്ണാം രജിത് നാരായണനെ ! അഡ്മിഷൻ കിട്ടിയ എട്ടുപേരിലൊരാൾ !!**

ആയിരക്കണക്കിന് പേക്ഷകർ. അതിൽ നിന്ന് ഷോർട്ട് ലിസ്റ്റ് ചെയ്ത് നൂറെ പേരെ മാത്രമേ ഇന്റർവ്യൂവിന് വിളിക്കൂ. അവരിൽ നിന്നുള്ള എട്ടുപേരിലേക്ക്. കുറച്ചൊന്നും പോരാ മികവ്.

വേറൊന്ന് പറയാം. രജിത് ഗവേഷണം നടത്തുന്ന ലബോറട്ടറിയിലെ മൈക്രോസ്കോപിന്റെ വില. അഞ്ചുകോടി രൂപ! നമ്മളെയൊക്കെ ഉണ്ടാക്കിയ കോടാനുകോടി കോശങ്ങളില്ലേ? അതിനുള്ളിൽ കയറിയാണ് ഗവേഷണം. കോശത്തിനുള്ളിലെ ന്യൂക്ളിയസ്സിനുള്ളിലെ മൈറ്റോകോൺട്രിയക്കുള്ളിലെ ... അതിസൂക്ഷ്മമായ പരമാണുവിനുള്ളിൽ. കോശത്തിനെ കാണണമെങ്കിൽ ത്തന്നെ മൈക്രോസ്കോപ് വേണം. അപ്പോൾ പിന്നെ അതിന്റെ ഉള്ളിന്റെ ഉള്ളിന്റെ ഉള്ളിന്റെ ഉള്ളിൽ കയറണമെങ്കിലോ? അതിനാണ് കോടികൾ വില വരുന്ന മൈക്രോസ്കോപ്.

ഇപ്പോൾ ഏതാണ്ട് പിടികിട്ടിക്കാണും രജിതിനെ.
25 വയസ്സേ ആയിട്ടുള്ളൂ. ഇയാൾ എങ്ങനെ ഇവിടെയെത്തി.

കുട്ടിയാവുമ്പോൾത്തന്നെ പ്രകൃതിയോടായിരുന്നു താല്പര്യം. ചെടി എങ്ങന്യാ ഉണ്ടാവുക? പൂവ് എങ്ങന്യാ വിരിയുന്നത് ?കോഴിമുട്ടേന്ന് കോഴിക്കുഞ്ഞ് ഉണ്ടാവുന്നതോ? നൂറുകൂട്ടം ചോദ്യങ്ങൾ. ഉത്തരം കിട്ടിയില്ലെങ്കിലും ചോദ്യം ചോദിച്ചു കൊണ്ടിരുന്നു. വളരുന്ന എന്തു സാധനത്തോടും കൗതുകം. വളർച്ചയ്ക്കു പിന്നിലെ ഹേതു എന്തെന്നറിയണം. അതെല്ലാം ദൈവഹിതം എന്ന ഉത്തരമേ മുത്തശ്ശിക്ക് അറിയുമായിരുന്നുള്ളൂ. പക്ഷേ, രജിത് പരിണാമത്തിലെ രസകരമായ കാര്യങ്ങൾ അന്വേഷിച്ചു കൊണ്ടേയിരുന്നു. അന്വേഷിക്കാനുള്ള ആ വ്യഗ്രതമാത്രമാണ് മറ്റു പല കുട്ടികളിൽ നിന്നും രജിതിനെ വേറിട്ടു നിർത്തിന്നത്. അല്ലാതെ നൂറിൽ നൂറ് വാങ്ങുന്ന അക്കാഡമിക് മികവല്ല.

മാർക്കിന്റെ കണക്കെടുത്താൽ ഒരു സാധാരണ കുട്ടി. ഒന്നു മുതൽ പത്തു വരെയുള്ള ഒറ്റ ക്ളാസിൽ പോലും ഒന്നാമനോ രണ്ടാമനോ മൂന്നാമനോ ആയിട്ടില്ല. വേണ്ട, അഞ്ചിനുള്ളിൽ പോലും ഇല്ല. ആദ്യത്തെ പത്തു പേരിലൊരാൾ മാത്രം.ഒരു ശരാശരിക്കുട്ടി. ഒളിമ്പ്യാഡോ അതുപോലുള്ള മത്സരപരീക്ഷകളോ എഴുതീട്ടില്ല. മലപ്പുറത്തെ കേന്ദ്രീയ വിദ്യാലയത്തിലായിരുന്നു . പത്തിൽ 91 ശതമാനം. പന്ത്രണ്ടിൽ 90 ശതമാനവും. പന്ത്രണ്ടിലെ പ്രീബോർഡ് പരീക്ഷയിൽ കണക്കിന് കിട്ടിയത് 100ൽ 50 മാത്രം! (അന്ന് മാർക്ക് കുറഞ്ഞതിന് ടീച്ചറോ അമ്മയോ ചീത്ത പറഞ്ഞിട്ടില്ലെന്ന് നന്ദിയോടെ ഓർക്കുന്നു രജിത്. )

പന്ത്രണ്ടാം ക്ളാസിൽ പഠിക്കുമ്പോൾ ഒരു പത്രവാർത്തയെപ്പറ്റി അച്ഛൻ പറഞ്ഞു. കെ.വി.പി.വൈയെപ്പറ്റി. ( ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ് നടത്തുന്ന കിശോർ വൈജ്ഞാനിക് പ്രോത്സാഹൻ യോജന )

**? സ്കൂൾ കുട്ടികൾക്ക് നൽകാനുള്ള ഉപദേശം**

**> പാഠഭാഗങ്ങളിൽ സംശയം തോന്നുമ്പോൾ അപ്പോൾത്തന്നെ യുട്യൂബിലും മറ്റും പോയി സംശയ നിവൃത്തി വരുത്തുക, പിന്നേക്ക് മാറ്റി വയ്ക്കരുത് സംശയങ്ങൾ. പാരന്റ്സ്നും ടീച്ചേഴ്സിനും വലിയ പങ്കുണ്ട്.ചില ഭാഗങ്ങൾ പരീക്ഷക്ക് വരില്ല എന്ന് പറഞ്ഞ് മാറ്റി വയ്ക്കാറുണ്ട്. അത് ശരിയല്ല. ആ ഭാഗവും അതിനെ സപ്ളിമെന്റ് ചെയ്യുന്ന ഭാഗങ്ങളും കൂടി പഠിക്കുക. അപ്പോൾ എന്തു തരം പരീക്ഷയിലും മികവ് കാണിക്കാൻ പറ്റും.**



**ശാസ്ത്രത്തിൽ ഇത്രയൊക്കെ മുന്നോട്ടു പോയിട്ടും പൂണൂലും തേവാരവും മറ്റും ഉപേക്ഷിക്കാത്തത് എന്ത് ?**

**എന്റെ ജീവിതം എന്റേത് മാത്രമാണെന്ന് തോന്നീട്ടില്ല. ഒരു സാമൂഹ്യജീവി കൂടിയാണ് നാം. ശാസ്ത്രത്തെ മുന്നിൽ നിർത്തി ആചാരങ്ങളുമായി സംഘർഷമുണ്ടാവേണ്ട കാര്യമില്ല.രണ്ടും രണ്ടായി കണ്ടാൽ മതി.**



**? പി.എച്ച്.ഡി എന്തു വിഷയത്തിലാണ്**

**> സ്റ്റീഫൻ ഹോക്കിങ്സിന് ഉണ്ടായിരുന്ന പാർക്കിൻസൺസ് ഡിസീസ് (എ.എൽ.എസ്) എന്ന അസുഖത്തിന് കാരണം ന്യൂറോണുകളിലെ ക്ഷയിക്കൽ ആണ്. ഇതിന് കാരണമാകുന്നതാകട്ടെ കോശത്തിലെ മൈറ്റോകോൺട്രിയ എന്ന ഊർജ്ജസ്രോതസ്സിന് ഉണ്ടാകുന്ന തകരാറും. ആ ' സൂക്ഷ്മ തലത്തിലെ പ്രവർത്തനങ്ങളാണ് പഠിക്കാൻ ശ്രമിക്കുന്നത്.**

അത് പാസായാൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസിൽ പ്രവേശനം. ഒരു കാശും ചെലവില്ല. അതു കൊള്ളാമെന്ന് തോന്നി. എഴുതി നോക്കി. ആദ്യമായി എഴുതുന്ന മത്സരപ്പരീക്ഷയാണ് അത്. മികച്ച റാങ്കോടെത്തന്നെ പാസായി. മലപ്പുറം ജില്ലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മൂന്നുപേരിലൊരാൾ. കെ വി പി വൈ പാസായതോടെ ബെംഗളൂരു ഐ ഐ എസ് സിയിൽ ബിരുദത്തിന് ചേർന്നു. പ്രതിമാസ സ്കോളർഷിപ്പോടെ . ഒന്നേയുള്ളൂ ഐ ഐ എസ് സി.

ഇന്ത്യൻ സയൻസിന്റ അവസാന വാക്ക്. അവിടെ പ്രവേശനം കിട്ടിയ 84 പേരിൽ ഒരാൾ. അതോടെ ലോകത്തെ ഗംഭീരന്മാരുമായി ഇടപഴകൽ. ഡോളിയെന്ന ആട്ടിൻകുട്ടിയെ ക്ളോൺ ചെയ്തെടുത്ത അതികായൻ. നോബൽ സമ്മാനജേതാക്കൾ .കട്ടിംഗ് എഡ്ജ് കണ്ടുപിടുത്തങ്ങൾ നടത്തിയ കടുകട്ടിയായ ശാസ്ത്രപടുക്കൾ. അവരുടെയൊക്കെ ക്ളാസുകൾ, സെമിനാറുകൾ. വല്ലാത്തൊരു ലോകം. ബയോളജിയുടെ വാതിൽ തുറന്ന് ജെനിറ്റിക്സിന് അകത്തു കയറിയത് അങ്ങനെ.

അങ്ങനെ ജനിതകശാസ്ത്രത്തിന്റെ ഭ്രമാത്മകലോകത്തിലൂടെ സഞ്ചാരം. നശിച്ചു പോയാൽ ഉണ്ടാവാത്തതാണത്രെ ന്യൂറോൺ എന്ന നാഡീകോശങ്ങൾ . അതെന്താ അങ്ങനെ എന്ന് രജിത് ചോദിക്കാൻ തുടങ്ങി. ആ ചോദ്യമാണ് ന്യൂറോജെനിസിസിൽ എത്തിച്ചത്.വേണ്ടി വന്നാൽ ന്യൂറോണും ഉണ്ടാവുമെന്ന സൂചനയിലെത്തി നിൽക്കുകയാണ് രജിതിന്റെ അന്വേഷണം.
പുതിയ ജീവിതാനുഭവങ്ങളിൽ നിന്ന് പുതിയ ന്യൂറോണും ഉണ്ടാവാമത്രേ. ആ ചിന്തയാണ് നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസിൽ ഒരു പ്രോജക്ട് ചെയ്യാൻ നിമിത്തമായത്. പിന്നെ കടുകട്ടിയായ ഒന്നു രണ്ടു പ്രബന്ധങ്ങളും. ഇതെല്ലാം കൂടിച്ചേർന്നപ്പോൾ റെസ്യൂമെ വളരെ സ്ട്രോംഗ് ആയി. ടാറ്റ ഇൻസ്റ്റിട്യൂട്ടിന്റെ ഇന്റർവ്യൂ പുഷ്പം പോലെ പാസായി.

സ്കോളർഷിപ്പ് ഉണ്ടെങ്കിലും ബിരുദകാലത്തെ ചെലവിനായി അച്ഛൻ അൻപതിനായിരം രൂപ നൽകിയിരുന്നു. അതിൽ നിന്ന് ഒരു രൂപ പോലും എടുത്തില്ലെന്ന് മാത്രമല്ല, പലിശസഹിതം അച്ഛന് തിരികെ നൽകുകയും ചെയ്തു. സ്കോളർഷിപ്പ് മാത്രം മതിയായിരുന്നു പഠനം പൂർത്തിയാക്കാൻ. ഫ്രീക്കൻ യുഗത്തിൽ ഇങ്ങനെയും ചില സാമ്പത്തിക മാതൃകകളുണ്ട്.
മലപ്പുറം ഊരകത്തെ ചേരാമംഗലം നാരായണൻ നമ്പൂതിരിയുടെയും പയ്യപ്പിള്ളി ജയശ്രീയുടെയും മകനാണ്.

മുപ്പതുവർഷം മിലിട്ടറി എൻജിനീയറിംഗ് സർവീസിലായിരുന്നു അച്ഛൻ. ഇല്ലത്തെ അമ്പലത്തിലെ ശാന്തിക്ക് മുടക്കം നേരിടുമെന്ന അവസ്ഥ വന്നപ്പോൾ സ്വന്തം ഉത്തരവാദിത്വത്തിൽ അത് ഏറ്റെടുത്തു അദ്ദേഹം. അതിന്റെ എല്ലാ ഗുണങ്ങളും രജിതിലുമുണ്ട്.ജീവശാസ്ത്രത്തിന്റെ പരമാണുവിനെ കണ്ടെത്തുന്ന ഗവേഷണം നടത്തുമ്പോഴും പരബ്രഹ്മത്തെ ചോദ്യം ചെയ്യുന്നില്ല. പൂണൂൽ ഉപേക്ഷിച്ചിട്ടില്ല.

ഉപനയനകാലത്ത് സന്ധ്യാവന്ദനം കഴിഞ്ഞാൽ പടിഞ്ഞാറ്റയിൽ നിവേദ്യത്തിന്റെ ഡ്യൂട്ടി രജിതിനായിരുന്നു. ഇല്ലത്ത് വരുമ്പോൾ ഇന്നും സന്തോഷത്തോടെ അതേറ്റെടുത്തു ചെയ്യുന്നു. ഒരു നർക്കില നേദ്യവും ഒരു സാളഗ്രാമവും രജിതിന്റ പ്രാണാഹുതിക്കായി കാത്തിരിപ്പുണ്ട്.
മൊബൈൽ 8762180821 ❐

# ജഗതി തിരഞ്ഞെടുത്തത്

# യദുകൃഷ്ണനെ

യദുകൃഷ്ണനെപ്പറ്റി
ജഗതി ശ്രീകുമാർ പറഞ്ഞത്
ഈ യുട്യൂബ് ലിങ്കിൽ കേൾക്കാം:
https://youtu.be/SK3IH-IygdA

അനുഗ്രഹീത നടൻ ജഗതി ശ്രീകുമാറിന്റെ ഒരു പ്രസംഗം യുട്യൂബിൽ വൈറലാണ്. റിയാലിറ്റി ഷോകളെപ്പറ്റിയാണ് ആ പ്രസംഗം. അതിൽ സമ്മാനം കിട്ടുന്നവരെക്കുറിച്ചും കിട്ടാത്തവരെക്കുറിച്ചും. ശരിക്കും പറഞ്ഞാൽ കിട്ടാത്തവരെക്കുറിച്ചാണ് ജഗതി അതിൽ വേവലാതി കൊണ്ടത്.

മഞ്ച് സ്റ്റാർ സിംഗറിന്റെ ഫിനാലേ ചടങ്ങിൽ സമ്മാനദാനം നടത്താനെത്തിയ ജഗതി യദുകൃഷ്ണനെപ്പറ്റി പറഞ്ഞത് നമ്മളെങ്കിലും കേൾക്കണം. കാരണം നമ്മുടെ യദുവിനെപ്പറ്റിയാണ് ജഗതി അത് പറഞ്ഞത്.

ഒന്നും രണ്ടും നേടിയ രണ്ടു കുട്ടികളെ മുന്നിൽ നിർത്തി അവതാരിക ചോദിച്ചു.

'സാർ ഇവരിൽ ആരെ തിരഞ്ഞെടുക്കും?'.


**ജഗതി തിരഞ്ഞെടുത്തത് അവരെ രണ്ടു പേരെയുമല്ല, സമ്മാനം കിട്ടാത്ത യദുകൃഷ്ണനെ.**

**''എനിക്കിഷ്ടപ്പെട്ട ആള് ആരാന്നു ചോദിച്ചാൽ അത് യദു തന്നെയാണ്. വല്ലപ്പോഴും പാട്ടുകൾ കേട്ടിട്ടുണ്ട്. അത് എന്റെ വിഷയം. അതുകൊണ്ട് സമ്മാനം കിട്ടണമെന്നില്ല.''**

ഇന്ന് ഞാനൊരു ചടങ്ങിൽ വെച്ച് ആകസ്മികമായി ഇന്നത്തെ സമ്മാനദാന ചടങ്ങിനെപ്പറ്റി പറയാനിടയായി. സാറേ ആ യദുവിന് കൊടുക്കാൻ പറയണേ, കുറേ വീട്ടമ്മമാരും ആൾക്കാരുമൊക്കെ പറയുകയാണ്. പക്ഷേ, ഹു ഈസ് ദ പബ്ളിക്? വാട്ട് ഇസ് ദ പബ്ളിക്? ആൻഡ് വാട്ട് ദെ ഡിസൈഡ് വിൽ കം ഔട്ട്. ജനങ്ങളാണ് ഗായകരെ സൃഷ്ടിക്കുന്നത്. അവരുടെ അംഗീകാരമാണ് വലുത്.'

ഓഡിറ്റോറിയം നിറുത്താതെ ആരവം മുഴക്കി. ആ തിരക്കിൽ ആയിരക്കണക്കിനാളുകൾ ആ സമയം യദുവിനെ നോക്കി. ക്യാമറകൾ യദുവിനെ സൂം ചെയ്തു. ആ പ്രോഗ്രാമിലെ സമ്മാനദാനത്തേക്കാളും ആർദ്രമായ ചടങ്ങായി ആ അഭിനന്ദനം.

**സംഗീതവും പ്രോഗ്രാമുമായി 2 വിദേശയാത്രകൾ, ന്യൂഡൽഹിയിലെ ഇൻററനാഷനൽ പ്രോഗ്രാം, കള്ളന്റ മകൻ എന്ന സിനിമയിലെ പ്രധാന കഥാപാത്രമായി അഭിനയം, അതിന്റെ ടൈറ്റിൽ സോംഗ് ആലാപനം, വിവിധ സ്ഥലങ്ങളിലെ കച്ചേരികൾ യദു വളർന്നുകൊണ്ടിരിക്കുന്നു.**



ആ യദു കൃഷ്ണൻ നമ്മുടെ കുട്ടിയാണ്.

വേറൊരു രംഗം കാണാം.

തൃപ്പൂണിത്തുറയിലെ നമ്പൂതിരിമാരുടെ കലാ സാഹിത്യ സാംസ്കാരിക വേദിയായ അന്യോന്യത്തിന്റെ വാർഷിക സമ്മേളനം. അടുത്തതായി യദുകൃഷ്ണൻ പാടുന്നു എന്ന അനൌൺസ്മെന്റ്.

സ്റ്റേജിലതാ മുലപ്പാൽ ഗന്ധം വിട്ടു മാറാത്ത മൂന്നര വയസ്സുകാരൻ. നല്ലൊരു ആംഗ്യപ്പാട്ടു പ്രതീക്ഷിച്ച് ഓഡിയൻസ്.മൈക്ക് പിടിച്ച് ശരിയാക്കി അറ്റൻഷനായി നിന്ന് മാണിക്യ വീണ യുമായെൻ എന്ന പാട്ട് മുഴുവൻ പാടി സദസ്സിനെ ഇളക്കിമറിച്ചു യദുകൃഷ്ണൻ .

അറിയാം നമുക്കൊക്കെ ഈ കുഞ്ഞു മിടുക്കനെ . 2009 ഡിസമ്പർ മുതൽ 2011 ആഗസ്ത് വരെ ഏഷ്യാനെറ്റ് മഞ്ച് സ്റ്റാർ സിംഗറിലെ ലോകത്തെമ്പാടുമുള്ള കാണികളുടെ കണ്ണിലുണ്ണിയായ ഈ കണ്ണനുണ്ണിയെ കൃഷ്ണനുണ്ണിയെ .

വിത്തുഗുണം പത്തുഗുണം.അച്ഛൻ മേലേടം കൃഷ്ണൻ നമ്പൂതിരി 15 വർഷത്തോളം സംഗീതം അഭ്യസിച്ചു . അമ്മ അലശക്കുടത്ത് സുജാതയും 12 വർഷത്തോളം സംഗീത പഠനത്തിനായി വിനിയോഗിച്ച ടീച്ചറാണ്. യൂനിവേഴ്സിറ്റിയിൽ ക്ലാസിക്കലിന് ഹാട്രിക് നേടിയിട്ടുമുണ്ട്.സുജാതയുടെ ഗുരുവാകട്ടെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ പ്രൊഫസറായിരുന്ന താമരക്കാട് കൃഷ്ണൻ നമ്പൂതിരി.

അമ്മ തന്നെ യദുവിന്റെ പ്രചോദനം. ആദ്യഗുരു ബന്ധുവായ എട

**സ്റ്റേജിലതാ മുലപ്പാൽ ഗന്ധം വിട്ടു മാറാത്ത മൂന്നര വയസ്സുകാരൻ. നല്ലൊരു ആംഗ്യപ്പാട്ടു പ്രതീക്ഷിച്ച് ഓഡിയൻസ്. മൈക്ക് പിടിച്ച് ശരിയാക്കി അറ്റൻഷനായി നിന്ന് മാണിക്യവീണയുമായെൻ എന്ന പാട്ട് മുഴുവൻ പാടി സദസ്സിനെ ഇളക്കിമറിച്ചു യദുകൃഷ്ണൻ.**

പ്രാമ്പിള്ളി ദിവ്യ. ഏഴാം വയസ്സിൽ മാവേലിക്കര പൊന്നമ്മ ടീച്ചറിന്റെ ശിഷ്യനായി സംഗീത പഠനം തുടങ്ങി. .ചന്ദ്രമന നാരായണൻ നമ്പൂതിരിയുടെ കീഴിൽ കഴിഞ്ഞ 7 വർഷമായി സംഗീതം പഠിച്ചു കൊണ്ടിരിക്കുന്നു.

യദുവിന് വളരെയേറെ പ്രശസ്തി നേടിക്കൊടുത്തത് ഏഷ്യാനെറ്റിന്റെ മഞ്ച് സ്റ്റാർ സിംഗർ തന്നെ.

പാലാരിവട്ടത്തെ ഏഷ്യാനെറ്റ് സ്റ്റുഡിയോയിലായിരുന്നു ഓഡിഷൻ. അയച്ചു കൊടുത്ത സി.ഡി യുടെ അടിസ്ഥാനത്തിൽ കുറച്ചു പേരെ സെലക്ട് ചെയ്തു. പിന്നീട് ഓഡിഷൻ നവകാഭിഷേകം കഴിഞ്ഞു, മാങ്കുയിലേ പൂങ്കുയിലേ എന്നീ പാട്ടുകൾ പാടി സെലക്ഷൻ കിട്ടി. അഞ്ചു പേരടങ്ങുന്ന ഫൈനലിലും എത്തി.

പ്രശസ്ത പിന്നണി ഗായകരായ സുജാത, ജി. വേണുഗോപാൽ എന്നിവരും മജീഷ്യൻ മുതുകാടുമായിരുന്നു വിധികർത്താക്കൾ. ആങ്കർ ഇപ്പോഴത്തെ പ്രശസ്ത സിനിമാ നടി നസ്റിയ .

ഒന്നര വർഷം കൊണ്ട് പത്തോളം വിഭാഗങ്ങൾ . ജനപ്രിയ റൌണ്ട്, ഫേവറൈറ്റ് റൌണ്ട്, അടിപൊളി റൌണ്ട്, കോമഡി സോംഗ് റൌണ്ട്, വയലാർ ദേവരാജൻ ഹിറ്റ് റൌണ്ട് , ഹിന്ദി റൌണ്ട്, തമിൾ സോംഗ് , നാടകഗാനം , ക്ലാസിക്കൽ റൌണ്ട് എന്നിവയിലൂടെ യദു പാടിയത് അൻപതോളം പാട്ടുകൾ .

ഏറ്റവും കൂടുതൽ അപ്രീസിയേഷൻ ലഭിച്ചത് പൊൻവെയിൽ മണിക്കച്ച എന്ന പാട്ടിനായിരുന്നു. കാത്തു സൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം ക്രിഷ് എന്ന സിനിമയിലെ 'ദിൽ ന ദിയ, ഗോപീചന്ദനക്കുറി വരച്ചു ചന്ദ്രമന ചിട്ടപ്പെടുത്തിയ മിക്സ് മസാല എന്നിവയും അഭിനന്ദന പ്രവാഹം ലഭിച്ചവയായിരുന്നു.

ഫൈനലിൽ ഒരു നറുപുഷ്പമായ് കതിർ മണ്ഡപം എന്നീ പാട്ടുകൾ. ബിലഹരി രാഗത്തിൽ സ്മരസദ എന്ന പാട്ടു പാടിയ യദുവിനെ പൊക്കിയെടുത്ത് ആശ്ലേഷിച്ചു പിന്നണി ഗായകൻ ഉണ്ണികൃഷ്ണൻ. ദക്ഷിണാമൂർത്തിസ്വാമിയുടെ അനുഗ്രഹാശിസ്സുകൾ മനസ്സിൽ സൂക്ഷിക്കുന്നു യദു. രണ്ടു തവണ ത്രോട്ട് ഇൻഫെക്ഷൻ വന്ന് കോംപറ്റീഷനിൽ നിന്നും പുറത്തു പോകേണ്ടി വരുമോ എന്നു വരെ ഭയപ്പെട്ടിരുന്നു. അതും ഒരിക്കൽ ക്ലാസിക്കൽ റൗണ്ടിൽ . അതു കൊണ്ടു തന്നെ സെക്കന്റ് റണ്ണർ അപ് എന്ന സ്ഥാനം വളരെ വലുതായി കാണുന്നു

2011 ൽ മഞ്ച് സ്റ്റാർ സിംഗർ ഫൈനൽ കഴിയുമ്പോൾ യദു ഒമ്പതാം ക്ലാസിൽ. ഓൾ കേരള ഭവൻസ് ഫെസ്റ്റ്, സിബി എസ് സി ഫെസ്റ്റ് . എന്നിവയിൽ ലൈറ്റ് മ്യൂസിക്കിനും ക്ലാസിക്കലിനും ഫസ്റ്റ് പ്രൈസ്. ആലുവ സംഗീത സഭയുടെ എം.എസ് സുബ്ബലക്ഷ്മി സ്മാരക അവാർഡ് അമ്മക്ക് യൂനിവേഴ്സിറ്റിയിൽ ക്ലാസിക്കലിനാണ് ഒന്നാം സ്ഥാനം നേടിയപ്പോൾ മകൻ ലൈറ്റ് മ്യൂസിക്കിന് ഫസ്റ്റ് നേടി .

സംഗീതവും പ്രോഗ്രാമുമായി 2 വിദേശയാത്രകൾ, ന്യൂഡൽഹിയിലെ ഇൻറർനാഷനൽ പ്രോഗ്രാം, കള്ളന്റ മകൻ എന്ന സിനിമയിലെ പ്രധാന കഥാപാത്രമായി അഭിനയം, അതിന്റെ ടൈറ്റിൽ സോംഗ് ആലാപനം, വിവിധ സ്ഥലങ്ങളിലെ കച്ചേരികൾ യദു വളർന്നുകൊണ്ടിരിക്കുന്നു. 12 ഭക്തിഗാന ആൽബങ്ങൾ, ശ്രീ ശബരീശ എന്ന വീഡിയോ ആൽബം എന്നിവയും പുറത്തിറങ്ങിയിരിക്കുന്നു .8 വർഷമായി വയലിനും പഠിക്കുന്നു.

ഇവക്കിടയിലും പഠനത്തിൽ കോംപ്രമൈസ് ഇല്ല . പത്തിൽ 94 ശതമാനം. പ്ളസ്ടുവിന് 95 , ബികോമിനും ഉയർന്ന മാർക്കുണ്ട് . ഇപ്പോൾ സി.എം.എക്ക് പഠിക്കുന്നു.

അച്ഛൻ പിറവത്തിനടുത്തുള്ള മണീട് വില്ലേജ് ഓഫീസർ .വിധിയാം വണ്ണം ഉപനയനം സമാവർത്തനം എല്ലാം ഉണ്ടായിട്ടുണ്ട് യദുവിനും. നമ്പൂരിത്തം കാത്തുസൂക്ഷിക്കുന്ന വിശ്വാസിയായ കുടുംബം.

മൊബൈൽ 8304008664 ❐



## ശാന്തിക്കാരന്റെ അശാന്തി

(ലോകാഃ സമസ്താഃ സുഖിനോ ഭവന്തു:)

**ശ്രീധർ.ആർ.എൻ**

നേർത്ത തോർത്തിനാൽ നാണംമറച്ചും
ചേർത്ത കൈകളാൽ തർപ്പണം ചെയ്തും
ആർത്തി മോഹങ്ങളേതുമില്ലാതെ
പാർത്തിടുന്നവൻ മൂർത്തിസേവാർത്ഥം!

ഓർത്തു നോക്കേണമിന്നൊരു കാര്യം
ചേർത്തു നിർത്താൻ മടിക്കുന്നതെന്തേ?
കൂർത്ത വാക്കിനാലമ്പുകൾ തക്കം
പാർത്തിരിക്കുന്നു മൂർച്ചയാലെയ്യാൻ.

വാർത്ത തീർക്കുവാൻ തർക്കം ജയിക്കാൻ
കീർത്തി നേടുവാനില്ല താൽപര്യം;
മൂർത്തി പ്രീതിയാം സൗഖ്യം പകരാൻ
ചേർത്തി നിർത്തിടും ലോകനന്മക്കായ്.




# ആദർശിനെ സിനിമേല് എടുത്തു

**അ**തേ, ആദർശിനെ സനിമേല് എടുത്തു. പെരിഞ്ചീരി ഹരീഷിന്റെ മകൻ ആദർശിനെ. അങ്ങോട്ട് അപേക്ഷയുമായി ചെന്നിട്ടല്ല, സിനിമ ഇങ്ങോട്ട് വന്ന് ആദർശിനെ എടുക്കുകയായിരുന്നു. അമ്പട വമ്പാ!

പൃഥ്വിരാജ് എന്ന സിനിമാതാരം ആദ്യമായി സംവിധായകനാവുന്ന സിനിമ. ഫാസിൽ എന്ന സംവിധായകൻ ആദ്യമായി സിനിമാതാരമാവുന്ന സിനിമ. അത് നിർമ്മിക്കുന്നതോ ആശിർവാദ് സിനിമാസ് എന്ന സൂപ്പർ പ്രൊഡക്ഷൻ ബാനറും. അതിൽ മോഹൽലാലിന്റെ കുട്ടിക്കാലമാണ് ആദർശ് ചെയ്യുന്ന വേഷം.

ഇന്ന് വരെ സ്കൂളിലെ മോണോ ആക്ടിൽ പോലും അഭിനയിച്ചിട്ടില്ല .എന്നിട്ടും ഏതാണ്ട് 25000 കുട്ടികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടു ആദർശ്.

ആദർശിന്റെ അച്ഛൻ പെരിഞ്ചീരി ഹരീഷ് തിരൂരിൽ കമ്പ്യൂട്ടർ ബിസിനസ് ചെയ്യുന്ന ആളാണ്. സംഗീതത്തിന്റെ അസ്ഖ്യത കുറേശ്ശെ ഉണ്ട്. കഴിഞ്ഞ ഓണക്കാലത്ത് അദ്ദേഹം ഒരു പാട്ട് ട്യൂൺ ചെയ്തു. എണ്ണാഴി സുദേവൻ രചിച്ച കതിരാടുകയായീ എന്ന പാട്ട്. മകൻ ആദർശ് നന്നായി പാടും. അവനെക്കൊണ്ട് പാടിച്ചു. സുഹൃത്തായ ഉസ്മാൻ കുട്ടിയെ ആ പാട്ട് കേൾപ്പിച്ചു.അയാൾക്കത് ഇഷ്ടായി. ഫോട്ടോഗ്രാഫറാണ് അയാൾ.

പാട്ട് ഒരു വീഡിയോ ആൽബമാക്കിയാലോ എന്നായി അയാൾ. പാടുന്നതോടൊപ്പം ആദർശ് അഭിനയിക്കുകയും വേണം .അത്രയേ വേണ്ടൂ. ക്ളാസിലെ ഒന്ന് രണ്ട് കുട്ടികളെയും കൂട്ടി. അങ്ങനെ അഭിനയിച്ച ദൃശ്യങ്ങൾ ഗ്രാഫിക്സും മറ്റും മിക്സ് ചെയ്ത് എഡിറ്റ് ചെയ്ത് ആൽബമാക്കി.

ഇതിനിടയിൽ ആദർശിന്റെ ചില സ്റ്റിൽ ഫോട്ടോകളും ഉസ്മാൻകുട്ടി പകർത്തിയുരുന്നു. ആ ഫോട്ടോയിൽ ചിലത് സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന രാജഷ് എന്ന ഒരു കൂട്ടുകാരന് അയാൾ അയച്ചു കൊടുത്തു.

ഇനിയാണ് ടേണിംഗ് പോയിന്റ്. സിനിമയിൽ ആളെ ആവശ്യമായി വരുമ്പോൾ രാജേഷിന്റെ പാനലിൽ നിന്ന് ആളുകളെ നൽകാറുണ്ട്.അയാൾ അഞ്ജലി മേനോൻ എന്ന സംവിധായികക്ക് ആ ഫോട്ടോ അയച്ചു കൊടുത്തു. അവർ കൂടെ എന്ന സിനിമ ചെയ്യുന്ന സമയം.കൂടെയിൽ പൃത്ഥിരാജിന്റെ മകനായി ഒരു കുട്ടിയെ വേണം. ആദർശിനെ പറ്റുമെന്ന് തോന്നി. അതിൽ ആദർശിനെ കാസ്റ്റ് ചെയ്യാൻ തീരുമാനിച്ചു. പക്ഷേ, രണ്ടു വയസ് കുറവായിപ്പോയതിനാൽ ആ സിനിമയിലെടുത്തില്ല.

ആ അദ്ധ്യായം അവിടെ കഴിഞ്ഞു. അങ്ങനെയിരിക്കെ ആറു മാസം മുമ്പ് പൃത്ഥിരാജിന്റെ മാനേജർ ഇർഷാദ് ആദർശിന്റെ അച്ഛനെ വിളിച്ചു. മകനെ സിനിമയിൽ അഭിനയിപ്പിക്കാമോ എന്നായിരുന്നു ചോദ്യം. ആശിർവാദ് സിനിമാസിന്റെ കയ്യിൽ ആ പ്രായത്തിലുള്ള 25000 കുട്ടികളെങ്കിലും പാനലിലുണ്ട്.അതൊന്നും പോരാഞ്ഞിട്ടാണ് ഈ വിളി.



നോക്കാമെന്നായി അച്ഛൻ. കൂടെയുടെ സംവിധായിക അഞ്ജലി മേനോൻ ആണ് ആദർശിന്റെ പേര് പൃത്ഥിരാജിനോട് സൂചിപ്പിച്ചതെന്ന് മനസ്സിലായി. തന്റെ ആദ്യസിനിമയാണ്.മികവിന് മാത്രമാവണം അതിൽ ഇടം. അങ്ങനെയാണത്രെ പൃത്ഥിരാജ് ആദർശിലേക്ക് എത്തിച്ചേർന്നത്.

സംവിധായകൻ ഫാസിൽ ആദ്യമായി അഭിനയിക്കുന്ന സിനിമ. മോഹൽലാലിനെ മഞ്ഞിൽ വിരിഞ്ഞ പൂവിലൂടെ സിനിമയിലെത്തിച്ച സംവിധായകനാണ്. ആ ഫാസിലിനൊപ്പമാണ് ആദർശിന്റെ അരങ്ങേറ്റം.

ഒരാഴ്ച ഇടുക്കിയിലും മറ്റും ഷൂട്ടിംഗ്. സ്റ്റീഫൻ നെടുമ്പള്ളി എന്ന മോഹൻലാൽ കാരക്ടറിന്റെ കുട്ടിക്കാലമാണ് ആദർശ് ചെയ്തത്. വലിയ ബാനറിൽ മഹാനടന്മാർക്കൊപ്പം സിനിമയിൽ എത്തിയതിന്റെ ത്രില്ലിലാണ് ഇപ്പോൾ. തിരുന്നാവായ ഭാരതീയ വിദ്യാഭവനിൽ ആറാം ക്ളാസിൽ പഠിക്കുന്നു. അമ്മ കൈതപ്രം മേച്ചറ ഇല്ലത്ത് സുനിത ഇലക്ട്രിസിറ്റി ബോർഡിൽ സബ് എഞ്ചിനീയറാണ്.

സിനിമയിൽ അതിഥിയായി എത്തിയ ആദർശിന്റെ യഥാർത്ഥ കലാലോകം സിനിമയേ അല്ല,സംഗീതമാണ്.
കോഴിക്കോട്ടെ ബാബുരാജ് സംഗീത മത്സരം, തൃശൂരിലെ മോഹൻ സിതാര മത്സരം തുടങ്ങി നിരവധി മത്സരങ്ങളിൽ ഒന്നാമനാണ്. മലപ്പുറം ജില്ലാ സഹോദയ മത്സരത്തിൽ ആറുവർഷമായി ഗാനരംഗത്ത് ഒന്നാമൻ.നവന, കൊച്ചിൻ ലിറ്റിൽ സ്റ്റാർസ്, കൽക്കണ്ടം തുടങ്ങി മൂന്നു മ്യൂസിക് ബാൻഡുകളിൽ സ്ഥിരമായി പാടുന്നു. മാസത്തിൽ പകുതി ദിവസവും പ്രോഗ്രാമുണ്ട്. സംസ്ഥാനം മുഴുക്കെ ടാലണ്ട് ഹണ്ട് നടത്തി ഫ്ളവേഴ്സ് ചാനൽ 6000 കുട്ടികളിൽ നിന്ന് 20 പേരെ തിരഞ്ഞെടുത്തപ്പോൾ അതിൽ ഒരാളായി. ഇപ്പോൾ ഫ്ളവേഴ്സിന്റെ ടോപ് സിംഗറിൽ ആദർശുമുണ്ട്. അനുമോദിക്കാം ആദർശിനെ.

മൊബൈൽ 9847953753 ❐

# കവിത കാർത്തിക

- മുഖ്യമന്ത്രിയാൽ പ്രകാശനം !
- എം.ടി.യുടെ കൈകളാൽ പുരസ്കാരം !!
- വള്ളത്തോളിന്റെ മകളുടെ ആശ്ലേഷം !!!



**ഇ**ടശ്ശേരിയുടെ വിവാഹ സമ്മാനം എന്ന കവിത. കൈരളി ടി.വിയുടെ മാമ്പഴം എന്ന പ്രോഗ്രാം. ആലാപനം കാർത്തിക ശിവപ്രസാദ്.അവതരണം കഴിഞ്ഞപ്പോൾ ആകെ വൈകാരികമായ ഒരു അന്തരീക്ഷം. ജഡ്ജസിന്റെ, കാണികളുടെ എല്ലാം കവിളുകളിൽ കണ്ണീരിന്റെ ഉപ്പ്. അല്പനേരത്തെ നിശബ്ദത.

പിന്നെ ജഡ്ജ് ഏഴാച്ചേരി രാമചന്ദ്രൻ പറഞ്ഞു.

''വെൺമേഘങ്ങൾക്കിടയിൽ നിന്നു കൊണ്ട് ഇടശ്ശേരി കുട്ടിയെ അനുഗ്രഹിക്കുന്നുണ്ടാകും..'' ആ വാക്കുകൾ കാർത്തികയുടെ കണ്ണുകളെയും ഈറനണിയിച്ചു. ഇടശ്ശേരിയെപ്പോലെ മറ്റു കവികളും മേഘങ്ങൾക്കിടയിൽ നിന്നും അല്ലാതെയും അനുഗ്രഹം വർഷിച്ചിട്ടുണ്ട്. ആ അനുഗ്രഹങ്ങളാണ് കാർത്തികയെ കൈരളി മാമ്പഴം സീസൺ എട്ടിൽ ഫസ്റ്റ് റണ്ണറപ്പിൽ എത്തിച്ചത്.

ബാലുശ്ശേരിക്കടുത്ത് തൃക്കുറ്റിശ്ശേരി പാലക്കാട്ടില്ലത്ത് ശിവപ്രസാദിന്റെയും മീരയുടെയും മകളാണ് കാർത്തിക. കൊഴുവിൽ രാമൻ മാഷുടെ ശിഷ്യ. ഇല്ലത്തെ ശ്രീചക്രമഹാമേരു പ്രതിഷ്ഠയുടെ ദിവസം രണ്ടര മണിക്കൂർ കച്ചേരി അവതരിപ്പിച്ചാണ് അരങ്ങേറ്റം കുറിച്ചത്.

പ്ലസ് ടു കഴിഞ്ഞ് മെഡിക്കൽ എൻട്രൻസിന് ശ്രമിക്കുന്ന വേളയിലാണ് മാമ്പഴത്തിൽ പങ്കെടുത്തത്. ഓഡിഷനിൽ പങ്കെടുത്തുകൂടേയെന്ന് ബന്ധുകൂടിയായ മുല്ലനേഴി മാഷിന്റെ മകൻ ചോദിച്ചത് ഓഡിഷന്റെ തലേന്ന്. പിറ്റേന്ന് രാവിലെ ഒരു മുന്നൊരുക്കവുമില്ലാതെ ഓഡിഷനിൽ പങ്കെടുത്ത് സെലക്ഷൻ നേടുകയായിരുന്നു.

ഏഴുവയസ്സു മുതൽ ഏറ്റവും ഇഷ്ടപ്പെട്ട ലോകം കവിത തന്നെ.

**ഓഡിഷനിൽ പങ്കെടുത്തു കൂടേയെന്ന് ബന്ധുകൂടിയായ മുല്ലനേഴി മാഷിന്റെ മകൻ ചോദിച്ചത് ഓഡിഷന്റെ തലേന്ന്. പിറ്റേന്ന് രാവിലെ ഒരു മുന്നൊരുക്കവുമില്ലാതെ ഓഡിഷനിൽ പങ്കെടുത്ത് സെലക്ഷൻ നേടുകയായിരുന്നു.**

ആലാപനം, മൽസരങ്ങൾ, കവിതാരചന, കവിതാസമാഹാര പ്രകാശനം അങ്ങനെ അങ്ങനെ....

പത്താം ക്ലാസിൽ വിദ്യാരംഗത്തിന്റെ കാവ്യമഞ്ജരി കവിതാലാപനത്തിൽ സ്റ്റേറ്റ് ഫസ്റ്റ് . അതിന്റെ ഭാഗമായി തുഞ്ചൻപറമ്പിൽ ഒരു ക്യാമ്പ്.ക്യാമ്പിൽ പങ്കെടുത്ത കുട്ടികളെ കേരള കലാമണ്ഡലത്തിൽ കൊണ്ടുപോയി. അവിടെ പ്രഗത്ഭരുടെ മുന്നിൽ കവിതകൾ അവതരിപ്പിക്കാൻ അവസരം.

കവിത ചൊല്ലിക്കഴിഞ്ഞ ഉടൻ തന്നെ വള്ളത്തോളിന്റെ മകൾ വാസന്തി വന്ന് കെട്ടിപ്പിടിച്ച് നെറുകയിൽ മുത്തമിട്ടു! കോഴിക്കോട് വിജിൽ ഹ്യൂമൻ റൈറ്റ്സ് സംഘടിപ്പിച്ച പ്രോഗ്രാമിൽ കവിതാലാപനത്തിലെ സർഗ്ഗപ്രതിഭ!!. പുരസ്കാരം എം.ടി. വാസുദേവൻ നായരുടെ കൈകളാൽ!!! നിറങ്ങൾക്കപ്പുറം എന്ന കാർത്തികയുടെ കവിതാസമാഹാരം പ്രകാശനം ചെയ്തത് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും!!!!

യുവജനോത്സവവേദികളിലും കവിതാലാപനത്തിൽ തിളങ്ങി. കോയമ്പത്തൂരിൽ പി എസ് ജി ആർ കൃഷ്ണമ്മാൾ വിമൻസ് കോളേജിൽ ഇംഗ്ലീഷ് ലിറ്ററേച്ചറിൽ പി.എച്ച്.ഡി ചെയ്യുകയാണിപ്പോൾ. കോളേജ് അദ്ധ്യാപിക എന്ന ലക്ഷ്യത്തിലേക്കാണ് യാത്ര.അതിനായി യു.ജി.സി നെറ്റും നേടിക്കഴിഞ്ഞു.മലയാളത്തിലും പി.എച്ച്.ഡി.അതാണ് അടുത്ത മോഹം. ❐

## പെണ്ണായി പിറന്നതിൽ അന്നാദ്യമായി വിഷമം തോന്നി

# പക്ഷേ, അരങ്ങേറി; ശ്രീകൃഷ്ണനായി

കലാമണ്ഡലം ഗോപി ആശാന്റെ ശ്രീകൃഷ്ണനും വാസു പിഷാരടി ആശാന്റെ കുചേലനും അരങ്ങു തകർക്കുന്നു. അതിനു മുന്നിൽ വാപൊളിച്ചിരിക്കുകയാണ് ഒരു കൊച്ചു പെൺകുട്ടി . അവൾക്ക് കാർട്ടൂൺ സിനിമകളേക്കാൾ ഇഷ്ടം കഥകളി സി ഡികൾ. കുഞ്ഞിപ്പുസ്തകം നിറയെ കഥകളി വേഷങ്ങൾ.

കളിക്കമ്പം മൂത്ത ആ കുട്ടി ലോകത്തെ നമ്പർ വൺ കഥകളി വിദ്യാലയമായ കലാമണ്ഡലത്തെ ലക്ഷ്യം വച്ചു. ഏഴാം ക്ലാസ് കഴിഞ്ഞാലേ അവിടെ പ്രവേശനം കിട്ടൂ. അതിനുള്ള തയ്യാറെടുപ്പായി പിന്നെ. കാത്തിരുന്നു തീർത്ഥാരാജ്.

ഇന്ത്യയൊട്ടാകെയുള്ള അപേക്ഷകർ. അവരിൽ നിന്ന് എഴുത്തു പരീക്ഷക്ക് ശേഷം 60 പേരെ തിരഞ്ഞെടുക്കും. അതിൽ ഉൾപ്പെടണം. നല്ല ടെൻഷനിലായിരുന്നു. എങ്കിലും 60 ൽ കടന്നു കൂടി. ഇനിയാണ് അടുത്ത കടമ്പ ഇൻറർവ്യൂ. അതിൽ നിന്ന് 18പേരെ തിരഞ്ഞെടുക്കും. മഹാരഥന്മാരാണ് ഇൻറർവ്യൂ ബോർഡിൽ. അല്പം പേടി തോന്നി. എന്നാലും മൂന്നാം വയസ്സിൽ തുടങ്ങിയ ഭരതനാട്യത്തിന്റേയും കളരിയുടേയും കുച്ചിപ്പുടിയുടേയും ബലത്തിൽ നല്ല ആത്മവിശ്വാസമുണ്ടായിരുന്നു. പ്രതീക്ഷിച്ചപോലെ തിരഞ്ഞെടുക്കപ്പെട്ടു.

മാത്രമല്ല , മൂന്നാം റാങ്കും!

ലോകം കീഴടക്കിയ സന്തോഷം!!

അങ്ങനെ, കഥകളി പഠിക്കാൻ കലാമണ്ഡലത്തിലെത്തി. അപ്പോഴാണ് അറിയുന്നത് കഥകളി കോഴ്സിൽ പെൺകുട്ടികൾക്ക് പ്രവേശനമില്ലത്രെ. പടുത്തുയർത്തിയ ആകാശക്കോട്ടയിൽ നിന്ന് താഴേക്ക് പതിച്ച പോലെ.

ഭയങ്കര സങ്കടമായി.

പെണ്ണായി പിറന്നതിൽ ആദ്യമായി വിഷമം തോന്നിയ സമയം.

### ടൈം ലൈൻ



- മൂന്നാം ക്ലാസ്സിൽ ഭരതനാട്യം അരങ്ങേറ്റം
- മുക്കത്ത് ഒരു ഗുരുക്കളുടെ അടുത്ത് കളരി.
- കലാമണ്ഡലം രമ ടീച്ചറുടെ കീഴിൽ കുച്ചിപ്പുടി.
- കോഴിക്കോട് 'മഞ്ചാടിക്കുരു' എന്ന നാടകക്കളരിയിൽ.
- ആർ.എൻ.പീറ്റക്കണ്ടിയുടെ ശിക്ഷണത്തിൽ ഓട്ടൻതുള്ളൽ.
- വിനോദ് കോവൂരിനെ മാനസ ഗുരുവാക്കി മോണോ ആക്ട്.
- ഡാൻസ് കമ്പോസിംഗ് ,നാട്യ സമന്വയ നർത്തന ട്രൂപ്പ്.
- മഴവിൽ മനോരമയിലെ ഉടൻ പണത്തിലെ ആനന്ദനടനം .
- കേരള ടൂറിസം വകുപ്പിന്റെ തലസ്ഥാനത്തെ പ്രോഗ്രാം.
- 2018 മുതൽ കലാമണ്ഡലം അരവിന്ദന്റെ കീഴിൽ കഥകളി.
- ജനുവരി രണ്ടിനായിരുന്നു കഥകളിയുടെ അരങ്ങേറ്റം.
- പഠനത്തിൽനാഷണൽ മെറിറ്റ് സ്കോളർഷിപ്പ്.

**ഇനി :** നാട്ടിൽ ഒരു ഡാൻസ് സ്കൂളിനുള്ള തയ്യാറെടുപ്പിലാണ്.ഒരു കവിതാ പുസ്തകവും പ്രസിദ്ധീകരിക്കുന്നു.

**ലക്ഷ്യം:** കലാമണ്ഡലത്തിൽത്തന്നെ മോഹിനിയാട്ടം പി.എച്ച് ഡി

സ്ത്രീ പുരുഷ സമത്വം ചൂണ്ടിക്കാട്ടി കോടതിയിൽ പോയാലോ എന്നു പോലും ആലോചിച്ചു.

വേണ്ട, വയ്യാവേലിക്കൊന്നും പോണ്ട. കഥകളി കഴിഞ്ഞാൽ കലാമണ്ഡലത്തിലെ ഏറ്റവും മികച്ച കോഴ്സ് മോഹിനിയാട്ടമാണ്. അങ്ങനെ മോഹിനിയാട്ടം മെയിനും ഭരതനാട്യം ഉപവിഷയവുമാക്കി. എങ്കിലും ഒഴിവു കിട്ടുമ്പോഴെല്ലാം കഥകളിക്ക

ളരിയിൽ സന്ദർശകയായിപ്പോവും.

പക്ഷേ, തീരെ ഒഴിവുണ്ടാവില്ല. പുലർച്ചെ മൂന്നരയ്ക്ക് എണീക്കണം. തുടർന്ന് കുളിയും നിത്യകർമ്മങ്ങളും. 5 മണി മുതൽ 6 വരെ പാട്ട് സാധകം. 7 മുതൽ 8 വരെ മെയ് സാധകം. 8 മണിക്ക് കഞ്ഞിയാണ് ബ്രേക്ഫാസ്റ്റ്. 9 മുതൽ പന്ത്രണ്ടര വരെ കളരി. ഉച്ച രണ്ടു മുതൽ നാലേ മുക്കാൽ വരെയാണ് സ്കൂൾ പഠനം. അതു കഴിഞ്ഞ് രണ്ടു മണിക്കൂർ നേരം സീനിയർ കുട്ടികളുടെ കൂടെ രാവിലെ കളരിയിൽ പഠിച്ചതിന്റെ അഭ്യാസം. 8 മണിക്ക് രാത്രി ഭക്ഷണം. അതിനു ശേഷം പതിനൊന്നര വരെ സ്കൂളിൽ പഠിപ്പിച്ച പാഠങ്ങളുടെ പഠനം. ദിവസേനയുള്ള ഉറക്കം 5 മണിക്കൂറിൽ താഴെ. ഞായറാഴ്ചകളിലാണ് ഉറക്കം മെയ്ക്ക് അപ് ചെയ്യുക.

''എനിക്കിഷ്ടമാണ് ഇതൊക്കെ. തളർന്നു വീഴുന്ന കുട്ടികളുണ്ട്' തീർത്ഥ പറയുന്നു.

12 വിഷയങ്ങളോടെ എ.എച്ച്.എൽ.സിയാണ്. അതിനു ശേഷം 5 വിഷയങ്ങളോടെ പ്ളസ് ടു. തുടർന്ന് ഡിഗ്രി , പി.ജി, എം.ഫിൽ, പി.എച്ച്.ഡി,നെറ്റ് ജെ.ആർ.എഫ്....അങ്ങനെ പോകാം.

പത്താം ക്ലാസ് മുതൽ 10 കുട്ടികൾ ചേർന്ന് നാട്യസമന്വയ എന്നൊരു ട്രൂപ്പുണ്ടാക്കി. ഒന്നു മുതൽ ഒന്നര മണിക്കൂർ വരെ കമേഴ്സ്യലായി ഭരതനാട്യം, മോഹിനിയാട്ടം കുച്ചിപ്പുടി എന്നിവ അവതരിപ്പിക്കുന്ന ട്രൂപ്പ്.

' എനിക്ക് ഇന്ത്യയൊട്ടാകെ അറിയപ്പെടുന്ന ഒരു നർത്തകിയാകണം. അതിനു വേണ്ടി എന്തു കഠിനാധ്വാനത്തിനും തയ്യാർ' . കേവലം 18 വയസ്സുള്ള തീർത്ഥയുടെ റെസ്യൂമെ കണ്ടാലറിയാം അവളുടെ നിശ്ചയ ദാർഢ്യത്തിന്റെ ആഴം.

'ശ്രീകൃഷ്ണന്റെ കിരീടം ശിരസ്സിൽ വെയ്ക്കുന്നതിനു മുമ്പായി ആശാൻ അത് കയ്യിൽ തന്ന് നന്നായി പ്രാർത്ഥിക്കാൻ പറഞ്ഞപ്പോൾ കണ്ണു നിറഞ്ഞു പോയി. എല്ലാ ദൈവങ്ങളോടും നന്ദി പറഞ്ഞു. '

അരങ്ങേറ്റത്തിലെ വേഷം കൃഷ്ണനായിരുന്നു. രണ്ടുമാസം മുമ്പായിരുന്നു അരങ്ങേറ്റം. അച്ഛൻ, പാതിരാമറ്റം കേശവൻ നമ്പൂതിരി. അമ്മ , ജലജകുമാരി.

മൊബൈൽ 9539380425 ❒



# സുവർണ്ണ നിറമുള്ള കവിത

കവിതകൾ രണ്ടു തരമാണ്. ഒന്ന് ആസ്വാദകരാൽ പുരസ്കൃതമായവ. മറ്റേത് പത്രാധിപന്മാരാൽ തിരസ്കൃതമായവ.സുവർണ്ണ മുല്ലപ്പള്ളിയുടേത് ആദ്യത്തെ വിഭാഗത്തിൽ ഉൾപ്പെടും.

മികച്ച ബാലകവിതയ്ക്കുള്ള ഭാഷാശ്രീ പുരസ്കാരം ലഭിച്ചത് ആദ്യ കവിതാ സമാഹാരമായ മുത്തുമണികൾക്കാണ്. എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ പ്രസിദ്ധീകരിച്ചത്. രണ്ടാമത്തെ പുസ്തകത്തിന്റെ തയ്യാറെടുപ്പിലാണിപ്പോൾ. കവിതയാണ് സുവർണ്ണയുടെ വഴി.

'സുവർണ്ണക്കുട്ടിയല്ലേ, ഞാൻ വടക്കാഞ്ചേരിയിൽ നിന്നും കുഞ്ഞികൃഷ്ണ പൊതുവാളാണ്. മാഷായിരുന്നു. ഇപ്പോൾ വിശ്രമം. മോളുടെ കവിതകൾ വായിക്കാറുണ്ട്.നന്നാവുന്നുണ്ട് ട്ടോ. അഭിനന്ദനങ്ങൾ' ഇങ്ങനെ ദൂര സ്ഥലങ്ങളിൽ നിന്ന് അഭിനന്ദനങ്ങൾ വരുന്നത് പുരസ്കൃത കവിതകൾക്കാണ് .

ആദ്യകവിത അച്ചടിച്ചുവന്നത് മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ അരവിന്ദ നികേതൻ മാസികയായ വിദ്യാനികേതനിൽ. ആറാം ക്ലാസ് മുതൽ ബാലഭൂമിയിൽ 25 ഓളം കവിതകൾ. കേസരിയിൽ അമരവാണിയിൽ പൂമ്പാറ്റയിൽ ചില്ലയിൽ ചന്ദ്രികയിൽ തുടങ്ങി ധാരാളം പ്രസിദ്ധീകരണങ്ങളിൽ... സ്വസ്തിയും പ്രസിദ്ധീകരിച്ചിട്ടുണ്ട് സുവർണ്ണ കവിത.

ഒരു പക്ഷേ കവിതകളെഴുതി പ്രതിഫലം വാങ്ങിക്കുന്ന ഏറ്റവും ചെറിയ കലാകാരി സുവർണയാകാം. മുത്തുമണികൾ പ്രസിദ്ധീകരിച്ചതിന് ശേഷം ചന്ദ്രിക തുടങ്ങിയ പ്രസാധകർ കവിതകൾ ചോദിച്ചു വാങ്ങിത്തുടങ്ങി.കവി പി.പി.ശ്രീധരനുണ്ണി കവിതക്ക് റിവ്യൂ എഴുതിയതും അഭിമാനകരം.70 ലേറെ കവിതകളായി.

അഞ്ചു വർഷത്തോളമായി ക്ലാസിക്കൽ സംഗീതം അഭ്യസിക്കുന്നുണ്ട്. ആദ്യ ഗുരു പടനിലം ബാബു. ഇപ്പോൾ താമരക്കാട് കൃഷ്ണൻ നമ്പൂതിരിയ്ക്കു കീഴിലാണ് സംഗീത പഠനം. ഒന്നാം ക്ലാസ് മുതൽ ശിവാഞ്ജലി നൃത്തവിദ്യാലയത്തിലെ ദിനേശ്കുമാറിന്റെ കീഴിൽ ക്ലാസിക്കൽ ഡാൻസ് അഭ്യസിച്ചുവരുന്നു. ഹരിഹരപ്രിയൻ, പദ്മദളം എന്നീ സി.ഡികളിൽ പാടിയിട്ടുണ്ട്. നായർകുഴി സ്കൂളിലാണ് പഠനം.

അച്ഛൻ പ്രശസ്ത ജ്യോതിഷി മുല്ലപ്പള്ളി നാരായണൻ നമ്പൂതിരിയും 4 കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അമ്മ പുളിയശ്ശേരി സാവിത്രി അന്തർജനം. ചേച്ചി സൗമ്യ നാല് കാസറ്റുകളിൽ പാടിയിട്ടുണ്ട്. ഇപ്പോൾ ബി.എഡിന് പഠിക്കുന്നു.

മൊബൈൽ 9447311253 ❒



അഞ്ജനയും ചേച്ചിയും

# നേടിയത് കോടി രൂപയുടെ ജയം

ശാന്തിക്കാരനായ അച്ഛന്റെ വരുമാനത്തിന് പരിധിയുണ്ട്. എൽ.ഐ സി ഏജന്റായ അമ്മയുടെ ഉത്സാഹത്തിനും പരിമിതിയുണ്ട്.എങ്കിലും അവരുടെ കഠിനാദ്ധ്വാനത്തിന് പരിധിയുണ്ടായില്ല. നിശ്ചയദാർഢ്യത്തിന് പരിമിതികളുമുണ്ടായില്ല.

രണ്ടു പെൺകുട്ടികൾ. മൂത്ത മകൾ ജ്യോത്സന മെഡിസിൻ കഴിഞ്ഞ് റെയിൽവേയിൽ അസിസ്റ്റൻറ് ഡിവിഷണൽ മെഡിക്കൽ ഓഫീസർ. രണ്ടാമത്തെ മകൾ അഞ്ജന മെഡിസിൻ ഫൈനൽ ഇയർ.

സ്റ്റേറ്റ് സിലബസിൽ പഠനം. എൻട്രൻസിൽ ഉയർന്ന റാങ്ക്. ഇഷ്ടപ്പെട്ട കോളേജിൽ മെഡിസിന് അഡ്മിഷൻ. ജ്യോത്സനയുടേയും അഞ്ജനയുടെയും വിജയങ്ങൾക്ക് പൊൻതിളക്കം! കാശുകൊടുത്താണ് ഇത് നേടിയതെങ്കിൽ രണ്ടു കോടി രൂപയെങ്കിലും ചെലവാകുമായിരുന്നു. ഒന്നല്ല രണ്ടു ഡോക്ടർമാർ.

കുട്ടികൾക്ക് സൗകര്യങ്ങളൊരുക്കാൻ കാശെറിയുന്ന അച്ഛനമ്മമാർ മാതൃകയാക്കണം മഠം വിഷ്ണു നമ്പൂതിരിയെയും പത്നി സുജാതയെയും.

ചെറിയ ക്ലാസുകളിൽ ടോപ്പറായിരുന്നില്ല അഞ്ജന. ചില വിഷയങ്ങളിൽ മാത്രം ടോപ്പർ. തുടർന്നും വലിയ മാറ്റമൊന്നും വന്നില്ല. എന്നാൽ,കൃത്യമായ ലക്ഷ്യബോധത്തോടെ പഠിച്ച് ചേച്ചി ജ്യോത്സന മെഡിസിന് അഡ്മിഷൻ നേടിയതോടെ ആ പാത പിൻതുടരാൻ തീരുമാനിച്ചു.ചേച്ചിയെ റോൾ മോഡലാക്കി. പിന്നെ കഠിനാദ്ധ്വാനമായിരുന്നു. അതിനു ഫലമുണ്ടായി.എസ്.എസ്.എൽ.സി ക്ക് ഫുൾ എ പ്ലസ്.പ്ലസ്ടുവിന് മുഴുവൻ മാർക്കും.അതായത് 1200 ൽ 1200 മാർക്ക്.

അതിന്റെ ബലത്തിൽ പാലായിലെ കോച്ചിംഗിന് സെന്റിൽ സ്കോളർഷിപ്പോടെ അഡ്മിഷനും.എന്നാൽ കൂടെ ഉണ്ടായിരുന്ന കുട്ടികളെല്ലാം മുൻപ് കോച്ചിംഗിന് പോയിരുന്നവർ. അതു കാരണം ആദ്യ പരീക്ഷകളിൽ റാങ്ക് വളരെ പിറകിലായി.



അഞ്ജന ചേച്ചി ജ്യോത്സ്നക്കൊപ്പം

ഇല്ലത്തു നിന്ന് വിട്ടുനിൽക്കുന്ന ടെൻഷൻ.റാങ്ക് കുറഞ്ഞ ടെൻഷൻ . തനിക്ക് വേണ്ടി അച്ഛനും അമ്മയും കഷ്ടപ്പെടുന്നതോർത്തുള്ള വിഷമം.എല്ലാം ചേർന്ന് ആകെ തളർന്നു. ലക്ഷ്യത്തിലെത്താൻ പറ്റില്ലേ എന്ന ആശങ്ക. അച്ഛനും അമ്മയും വിളിച്ച് ആശ്വസിപ്പിക്കും. ഗുരുവായൂരപ്പന്റെ അനുഗ്രഹത്തിനായി തുലാഭാരം നടത്തി. തിരുവുള്ളക്കാവിൽ പോയി തൊഴുതു. ടെൻഷൻ പിന്നെയും ബാക്കി.

ആ സമയത്ത് ചേച്ചി ഫൈനൽ ഇയർ ആയിരുന്നു . ഒരു ദിവസം പഠിത്തത്തിന്റെ തിരക്കിനിടയിലും അഞ്ജനയെ കാണാനെത്തി. തന്റെ കുറെ നോട്സുകൾ നൽകി. പിന്നെ ചോക്ളേറ്റും ബിസ്ക്കറ്റും സമ്മാനിച്ചു. കുറേ നേരം ഒന്നിച്ച് ചെലവഴിച്ച ശേഷം തിരിച്ചു പോരുമ്പോൾ മറ്റൊന്നു കൂടി നൽകി ഒരു പേനയും കത്തും.കത്ത് സ്വസ്ഥമായിരുന്ന് വായിക്കാൻ പറഞ്ഞു. ആത്മവിശ്വാസം നൽകുന്ന വരികളായിരുന്നു അതു നിറയെ.

അടുത്ത പരീക്ഷകളിൽ റാങ്ക് മുന്നോട്ട് വരാൻ തുടങ്ങി. ലക്ഷ്യം നേടിയെടുക്കാമെന്ന വിശ്വാസമായി. കോഴിക്കോട് മെഡിക്കൽ കോളേജിൽ തന്നെ അഡ്മിഷൻ നേടണമെന്നുറച്ചു. മിടുക്കരായ ഏതാണ്ട് 80000 കുട്ടികൾ എഴുതിയ എൻട്രൻസ് പരീക്ഷയിൽ ഇരുനൂറ്റിനാൽപ്പതാമത്തെ റാങ്കോടെ ജയം. സംവരണമില്ലാതെ ജനറൽ മെറിറ്റിലെ ഒരു കുട്ടിക്ക് ഇഷ്ടകോളേജിൽ സീറ്റ് കിട്ടാൻ ആ റാങ്കെങ്കിലും വേണം. ചേച്ചി സമ്മാനിച്ച ആ കത്തും പേനയും ഇന്നും കൂടെ കൊണ്ടു നടക്കുന്നുണ്ട് അഞ്ജന.

'' കുട്ടികൾക്ക് കൊടുക്കാൻ കഴിയുന്നതിൽ എറ്റവും വലുത് വിദ്യാഭ്യാസമാണ്. മറ്റൊന്നും ഇല്ല ഞങ്ങൾക്ക് നൽകാൻ. അതിനു വേണ്ടി ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യുക അത്രയേ ഉള്ളൂ'' അമ്മ സുജാത പറയുന്നു.

ഫുൾ ടൈം ശാന്തിക്കാരനായ വിഷ്ണു നമ്പൂതിരിക്കും പിജി പഠനം മുഴുവനാക്കാൻ കഴിയാതെ പോയ സുജാതക്കും വിദ്യാഭ്യാസത്തിന്റെയും ജോലിയുടെയും വില നന്നായറിയാം. ദൃഢനിശ്ചയം.കഠിനാദ്ധ്വാനം.ആത്മവിശ്വാസം. ഈശ്വരവിശ്വാസം. ഇതിനൊപ്പം അച്ഛനമ്മമാരുടെ പിന്തുണയും.ഇതൊക്കെയാണ് ഇവരുടെ വിജയരഹസ്യം.

മൊബൈൽ: 8547282808 ❒



# അർത്ഥശാസ്ത്രത്തിലെ 'ശ്രീ'പാർവ്വതി

**പാർവ്വതി .പി.ആർ**
റിസർച്ച് സ്റ്റുഡന്റ്
(ബിഹേവിയറൽ ഫൈനാൻസ് )
കോഴിക്കോട് സർവ്വകലാശാല

**അക്കാഡമിക്സ്:**
എസ്.എസ്.എൽ.സി: ഫുൾ എ പ്ലസ്
പ്ലസ് ടു: ഫുൾ എ വൺ
ബി കോം: സർവകലാശാലയിലെ ആദ്യ പത്തിലൊരാൾ
എം.കോം യൂണിവേഴ്സിറ്റി ടോപ്പർമാരിലൊരാൾ

**ലീഡർഷിപ്പ്:** ദേവഗിരി കോളേജിലെ ആൾകേരള മാനേജ്മെന്റ് മീറ്റ് കോ ഓർഡിനേറ്റർ.

**നേട്ടം:**ആദ്യപരിശ്രമത്തിൽത്തന്നെ റിസർച്ച് ഫെല്ലോഷിപ്പ് ( പ്രതിമാസം28000 രൂപ)

**അച്ഛൻ :** പി.രമേശൻ (റിട്ട.എച്ച്.ഒ.ഡി,ഗുരുവായൂരപ്പൻ കോളേജ്,കോഴിക്കോട് കോമേഴ്സ് വിഭാഗം )

**അമ്മ:** സാവിത്രി.പി (മാനേജർ,കേരളാ ഗ്രാമീൺ ബാങ്ക്,മാങ്കാവ് ശാഖ )

**അനിയത്തി:** പല്ലവി പി.ആർ.

**മൊബൈൽ:** 8606232311

എസ് എസ് എൽ സിക്ക് എ പ്ലസ് കിട്ടുന്ന കുട്ടികൾ ശാസ്ത്രത്തിന്റെ വഴിക്കാണ് പൊതുവേ പോവുക. പാർവ്വതിയും അങ്ങനെത്തന്നെ.എന്നാൽ ബയോളജിയോ ഫിസിക്സോ ആയിരുന്നില്ല ആ ശാസ്ത്രം അർത്ഥശാസ്ത്രം.ഫൈനാൻസ് അഥവാ ധനകാര്യം.

ഐശ്വര്യത്തിന്റെ ശാസ്ത്രമാണത്.അത് തിരഞ്ഞെടുത്തതോടെ പാർവതി 'ശ്രീ' പാർവ്വതിയായി. ഇപ്പോൾ ഫെലോഷിപ്പോടെ കോഴിക്കോട് സർവ്വകലാശാലയിൽ റിസർച്ച് ചെയ്യുന്നു .വിഷയം ബിഹേവിയറൽ ഫൈനാൻസ്. ഇന്ത്യയിൽ കോമേഴ്സ് റിസർച്ചിന് ജനറൽ വിഭാഗത്തിൽ ഫെല്ലോഷിപ്പ് ലഭിച്ചത് 70 പേർക്ക് മാത്രമാണ്.അവരിലൊരാളായി ആദ്യ പരിശ്രമത്തിൽ തന്നെ കടന്നു കൂടിയെന്നതാണ് മികവ്.

ജൂനിയർ റിസർച്ച് ഫെല്ലൊ( ജെ.ആർ.എഫ് )യെന്നത് പഠനമോ ജോലിയോ? രണ്ടുമല്ല, ഗവേഷണം. മാസത്തിൽ 30000 രൂപയോളം ലഭിക്കും. കൊല്ലത്തിൽ മറ്റു അലവൻസുകൾ വേറെയും. ഗവേഷണത്തിന്റെ മികവനുസരിച്ച് ഉന്നത സ്ഥാപനങ്ങളിൽ പ്ലേയ്സ്മെന്റും.

കാശ് കൈകാര്യം ചെയ്യുന്നവരുടെ മനസ്സിലിരിപ്പാണ് പാർവതി അന്വേഷിക്കുന്നത്.

ജനങ്ങൾ ഇൻവെസ്റ്റ് ചെയ്യുന്നതിന്റെ മനഃശാസ്ത്രം. അത് വിശകലനം ചെയ്യുന്ന ധനകാര്യ പഠനങ്ങൾ ഏറെയില്ല. പണമിറക്കുന്നതിൽ ആളുകളെ സ്വാധീനിക്കുന്ന ഘടകങ്ങളും മുൻഗണനകളും ആഗ്രഹങ്ങളും ആശങ്കകളും വസ്തുതാപരമായി പരിശോധിക്കപ്പെടുന്നതാണ് ഈ ഗവേഷണം. കോഴിക്കോട് സർവ്വകലാശാല കോമേഴ്സ് വിഭാഗം പ്രൊഫസർ ഡോക്ടർ ഇ കെ സതീഷാണ് ഗൈഡ്.

സയൻസ് വിഷയങ്ങൾക്കപ്പുറം കോമേഴ്സിന്റെ സയൻസ് ആയിരുന്നു പാർവ്വതിക്കിഷ്ടം .ഫാറൂക്കിലും ദേവഗിരിയിലുമായി തുടർന്ന കലാശാലാ വിദ്യാഭ്യാസം. പരീക്ഷകളിൽ ബ്രില്യന്റ് വിജയം. സർവ്വകലാശാലയിലെ ആദ്യ പത്തുപേരിൽ ഒരാളായി ബികോം. തുടർന്ന് എം.കോമിലും ഉജ്വല വിജയം .

''ഇഷ്ടം അറിയുകയാണ് പ്രധാനം. അതിനനുസരിച്ചുള്ള ഹാർഡ് വർക്കുമായാൽ വഴി തുറക്കപ്പെടും .അവസരങ്ങൾ എല്ലാ മേഖലയിലും ധാരാളമുണ്ട്'' പാർവ്വതി പറയുന്നു .

ജൂനിയർ ഗവേഷക ഫെല്ലോഷിപ്പുകൾക്കായി നാഷനൽ ടെസ്റ്റിങ്ങ് അതോറിറ്റി അപേക്ഷ ക്ഷണിക്കുന്നത് വർഷത്തിൽ രണ്ടു പ്രാവശ്യമാണ്.ജൂണിലും ഡിസംബറിലും. രണ്ടു പേപ്പറാണ് ജെ.ആർ.എഫ് ക്വാളിഫയിംഗ് പരീക്ഷക്കുണ്ടാവുക.സിലബസ് പ്രകാരംദിവസവും എട്ടു മണിക്കൂറെങ്കിലും തയ്യാറെടുക്കുക .

''പ്രതികൂല സാഹചര്യങ്ങളിൽ കഷ്ടപ്പെട്ടു പഠിച്ച് പ്രദേശത്ത് ആദ്യം ബിരുദം നേടിയ അദ്ധ്യാപകനായിരുന്നു മുത്തച്ഛൻ.(പരേതനായ പുൽപ്പറമ്പിൽ ചെറിയ വാസുദേവൻ നമ്പൂതിരി ) മുത്തച്ഛന്റെ രീതികൾ എന്നെ വലിയ അളവിൽ സ്വാധീനിച്ചിട്ടുണ്ട്.'

''നമ്പൂരിക്കുട്ടി എന്നത് ഒരു പരിമിതിയായി തോന്നിയിട്ടേ ഇല്ല ,മറിച്ച് വ്യത്യസ്ത രീതികളുമായി സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്ന പ്രവർത്തനം നടത്താമല്ലോ.സംഘടനാ പ്രവർത്തനം ,വിശിഷ്ട വ്യക്തികളെ ക്ഷണിച്ച് അന്തർസർവ്വകലാശാലാ പരിപാടികൾ സംഘടിപ്പിക്കൽ, എല്ലാമെല്ലാം എന്നെ വളർത്തി.ദേവഗിരി കോളേജിൽ പഠിക്കുമ്പോൾ അവിടെ നടത്തിയ ഒരു അഖിലേന്ത്യാ പരിപാടിക്ക് ടീം ലീഡർ ആയതും അത് ഭംഗിയായി കോ ഓർഡിനേറ്റ് ചെയ്തതും ആത്മ വിശ്വാസം വർദ്ധിപ്പിച്ചു.''

ധാരാളം കൂട്ടുകാരുണ്ട്.ദേവഗിരിയുടെ അന്തരീക്ഷത്തിൽ നേതൃത്വപരമായ കഴിവുകൾ സ്വയം വിലയിരുത്താൻ കഴിഞ്ഞു.ജീവിതത്തിലും പ്രവൃത്തികളിലും സത്യസന്ധതയാണ് പ്രധാനം .മനുഷ്യനന്മയിൽ ഊന്നിയുള്ള ജീവിതം അർത്ഥപൂർണമാണ്.ഡോക്ടറേറ്റ് നേടി അധ്യാപികയാവുക തന്നെയാണ് ലക്ഷ്യം '' പാർവ്വതി പറഞ്ഞു നിർത്തുന്നു . ❐

# ശാസ്ത്രാശ്രമത്തിലെ മന്ത്രോപാസകൻ

മന്ത്രവാദത്തിന്റെ ഈറ്റില്ലമാണ് കല്ലൂർ. ഐതിഹ്യമാലയിലുണ്ട് കല്ലൂരെ മന്ത്രവാദമഹിമകൾ.ചില ക്ഷേത്രങ്ങളിൽ തന്ത്രവുമുണ്ട് കല്ലൂരിന്. എന്നാൽ പുതുതലമുറയിലെ ശ്രീഹരിക്ക് പഥ്യം ഗണിത(മന്ത്ര)വാദവും ഊർജ്ജ(തന്ത്ര)വുമാണ്.

ബാംഗ്ളൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ബി.എസ്.സി മൂന്നാം വർഷമാണ്. ചെറിയ മന്ത്രമോ തന്ത്രമോ പോരാ അവിടെയെത്താൻ. റാങ്കിംഗിൽ ഇന്ത്യയിലെ ഒന്നാമത്തേയോ രണ്ടാമത്തേയോ സ്ഥാപനം.
സയൻസിലെ സന്യാസിമാരുടെ ആശ്രമം. മനീഷി എന്നൊക്കെ പറയാവുന്ന ലെവലിലെ ധീ വേണം. ധിയോ യോ ന: പ്രചോദയാത്

പ്രവേശനത്തിന് പല രീതികളുണ്ട് .ഒന്നുകിൽ പ്ളസ് ടു കഴിഞ്ഞ് എഴുതുന്ന ജി മെയിൻ / അഡ്വാൻസ്ഡ് പരീക്ഷകളിലെ റാങ്ക്. അല്ലെങ്കിൽ പഠിക്കുന്ന കോഴ്സിൽ രാജ്യത്തെ ഏറ്റവും ഉയർന്ന മാർക്കു വാങ്ങുന്ന ടോപ് വൺ സെൻസെന്റയിലിൽ എത്തുക. അതുമല്ലെങ്കിൽ കിഷോർ വൈജ്ഞാനിക് പ്രോത്സാഹൻ യോജന (കെ.വി.പി.വൈ) യെന്ന പരീക്ഷയിലെ യോഗ്യത . കെ.വി.പി.വൈ ടെസ്റ്റും ഇൻറർവ്യൂവും വഴിയാണ് ശ്രീഹരിയുടെ പ്രവേശനം.

''ഫിസിക്സ് ആണ് കുട്ടിക്കാലം മുതൽ എന്റെ ഇഷ്ടവിഷയം. റിച്ചാർഡ് ഫെയിൻമാൻ എന്ന ലോകോത്തര ഫിസിസിസ്റ്റ് ഏറ്റവും ആരാധന തോന്നിയ ആൾ.ഇവിടെ ജോയിൻ ചെയ്തപ്പോഴും ഐൻസ്റ്റീൻ ,സി.വി രാമൻ ,ജോർജ് സുദർശൻ ഇവരൊക്കെയായിരുന്നു മനസ്സിൽ. ഇവിടത്തെ സാർ ഹരീഷ് ശേഷാദ്രിയുടെ അനാലിസിസ് കോഴ്സ് എന്നെ ഗണിതശാസ്ത്രത്തിലെത്തിച്ചു.''

അതിന് ചില കാരണങ്ങളുമുണ്ട്

'' പ്രകൃതിയുടെ അടിസ്ഥാനം ഗണിതമാണ്.ഓരോ ജീവശരീരത്തിന്റെയും സിമെട്രി ഗണിതത്തിൽ അടിസ്ഥാനപ്പെടുത്തിയതാണ്. പൂവിന്റെ ഇതളുകൾ തൊട്ട് എല്ലാത്തിലും ഇതു കാണാം.എല്ലാ ശാസ്ത്രവും ഇതിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു .ക്വാണ്ടം മെക്കാനിക്സ് അടക്കം. ഗണിതത്തിൽ ഇനിയുമൊരുപാട് അന്വേഷണങ്ങൾക്ക് ഇടമുണ്ട്. അങ്ങനെ ആഭിമുഖ്യം ഫിസിക്സിൽ നിന്ന് ഗണിതത്തിലേക്ക് മാറി.''

ഗണിതശാസ്ത്രവും ഊർജതന്ത്രവുമൊക്കെ ആഴത്തിൽ പഠിക്കുമ്പോഴും ആദിശങ്കരനിലുമുണ്ട് അഭിനിവേശം.

''ആദിശങ്കരൻ ആയുഷ്ക്കാലം മുഴുവൻ പഠിക്കുകയും തർക്കിക്കുകയും തിരുത്തുകയുമായിരുന്നു .ലോജീഷ്യനും ഫിലോസഫറും ആയ ലഡ്വിഗ് വിറ്റ്ജെൻസ്റ്റിൻ നമ്മെ അമ്പരപ്പിക്കുന്ന കുറേ നിരീക്ഷണങ്ങൾ

**മികവ് ഇങ്ങനെ:**

- ❒ കെ.വി.പി.വൈ വിന്നർ
- ❒ എൻ.സി.ഇ.ആർ.ടി. വിന്നർ
- ❒ എൻ.ടി.എസ്.സി വിന്നർ
- ❒ പ്ലസ് ടു : സ്കൂൾ ടോപ്പർ
- ❒ സഹോദയ :കേരള ടോപ്പർ
- ❒ മദ്രാസ് ഐ.ഐ.ടി സയൻസ് ക്വിസ് ,കേരള ടോപ്പർ
- ❒ ഐസർ സയൻസ് ക്വിസ് കേരള ടോപ്പർ
- ❒ ഐ.എസ്.ആർ.ഓ. സയൻസ് ക്വിസ് കേരള ടോപ്പർ
- ❒ അരീന 2015 സയൻസ് ക്വിസ് കേരള ടോപ്പർ

നടത്തിയ ആളാണ് .ശങ്കര വേദാന്തവും അതുപോലെ ലോകത്തുണ്ടായ മറ്റു പഠനങ്ങളിലെ സമാനതകളും പഠിക്കണം എന്നാഗ്രഹമുണ്ട് .''

ശ്രീഹരിയുടെ വിദ്യാഭ്യാസത്തെ ജ്ഞാനത്തിലേക്കുള്ള തീർത്ഥയാത്രയായി കാണാം.
''അതിന് കാരണം ജന്മമായി കിട്ടിയ ബ്രാഹ്മണ്യവും മന്ത്രവാദ പാരമ്പര്യവും ആണോ എന്നറിയില്ല ,പക്ഷേ വിജ്ഞാനം നേടലിൽ അവ ഗുണമേ ചെയ്തിട്ടുള്ളൂ. ഉണ്ണിയായപ്പോൾ ഉപനയനാദി കർമ്മങ്ങൾ കഴിഞ്ഞു . സംസ്കൃതവും ഇല്ലത്തെ തേവാരങ്ങളും അത്ര പഠിച്ചിട്ടില്ലെങ്കിലും അവയിലൊക്കെ കാര്യങ്ങൾ ഉണ്ടെന്നു തന്നെയാണ് കരുതുന്നത് .ഗായത്രിയും ചിട്ടയും കർമ്മങ്ങളുമെല്ലാം ഇവോൾവ് ചെയ്തു വന്ന ഒരു രീതി തന്നെയാണല്ലോ.''

അച്ഛൻ നാഷനൽ കോപ്പറേറ്റീവ് ഡെവലപ്മെൻറ് കൗൺസിലിൽ ഉദ്യോഗവുമായി ഝാർഖണ്ഡിൽ .
ഏത് കോഴ്സും തെരഞ്ഞെടുക്കാനുള്ള


**പാലാഞ്ചേരി സ്മാരക ഭാഗവത ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഭാഗവത പഠനക്ലാസ്**

**എല്ലാ ഞായറാഴ്ചയും രാവിലെ 8:30 മുതൽ 10 മണി വരെ പുവാട്ടുപറമ്പ് പെരുമൺപുറ മഹാവിഷ്ണു ക്ഷേത്രം അഗ്രശാല ഓഡിറ്റോറിയത്തിൽ നടന്നുവരുന്നു.**


**ഭാഗവത വാചസ്പതി പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ ശിഷ്യപരമ്പരയിലെ പ്രഗത്ഭരായ ആചാര്യന്മാർ നേതൃത്വം കൊടുക്കുന്നു**

**8 മാസമായി തുടരുന്ന ഭാഗവത പഠനക്ലാസിൽ 42 പഠിതാക്കൾ ഇപ്പോൾ ഉണ്ട്.**
**പ്രായഭേദമന്യേ എല്ലാവർക്കും ഭാഗവതപഠന ക്ലാസിൽ പങ്കെടുക്കാം.**

**വിശദവിവരങ്ങൾക്ക് വിളിക്കാം**

**പരമേശ്വരൻ പാലാഞ്ചേരി**
സെക്രട്ടറി, പാലാഞ്ചേരി സ്മാരക ഭാഗവത ഫൗണ്ടേഷൻ
Mob 9656039952

**അഡ്വക്കറ്റ് ശ്രീകുമാർ**
പ്രസിഡണ്ട്,
പാലാഞ്ചേരി സ്മാരക ഭാഗവത ഫൗണ്ടേഷൻ




# ഫുൾ എ പ്ളസ് കിട്ടിയിട്ടും എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസുകൾ വേണ്ടെന്നു വെച്ചപ്പോൾ അച്ഛൻ മറുത്തൊന്നും പറഞ്ഞില്ല

സ്വാതന്ത്ര്യവും അദ്ദേഹം നൽകിയിരുന്നു . ഫുൾ എ പ്ളസ് കിട്ടിയിട്ടും എഞ്ചിനീയറിംഗ് മെഡിക്കൽ എൻട്രൻസുകൾ വേണ്ടെന്നു വെച്ചപ്പോൾ അച്ഛൻ മറുത്തൊ ന്നും പറഞ്ഞില്ല . തിരുവനന്തപുരത്തായിരുന്നു സ്കൂൾ വിദ്യാഭ്യാസം. വേണ്ട രീതിയിൽ പഠിക്കാനുള്ള സൗകര്യം അമ്മ ഒരുക്കി .അനിയത്തിക്കും എനിക്കും പ്രത്യേകം അലാം ടൈംപീസുകൾ. ചിട്ടയായ പഠനം.പത്താം ക്ലാസിൽ എൻ.ടി.എസ്.സി സ്കോളർഷിപ്പ് നേടാൻ കഴിഞ്ഞത് ഇതു കൊണ്ടു തന്നെ .പെരളശ്ശേരി സഹകരണാശുപത്രിയിൽ ഡോക്ടറായ അമ്മാമൻ പ്രദീപ് ആണ് വായനക്ക് ഓറിയന്റേഷൻ തന്നത്.

? വിദ്യാർത്ഥികളോട് എന്താണ് പറയാനുള്ളത്.

>ഞാനും വിദ്യാർത്ഥിയല്ലേ? എന്തും ഹാർഡ് വർക്കിലൂടെ ചെയ്യുക .കളിയും പഠനവും വായനയും ചിന്തയും . അൺലിമിറ്റഡ് ആയി .നമ്മൾ കാണേണ്ട ടി.വി പ്രോഗ്രാം അതതു ചാനൽ നടത്തിപ്പുകാർ അല്ല നിശ്ചയിക്കേണ്ടത് . അത് നമ്മൾ തെരഞ്ഞെടുക്കണം .ജീവിതത്തിന്റെ എല്ലാ മേഖലകളിലും നമ്മളുടെ ഈ ഇഷ്ടവും അതനുസരിച്ചുള്ള തീരുമാനവും ബാധകമാണ്.പ്രകൃതിയും ലോകവും നമുക്കു മുമ്പിൽ തുറന്നു കിടക്കുന്നു. വിനയത്തോടെ കാണണം ,അറിയണം എന്നു മാത്രം .

? പഠനത്തിൽ അടുത്ത ലക്ഷ്യം

> പി.ജി യുംപി.എച്ച്.ഡിയും .ഹോപ്പിംഗ് ടു ഗെറ്റ് ഇൻ ടു യൂനിവേഴ്സിറ്റി ഓഫ് ആംസ്റ്റർഡാം ,ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോജിക്ക് ,ലാംഗ്വേജ് ആൻറ് കമ്പ്യൂട്ടേഷൻ

? ആരായിത്തീരണം

> പ്രപഞ്ചരഹസ്യങ്ങളുടെ അറിയാച്ചെപ്പുകൾ തുറക്കാൻ ശ്രമിക്കണം .കൂടുതൽ ലോജിക്കൽ ആയി വിശ്വപ്രകൃതിയുടെ ഭാഷ അറിയണം ,ഗണിതത്തിന്റെ അടിസ്ഥാന ശിലയിൽ ഗവേഷണങ്ങൾ തുടങ്ങണം. ബേസിക്കലി അണ്ടർസ്റ്റാൻഡ് ദ വേൾഡ് ആൻഡ് ദേർഫോർ മൈസെൽഫ്. ദാറ്റ് ഈസ് ഇറ്റ്.

അവനവനെ കൂടുതൽ അറിയാനുള്ള ഗണിതമന്ത്രമാണ് അന്വേഷിക്കുന്നത്! അതിന്റെ ഊർജതന്ത്രവും!!

അച്ഛൻ:കല്ലൂർ ശ്രീധരൻ നമ്പൂതിരിപ്പാട്

അമ്മ: മട്ടന്നൂർ കണ്ടോത്തില്ലത്ത് പ്രത്യുഷ

മൊബൈൽ 8714825506 ❐

## അനുമോദനം



**പി.എം.ഗീതു**

മദ്രാസ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ പി.എം.ഗീതു. കോഴിക്കോട് പാതിരിശ്ശേരി മേലേടത്തില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും ദേവകി അന്തർജനത്തിന്റെയും മകളും പന്നിക്കോട് നടുവിലേടത്തില്ലത്ത് അനൂപ് ജനാർദ്ദനന്റെ ഭാര്യയുമാണ്



**അതുല്യ ദേവി**

യു. എസ്. എസ് പരീക്ഷയിൽ 90 ൽ 86 മാർക്കോടെ ഗിഫ്റ്റഡ് ആയ അതുല്യ ദേവി.രാമല്ലൂർ ഉപസഭയിലെ പാട്ടത്തിൽ ഹരിഗോവിന്ദൻ നമ്പൂതിരിയുടെയും ഗീതയുടെയും പുത്രിയും നന്മണ്ട സരസ്വതി വിദ്യാമന്ദിർ വിദ്യാർത്ഥിയുമാണ്.



**നവനീത് കണ്ടമംഗലം**

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രതിഭ പുരസ്ക്കാരം നേടിയ കലാമണ്ഡലം നവനീത് നമ്പൂതിരി (കണ്ടമംഗലം). കാലടിയിൽ സംസ്കൃത വേദാന്തത്തിൽ പി.എച്ച്.ഡി ചെയ്യുകയാണ്.



**എ.ബി.ശ്രീഭ**

ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ എ.ബി. ശ്രീഭ (ശ്രീശങ്കരാ കോളേജ്, കിളിമാനൂർ). ആത്രശ്ശേരി ഭവദാസൻ നമ്പൂതിരിയുടേയും ശ്രീദേവി അന്തർ ജനത്തിന്റെയും മകളും നാറണിയാട്ട് ശ്രീജിത്തിന്റെ (ഫിനാൻസ് മാനേജർ ആന്റ് കമ്പനി സെക്രട്ടറി, നോർട്ടൽ ഇന്ത്യ പവർ കമ്പോണന്റ്സ്, ടെക്നോപാർക്ക് തിരുവനന്തപുരം) ഭാര്യയുമാണ്. ഫറോക്ക് ഉപസഭ.






- വാസുകി സന്താനമായി അവതരിച്ച ഇല്ലം
- 13 ഇല്ലങ്ങളിലായി 54 അംഗങ്ങൾ
- ആയിരം കൊല്ലത്തിലേറെ പഴക്കവും ചരിത്രവും
- അംഗങ്ങൾ സിനിമ, കാറ്ററിംഗ്, ഐ.ടി. മേഖലകളിലും

# കൊളപ്പുറത്തെ സർപ്പപ്പുര



**താമരക്കുളം ദിവാകരൻ നമ്പൂതിരി**

ഇല്ലത്തിനകത്ത് പാമ്പിനെക്കണ്ടാൽ ആരായാലും ഒന്ന് പേടിക്കും. പക്ഷേ, കുളപ്പുറത്ത് എല്ലാം നാഗമയമാണ്. പൂമുഖത്തെ കഴുക്കോലിലും വളയത്തിലും ഉത്തരത്തിലും എന്നു വേണ്ട എല്ലായിടത്തും. ഇല്ലത്തിനകത്തെ പ്രതിഷ്ഠയാകട്ടെ സാക്ഷാൽ വാസുകിയും!

പണ്ട് ദേവാസുരന്മാർ അമൃത് വീണ്ടെടുത്ത പാലാഴി മഥനകഥയിൽ പരാമർശിച്ച അതേ വാസുകി. പാലാഴി കടയാൻ അന്ന് കയറാക്കിയത് വാസുകിയെ ആയിരുന്നല്ലോ. ഭഗവാൻ പരമശിവന്റെ ആഭരണമായി ശിവകണ്ഠത്തിലാണ് സ്ഥിരവാസം. അങ്ങനെയുള്ള വാസുകിയാണ് ഈ ഇല്ലത്തെ പ്രതിഷ്ഠ.

ഇത് പാതിരിക്കുന്നത്ത് എന്നു കൂടി അറിയപ്പെടുന്ന കുളപ്പുറം മന.

ഹൈന്ദവ വിശ്വാസപ്രകാരം ശേഷൻ അഥവാ അന



കൊളപ്പുറം നാരായണൻ നമ്പൂതിരി സർപ്പബലി നടത്തുന്നു







ഇല്ലത്തെ കാരണവർ ജാതവേദൻ നമ്പൂതിരി
സഹധർമ്മിണി ദേവിയോടൊപ്പം

ന്തൻ, വാസുകി, തക്ഷകൻ, കാർക്കോടകൻ, ശംഖ ചൂഡൻ, ഗുളികൻ, പത്മൻ, മഹാപത്മൻ എന്നിങ്ങനെ അഷ്ടനാഗങ്ങളാണ്. അതുപോലെ
കേരളത്തിൽ നാഗാരാധനയ്ക്ക് പ്രധാനമായും എട്ട് ആസ്ഥാനങ്ങളാണ്. പാതിരിക്കുന്നത്തു മന, പാമ്പുമേക്കാട്ട് മന, ചെത്തല്ലൂർ അത്തിപ്പറ്റ മന, വെട്ടിക്കോട്ട് ഇല്ലം, വൈക്കത്തെ നാഗമ്പൂഴി ഇല്ലം ഹരിപ്പാട് മണ്ണാർശാല ഇല്ലം, ആമേട മംഗലം ഇല്ലം, എന്നിവയും പെരളശ്ശേരി ക്ഷേത്രവുമാണ് അവ. പാതിരിക്കുന്നത്തും പാമ്പുമേക്കാട്ടും വാസുകിയാണ് പ്രതിഷ്ഠ. രണ്ടിടത്തും പ്രതിഷ്ഠ ഇല്ലത്തിനുള്ളിലാണ്. ചെത്തല്ലൂർ അത്തിപ്പറ്റ മനയോട് ചേർന്നുകൊണ്ട് നാഗ കന്യകാ പ്രതിഷ്ഠയാണ്. പെരളശ്ശേരിയിലേത് ശ്രീരാമൻ പ്രതിഷ്ഠിച്ച സുബ്രഹ്മണ്യ ക്ഷേത്രമാണെങ്കിലും നാഗത്തിനാണ് പ്രാധാന്യം .

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയ്ക്കടുത്താണ് പാതിരിക്കുന്നം എന്ന കുളപ്പുറം മന. ഷൊർണ്ണൂർ,പട്ടാമ്പി തുടങ്ങിയ റെയിൽവേ സ്റ്റേഷനിൽ നിന്നും ഇവിടെയെത്താം. ചെർപ്പുളശ്ശേരി നിന്ന് ഷൊർണ്ണൂർ റോഡിൽ 7 കി മീ പോയാൽ മുണ്ടക്കോട്ടുകുറുശ്ശിയായി. വാസുകി സന്താനമായി അവതരിച്ച് വടക്കിനിയിൽ നിത്യസാന്നിദ്ധ്യമായ സാക്ഷാൽ പാതിരിക്കുന്നം മന ഇവിടെയാണ്. ദിവസവും ആയിരങ്ങൾ സന്താനലാഭത്തിനും സന്താനങ്ങളുടെ ഐശ്വര്യത്തിനും വേണ്ടി ആരാധന നടത്തുന സ്ഥലം. ഒരിടത്തും മനയിലേക്കുള്ള ഒരു ചൂണ്ടു പലകയോ ബോർഡോ ഞങ്ങൾ കണ്ടില്ല .പാതിരിക്കുന്നം മനയിലെ ഗേറ്റിൽ പോലും നെയിം ബോർഡില്ല.എന്തൊരദ്ഭുതം!

പക്ഷേ, ഇവിടെയെത്തുന്ന ഏതൊരാളും വഴി തെറ്റാതെ മനയ്ക്കലെത്തും. കാരണം ഇവിടത്തുകാർക്കറിയാം അപരിചിതർ വരുന്നത് മനയന്വേഷിച്ചാണെന്ന്.

ഒരു വശത്ത് നിളാ നദി. മറുവശത്ത് കുന്തിപ്പുഴ. അതിനിടക്കുള്ള ഫലഭൂയിഷ്ഠമായ ഡൽറ്റാ പ്രദേശമാണ് മുണ്ടക്കോട്ടുകുറിശ്ശി.ധാരാളം ജലസമ്പത്ത്. യാഗത്തിന് അവകാശമുള്ള ശുകപുരം ഗ്രാമത്തിലെ 8 ഇല്ലക്കാരുടെ വാസസ്ഥലം.അങ്ങനെയുള്ള സുതലത്തിലാണ് ഈ നാഗ ലോകം. 25 ഏക്കറോളം വിശാലമായ ഇല്ലപ്പറമ്പ്. കാവെന്നോ കാടെന്നോ നാഗഭൂമിയെന്നോ വിളിക്കാം. അതികൂറ്റൻ മരങ്ങൾ,അതിൽ നാഗസമാനമായി കെട്ടുപിണഞ്ഞു കിടക്കുന്ന വള്ളിപ്പടർപ്പുകൾ,അതിനു നടുവിൽ നിത്യ നാഗസാന്നിദ്ധ്യമുള്ള പാതിരിക്കുന്നം മനയും.തറവാട് മാത്രമല്ല അംഗങ്ങളുടെ ഭവനങ്ങളും ഈ വിശാലമായ കോമ്പൗണ്ടിൽത്തന്നെ.കാവുകളും കുളങ്ങളും ഇടതൂർന്ന കാടും. നട്ടുച്ചയ്ക്കു പോലും വെയിലു കടക്കാത്ത നിബി

ഡവനം.മഴുവും കൈകോട്ടുമില്ലാത്തതിനാൽ പ്രകൃതി നിത്യകന്യകയായി കഴിയുന്നു.ഉഴുതുമറിക്കാത്ത നിലവും വെട്ടിമുറിക്കാത്ത മരങ്ങളും. നാഗദൈവങ്ങളുടെ ഇഷ്ട വാസസ്ഥലത്ത് ഒന്നിനും ഒരു കുറവില്ല.

മുണ്ടക്കാട്ടുകുറിശ്ശിയിലെ ദേശ ക്ഷേത്രമായിരുന്നു അയ്യപ്പക്ഷേത്രം. ദേശത്തിലെ പത്തോളം കുടുംബങ്ങൾ അന്യം നിന്നതോടെ പാതിരിക്കുന്നത്തിന്റേതായി. ശാസ്താ ഭജനയുമായി കഴിഞ്ഞിരുന്ന ഒരു പഴയ കാരണവർ സന്താനഭാഗ്യമില്ലാതിരുന്നതിനാൽ മനമുരുകി പ്രാർത്ഥിച്ചു. ശാസ്താവ് സ്വപ്ന ദർശനത്തിൽ വടക്കുംനാഥനെ സേവിക്കാൻ നിർദ്ദേശിച്ചു.


ദീർഘകാലം വടക്കുംനാഥനെ സേവിച്ചപ്പോൾ ഇനി ഇല്ലത്തേക്ക് പൊയ്ക്കോളൂ എന്ന അശരീരിയുണ്ടായി.ഇല്ലത്തേക്ക് മടങ്ങിയ കാരണവർക്ക് അടുത്ത കന്നി മാസത്തിലെ ആയില്യം നാൾ സന്താന ഭാഗ്യമുണ്ടായി. ഒരു സർപ്പസന്താനവും ഒരു ആൺകുട്ടിയും. രണ്ടു പേരും ഒന്നിച്ച് വളർന്നു, ഒന്നിച്ചു ഭക്ഷണം കഴിച്ചു, വീട്ടിലെല്ലാം ഒന്നിച്ചു കളിച്ചു നടന്നു, ഒന്നിച്ചു തന്നെ ഉറങ്ങി.

സർപ്പം താമസമുള്ളതിനാൽ പേടി കാരണം ആരും ഇല്ലത്തേക്ക് വരാതായി. സർപ്പപുത്രനോട് അമ്മ സങ്കടം പറഞ്ഞു.ആയിരം വർഷം സന്തതി സൌഭാഗ്യങ്ങൾ



## പാമ്പ്, സർപ്പം, നാഗം

സാധാരണയായി കണ്ടുവരുന്ന മൂർഖൻ, അണലി, വെള്ളിക്കെട്ടൻ, ശംഖുവരയൻ തുടങ്ങിയ ഉരഗങ്ങളെയാണ് പാമ്പ് എന്നു പറയുന്നത്. പരമാവധി ഒന്നരയടി നീളം , പെരുവിരലിന്റെ വണ്ണം, സ്വർണ്ണ നിറം ഇവയാണ് ഉത്തമസർപ്പ ലക്ഷണം. പ്രത്യേക സിദ്ധികളുള്ള സർപ്പങ്ങളാണ് നാഗങ്ങൾ നാഗങ്ങൾക്ക് വായുവിലൂടെ പറക്കാനും സഞ്ചരിക്കാനും കഴിയുമെന്നാണ് വിശ്വാസം. അഷ്ടനാഗങ്ങൾ ഈ ഗണത്തിൽപ്പെടും.ഈശ്വരതുല്യമായ നിലയിൽ അവയെ ആരാധിക്കുകയും ചെയ്യുന്നു.


DENTA CARE MULTISPECIALITY
DENTAL CLINIC
Near Kerala Gramin Bank,
Kovoor, Calicut-673017


ഡെന്റാ കെയർ
മൾട്ടിസ്പെഷ്യാലിറ്റി
ദന്താശുപത്രി
Time: 10.00 am to 07.30 pm
( Sunday by Appointment)
DR. MRUDULA K.I
BDS, MDS
CHIEF DENTAL SURGEON
Reg No: 7347
Mob: 9656350119
Address
W/o Dr. Gopakumar T
Thencheri illam.
Ramallur, Kakkur, Calicut
Mob: 9946446261
Our Doctors Panel
DR. RANJITH R
BDS, MDS
(ORTHODONTIST)
Reg No: 8821
DR. DEXTON JOHNS
BDS, MDS
(ENDODONTIST)
Reg No: 6538
DR. MITHILESH K.V
BDS, MDS
(ORAL & MAXILLOFACIAL SURGEON)
Reg No: 10405

## ○ പ്രധാന പൂജകൾ

ഇല്ലത്തെ തേവാരത്തിനു പുറമേ രണ്ടു നേരവും നാഗപൂജയുണ്ട്. നാഗപുത്രന് എന്നും അമ്മയുടെ വക നിവേദ്യവും. പാതിരി കുന്നത്തേക്ക് വേളികഴിച്ചു കൊണ്ടുവന്നവരെല്ലാം പ്രായഭേദമന്യേ അമ്മമാരാണ്. മാസത്തിലൊരിക്കൽ മുറജപവും നടത്തുന്നു. പിതൃക്കൾക്കും നാഗദൈവങ്ങൾക്കുമാണ് ഏറ്റവും കൂടുതൽ ശുദ്ധവും വൃത്തിയും വേണ്ടത്.കുളത്തിൽ മുങ്ങി കുളിച്ചു മാത്രമേ നാലു കെട്ടിൽ പ്രവേശനമുള്ളു. ശൈവ നാഗ സങ്കൽപ്പമായതിനാൽ ആർത്തവ ശേഷം 10 ദിവസം അശുദ്ധിയായി കണക്കാക്കുന്നു .

പൂവൻ പഴം, കദളിപ്പഴം, നെയ് വിളക്ക്, നൂറും‌പാലും ( മഞ്ഞൾപ്പൊടിയും പാലും ) വെള്ള നിവേദ്യം എന്നിവയാണ് പ്രധാന വഴിപാടുകൾ. എല്ലാ ദിവസങ്ങളിലും വഴിപാടായി സർപ്പബലിയുമുണ്ട്. ദൈവജ്ഞരുടെ ചാർത്ത് പ്രകാരം സർപ്പദോഷത്തിനും സർപ്പശാപത്തിന്നുള്ള പരിഹാര ക്രിയകൾ നടത്തിക്കൊടുക്കാൻ നിരവധി പേരാണ് എത്താറുള്ളത്.ചിലർ വഴിപാടായി നാഗപ്രതിമയും മുട്ടകളും കൊണ്ടുവരും. അത് സമർപ്പിക്കാനും സംവിധാനമുണ്ട്. എണ്ണ, ഭസ്മം എന്നിവയാണ് പ്രസാദമായി നൽകുന്നത്. മണ്ഡലകാലത്ത് കൺമഷിയും പ്രസാദമായി കൊടുക്കാറുണ്ട്.



*രമണി അന്തർജനം പേരക്കുട്ടികൾക്കൊപ്പം.*


ക്ക് അനുഗ്രഹിച്ചു കൊണ്ടും അമ്മയോട് തനിക്കു ദിവസവും ഭക്ഷണം തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും വടുക്കിനിയിൽ അന്തർദ്ധാനം ചെയ്തു. ഈ സ്ഥലത്താണ് ഇപ്പോഴുള്ള സർപ്പവിഗ്രഹം.തെക്കിനിയിലെ പുറ്റും സന്തതികൾ ജനിച്ച സൂതികാഗൃഹവുമാണ് പാതിരിക്കുന്നം മനയിലെ സർപ്പ സാന്നിധ്യമുള്ള മറ്റുപ്രധാന സ്ഥലങ്ങൾ.

ആയിരം വർഷങ്ങൾക്കു ശേഷം വീണ്ടും പാതിരിക്കുന്നത്ത് സന്തതികളില്ലാതായി. അങ്ങനെയാണ് മരുമകനായ കുളപ്പുറത്ത് ഉണ്ണിയെ ദത്തെടുത്തത് ദത്തെടുത്താൽ സാധാരണ ദത്തിരുന്ന സ്ഥലത്തെ ഇല്ലപ്പേരിലാണ് അറിയപ്പെടാറ്. ഇപ്പോൾ 13 ഓളം ഗൃഹങ്ങളിലായി ചെറിയ കുട്ടികളടക്കം 54 പേരുണ്ട് പാതിരിക്കുന്നത്ത് മനയിൽ. എല്ലാവരും ഒരേ മനസ്സോടെ നാഗാരാധന നടത്തുന്നു.

രുദ്രൻ നമ്പൂതിരി,രാമൻ നമ്പൂതിരി, ഋഷഭദേവൻ നമ്പൂതിരി എന്നിവരുടെ പിൻമുറക്കാരാണ് ഇന്നു കാണുന്ന കൊളപ്പുറം കുടുംബം. രുദ്രൻ നമ്പൂതിരിയുടെ മൂത്ത മകൻ ജാതവേദൻ നമ്പൂതിരിയാണ് ഇപ്പോഴത്തെ കാരണവർ.സ്ത്രീകളിൽ ഋഷഭദേവൻ നമ്പൂതിരിയുടെ ഭാര്യ ആര്യ അന്തർജനവും. ഈ മൂന്ന് സഹോദരൻമാരുടെ 12 ആൺമക്കളും പേരക്കുട്ടികളും അടങ്ങുന്നതാണ് കുടുംബാംഗങ്ങൾ.ഭൂരിഭാഗവും അദ്ധ്യാപകവൃത്തിയിലാണ്. നല്ല തിരക്ക് മൂലം പലരും വി.ആർ.എസ് എടുത്തിട്ടുണ്ട്.നാരായണൻ നമ്പൂതിരി കോഴിക്കോട്ടു മാതൃഭൂമിയിലെ അക്കൗണ്ട് വിഭാഗത്തിലായിരുന്നു.നീലകണ്ഠൻ നമ്പൂതിരിക്ക് തന്ത്രത്തിനു പുറമേ കാറ്ററിംഗും ദേഹണ്ഡവും ഹോട്ടലുമുണ്ട്. ഇല്ലത്തെ എല്ലാ വിശേഷങ്ങൾക്കും സദ്യവട്ടങ്ങൾ ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

പുതുതലമുറയിൽ മാഷുമാർ മാത്രമല്ല, കെ.എസ്.ഇ.ബിയിൽ ജോലിയുള്ളവരും എഞ്ചിനീയർമാരും ഡോക്ടർമാരും എല്ലാമുണ്ട് . ഹൈദരാബാദിൽ ഐ ടിയിൽ വർക്കു ചെയ്യുന്ന യദുകൃഷ്ണൻ, കോയമ്പത്തൂരിൽ BOSCH ൽ ജോലി ചെയ്യുന്ന അമൽ കൃഷ്ണൻ ദൽഹിയിൽ ഫ്ലോർ ദാനിയേൽ ഇന്ത്യ ലിമിറ്റഡിൽ ഡിസൈൻ എഞ്ചിനീയറായ പ്രവീൺ നാരായണൻ എന്നിവരെല്ലാം തന്ത്രം പഠിച്ചവരും പാരമ്പര്യം കാത്തുസൂക്ഷിക്കുന്നവരുമാണ്.

ഇളമുറക്കാരനായ കെ.എം.കെ പരമേശ്വരൻ ഡിഗ്രി കഴിഞ്ഞ് പഠിച്ചത് ഫിലിം മേക്കിംഗ് ആണ്. പൂനയിലെ ഡിപ്ളോമക്ക് ശേഷം പരമേശ്വരൻ തിരഞ്ഞെടുത്തതോ ഫിലിം ഡയറക്ഷനും. ശ്രീകുമാരമേനോൻ സംവിധാനം ചെയ്ത മോഹൻലാൽ ചിത്രമായ ഒടിയനിലും റസൂൽ പൂക്കുട്ടി ചിത്രമായ സൌണ്ട് ബോക്സിലും സംവിധാന സഹായിയായിരുന്ന പരമേശ്വരന് നല്ലൊരു തുടക്കമാണ് നാഗദൈവങ്ങളുടെ അനുഗ്രഹത്താൽ ലഭിച്ചത്. ഒടിയനിൽ മുഖം കാണിച്ചിട്ടുമുണ്ട് .



*കൊളപ്പുറം ശങ്കരൻ നമ്പൂതിരി*



*കൊളപ്പുറത്തെ കാരണവരായ ജാതവേദൻ നമ്പൂതിരി കുടുംബാംഗങ്ങളോടൊപ്പം*



*കെ.എം.കെ.പരമേശ്വരൻ നടൻ മമ്മൂട്ടിയോടൊപ്പം*



*സ്വസ്തി ചീഫ് എഡിറ്റർ കെ.എം.പരമേശ്വരൻ കൊളപ്പുറം പ്രസാദ് നമ്പൂതിരിക്കൊപ്പം*

ആന ചികിത്സാ രംഗത്തെ പ്രശസ്തയായ നിഭ നമ്പൂതിരി (കോടീരിമന) കൊളപ്പുറം സുരേഷ് നമ്പൂതിരിയുടെ സഹധർമ്മിണിയാണ്.

ചെറിയ കുട്ടിയായാലും 90 കഴിഞ്ഞ വയോധികരായാലും കൊളപ്പുറത്തെ അംഗങ്ങളെല്ലാം കുളിച്ച് പഞ്ചാക്ഷരം ജപിച്ച് വടക്കിനിയിൽ നമസ്ക്കരിച്ച ശേഷമേ ജലപാനം പോലും ചെയ്യാറുള്ളു.ആരുടേയും നിർബന്ധം കൊണ്ടല്ല, ഉള്ളിൽ നിന്ന വരുന്ന വിശ്വാസം കൊണ്ടു തന്നെയാണ് പുതിയ കുട്ടികളും ചിട്ടകൾ നിലനിർത്തുന്നത്.നല്ല തിരക്കുള്ള മണ്ഡലകാലത്തു ലോകത്തെ വിടെയായാലും കുടുംബാംഗങ്ങളെല്ലാം ഇല്ലത്തെത്തും. ഈ ഒരുമ തന്നെയാണ് ഇവരുടെ ശക്തിയും.



*കൊളപ്പുറം സ്ത്രീകളിലെ സീനിയർ ആര്യ അന്തർജനം*




*സൂതികാഗൃഹം*



# കോഴിക്കോട്ടും ഒരു കൊളപ്പുറം

വടക്കൻ ജില്ലക്കാർക്ക് കൊളപ്പുറം എന്നാൽ ചേവരമ്പലം അരുളപ്പാട് ക്ഷേത്രത്തിനടുത്തുള്ള നാരായണൻ നമ്പൂതിരിയുടെ ഇല്ലമാണ് . തൃശൂർ ബ്രഹ്മസ്വം മഠത്തിൽ നിന്ന് 5 വർഷം കൊണ്ട് ഋഗ്വേദം ഹൃദിസ്ഥമാക്കിയ നാരായണൻ നമ്പൂതിരി പിന്നീട് എം.എസ്.സി മാത്തമാറ്റിക്സ് പാസായി. കോഴിക്കോട് മാതൃഭൂമിയിൽ 37 വർഷത്തെ സർവീസിനൊടുവിൽ 2018 ൽ ചീഫ് അക്കൗണ്ടന്റായി റിട്ടയർ ചെയ്തു.

ജോലിയിലും തന്ത്രത്തിലും കണിശക്കാ രനായ നാരായണൻ നമ്പൂതിരിയാണ് ഈ പ്രദേശങ്ങളിലെ ഭൂരിഭാഗം സർപ്പബലി, നാഗ പ്രതിഷ്ഠ തുടങ്ങിയവ നടത്തിക്കൊണ്ടിരിക്കുന്നത്. 7 വർഷം കോഴിക്കോട് ജില്ലാ യോഗക്ഷേമസഭയുടെ സെക്രട്ടറിയായിരുന്നു. ഇപ്പോൾ വൈസ് പ്രസിഡണ്ടാണ്. ഭാര്യ ഗരുഡത്ത് മഹൾ പ്രസന്ന പി. ഡബ്ലിയു.ഡി യിൽ നിന്ന് ഫസ്റ്റ് ഗ്രേഡ് ഓവർസിയറായി റിട്ടയർ ചെയ്തു. മകൻ പ്രവീൺ നാരായണൻ ഡൽഹിയിൽ ഡിസൈൻ എഞ്ചിനീയറാണ്. പട്ടല്ലൂർ മനയിൽ നിന്നാണ് വിവാഹം കഴിച്ചത്. മകൾ അപർണ്ണയുടെ ഭർത്താവ് ദുബായിലെ എണ്ണക്കമ്പനിയിൽ എഞ്ചിനീയറായ അഷ്ടത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി. രണ്ടു പേരക്കുട്ടികളുണ്ട്

ഋഗ്വേദ മുറജപത്തിനോ, ഗണപതിഹോമ പൂജാദികർമ്മങ്ങൾക്കോ, നാഗപൂജകൾക്കോ എന്തിന് എക്കൌണ്ടൻസി സംബന്ധമായ ആവശ്യങ്ങൾക്കും വിളിക്കാം നാരായണൻ നമ്പൂതിരിയെ. Mob 9446213362.

# സർപ്പക്കാവുകൾ

കേരള സംസ്കാരത്തനിമയുടെ അടയാളങ്ങളാണ് നാഗാരാധനയും പാമ്പിൻ കാവുകളും. പാതിരിക്കുന്നത്തു മനയിൽത്തന്നെ രണ്ടു ഏക്കറിൽ പരന്നു കിടക്കുന്ന സർപ്പക്കാവുണ്ട്. ഇടതൂർന്ന വലിയ വൃക്ഷങ്ങളും ,ചിത്രകൂടകല്ലുകളും, നാഗ പ്രതിമകളും അലൗകികമായ ഒരു ആത്മീയാനുഭൂതി പ്രദാനം ചെയ്യുന്നു. നമുക്ക് നാലു കെട്ടുപോലെയാണ് നാഗങ്ങൾക്ക് ചിത്രകൂടകല്ല്. കാവിന്റെ സംരക്ഷണം വളരെ എളുപ്പമാണ്. വിളക്കു വെക്കരുത് ( കത്തിച്ച തിരി മാത്രം,) ചന്ദനത്തിരി കർപ്പൂരം വേണ്ട', കാവ് അടിച്ചുവാരരുത് (ഈർക്കിൽ കൊണ്ട് മുട്ടകൾ പൊട്ടിയാലോ) എന്നിങ്ങനെയാണ് ചിട്ടകൾ. വർഷത്തിൽ ഒരിക്കൽ മാത്രം മതി നാഗത്തിന് പൂജ.

പുതിയ കാലഘട്ടത്തിൽ കാവുകളെ വെട്ടിനിരത്തി വീടു വെക്കുക, വൻ മരങ്ങൾ വെട്ടി വിൽക്കുക, അവകാശികൾ ഇല്ലാത്തവയോ, ചുളുവിലക്ക് കിട്ടിയതോ ആയ കാവുകൾ വാസസ്ഥലമാക്കി മാറ്റുക എന്നീ ലക്ഷ്യേളോടെ പലരും കാവുമാറ്റത്തിനായി വരാറുണ്ട്. ഇത്തരം പ്രവൃത്തികൾ പലതും ഏഴു തലമുറ വരെ നീണ്ടുനിൽക്കുന്ന സർപ്പകോപത്തിന് വഴി



*വാസുകി അന്തർദ്ധാനം ചെയ്ത വടക്കിനിക്ക് മുന്നിൽ*

വെക്കാം. പാതിരിക്കുന്നത്ത് മനയിൽ ആവാഹിച്ചു കൊണ്ടുവരാറില്ല. കാവു മാറ്റം എന്നത് ഒരു ഉപരിതല പ്രക്രിയ മാത്രമാണ് . ആവാഹിച്ചു മാറ്റിയാലും സർപ്പസാന്നിദ്ധ്യം ഇല്ലാതാവുന്നില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു ഈ മനക്കാർ. ഉത്തമമാ യിട്ടുള്ളത്(അത്യാവശ്യമാണെങ്കിൽ മാത്രം) പരിഹാരക്രിയകൾ ചെയ്തു കാവിന്റെ വിസ്തൃതി കുറക്കുക എന്നതാണ്. പറമ്പിലും വീട്ടിനുള്ളിൽ പോലും നാഗപ്പുറ്റ് കാണപ്പെടുന്നത് സർപ്പസാന്നിദ്ധ്യമായി കണക്കാക്കാവുന്നതാണ്

വിളിച്ചാൽ വിളി കേൾക്കുന്ന നാഗമൂർത്തിയാണ് പാതിരിക്കുന്നത്തേത്. അനുഭവ സാക്ഷ്യങ്ങളാണ് ആളുകളെ ഇവിടേക്ക് എത്തിക്കുന്നത്. ഒരു ബോർഡ് പോലും വച്ചിട്ടില്ലാത്ത ഈ ഇല്ലത്തേക്ക് ദിവസേന ആയിരങ്ങൾ വരുന്നത് വിശ്വാസം കൊണ്ടു മാത്രമാണ്. ഇല്ലത്തുള്ള എല്ലാവരും തന്നെ ഇല്ലപ്പഴമയിലും ഇല്ലത്തെ ആചാരങ്ങളിലും പ്രത്യേക അനുഷ്ഠാനങ്ങളിലും നിഷ്ഠയുള്ളവരാണ്. ആരെയും ബോധിപ്പിക്കാനായി ഒന്നും ചെയ്യുന്നില്ല. നിഷ്ഠയുടെ പുറത്താണ് എല്ലാ കർമ്മങ്ങളും. അതുകൊണ്ടു തന്നെ വിശ്വസിച്ചെത്തുന്നവർക്ക് ഫലസിദ്ധി ഉണ്ടാവുകയും ചെയ്യുന്നു.

സൽസന്താനങ്ങളുണ്ടാവാനും, അവരുടെ ഐശ്വരത്തിനും, ത്വക്ക് രോഗങ്ങൾ മാറുന്നതിനും ഒക്കെയാണ് ഭൂരിപക്ഷം പേരുമെത്തുന്നത്. പ്രാർത്ഥിച്ചു സന്താന



*ദേശക്ഷേത്രമായ അയ്യപ്പൻകാവ്*



*നാഗാഞ്ജലി ഓഡിയോ സി.ഡി. പ്രകാശനച്ചട ങ്ങിൽ പ്രശസ്ത സിനിമാതാരം മഞ്ജു വാര്യർ*

# നാഗകീർത്തി പുരസ്ക്കാരം

2012 മുതലാണ് മനയിൽ സാംസ്കാരിക സമ്മേളനവും നാഗകീർത്തി പുരസ്കാര സമർപ്പണവും തുടങ്ങിയത്. താന്ത്രിക, വേദ,കലാസാഹിത്യ, സാംസ്കാരിക മേഖലകളിലെ പ്രഗല്ഭരെ ആദരിക്കുന്ന ചടങ്ങാണിത്. അകത്തേകുന്നത്ത് കൃഷ്ണൻ നമ്പൂതിരി, ഡോ കെ എം ജെ നമ്പൂതിരി , ഡോ എൻ പി വിജയകൃഷ്ണൻ എന്നിവരടങ്ങുന്ന സമിതിയാണ് ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. 10001 രൂപയും പ്രശസ്തി ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

2012 ചാലക്കുടി പടുതോൾ നീലകണ്ഠൻ നമ്പൂതിരിപ്പാട് (വേദം), അഴകത്ത് ശാസ്തൃശർമ്മൻ നമ്പൂതിരിപ്പാട് (തന്ത്രം), കുറുമാപ്പള്ളി കേശവൻ നമ്പൂതിരി (സാഹിത്യം)

ആർട്ടിസ്റ്റ് നമ്പൂതിരി ,വി കെ ശ്രീരാമൻ, പി ആർ നാഥൻ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

2013 നാരായണമംഗലത്ത് അഗ്നി ശർമ്മൻ നമ്പൂതിരിപ്പാട് (വേദം), പുലിയന്നൂർ അനുജൻ നീലകണ്ഠൻ നമ്പൂതിരിപ്പാട് (തന്ത്രം), നെല്ലിയോട് വാസുദേവൻ നമ്പൂതിരി (കല കഥകളി) തൃശൂർ തെക്കേമഠം സ്വാമികൾ, ബാബു നമ്പൂതിരി, എം. പി. സുരേന്ദ്രൻ, എം.വി.സുമേൻ തുടങ്ങിയവർ പങ്കെടുത്തു.


**2014** വടക്കേടത്ത് മല്ലിശ്ശേരി രാമൻനമ്പൂതിരി (വേദം), അണ്ടലാടി ശങ്കരൻ നമ്പൂതിരിപ്പാട് (തന്ത്രം), മണപ്പുഴ രാമൻ നമ്പൂതിരി (ജ്യോതിഷം) കെ.സി നാരായണൻ, ചീഫ് സെക്രട്ടറി ഭരത് ഭൂഷൺ, പാലക്കാട് തൃശൂർ ജില്ലകളിലെ കളക്ടർമാർ എന്നിവർ പങ്കെടുത്തു. സുദീപ് പാലനാട് സംഗീത സംവിധാനം നിർവഹിച്ച നാഗാഞ്ജലി നാഗകീർത്തനങ്ങൾ എന്ന ഓഡിയോ സി ഡി പ്രശസ്ത നടി മഞ്ജു വാര്യർ പ്രകാശനം ചെയ്തു. ഇതിന്റെ മൂന്നാമത്തെ പതിപ്പും വിറ്റുതീർന്നു .

**2015** മുണ്ടായ തിരുത്തിമുക്ക് മനയിൽ ശങ്കരനാരായണൻ നമ്പൂതിരി (വേദം), ഈക്കാട്ടു മനക്കൽ നാരായണൻ നമ്പൂതിരിപ്പാട് (തന്ത്രം), പദ്മശ്രീ പി.കെ. ഹരിനാരായണൻ നമ്പ്യാർ (കൂടിയാട്ടം ) ആലങ്കോട് ലീലാകൃഷ്ണൻ, ജയരാജ് വാരിയർ എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു.

**2016** പട്ടിക്കാട്ട് മേലേടത്ത് മനക്കൽ കൃഷ്ണൻ നമ്പൂതിരി (വേദം), പൂന്തോട്ടത്തിൽ പുടയൂർ പാണ്ഡുരംഗൻ നമ്പൂതിരിപ്പാട് (തന്ത്രം), കെ ബി ശ്രീദേവി (സാഹിത്യം) എന്നിവർ പുരസ്കൃതരായി. മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി, മാടമ്പ് കുഞ്ഞിക്കുട്ടൻ, ബി കെ ഹരിനാരായണൻ, അണ്ടലാടി ശങ്കരൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ പങ്കെടുത്തു.

**2017** അണി മംഗലം വാസുദേവൻ നമ്പൂതിരി (വേദം), തൃപ്പൂണിത്തുറ കല്ലൂർ കുമാരസ്വാമി നമ്പൂതിരിപ്പാട് (തന്ത്രം), പാലനാട് ദിവാകരൻ നമ്പൂതിരി (കഥകളി സംഗീതം )

**2018** കോതമംഗലം വാസുദേവൻ നമ്പൂതിരി (വേദം), പെരുമ്പിളിശ്ശേരി പടിഞ്ഞാറേടത്ത് കെ.പി.സി വിഷ്ണു ഭട്ടതിരിപ്പാട് (തന്ത്രം), എസ് രമേശൻ നായർ (സാഹിത്യം) സിനിമാ നടൻ ദേവൻ, ഡോ പാലക്കീഴ് നാരായണൻ, അണ്ടലാടി പരമേശ്വരൻ, പ്രകാശ് കുറുമാപ്പള്ളി തുടങ്ങിയവർ പങ്കെടുത്തു.





കെ.എം.കെ. പരമേശ്വരൻ മോഹൻലാലടങ്ങുന്ന ഒടിയൻ ടീമിനോടൊപ്പം

പരേതനായ രാമൻ നമ്പൂതിരി

മുണ്ടായി ഇവിടെ തൊഴുവിക്കാൻ കൊണ്ടുവരുന്നവർ അനവധിയാണ്. ചിലർ എല്ലാ വർഷവും മുടങ്ങാതെ ഇവിടെ എത്തുന്നു. കുഞ്ഞിന്റെ പിറന്നാൾ ദിവസം പ്രത്യേക വഴിപാട് കഴിക്കുന്നു. കഠിനമായ ത്വക് രോഗങ്ങളും ജപിച്ച എണ്ണലേപനം കൊണ്ട് മാറിയവരുണ്ട്.ഇതര മതസ്ഥരും പള്ളികളിൽ നിന്നും മറ്റും പറഞ്ഞയക്കുന്നവരും ഇവിടെയെത്തുന്നത് അനുഭവത്തിന്റെ സാക്ഷ്യപ്പെടുത്തലിൽ നിന്നാണ്.

കേരളത്തിൽ നിന്നു മാത്രമല്ല അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ഇവിടെ വിശ്വാസികൾ എത്താറുണ്ട്.പല യൂനിവേഴ്സിറ്റികളിൽ നിന്ന് ഗവേഷണ ആവശ്യങ്ങൾക്കും കുട്ടികളെത്താറുണ്ട്.

സാമൂതിരി രാജാവ് ഒരിക്കൽ ഇവിടത്തെ നാഗത്തെ കാണിച്ചു തരാമോ എന്ന് ചോദി

## ആരാധനാക്രമം

ആദ്യം തൊഴേണ്ടത് ദേശ ക്ഷേത്രത്തിലെ അയ്യപ്പനെയാണ്. അതു കഴിഞ്ഞ് അടുത്തു തന്നെയുള്ള രണ്ട് സർപ്പക്കാവുകളിലും തൊഴണം. പിന്നീട് കാലും മുഖവും കഴുകി പ്രധാന നാഗസാന്നിദ്ധ്യമായ വടക്കിനിയിലും തെക്കുഭാഗത്തുള്ള സൂതികാഗൃഹത്തിലും തൊഴണം. പൂമുഖത്തിരിക്കുന്ന തിരുമേനി വശം വഴിപാടുകൾ ശീട്ടാക്കാം. കുളിച്ചു ശുദ്ധമായി വരുന്നവർക്ക് ഷർട്ടിടാതെ പുറത്തളത്തിൽ നിന്നു തൊഴാം.ഇവിടത്തെ കുളത്തിൽ മുങ്ങിക്കുളിച്ച് ശുദ്ധമായി വരുന്ന പൂജാധികാരികളായ ബ്രാഹ്മണർക്കും അന്തർജനങ്ങൾക്കും സർപ്പബലി നടക്കുന്ന വടക്കിനി വരെ പ്രവേശനമുണ്ട്.

കന്നിമാസത്തിലെ ആയില്യത്തിനും (ഇവിടത്തെ നാഗദൈവത്തിന്റെ ജന്മദിനം) മണ്ഡലം 41 ദിവസവും ആണ് ഏറ്റവും വിശേഷപ്പെട്ടത്. പതിനായിരക്കണക്കിന് ആളുകൾ ഈ കാലങ്ങളിൽ തൊഴാൻ വരാറുണ്ട് .ഞായറാഴ്ചകളിലും ഒഴിവു ദിവസങ്ങളിലും നല്ല തിരക്കു തന്നെ . സാധാരണ ദിവസങ്ങളിൽത്തന്നെ ആയിരം മുതൽ അയ്യായിരം വരെ ആളുകൾ ദർശനത്തിനെത്താറുണ്ട്. ദർശനത്തിനെത്തുന്നവരിൽ പകുതിയിലേറെപ്പേരും അന്യമതസ്ഥരാണെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. മണ്ഡലകാലത്ത് വരുന്നവർക്കെല്ലാം പ്രസാദ ഊട്ടുമുണ്ട്. കൌണ്ടറിൽ നിന്നും ലഭിക്കുന്ന നിവേദ്യ ചോറ്, സംഭാരം, ഉപ്പിലിട്ടത് എന്നിവയാണ് വിഭവങ്ങൾ. മണ്ഡലത്തിൽ ഒരു ദിവസം സദ്യയും പതിവുണ്ട്.

ച്ചുവത്രെ . പാതിരിക്കുന്നത്തെ കാരണവർ ' അതു വേണോ;' എന്ന ചോദിച്ചെങ്കിലും നിർബന്ധത്തിനു വഴങ്ങി സമ്മതിച്ചു. വടക്കിനിയിൽ നിന്ന് പ്രാർത്ഥിച്ച കാരണവരുടെ അരികിൽ കൂടി ഇഴഞ്ഞു നീങ്ങയ സർപ്പം ഇല്ലത്തിനു മൂന്ന് ചുറ്റിയിട്ടും വാൽ കണ്ടില്ലത്രെ. തെറ്റു സമ്മതിച്ച സാമൂതിരി ക്ഷമാപണം നടത്തി വഴിപാടുകൾ കഴിച്ചാണ് പോയതെന്നത് പഴയ കഥകളിലൊന്ന്.

**കൊളപ്പുറം നാരായണൻ നമ്പൂതിരി**
**മൊബൈൽ 9446213362** ❐





മിനിക്കഥ

**ശാംഭവി മൂസത്**

# ഇവൾ വസുന്ധര

**ഹൃ**ഷീകേശ് ഒരു ബൃഹദ് ഗ്രന്ഥത്തിന്റെ പണിപ്പുരയിലാണ്. അത് കുറ്റമറ്റതാവണം. ഉപകാരപ്രദമാവണം.സർവോപരി എക്കാലവും നിലനിൽക്കുന്നതുമാവണം.

സംഗതി നടക്കും. അവൻ പ്രതിഭാധനനാണ്. ഭാവനാ സമ്പന്നനാണ്. സദാസമയവും എഴുത്തുമുറിയിൽ തന്നെ. പുറത്തേക്ക് വരുന്നേയില്ല അവൻ.

എപ്പോഴും ഇങ്ങനെ എഴുത്തു മുറിയിലായാൽ. അച്ഛന് പരിഭ്രമമായി. ഒരേ ഒരു സന്തതിയാണ്. വിവാഹം കഴിപ്പിക്കണം.അല്ലെങ്കിൽ കുടുംബം അന്യം നിൽക്കും.

എപ്പഴോ അവൻ എഴുത്തുമുറിയിൽ നിന്ന് പുറത്തു വന്നു.

നേരിൽ കണ്ടു കിട്ടിയപ്പോൾ അച്ഛൻ കാര്യം പറഞ്ഞു. അച്ഛനെ ധിക്കരിക്കാൻ വയ്യ. മനസ്സില്ലാ മനസ്സോടെ വിവാഹത്തിന് സമ്മതിച്ചു.അങ്ങനെ ധർമ്മപത്നിയെത്തി. ആ വീട്ടിൽ വസന്തത്തിന്റെ സുഗന്ധം.

പക്ഷേ, അവന്റെ മനസ് ഗ്രന്ഥത്തിലായിരുന്നു. ശരീരവും ഗ്രന്ഥപ്പുരയിലേക്ക് പ്രവേശിച്ചു. ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ.... എത്ര കടന്നു പോയെന്ന് കണക്കില്ല .

അവസാനം ഗ്രന്ഥം പൂർത്തിയായി.എഴുത്തുപുരയിൽ നിന്ന് പുറത്തു വന്നു. സൃഷ്ടി അച്ഛന്റെ കാൽക്കൽ വച്ച് നമസ്കരിച്ചു. അവശനായ അച്ഛൻ വിറയ്ക്കുന്ന കൈകൾശിരസ്സിൽ വച്ച് അനുഗ്രഹിച്ചു.അയാളുടെ കാഴ്ച മങ്ങിത്തുടങ്ങിയിരുന്നു. എങ്കിലും അയാൾ കണ്ടു.മകന്റെ മുടിയിഴകൾ നരച്ചിരിക്കുന്നു.

മദ്ധ്യവയസ്സു കഴിഞ്ഞ ഒരു സ്ത്രീ വന്നു. കത്തിച്ച നിലവിളക്കുമായി.ആ വെളിച്ചത്തിൽ അവൻ കണ്ടു. ചരടിൽ കോർത്ത ഒരു മംഗല്യ സൂത്രം.

'ആരിവൾ?' അവന്റെ അപരിചിത ഭാവം കണ്ട അച്ഛൻ പറഞ്ഞു.

'നീ അഗ്നിസാക്ഷിയായി വേളി കഴിച്ച ധർമ്മ പത്നി. ഈ വീടിന്റെ വിളക്ക്.' അയാൾ മകനോടു പറഞ്ഞു.

അവന്റെ കണ്ണിൽ ഇരുട്ടു കയറി.

'ഈ സായംകാലത്ത് ഞാൻ ഇവൾക്കെന്ത് കൊടുക്കും? അച്ഛാ ഇവളുടെ പേരു പോലും....'

പൂർത്തിയാക്കുന്നതിനു മുമ്പ് അച്ഛൻ പറഞ്ഞു. 'വസുന്ധര.സർവം സഹയായ ഭൂമിയുടെ പേര്!'

ഇവളായിരുന്നോ സമയാസമയങ്ങളിൽ തന്റെ മുറിയിൽ ഭക്ഷണം ഒരുക്കി വച്ചിരുന്നത്. ചുളിഞ്ഞു പോയ കിടക്കവിരികൾ കുടഞ്ഞു വിരിച്ചിരുന്നത്.നിഴലു കൊണ്ടു പോലും എഴുത്തിന് അലോസരം സൃഷ്ടിക്കാതിരുന്നത്.

ഈശ്വരാ ഏതു ഗംഗയിലാണ് മുങ്ങേണ്ടത്. ഇവളുടെ മുമ്പിൽ ഈ കലാസൃഷ്ടി എത്ര നിഷ്പ്രഭം? ഇവളുടെ പേരിലറിയപ്പെടട്ടെ ഈ മഹദ്ഗ്രന്ഥം വസുന്ധര! ഇദം ന മമ!! മൊബൈൽ 9388008770 ❐

- ചെസ്സിൽ വിശ്വനാഥൻ ആനന്ദിനൊരു പിൻഗാമി
- 13 വയസിൽ രണ്ട് റെക്കോർഡ്ഡുകൾക്ക് ഉടമ
- ഏഷ്യൻ സ്കൂൾ ചെസ് ചാമ്പ്യൻഷിപ്പിൽ ഇരട്ട സ്വർണ്ണം
- ഗ്രാൻറ് മാസ്റ്റർ പദവിക്ക് ഇനി പോയിന്റ് മാത്രം മതി



# നമ്പൂതിരിമാരുടെ സ്വന്തം ഗ്രാന്റ് മാസ്റ്റർ

അമ്മാത്തെ വെടിവട്ടത്തിന് ഒരു യുദ്ധത്തിന്റെ ഭാവമായിരുന്നു. സേനാ വ്യൂഹം ചമച്ച് ഇരു പക്ഷത്തായി ബന്ധുജനങ്ങൾ. കാലാൾപ്പടയും കുതിരപ്പടയും ആനപ്പടയും. മന്ത്രിയും രാജാവും പരസ്പരം വെട്ടിവീഴ്ത്തി. ഘോരയുദ്ധം കണ്ട് അന്തിച്ചിരുന്ന ഒരു മൂന്ന് വയസുകാരനോട് ആരോ പറഞ്ഞു ഇതാണ് ചതുരംഗം. മുത്തശ്ശിയെ പറ്റിക്കിടന്ന് മഹാഭാരതകഥ കേട്ടുറങ്ങുമ്പോൾ മനസിൽ കയറിക്കൂടിയ ആ വാക്ക് അന്നവനോട് ചെക്ക്മേറ്റ് പറഞ്ഞു.

പിന്നീട് ഊണുറക്കങ്ങൾ ഈ ചതുരപ്പലകയ്ക്ക് ചുറ്റിലുമായി.ചെസ്സിൽ ഇന്നും തകർക്കപ്പെട്ടിട്ടില്ലാത്ത രണ്ട് റെക്കോർഡ്ഡുകൾക്ക് ഉടമയായ അഭിഷേക് ഏക്കോട് എന്ന ചാമ്പ്യന്റെ പിറവിയായിരുന്നു കോഴിക്കോട് കണ്ടമംഗത്ത് അന്ന് ചതുരംഗക്കളത്തിനു മുന്നിൽ നടന്നത്.

**ലോക ചെസ് സംഘടനയായ ഫിഡെയുടെ റേറ്റിങ്ങിൽ 2178 ആണ് അഭിഷേകിന്റെ സ്ഥാനം! ഗ്രാൻറ് മാസ്റ്റർ പദവിക്ക് വേണ്ട 2500 പോയിന്റിന് കേവലം 322 പോയിന്റ് മാത്രം പിറകിൽ!!**

ആ കരുനീക്കങ്ങൾ മൂന്ന് വയസുകാന്റെ മനസ്സിൽ കയറിക്കൂടി.അമ്മ ചെസ്സിലെആദ്യ ഗുരുവായി .അച്ഛൻ ആദ്യകാണിയും. പെട്ടെന്ന് പഠിച്ചെടുത്ത കരുനീക്കങ്ങൾ അഭിഷേകിനെ കരുത്തനായ പോരാളിയാക്കി. അഭിനിവേശം അടക്കാനാവാതെ വന്നപ്പോൾ പറ്റിയ ഒരു കളിക്കൂട്ട് ആവശ്യമായി. പിന്നെ താമസിച്ചില്ല; വല്യച്ഛന്റെ മകൾ ഹരിതയെ ചെസ് പഠിപ്പിച്ച് ആ മൂന്നു വയസുകാരൻ കൂട്ടുകാരിയും എതിരാളിയുമാക്കി! നിത്യേന നൂറും ഇരുന്നൂറും കളികൾ!!

കുഞ്ഞുങ്ങളുടെ കളിയാവേശം രക്ഷിതാക്കളെയും ബാധിച്ചു.അച്ഛൻ ഒരു സമ്മാനം പ്രഖ്യാപിച്ചു.കളികൾക്ക് ഒരു മത്സര സ്വഭാവം കൈവരാൻ. ഒറ്റ ദിവസം കൊണ്ട് നൂറ് കളി ജയിക്കുന്നവർക്ക് സമ്മാനം. പിന്നത്തെ കളി നേരമ്പോക്കല്ലാതായി.വാശിയേറിയ യുദ്ധമായി ഓരോ കരുനീക്കവും. തകർപ്പൻ പോരാട്ടങ്ങൾ. പല ദിവസങ്ങളിലും ജയപരാജയങ്ങൾ മാറിമറിഞ്ഞു. പക്ഷേ ചാമ്പ്യൻ ജനിക്കാൻ അധികം വൈകിയില്ല. നൂറു ജയങ്ങൾ എന്ന മാന്ത്രിക സംഖ്യ ലിറ്റിൽ മാസ്റ്റർ കയ്യെത്തിപ്പിടിച്ചു.

അച്ഛൻ പ്രഖ്യാപിച്ച സമ്മാനം അഭിഷേകിന് കിട്ടി. ഒരു ഗ്ലോബ്. ലിറ്റിൽ ചാമ്പ്യന് ലഭിച്ച ആദ്യസമ്മാനം. ഈ ഭൂമി തന്നെ പടവെട്ടിപ്പിടിക്കാനുള്ള ഒരു വലിയ സന്ദേശം. അതാണ് ആ കുഞ്ഞിനെ ഏഷ്യൻ സ്കൂൾ ചെസ് ചാമ്പ്യൻഷിപ്പിൽ വരെ സ്വർണ്ണമണിയിച്ചത്.അഭിഷേക് എന്ന ചാമ്പ്യന്റെ തുടക്കമിങ്ങിനെ.

പിന്നെ പൂമുഖപ്പടിയിൽ നിന്ന് കളിയിടം വലുതാവാൻ തുടങ്ങി. രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ ആദ്യത്തെ ചെസ് ടൂർണ്ണമെന്റിൽ പങ്കെടുത്തു. അമ്മാമൻ കണ്ടമംഗലം സതീഷ് നാരായണൻ നമ്പൂതിരിയുടെ പ്രേരണയിൽ. കോഴിക്കോട് ജില്ലാ ചെസ് ചാമ്പ്യൻഷിപ്പിലെ അണ്ടർ 8 വിഭാഗത്തിൽ. ആദ്യ ചാമ്പ്യൻഷിപ്പിൽത്തന്നെ സ്വർണ്ണം.

കളി കാര്യമാവുകയാണെന്ന് അപ്പോൾ മാത്രമാണ് രക്ഷിതാക്കൾക്കും ബോധ്യം വന്നത്. പ്രൊഫഷണലായി പരിശീലനം നൽകാൻ പറശിനി സ്വദേശിയായ കോച്ച് മോഹനൻ മാസ്റ്ററുടെ കീഴിൽ പഠനം. കോച്ചിന്റെ കീഴിൽ കൂടുതൽ കരുത്തനായി. കുറേയേറെ ടൂർണ്ണമെന്റുകളിൽ ആ കാലത്ത് ചാമ്പ്യനുമായി.

ചെസ് കൂടുതൽ പ്രൊഫഷണലാകുന്ന ഇക്കാലത്ത് താൽക്കാലിക കോച്ച് എന്നതിന് പകരം ഒരു മുഴുവൻ സമയ കോച്ച് വേണ്ടത് അനിവാര്യമായപ്പോളാണ് കണ്ണൂർ സ്വദേശി പ്രൊഫ.വി.കെ ബാലകൃഷ്ണൻ സ്ഥിരം

പരിശീലകനായത്. പിന്നീട് ഗ്രാഫ് ഉയർന്നുകുത്തനെ.

ഒൻപതാം വയസിൽ കണ്ണൂർ ജില്ലാ സീനിയർ ചാമ്പ്യൻഷിപ്പിൽ കിരീടമണിഞ്ഞ് ആദ്യത്തെ റെക്കോർഡ്. കേരളത്തിൽ ഒരു ജില്ലാ സീനിയർ ചാമ്പ്യൻഷിപ്പിൽ കിരീടം നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം. ഇന്നും ആരുമത് തകർത്തിട്ടില്ല.

13 വയസിൽ സ്ഥാപിച്ച രണ്ട് റെക്കോഡുകൾ കൂടിയുണ്ട് തകർക്കപ്പെടാത്തത്.സംസ്ഥാന സീനിയർ ചെസ് ചാമ്പ്യൻഷിപ്പിൽ ക്ലാസിക്ക്, റാപ്പിഡ് വിഭാഗങ്ങളിൽ കിരീടമണിഞ്ഞ ഏറ്റവും പ്രായം കുറഞ്ഞ താരം. പിന്നെ കേരളത്തെ പ്രതിനിധീകരിച്ച് തുടർച്ചയായി 7 വർഷം ദേശീയ ചെസ് ചാമ്പ്യൻഷിപ്പുകളിൽ നിരവധി സമ്മാനങ്ങൾ .

ആറാം ക്ലാസിൽ പഠിക്കുമ്പോൾ ഏഷ്യൻ സ്കൂൾ ചെസ് ചാമ്പ്യൻഷിപ്പിൽ നേടിയ ഇരട്ട സ്വർണ്ണമാണ് (വ്യക്തിഗതത്തിലും ടീം ഇനത്തിലും ) ഏറ്റവും മികച്ച നേട്ടം. 2012ൽ സ്ലൊവേനിയയിൽ നടന്ന ലോക യൂത്ത് ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത്അഭിഷേക്!

ലോക ചെസ് സംഘടനയായ ഫിഡെയുടെ റേറ്റിങ്ങിൽ 2178 ആണ് അഭിഷേകിന്റെ സ്ഥാനം! ഗ്രാൻറ് മാസ്റ്റർ പദവിക്ക് വേണ്ട 2500 പോയിന്റിന് കേവലം 322 പോയിന്റ് മാത്രം പിറകിൽ!!

പക്ഷേ, കരിയറിന്റെ ഏറ്റവും ഉന്നത

**13 വയസിൽ സ്ഥാപിച്ച രണ്ട് റെക്കോഡുകൾ കൂടിയുണ്ട് തകർക്കപ്പെടാത്തത്. സംസ്ഥാന സീനിയർ ചെസ് ചാമ്പ്യൻഷിപ്പിൽ ക്ലാസിക്ക്, റാപ്പിഡ് വിഭാഗങ്ങളിൽ കിരീടമണിഞ്ഞ ഏറ്റവും പ്രായം കുറഞ്ഞ താരം.**

മായ അവസ്ഥയിൽ നിൽക്കുമ്പോൾ വളരെ സുപ്രധാനമായ ഒരു പ്രതിസന്ധി കൂടി ഉടലെടുക്കുകയായിരുന്നു ചാമ്പ്യൻ പ്ലെയറിനു മുന്നിൽ. പത്താംതരം കഴിഞ്ഞു. ചെസ്സെന്ന കരിയർ വേണോ പഠനം വേണോ എന്ന ചോദ്യമുയർന്നു. ഏറെ വേദനയോടെ അഭിഷേക് ആ തീരുമാനമെടുത്തു, കരിയറിന് തൽക്കാലം ഒരു വിരാമമിട്ട് പഠനത്തിൽ ശ്രദ്ധയൂന്നി.

അതിന് ഉഗ്രൻ ഫലവുമുണ്ടായി.പ്ലസ് ടു കഴിഞ്ഞ് ഇപ്പോൾ തിരുവനന്തപുരത്ത് ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻറ് ടെക്നോളജിയിൽ (ഐ.ഐ.എസ് .ടി ) എഞ്ചിനീയറിംഗ് ഫിസിക്സിൽ രണ്ടാം വർഷ ബി.ടെക് വിദ്യാർത്ഥിയാണ്. 13 ലക്ഷം കുട്ടികൾ എഴുതുന്ന ജീ മെയിൻ റാങ്ക് ലിസ്റ്റിലെ ജനറൽ മെറിറ്റിൽ നിന്ന് നൂറോളം പേരേ അവിടെ എത്താറുള്ളൂ.

പ്രതിമാസം 5000രൂപ സ്കോളർഷിപ്പ് ഇങ്ങോട്ട് ലഭിക്കും! കോഴ്സ് കഴിഞ്ഞാൽ കേന്ദ്രസർക്കാർ ജോലിയും!! 5 വർഷത്തെ ഇന്റഗ്രേറ്റഡ് കോഴ്സ് ആയതിനാൽ എം.ടെക് കൂടി ഈ പഠന കാലയളവിൽ പൂർത്തിയാകും.

ചെസ് എന്ന എലീറ്റ് ക്ലാസ് ഗെയ്മിൽ നിറഞ്ഞ് നിൽക്കാൻ വേണ്ട ഭീമമായ ചെലവുണ്ട്.. ഒരു മിഡിൽ ക്ലാസ് നമ്പൂതിരി കുടുംബത്തിന് എളുപ്പമല്ല അത്.അന്താരാഷ്ട്ര കോച്ചിംഗ് വേണം.തുടർച്ചയായ അന്താരാഷ്ട്ര മത്സരങ്ങളുടെ അനുഭവസമ്പത്തും ലഭിക്കണം. അതിന് സ്പോൺസർഷിപ്പ് അനിവാര്യമാണ്. ആരെങ്കിലും സ്പോൺസറായി വരുമെന്ന പ്രത്യാശയിലാണ് നമ്പൂതിരിമാരുടെ സ്വന്തം ഗ്രാന്റ് മാസ്റ്റർ. വിശ്വനാഥൻ ആനന്ദിന് നമ്പൂതിരിമാർക്കിടയിൽ നിന്നൊരു പിൻഗാമിയാകട്ടെ .

കണ്ണൂരിലെ മയ്യിൽ ഏക്കോട്ട് ഇല്ലത്തെ വിനോദ് നമ്പൂതിരിയുടേയും, കോഴിക്കോട് കണ്ടമംഗലത്തെ പ്രീത അന്തർജനത്തിന്റേയും രണ്ട് മക്കളിൽ മൂത്തയാളാണ്. കുറ്റ്യാട്ടൂർ സ്കൂളിൽ അദ്ധ്യാപകനാണ് വിനോദ് നമ്പൂതിരി.പ്രീത പട്ടാന്നൂർ കെ.പി.സി ഹയർ സെക്കൻഡറി സ്കൂളിലും.അനിയൻ അഭിനന്ദ് കഴിഞ്ഞ വർഷം മികച്ച ബാലതാരത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ അഭിനേതാവാണ്.മൊബൈൽ: 8075732274 ❐



**ഇംഗ്ലീഷിൽ പുസ്തകം പ്രസിദ്ധീകരിച്ച ഏറ്റവും പ്രായം കുറഞ്ഞ മലയാളിക്കുട്ടി; അല്ലെങ്കിൽ ബ്രാഹ്മണക്കുട്ടി. ഡി.ചിറ്റേഴത്താണ് തൂലികാനാമം, ദുർഗ്ഗയല്ല,**

# കുഞ്ഞുദുർഗ ഇപ്പോൾ ഇംഗ്ലീഷ് കഥാകാരിയാണ്

**ഇ**വൾ ദുർഗ്ഗ. തൃശൂർ മായന്നൂർ ചിറ്റേഴത്ത് മനയിൽ ദുർഗ്ഗ.

ദുബൈ ജെ. എസ്. എസ് സ്കൂളിലെ ഒൻപതു വയസ്സുള്ള നാലാം ക്ലാസുകാരി.

അച്ഛൻ ദുബൈ സിവിൽ സർവ്വീസിൽ ഡിസൈനറായ രമേശൻ .അമ്മ ആർക്കിടെക്റ്റ് കോഴിക്കോട് പൈങ്ങോട്ടുപുറത്തെ പുല്ലങ്കോട് ദീപ.

ഇങ്ങനെയൊക്കെ വിശേഷിപ്പിക്കാം. എന്നാൽ ഇവിടത്തെ ഹൈലൈറ്റ് അതല്ല. ഇംഗ്ലീഷിൽ പുസ്തകം പ്രസിദ്ധീകരിച്ച ഏറ്റവും പ്രായം കുറഞ്ഞ മലയാളിക്കുട്ടി; അല്ലെങ്കിൽ ബ്രാഹ്മണക്കുട്ടി . ഡി.ചിറ്റേഴത്താണ് തൂലികാനാമം, ദുർഗ്ഗയല്ല,

ഇക്കഴിഞ്ഞ ഡിസംബർ 19 ന് കോഴിക്കോട് കിംഗ് ഫോർട്ട് ഓഡിറ്റോറിയത്തിൽ ഒരു പുസ്തക പ്രകാശന ചടങ്ങു നടന്നു .വിശിഷ്ടാതിഥി കവിയും മലയാളം സർവ്വകലാശാല മുൻ വൈസ് ചാൻസലറും മുൻ ചീഫ് സെക്രട്ടറിയുമായ കെ. ജയകുമാർ ഐ.എ.എസ്. പ്രസാധകരാകട്ടെ ലിപി പബ്ലിഷേഴ്സും. വലിയവരുടെ കൂടെ വേദിയിൽ കുഞ്ഞെഴുത്തുകാരി ദുർഗ്ഗ .

ക്ളൗൺ ഈസ് ടെക്സ്റ്റിംഗ് ആൻഡ് സ്റ്റോറീസ് അതാണ് കഥാസമാഹാരത്തിന്റെ പേര്. ഇന്തോ ആംഗ്ലിയൻ സാഹിത്യകാരുടെ കൂട്ടത്തിലേക്ക് ഇനി നമ്മുടെ കുഞ്ഞെഴുത്തുകാരിയും. കഥാസമാഹാരം പ്രകാശനം ചെയ്ത ജയകുമാർ അവളുടെ ഹാപ്പിനസ്സ് എന്ന കവിത തന്നെ ഏറ്റവും സന്തോഷിപ്പിച്ചതായി പറഞ്ഞത് അവൾക്കും സന്തോഷമാ

യി.


എട്ടു വയസ്സിലാണ് എഴുത്തിലേക്ക് തിരിഞ്ഞത്.അതിനും മുമ്പ് തുടങ്ങിയ കഥ കേൾക്കലിന്റെയും പുസ്തക വായനയുടെയും ഫലം.നാലു വയസ്സു വരെയുള്ള കുഞ്ഞുന്നാളുകൾ പൂർണ്ണമായിത്തന്നെ ഇല്ലത്തേയും അമ്മാത്തേയും മുത്തച്ഛന്റേയും മുത്തശ്ശിയുടേയും കൂടെയായിരുന്നല്ലൊ. മുത്തച്ഛന്റെ നാട്ടുകഥകൾ. ഒപ്പം മുത്തശ്ശിക്കഥകളും.

ഉറങ്ങാനുള്ളതായിരുന്നില്ല കഥ, ഉണർന്നിരുന്ന് കേൾക്കാനുള്ളതായിരുന്നു. കിടക്കുമ്പോൾ പറയുന്ന കഥയ്ക്കിടയിൽ ഉറങ്ങിപ്പോവാറില്ല, മുഴുവൻ കേട്ടതിനു ശേഷം ഉറക്കം. ഇതായിരുന്നു അവളുടെ ലൈൻ.ഇല്ലത്തായാലും അമ്മാത്തായാലും ദുബായിലായാലും. സ്കൂളിലായതോടെ ഇംഗ്ളീഷ് കഥകൾ ഇംഗ്ളീഷിൽത്തന്നെ. റൗണ്ട് ദ വേൾഡ് ഇൻ എയ്റ്റി ഡേയ്സ് പോലുള്ളവ. രാമായണ മഹാഭാരത കഥകളുടെ ഇംഗ്ലീഷ് പരിഭാഷക്കായി വാശി പിടിച്ച് അച്ഛനമ്മമാരെക്കൊണ്ട് വാങ്ങിപ്പിച്ച മിടുക്കിയാണ് ഈ കുട്ടി.

ഏറെ പ്രിയപ്പെട്ട എഴുത്തുകാരി ആൻ ഫ്രാങ്ക് .നാസി കോൺസൻട്രേഷൻ ക്യാമ്പുകളിൽ നരകജീവിതം നയിച്ച് തന്റെ ഡയറിക്കുറിപ്പുകളിലൂടെ ലോകത്തെ വിസ്മയിപ്പിച്ച ജൂതപ്പെൺകുട്ടി .ഡയറി ഓഫ് എ യങ് ഗേൾ. വിഖ്യാതമായ പുസ്തകം .ആൻ ഫ്രാങ്കിന്റെ ഒരു വാക്യം ദുർഗ്ഗ നെഞ്ചോടു ചേർത്തു വെക്കുന്നു . പീപ്പിൾ ആർ റിയലി ഗുഡ് അറ്റ് ഹാർട്ട്. ചാർളി ആൻഡ് ദ ചോക്കലേറ്റ് ഫാക്ടറി പോലുള്ള ബെസ്റ്റ് സെല്ലറുകളും ദുർഗ്ഗയുടെ ശേഖരത്തിലുണ്ട്.

ഹാരി പോട്ടർ സീരീസാണ് ഇഷ്ട പുസ്തകം .ആറുവയസ്സുള്ളപ്പോഴാണ്. അച്ഛനുമമ്മയ്ക്കുമൊപ്പം ആഫ്രിക്കയിലെ കെനിയയിൽ നിന്ന് ദുബായിലേക്ക് പറക്കുകയായിരുന്നു. 8 മണിക്കൂർ നീണ്ട വിമാനയാത്ര.കെനിയൻ എയർപോർട്ടിൽ വെച്ചു തന്നെ അവൾക്ക് ഹാരി പോട്ടറിന്റെ പുതിയ പുസ്തകം വാങ്ങണം. ലോഞ്ചിലെ പുസ്തകശാല തേടിപ്പിടിച്ച്, താൻ ആഗ്രഹിച്ച പുസ്തകം അച്ഛനമ്മമാരെക്കൊണ്ടു വാങ്ങിപ്പിച്ചു .

സെക്യൂരിറ്റി ചെക്കിനു പോകുമ്പോഴും പ്ലെയിനിൽ സീറ്റുകൾ തിരയുമ്പോഴും പിന്നെ യാത്രയിലും പുസ്തകം വായിച്ചു കൊണ്ടേയിരുന്നു . അച്ഛനമ്മമാർ സാവധാനം ഉറങ്ങിപ്പോയി .പക്ഷേ, ദുർഗ്ഗ ആ യാത്രയിൽ ഹാരി പോട്ടറിൽ മുഴുകി.




**ഉറങ്ങാനുള്ളതായിരുന്നില്ല കഥ, ഉണർന്നിരുന്ന് കേൾക്കാനുള്ളതായിരുന്നു. കിടക്കുമ്പോൾ പറയുന്ന കഥയ്ക്കിടയിൽ ഉറങ്ങിപ്പോവാറില്ല, മുഴുവൻ കേട്ടതിനു ശേഷം ഉറക്കം. ഇതായിരുന്നു അവളുടെ ലൈൻ.ഇല്ലത്തായാലും അമ്മാത്തായാലും ദുബായിലായാലും. സ്കൂളിലായതോടെ ഇംഗ്ളീഷ് കഥകൾ ഇംഗ്ളീഷിൽത്തന്നെ. റൗണ്ട് ദ വേൾഡ് ഇൻ എയ്റ്റി ഡേയ്സ് പോലുള്ളവ. രാമായണ മഹാഭാരതകഥകളുടെ ഇംഗ്ലീഷ് പരിഭാഷക്കായി വാശി പിടിച്ച് അച്ഛനമ്മമാരെക്കൊണ്ട് വാങ്ങിപ്പിച്ച മിടുക്കിയാണ് ഈ കുട്ടി.**

ദുർഗ്ഗയെപ്പറ്റി അവൾ സ്വയം പറയുന്നതിങ്ങനെ: ''അയാം ദുർഗ്ഗ ചിറ്റേഴത്ത്. എ പാഷനേറ്റ് റീഡർ.'' കുഞ്ഞെഴുത്തുകാരിയായല്ല അതിനുമപ്പുറത്ത് വായനക്കാരി എന്നു പറയാനാണ് അവൾക്കിഷ്ടം. എന്തു സമ്മാനം വേണമെന്നു ചോദിച്ചാൽ ഒന്നാമത്തേയും രണ്ടാമത്തേയും മൂന്നാമത്തേയും ചോയ്സ് പുസ്തകങ്ങൾ തന്നെ . മാലവളകളും കുഞ്ഞുടുപ്പുകളും മധുര പലഹാരങ്ങളും ലിസ്റ്റിൽ ഏറ്റവും താഴെ.

കഥകളിൽ മോറൽ വാല്യൂസ് ഉണ്ടാവണമെന്ന് ശാഠ്യമുണ്ട്. അതിനു കാരണം ദുർഗ പറയുന്നത് ഇങ്ങനെ:

'' വെൻ സംവൺ റീഡ്സ് ഇറ്റ് ദെ ഗെറ്റ് ഇൻസ്പയേർഡ് ബൈ ദ മോറൽസ്.''

''ഹെൽപ്പിംഗ് അദേഴ്സ് ഇസ് മൈ പോളിസി'' എന്ന് വെറുതെ പറയുന്നതല്ല.

ആദ്യപുസ്തകത്തിൽ നിന്ന് ലഭിക്കുന്ന തുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കും ,നാട്ടിലെ ആശ്രയം പാലിയേറ്റീവ് കെയർ കൂട്ടായ്മക്കും.

ദ ഹാപ്പി പ്ളെയ്സ് ആണ് ആദ്യകവിത. വേൾഡ് ഹാപ്പിനെസ്സ് ഡേയുടെ പശ്ചാത്തലത്തിൽ.
ലോകാഃസമസ്താഃ സുഖിനോ ഭവന്തു തന്നെ. ജയകുമാറിന് ഇഷ്ടമായതും ആ ഹാപ്പി കൺസപ്റ്റ്.

''ഐ ആൾവേയ്സ് വിഷ് റ്റു സീ ഹാപ്പിനെസ് എവരിവേർ '' എന്ന് ആശംസിക്കുന്ന ദുർഗ്ഗയുടെ എല്ലാ രചനകളുടെയും അടിത്തറ ആനന്ദമാണ്.

സയൻസ്ഒളിമ്പ്യാഡ് വിജയി. ഗോൾഡ് മെഡലിസ്റ്റ്. അങ്ങനെ വേറെ ചിലതും ദുർഗ്ഗയ്ക്ക് പാഠ്യമേഖലയിൽ ചേരുന്ന വിശേഷണങ്ങൾ. കീ ബോർഡിൽ ലണ്ടൻ ട്രിനിറ്റി കോളേജിലെ തുടക്കക്കാരി .കൈരളി കലാകേന്ദ്രം ദുബൈയുടെ ഭരതനാട്യം വിദ്യാർത്ഥിനിയും ആർട്ടിസ്റ്റും. സമ്മാനമെഡലുകൾ നിറഞ്ഞു നിൽക്കുന്ന അവളുടെ ഷെൽഫിൽ ധാരാളം പുസ്തങ്ങളും.

അഭിനന്ദിക്കാം ദർഗ്ഗയെ,പുസ്തകം ഓർഡർ ചെയ്യാം.അമ്മയുടെ വാട്സ് ആപ് നമ്പർ +971 50 425553 ❐

# കലയിലെ ആൾ റൗണ്ടർ



- ആനിമേഷൻ സീരിയലുകൾക്ക് ഡബ്ബിംഗ്
- സ്റ്റേജുകളിൽ സംഗീത കച്ചേരി
- റിസോഴ്സ് സി ഡികളിൽ പാട്ട്
- സൗണ്ട് ബോക്സ് എന്ന കുട്ടികളുടെ സിനിമ
- കവിതാ രചനയിലും സമ്മാനങ്ങൾ
- തുള്ളലും കഥകളിയും പിന്നെ ഒപ്പനയും

എന്താവണം എന്നു ചോദിച്ചാൽ മേധാ മാധവിയും പറയും ഡോക്ടറാവണമെന്ന്. അതു പക്ഷേ,പനിയ്ക്ക് ചികിത്സിക്കുന്ന ഡോക്ടറല്ല, ഓട്ടൻതുള്ളലിലെയും കഥകളിയിലെയും ഡോക്ടർ. പി.എച്ച് ഡിയാണ് ലക്ഷ്യം.കലാമണ്ഡലം ഗീതാനന്ദൻ മാസ്റ്ററുടെ അവസാനശിഷ്യ അങ്ങനെ ആയില്ലെങ്കിലേ അദ്ഭുതമുള്ളൂ.

ഏതാനും വർഷം മുമ്പാണ്.

'ഓട്ടൻതുള്ളലിൽ പഠിപ്പിക്കേണ്ടതെല്ലാം പഠിപ്പിച്ചു. ഇനി ഞാൻ പോര.ഒരാളെ പരിചയപ്പെടുത്താം.അദ്ദേഹം പഠിപ്പിക്കും'. പഴയ ചിട്ടയിൽ കോൽക്കളിയും ഓട്ടൻതുള്ളലും പഠിപ്പിക്കുന്നതിൽ ആചാര്യനായ ആർ.എൻ പീറ്റക്കണ്ടി മാസ്റ്റർ മേധയുടെ ശിരസ്സിൽ അനുഗ്രഹിച്ചു കൊണ്ട് പറഞ്ഞു.

അങ്ങനെ കലാമണ്ഡലം ഗീതാനന്ദൻ മാസ്റ്ററുടെ അടുത്തെത്തി.തുള്ളൽ ഒരു തപസ്യയും സപര്യയുമായിരുന്നു മാസ്റ്റർക്ക്.തുള്ളലിന്റെ അരങ്ങത്തായിരുന്നല്ലോ അദ്ദേഹത്തിന്റെ അന്ത്യം.രണ്ട് കൊല്ലം അദ്ദേഹത്തിനു കീഴിൽ അവസാനത്തെ ശിഷ്യയായി. അവളിലെ ഭാവാഭിനയ സാദ്ധ്യതകൾ കണ്ടെത്തിയതും കഥകളിക്ക് പ്രേരിപ്പിച്ചതും ഓട്ടൻതുള്ളലിൽ പി.എച്ച്.ഡി ചെയ്യാൻ നിർദേശിച്ചതും മാസ്റ്റർ തന്നെ. അദ്ദേഹത്തിന്റെ വിയോഗം ദിവസങ്ങളോളം മേധയെ തളർത്തി.

ഇപ്പോൾ കലാമണ്ഡലത്തിലെ ഓട്ടൻതുള്ളൽ വകുപ്പ് മേധാവി മോഹനകൃഷ്ണൻ മാസ്റ്ററുടെ കീഴിലാണ്. കലാമണ്ഡലത്തിലെ സിലബസ് അനുസരിച്ച് ചിട്ടപ്പെടുത്തിയ തുള്ളൽ.

ഈ വർഷത്തെ സ്കൂൾകലാമേളയിൽ തുള്ളൽ, കഥകളി, ഒപ്പന എന്നിവയിൽ ആദ്യ എൻടിയിൽ തന്നെ എ ഗ്രേഡ് . എട്ടാം ക്ലാസിലേ എത്തിയിട്ടുള്ളൂ എന്നറിയുക.

മുത്തശ്ശന്റെ ജീനുകൾ. വെള്ളിനേഴിയിലെ ചുറ്റുപാടുകൾ. രണ്ടും ചേർന്നപ്പോൾ കഥകളി നന്നായി വഴങ്ങി.കലാമണ്ഡലം നാരായണൻകുട്ടി ആശാനാണ് കളിയിലെ ഗുരു. ഗുരുവിന്റെ കൂടെ കോഴിക്കോട് യോഗക്ഷേമസഭാ ജില്ലാ കലോത്സവവേദിയിൽ പ്രഹ്ളാദനാവാനും കഴിഞ്ഞു. അമ്മാത്തെ മുത്തശ്ശീടെ അമ്മാത്തെ പറമ്പിൽ നരസിംഹാവതാരം കാണാൻ എം.ജി.എസ്. നാരായണനും പത്നിയും വിശിഷ്ടാതിഥികളായി ഉണ്ടായിരുന്നു. നഴ്സറി മുതൽ സംഗീതം .അഞ്ചു മുതൽ ഓട്ടൻതുള്ളൽ, ഏഴു മുതൽ കഥകളിയും , ഒപ്പം ഒപ്പനയും. മാപ്പിളപ്പാട്ടിലും ഒരു കൈ നോക്കാൻ തീരുമാനിച്ചിട്ടുണ്ട് മേധ .

' അവൾ സംസാരിക്കുമെന്നു പോലും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല. ഗുരുവായൂരപ്പന്റെ സ്വന്തം കുട്ടിയാണവൾ, ' അച്ഛൻ മിഥുൻ പറയുന്നു.

ജനിച്ച് 10 ദിവസത്തോളം നിർത്താതെ കരച്ചിൽ. വിശന്നിട്ടാണെന്ന് ധരിച്ചു. പിന്നീടാണ് മനസ്സിലായത് മുലപ്പാൽ വലിച്ചു കുടിക്കാനാവുന്നില്ലെന്ന്. ക്ലെഫ്റ്റ് പാലറ്റ് ( ചെറുനാവില്ലാത്ത അവസ്ഥ) എന്ന അപൂർവ രോഗമായിരുന്നു.

സൂക്ഷിച്ചില്ലെങ്കിൽ ഇൻഫെക്ഷനാവും. ഒന്നര വയസ്സു വരെ തികച്ചും ഐസൊലേറ്റഡായി അമ്മയുടെ കൂടെ. പിന്നീട് കോഴിക്കോട് നാഷനൽ ഹോസ്പിറ്റലിൽ വെച്ച് അമേരിക്കയിൽ നിന്നെത്തിയ വിദഗ്ദ്ധ ഡോക്ടർ ജോസഫും ഡോ ശ്രീകുമാറും ചേർന്ന് ചെറുനാവ് തുന്നിച്ചേർത്തു. 3 മാസം കൂടി വേണ്ടിവന്നു നോർമലാവാൻ.

ഇപ്പോൾ ആ കുട്ടി ശാസ്ത്രീയ സംഗീതം മാത്രമല്ല ' ആമിനബീവിസുത തിര മുസ്തഫയോരഥ കച്ചോടത്തില്....'എന്ന് മാപ്പിളപ്പാട്ടും പാടിത്തകർക്കും. കലയുടെ ഏതു കടുകട്ടിയെയും മെരുക്കുന്നതായി ശരീരവും ശാരീരവും! ഈശ്വരാനുഗ്രഹം!!.

ഷാലോം ടിവി യിലെ രണ്ട് ആനിമേഷൻ സീരിയലുകളിൽ കഥാപാത്രങ്ങൾക്ക് ശബ്ദം നൽകി. അതായത് ഡബ്ബിംഗ്.കഥാപാത്രത്തിന്റെ ചുണ്ടനങ്ങുത് നോക്കി അതത് സമയത്തെ ഭാവം ശബ്ദത്തിൽ വരുത്തി ആ കഥാപാത്രമായി സംസാരിക്കണം. ശ്രമപ്പെട്ട കലയാണ്. സിനിമയിലെ ഭാഗ്യലക്ഷ്മിയെപ്പോലെ. കുഞ്ഞുണ്ണി മാഷും കുട്ട്യോളും എന്ന കുട്ടികളുടെ സിഡിയിൽ പാട്ട്. സൗണ്ട് ബോക്സ് എന്ന കുട്ടികളുടെ സിനിമയിൽ അഭിനയം.പിന്നെ കവിതാ രചനയും.

ഓട്ടൻതുള്ളലിനോടോ കഥകളിയോടോ കൂടുതൽ ഇഷ്ടം?

അച്ഛനോടോ അമ്മയോടോ എന്ന ചോദ്യം പോലെയാണത്.

നല്ല തിരക്കുള്ള ഒരു കലാകാരിഅതാണ് ലക്ഷ്യം. ഓട്ടൻതുള്ളലിലും കഥകളിയിലും പി.എച്ച് ഡി ചെയ്യണമെന്നുമുണ്ട്.

'സർവ്വത്ര വിജയീ ഭവേൽ '

അച്ഛൻ:പ്രശസ്ത തന്ത്രി കുടുംബമായ പാതിരിശ്ശേരി ഇല്ലത്തെ മിഥുൻ നാരായണൻ നമ്പൂതിരിപ്പാട്. നന്നായി കവിതകൾ ചൊല്ലും. കോളേജിൽ നാടകത്തിൽ ഫസ്റ്റ് പ്രൈസ്.തന്ത്രി എന്ന നിലയിൽ 15 വയസ്സു മുതൽ 100 ഓളം അമ്പലങ്ങളിൽ.

അമ്മ: ഒറ്റപ്പാലം അരിക്കത്തില്ലത്ത് അപർണ.തിരുവാതിരക്കളിയിൽ കോളേജിൽ സ്ഥിരം ഫസ്റ്റ് . ഇപ്പോൾ സ്വന്തം ട്രൂപ്പ് . മോഹിനിയാട്ടം, ഭരതനാട്യം എന്നിവയും പഠിച്ചിട്ടുണ്ട്

അനുജത്തി:ശ്രീധാദേവകി.

മൊബൈൽ: 9496226622

# ഇത് ചുമ്മാ വർത്താനം പറയലല്ല



**മംഗലാപുരത്ത് സ്പീച്ച് ആൻഡ് ഹിയറിംഗിൽ രണ്ടാം സെമസ്റ്റർ പി ജി വിദ്യാർത്ഥിയാണ് ശ്രീരാജ്**

ഏതാനും വർഷം മുമ്പാണ്. അദ്ധ്യാപകനായിരുന്നു വൈത്തല എടക്കാട്ട് നാരായണൻ നമ്പൂതിരി. എസ്.എസ്.എയുടെ കോഴിക്കോട് ജില്ലാ പ്രോഗ്രാം ഓഫീസറായി അദ്ദേഹത്തിന് ചുമതല ലഭിച്ചു.സംയോജിത വിദ്യാഭ്യാസം അഥവാ സങ്കലിത വിദ്യാഭ്യാസ പദ്ധതി എന്ന ഒരു ഇടപെടൽ മേഖലയിലായി ഉത്തരവാദിത്തം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തി സഹായങ്ങൾ നൽകുന്ന മേഖലയാണത്.'ചിൽഡ്രൻസ് വിത്ത് സ്പെഷ്യൽ നീഡ്സ്' .ഇതിനായി സർവേകൾ സംഘടിപ്പിക്കുന്ന ഫോർമാറ്റുകൾ ചിലത് ഇല്ലത്തേക്ക് കൊണ്ടുചെന്നു.

അത് ഒരു നിമിത്തമായി.

ഹൈസ്ക്കൂൾ വിദ്യാർത്ഥിയായ മകൻ ശ്രീരാജ് അത് കണ്ടു. ചിലത് തിരിച്ചറിഞ്ഞു. മെൻഡലി റിട്ടാർഡഡ്,ലോകോമോട്ടീവ് ഡിസ്എബിലിറ്റി, ശ്രവണ വൈകല്യം, അന്ധർ,ഇങ്ങനെയുള്ള കുറെ കാറ്റഗറികൾ പരിചയപ്പെട്ടു. അതിനിടക്ക് മൈസൂരിലെ ആയിഷിൽ (ആൾ ഇന്ത്യ ഇൻസ്റ്റിട്യൂട്ട് ഫോർ സ്പീച്ച് ആൻഡ് ഹിയറിംഗ് ) നാരായണൻ നമ്പൂതിരിക്ക് പത്ത് ദിവസത്തെ പരിശീലനമുണ്ടായി. അവിടത്തെ കുറെ ലഘുലേഖകളും പുസ്തകങ്ങളും ശ്രീരാജ് പരിചയപ്പെട്ടു.

അത് കൊള്ളാം എന്ന തോന്നലുണ്ടായി. അതിൽ ചേരാൻ എന്തു വേണമെന്നായി. പത്താം ക്ലാസ് കഴിഞ്ഞപ്പോൾ ബയോളജി ഉൾപ്പെടുന്ന ഗ്രൂപ്പെടുത്തു. അങ്ങനെ സാമൂതിരി ഹൈസ്ക്കൂളിൽ പ്ലസ്ടു പഠനം. അക്കാലത്ത് ശ്രവണ സംസാര വൈകല്യ മേഖലയെപ്പറ്റി കൂടുതൽ അറിയാനും ശ്രമിച്ചു.

പ്ളസ്ടു കഴിഞ്ഞ് ആയിഷിൽ എൻട്രൻസ് എഴുതി. അഖിലേന്ത്യാ തലത്തിൽ ആകെ സീറ്റ് 30മാത്രം. ജനറൽ സീറ്റ് 20ഉം.അത് കിട്ടിയില്ല. എങ്കിലും ശ്രമം ഉപേക്ഷിച്ചില്ല. മറ്റു ചിലതിലും പരീക്ഷയെഴുതി. ആയിഷിൽ കിട്ടിയില്ലെങ്കിലും ഇഷിൽ ( ഇൻസ്റ്റിട്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് ) കിട്ടി. അങ്ങനെ ഇന്ത്യയിലെ രണ്ടാമത്തെ സ്പീച്ച് ആൻറ് ഹിയറിംഗ് പഠനകേന്ദ്രത്തിലെ വിദ്യാർത്ഥിയായി.

മൂന്നു വർഷത്തെ പഠനം ഒരു വർഷത്തെ പരിശീലനം .ഇഷിലെ ജീവിതം മലയാളത്തിനു പുറമെ ഇംഗ്ലീഷ്, കന്നട ഹിന്ദി തമിഴ് തുടങ്ങിയ ഭാഷകളുമായി അടുക്കാനവസരം നൽകി.ഹോസ്റ്റലിൽ ചെന്നൈക്കാരനും ഇറ്റലിക്കാരനും കൊൽക്കത്തക്കാരനും റൂം മേറ്റായി വന്നപ്പോൾ കേരളത്തിലെ നമ്പൂതിരി സമുദായത്തിന്റെ മികവും പരിമിതിയും അനുഭവവേദ്യമായി.

ഗ്ളോബൽ എക്സ്പോഷർ. അവിടെ നമ്പൂതിരിയുടെ അഡാപ്റ്റബിലിറ്റി. ഉച്ചാരണ മികവിൻറെയും അക്ഷരസ്ഫുടതയുടെയും മികവ്! ഫൊണറ്റിക്സിന്റെ ശുദ്ധത!! എല്ലാം അനുഭവിച്ചറിഞ്ഞു.

പഠന രീതിയിലുമുണ്ട് ചില പ്രത്യേകതകൾ .പ്രോജക്ടുകൾ ജീവനുള്ളതാണ്.അതേ, കല്ലിലോ കടലാസിലോ അല്ല. ഭാഷണ വൈകല്യമുള്ള ഒരു കുട്ടിയെ കണ്ടെത്തുക. ആരംഭത്തിലെ ശബ്ദവിനിമയം റെക്കോഡ് ചെയ്യുക .നിരീക്ഷണത്തിലൂടെ അപഗ്രഥിച്ച് കാരണങ്ങൾ അനുമാനിക്കുക. പരിഹാരം നിർദ്ദേശിക്കുക. ആയത് സമയബന്ധിതമായി സ്പീച്ച് തെറാപ്പി നൽകി പരിഹരിക്കുക. ഇത്രയും ചെയ്യണം. മാത്രമല്ല,

നിശ്ചിത സമയ പരിധി കഴിഞ്ഞ് ഭാഷണവളർച്ച (നൈപുണി ) ശബ്ദം മുഖേന വീണ്ടും രേഖപ്പെടുത്തുകയും വേണം. വെറുതെ കടലാസിൽ ചില തിയറികൾ എഴുതിവച്ചാൽ പ്രോജക്ട് റിപ്പോർട്ട് ആവില്ല. ജീവനുള്ള മാതൃകകൾ മുന്നിലുണ്ടാവും.

'ഈ സമ്പ്രദായം മികവിലേക്ക് നയിച്ചു. ബഹുഭാഷാസ്വാധീനം കൂടുതൽ രക്ഷിതാക്കളെ ആകർഷിച്ചു. തെറാപ്പിസ്റ്റിനെ തെരഞ്ഞെടുക്കാനുള്ള അവകാശം രക്ഷിതാക്കൾക്കായിയിരുന്നു. കൂടുതൽ രക്ഷിതാക്കളും ശ്രീരാജിനെ തെരഞ്ഞെടുത്തു. കാരണം തെറാപ്പി മെഷറബിൾ ആയിരുന്നു. വൈകല്യം എത്ര അളവിൽ പരിഹരിച്ചു എന്നത് മാത്രമായിരുന്നു നോക്കിയിരുന്നത്. ഇന്ന് മംഗലാപുരത്ത് സ്പീച്ച് ആൻഡ് ഹിയറിംഗിൽ രണ്ടാം സെമസ്റ്റർ പി ജി വിദ്യാർത്ഥിയാണ് . സ്പീച്ചിലാണ് കൂടുതൽ താൽപര്യം. കോഴ്സിനു ശേഷം ഒരു വർഷത്തെ പ്രവൃത്തിപരിചയം കൂടി അവിടെ ലഭ്യമാകും .

മൊബൈൽ 8078063281 ❐


കൃഷ്ണ റസ്റ്റാറന്റ്
നമ്പൂതിരീസ് വെജിറ്റേറിയൻ
തളി റോഡ്, പാളയം, കോഴിക്കോട്
Ph: 0495 2703257, Mob: 9497313257
പരിചയ സമ്പന്നരായ പാചകക്കാരുടെ മേൽനോട്ടത്തിൽ
സ്വാദിഷ്ടവും പൂർണ്ണ വെജിറ്റേറിയനുമായ വിഭവങ്ങളും
ഉച്ചയൂണും നിങ്ങൾക്കായ് ഒരുക്കുന്നു

# വിധവയായത് രണ്ടു വട്ടം

(6-ാം പേജിൽ നിന്ന് തുടർച്ച)


മറക്കുടയും ഘോഷയുമായി എത്തിയ ശ്രീദേവി രണ്ടു ദിവസം കൊണ്ട് ആളാകെ മാറി. മോഴികുന്നത്തിന്റെ പത്നി സാവിത്രിയെപ്പോലെ ഘോഷ ബഹിഷ്കരിച്ചു. മോഴികുന്നം ദമ്പതിമാർ ബ്ളൗസും ശീലക്കുടയും സമ്മാനിച്ചു. പരിഷ്കാരത്തിന്റെ പ്രാണവായു അന്നാദ്യമായി ശ്വസിച്ചു.

ഭാരതപ്പുഴയുടെ പട്ടാമ്പിക്കടവ് മുറിച്ചു കടന്നതോടെ നവോത്ഥാനത്തിലേക്ക് ഉപനയിച്ച പോലെയായി. ആ ഉപനയനത്തിന്റെ വേദിയായി മോഴിക്കുന്നത്തെ വാസം.ആ ഊർജവുമായി കുത്തുള്ളി ഇല്ലത്തെത്തി. പിന്നെ നാലു മാസത്തോളം അവിടെ. പക്ഷേ, സ്ഥിരമായി ഒരു അന്യഗൃഹത്തിൽ കഴിയുന്നത് ഉചിതമല്ലല്ലൊ.പകരം ഒരിടം അന്വേഷിച്ച് അവിടെ നിന്ന് ഇറങ്ങി. നാലഞ്ചു ദിവസം ചില സ്നേഹിതരുടെ ഭവനങ്ങളിൽ. ഒടുവിൽ ഇനിയെങ്ങും പോവാനില്ലാത്ത വിധം അവരുടെ മുന്നിൽ ഭാവി ഇരുണ്ടുമൂടി നിന്നു.

ഗർഭക്ളേശം വർദ്ധിച്ചു. എവിടെയെങ്കിലും ഒരു മുറി കിട്ടിയേ തീരൂ.ഇല്ലത്തേക്ക് വരേണ്ടതില്ലെന്ന് വലിയപ്ഫൻ അറിയിച്ചിരുന്നു. വേണമെങ്കിൽ പ്രസവാവശ്യത്തിന് വല്ലതും കൊടുക്കാമെന്ന് പറഞ്ഞു. എന്നാൽ ഒന്നും കൊടുത്തയച്ചില്ല. എന്തായാലും പിറന്ന ഇല്ലമാണല്ലൊ .തന്നെ ഇല്ലത്തെത്തിക്കാൻ ഭർത്താവിനോടാവശ്യപ്പെട്ടു. അയാൾ ശ്രീദേവിയെ ഇല്ലത്താക്കി മടങ്ങി.ആ സമയം വലിയപ്ഫൻ അവിടെ ഉണ്ടായിരുന്നില്ല.



അദ്ദേഹം എത്തിയതോടെ ബഹളമായി. അയിത്ത ജാതിക്കാർക്കൊപ്പം താമസിച്ച ആളല്ലേ, അകത്ത് വടക്കിനിയിലോ അടുക്കളയിലോ കയററുതെന്നായി. ഉണ്ടാൽ ഇലയെടുത്ത് തളിക്കണം. പാത്രം കഴുകി കമഴ്ത്തി വയ്ക്കണം. ഒരു അയിത്ത ജാതിക്കാരിക്ക് ഇല്ലങ്ങളിൽ എങ്ങനെ പെരുമാറാമോ അങ്ങനെ. എന്നാൽ വലിയപ്ഫൻ ഇല്ലാത്തപ്പോൾ അമ്മമാരും മുത്തശ്ശിമാരും ആവുന്നത്ര സഹായിച്ചു. പരിചരിച്ചു. നാലുമാസം കഴിഞ്ഞപ്പോൾ ഒരാൺകുഞ്ഞ് പിറന്നു.



**? അച്ഛനു തുല്യനായ ഒരു രക്ഷിതാവ് ഉണ്ടാവുമല്ലൊ.**

**>സംശയമെന്ത്**
**വി.ടി. ഭട്ടതിരിപ്പാട്**

**? വി.ടി.യെ എന്താണ് വിളിച്ചിരുന്നത്.**

**>ഏട്ടന്റെച്ഛൻ. വിടിയുടെ മൂത്ത മകൻ വിജയകുമാരൻ എനിക്ക് ഏട്ടനായിരുന്നു. അപ്പോൾ വി ടി ഏട്ടന്റെച്ഛനായി.**

ഉണ്ണി പിറന്നതൊന്നും ഭർത്താവ് അറിഞ്ഞില്ല. പിന്നെയും നാലുമാസം കഴിഞ്ഞ് ഒരുനാൾ അയാൾ വന്നു. അയാൾക്ക് കോട്ടയ്ക്കൽ മണ്ണഴി പുല്ലാനിക്കാട്ട് മനയുടെ അടുത്ത് ഒരമ്പലത്തിൽ ജോലി കിട്ടിയിരുന്നു. ഭാര്യയെയും കുഞ്ഞിനെയും കൂട്ടി അയാൾ മണ്ണഴിയിലെത്തി.

അവിടെയെത്താൻ ഒരു കാരണം കൂടിയുണ്ട്. ഏട്ടനു തുല്യനായ രാമപ്ഫൻ മണ്ണഴി പുല്ലാനിക്കാട്ട് നിന്ന് വിവാഹം കഴിച്ചത് ആയിടക്കാണ്. അയാൾ പുരോഗമനവാദിയും പരിഷ്കാരിയും പരിവേദനം ചെയ്ത ആളുമായതിനാൽ പത്നിയെ സ്വന്തം ഇല്ലത്തേക്ക് കൂട്ടാൻ നിവൃത്തിയില്ലായിരുന്നു. അതിനാൽ ഭാര്യവീട്ടിൽ തന്നെയാക്കി താമസം. ഇങ്ങനെ രാമപ്ഫനും ചെറിയമ്മയും ഉള്ള ഇല്ലമെന്ന പരിഗണനയും പുല്ലാനിക്കാട്ടുണ്ടായി.

പക്ഷേ, രണ്ടുമൂന്നു മാസം കഴിഞ്ഞില്ല, കുഞ്ഞിന് ഗ്രഹണി ബാധിച്ചു. ചികിത്സിക്കാൻ കാശില്ല. ഒന്നര വയസ്സാവും മുമ്പ് ആ ഉണ്ണി മരിച്ചു. അധികം താമസിയാതെ ഭർത്താവും രോഗിയായി. ഇടക്കിടെ കടുത്ത പനി വരും. അത് അധികമാവാൻ തുടങ്ങി. ഉണ്ണി മരിച്ച് നാലുമാസത്തിനകം ഭർത്താവും മരിച്ചു.

വീണ്ടും അനിശ്ചിതത്വം.പോവാൻ ഇടമില്ല.അവിടെത്തന്നെ താമസിച്ച് ഭർത്താവിന്റെ സദ്ഗതിക്ക് ഒരു കൊല്ലം ദീക്ഷിച്ചു. കർമ്മങ്ങളെല്ലാം ചെയ്തു. ആദ്യമെല്ലാം കുടുംബാംഗം പോലെ പരിഗണന നൽകിയ ആ ഇല്ലത്ത് പിന്നീട് അവഗണനയായി. ക്രമേണ വേലക്കാരിയുടെ അവസ്ഥ.ഇരുപതുകാരിയായ ഒരു പെൺകുട്ടിയാണ് വിധവയായ അവളെന്നറിയുക. രാമപ്ഫനു പോലും കുത്തുവാക്കുകൾ കേൾക്കേണ്ടി വന്നു. ഒടുവിൽ ചെറിയമ്മയും രാമപ്ഫനും ശ്രീദേവിയെയും കൂട്ടി അവിടെ നിന്നിറങ്ങി.


രാമപ്ഫന്റെ സ്നേഹിതരുടെ വസതികളിലായിരുന്നു താമസം. കുറെക്കാലം വളാഞ്ചേരിയിലെ മഴവഞ്ചേരി മനയുടെ പത്തായപ്പുരയിൽ. ശ്രീദേവിയും ചെറിയമ്മയും ഘോഷ കളഞ്ഞവർ. രാമപ്ഫനാണെങ്കിൽ

## ഓർമ്മയിലെ ആദ്യവീട്

' ഓർമ്മയിലെ ആദ്യവീട് മേഴത്തൂരിലെ ചാത്തര് നായര് വൈദ്യരുടെ സ്റ്റോപ്പിനടുത്തുള്ള ഒരു വൈക്കോൽ മേഞ്ഞ വീടാണ്. ഇല്ലത്തും അമ്മാത്തും താമസിച്ച ഓർമ്മകൾ എനിക്കില്ല. കുടിലിനു തുല്യമായ ഒരു വീടായിരുന്നു അത്.അവിടെ താമസിച്ചായിരുന്നു ഒന്നാം ക്ളാസിൽ പോയിരുന്നത്. കഷ്ടിച്ച് ഒരു കൊല്ലം അവിടെ പഠിച്ചു കാണും.'' മങ്ങിയ ഓർമ്മകളേ അതേപ്പറ്റിയുള്ളൂ.

## മീൻ കൊട്ട ചുമക്കാനും തയ്യാർ

ഒറ്റപ്പാലത്തെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ ഒരിക്കൽ ഇ.എം.എസ് ക്ളാസെടുക്കാൻ വന്നു.''അന്തർജനങ്ങളായ നിങ്ങൾക്ക് എന്തൊക്കെ ജോലി ചെയ്യാനറിയും ?' ഇ.എം.എസ് ചോദിച്ചു. എന്തു ജോലി കിട്ടിയാലും ചെയ്യാമെന്ന് അവരെല്ലാം പറഞ്ഞു.ഇ.എം.എസ് അപ്പോൾ ഇങ്ങനെ ചോദിച്ചു.' കള പറിക്കുക,കൊയ്യുക , മെതിക്കുക തുടങ്ങി കാർഷിക ജോലികൾ ചെയ്യാനുള്ള മനഃസ്ഥിതിയുണ്ടോ ? 'തീർച്ചയായും അതെല്ലാം ചെയ്യാമെന്നായി എല്ലാവരും.അപ്പോൾ ഒരു പടി കൂടി കടന്ന് ഇ.എം.എസ് ചോദിച്ചു'വേറെയാതൊരു വഴിയുമില്ലെങ്കിൽ മീൻ കൊട്ട ചുമക്കുക, മത്സ്യം വില്പന നടത്തുക, തോട്ടിപ്പണി ചെയ്യുക , ഇതിനൊക്കെ തയ്യാറാണോ? എത്ര പേർ തയ്യാറാണ് 'രണ്ടു പേർ കൈ പൊക്കി . ഒരു കൈ മിസിസ് ഞാളൂരിന്റെതായിരുന്നു. മറ്റേത് അവരുടെ കൂട്ടുകാരിയുടേതും.എല്ലാ ജോലിക്കും അതിന്റെതായ മാന്യതയുണ്ടെന്ന് ഇ.എം.എസ് പറഞ്ഞു. ജോലി ചെയ്തു ജീവിക്കുന്നതിന്റെ അന്തസ്സിനെക്കുറിച്ചും.



പരിവേദനം ചെയ്ത ആൾ. ഇതു കാരണം ശാന്തിക്കു പോലും ഒരാളും വിളിച്ചില്ല.പുല്ലാനിക്കാട്ട് നിന്ന് സ്ത്രീധനമായി കിട്ടിയ ചില്ലറക്കാശ് രാമപ്ഫന്റെ കയ്യിലുണ്ടായിരുന്നു . അതും തീർന്നു. ഭ്രഷ്ടരാക്കപ്പെട്ട ആ മൂന്നു പേരും പട്ടിണിയിലാവുന്ന അവസ്ഥ.

അങ്ങനെയിരിക്കെ ഒരു ദിവസം വി. ടി. ഭട്ടതിരിപ്പാട്ആ പത്തായ പ്പുരയിലെത്തി.ശ്രീദേവി മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളൂ. കാര്യങ്ങളെല്ലാം വി. ടി. ചോദിച്ചറിഞ്ഞു. ബഹിഷ്കൃത ജനങ്ങളെ പാർപ്പിക്കാനായി ഉദ്ബുദ്ധകേരളം എന്ന പേരിൽ വി ടി കൊടുമുണ്ടയിൽ ഒരു കോളനി തുടങ്ങിയിരുന്നു.അതിന്റെ പണപ്പിരിവിന് വന്നതായിരുന്നു. വി.ടിക്ക് അവരെ സഹായിക്കണമെന്ന് തോന്നി. എന്നാൽ ഇല്ലത്തു നിന്ന് പുറത്താക്കപ്പെട്ട് കയ്യിൽ കാശില്ലാത്ത അവസ്ഥയായിരുന്നു.



സന്ദർഭം വരുമ്പോൾ ഉദ്ബുദ്ധകേരളത്തിലേക്ക് വിളിക്കാമെന്നു വി.ടി പറഞ്ഞു. അത് വല്ലാത്തൊരാശ്വാസമായി.

പക്ഷേ, കോളനിയിലെത്തും വരെ എവിടെ താമസിക്കും.

ശ്രീദേവിയെ ഇല്ലത്തു കൊണ്ടാക്കാൻ രാമപ്ഫൻ തീരുമാനിച്ചു. ഒരു രാത്രി അവർ ഇല്ലത്തെത്തി.പിറ്റേന്ന് രാവിലെയാണ് വലിയപ്ഫൻ വിവരമറിഞ്ഞത്. അവകാശത്തിന്റെ പേരിലുള്ള ആ വരവ് അദ്ദേഹത്തിന് പിടിച്ചില്ല. സമുദായ ഭ്രഷ്ടർക്ക് അവകാശമില്ലെന്നായിരുന്നു നിലപാട്. അദ്ദേഹം ഒരു സൂത്രം പ്രയോഗിച്ചു. മറ്റെല്ലാ അന്തർജനങ്ങളെയും അവരവരുടെ ഇല്ലങ്ങളിലേക്ക് പറഞ്ഞയച്ച് ശ്രീദേവിയെ അവിടെ തനിച്ചാക്കി. പട്ടിണി കിടന്ന് പൊറുതിമുട്ടിയാൽ സ്ഥലം വിടുമെന്ന ധാരണയിൽ.

ഇല്ലത്തെ കാര്യസ്ഥൻ ഒരു പറ നെല്ലോ ഒരണയോ മറ്റോ സംഘടിപ്പിച്ചു നൽകും.വല്ലപ്പോഴും അതു കിട്ടിയാലായി.ചത്തതിനു തുല്യമായ അവസ്ഥ. ആത്മഹത്യയെപ്പറ്റി എത്രയോ വട്ടം ആലോചിച്ചു. പിന്നെ സമാധാനം കണ്ടെത്തും. ഇതൊന്നും തന്റെ കുറ്റം കൊണ്ടല്ലല്ലൊ.

ഒരിക്കൽ രാമപ്ഫനും ചെറിയമ്മയും കാണാനെത്തി. തന്നെയും കൂടെ കൂട്ടാൻ ശ്രീദേവി കെഞ്ചി.തൊഴിലില്ലാത്ത താൻ ഭാര്യയെ പുലർത്താൻ പോലും കഷ്ടപ്പെടുകയാണെന്നും ഇല്ലത്തെ വിഹിതം വാങ്ങിയാൽ അതും കൊണ്ട് എവിടെയെങ്കിലും പോയി ജീവിക്കാമെന്നുമായി രാമപ്ഫൻ.പക്ഷേ, വലിയപ്ഫനിൽ നിന്ന് വിഹിതം വാങ്ങുക അസാദ്ധ്യമായിരുന്നു. അവർ പടിയിറങ്ങിപ്പോവുന്നത് ശ്രീദേവി കണ്ണീരോടെ നോക്കി നിന്നു.

പിന്നെയും ദിവസങ്ങൾ കഴിഞ്ഞു. ഒരു നാൾ വലിയപ്ഫൻ പറഞ്ഞു.

'ശ്രീദേവിക്ക് ഇവിടെ കഴിയാം. പക്ഷേ, ഘോഷ കളഞ്ഞതിന് പ്രായശ്ചിത്തം ചെയ്യണം. മറക്കുടയും ഘോഷയുമായി കഴിയുകയും വേണം.'

പക്ഷേ, അതിന് സന്നദ്ധയായിരുന്നില്ല ശ്രീദേവി.താൻ തെറ്റൊന്നും ചെയ്തിട്ടില്ല. നല്ല വണ്ണം ആലോചിച്ചിട്ടു തന്നെയാണ് ഘോഷ കളഞ്ഞത്. ഇനി പഴയ പോലെ മറക്കുടയും ഘോഷയുമായി കഴിയുകയുമില്ല. തനിക്ക് തരാനുള്ളത് തന്നാൽ മറ്റെവിടെയെങ്കിലും പോയി അന്തസ്സായി ജീവിക്കും. അവൾ പറഞ്ഞു.

കൊടുക്കാനുള്ളത് കൊടുത്താലേ ശ്രീദേവി തറവാട്ടിൽ നിന്ന് ഒഴിവാകൂ എന്ന് വലിയപ്ഫന് ബോദ്ധ്യമായി. രാമപ്ഫനെ വിളിച്ചു വരുത്തി. ശ്രീദേവിയുടെ വിഹിതത്തിലേക്ക് എന്തോ സംഖ്യ കൊടുത്തു. ബാക്കി പിന്നെ നൽകാമെന്നും പറഞ്ഞു. അങ്ങനെ വീണ്ടും രാമപ്ഫന്റെയും ചെറിയമ്മയുടെയും സംരക്ഷണയിൽ.

അവരന്ന് കൊടുമുണ്ടയിലാണ്.ചുറ്റിലും പുരോഗമന ചിന്താഗതിക്കാർ.എം.ആർ.ബി. കാഞ്ഞൂർ, നരിപ്പറ്റ, തടം, തുടങ്ങിയവർ. ശ്രീദേവിയുടെ മാനസികലോകം കൂടുതൽ വിശാലമായി. അല്പം കൂടി താൻ പോരിമയും കൈവന്നു.

ഇടക്ക് ഒരു ദിവസം രാമപ്ഫൻ പറഞ്ഞു.

''ഇല്ലത്തു നിന്ന് കിട്ടിയ കാശെല്ലാം തീർന്നു.പിന്നീട് തരാമെന്ന് പറഞ്ഞത് വലിയപ്ഫൻ തന്നിട്ടുമില്ല. നിന്നെ ഇല്ലത്തു തന്നെ കൊണ്ടാക്കുകയാണ്.'' ഇല്ലത്തെ നരക ജീവിതത്തെപ്പറ്റി ഓർത്തപ്പോൾ അവൾക്ക് വല്ലാണ്ടായി. താൻ ഇനി എന്തു വന്നാലും അവിടേക്കില്ലെന്ന് തീർ

ത്തു പറഞ്ഞു.

''അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കാൻ ഞാൻ പാവക്കുട്ടിയൊന്നുമല്ല. ഇവിടെ നിന്ന് മാറിത്തരണമെങ്കിൽ ഒരു വാക്കു പറഞ്ഞാൽ മതി. എവിടെയെങ്കിലും പോയി ജീവിച്ചോളാം.''

അതിനു മുമ്പോ പിമ്പോ അത്രയ്ക്ക് ധൈര്യത്തോടെ ഒരാളുടെ മുമ്പിലും അവൾ സംസാരിച്ചിട്ടില്ല. ആ വാക്കുകൾ വെറുതെയായില്ല. അധികനാൾ കഴിയും മുമ്പ് ശ്രീദേവിയെ വി.ടി ആളയച്ചു വരുത്തി. താമസിക്കാൻ കോളനിയിൽ ഒരിടം കിട്ടുമല്ലോ എന്നു കരുതി ശ്രീദേവി അയാൾക്കൊപ്പം വി.ടി.യുടെ അടുത്തെത്തി.പക്ഷേ, കോളനിയിൽ താമസിക്കാനായിരുന്നില്ല ആ ക്ഷണം. ഒരു ജീവിതമുണ്ടാക്കി കൊടുക്കാനായിരുന്നു.

മേഴത്തൂരിലെത്തുമ്പോൾ ഉമ്മറത്ത് വി.ടിയുണ്ട്. കൂടെ സുമുഖനായ ഒരു ചെറുപ്പക്കാരനും. അദ്ദേഹം ഞാളൂർ നാരായണൻ നമ്പൂതിരിയാണെന്ന് പറഞ്ഞു. രണ്ടു ദിവസമായി അയാൾ വി.ടി യുടെ കൂടെയാണ്. ആദ്യവിധവാവിവാഹത്തിന് വി ടി യോടൊപ്പം പ്രവർത്തിച്ചതിനാൽ ഭ്രഷ്ടനായിരുന്നു അയാളും. രാത്രി ഊണു കഴിഞ്ഞ ശേഷം ശ്രീദേവിയെ വിളിച്ചു വി.ടി എല്ലാകഥകളും ചോദിച്ചു. ഓരോന്നായി എല്ലാം പറഞ്ഞു. കേൾക്കാൻ വി.ടി മാത്രമല്ല ഞാളൂരുമുണ്ടായിരുന്നു.

കിടക്കാറായപ്പോൾ വി.ടി.യുടെ പത്നി ശ്രീദേവിയോടു പറഞ്ഞു.ഞാളൂരിന് വിവാഹം കഴിക്കാൻ താല്പര്യമുണ്ട്. ആലോചിച്ച് വിവരം പറയണം.

അന്ന് രാത്രി ഉറങ്ങാനായില്ല. ജീവിക്കണോ മരിക്കണോ എന്നായിരുന്നു അത്രയും ദിവസം ആലോചിച്ചിരുന്നത്. അങ്ങനെയുള്ള ആളുടെ മുന്നിൽ ഇപ്പോഴിതാ ഒരു ചോദ്യം കൂടി. വിവാഹത്തിനു തയ്യാറാണോ?

ഒരു വിധവാ വിവാഹമേ നടന്നിട്ടുള്ളൂ. എം.ആർ.ബിയുടേത്. അതിന്റെ പുകിലടങ്ങീട്ടില്ല. താനാണെങ്കിൽ വിധവയും പതിതയും ഭ്രഷ്ടയും. ഇനി വിധവാ വിവാഹം കൂടിയായാൽ സമുദായം പടിയടച്ച് പിണ്ഡം വയ്ക്കും. അവൾ വീണ്ടും വീണ്ടും ആലോചിച്ചു.

ഇത്രയൊക്കെ സഹിച്ചില്ലേ? ഇതിലപ്പുറമൊന്നുമല്ല വിധവാ വിവാഹം. ഒറ്റയ്ക്കു ജീവിക്കുക എന്നതിനർത്ഥം മരിക്കുകയെന്നാണ്. ജീവിക്കുമ്പോൾ മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതെ ജീവിക്കണം. താൻ കാരണം തന്നെ സംരക്ഷിക്കുന്നവർക്ക് ചീത്തപ്പേര് ഉണ്ടാവരുത്. സ്വയം



*ശ്രീദേവി അന്തർജ്ജനം*
*വി.ടി.യുടെ ജീവിതസഖി*

**കിടക്കാറായപ്പോൾ വി.ടി.യുടെ പത്നി ശ്രീദേവിയോടു പറഞ്ഞു.ഞാളൂരിന് വിവാഹം കഴിക്കാൻ താല്പര്യമുണ്ട്. ആലോചിച്ച് വിവരം പറയണം. അന്ന് രാത്രി ഉറങ്ങാനായില്ല.**

ചീത്തപ്പേരിൽ നിന്ന് രക്ഷപ്പെടുകയും വേണം. അതിന് ഒരു ജീവിത പങ്കാളി ആവശ്യമാണ്. അങ്ങനെ തിരിച്ചും മറിച്ചും ആലോചനകളായി.ഒടുവിൽ തീരുമാനം അറിയിച്ചു.


''തയ്യാറാണ് ഞാൻ.''

അങ്ങനെ 1940ൽ വി ടി യുടെ വീട്ടിൽ വച്ച് രണ്ടാമത്തെ വിധവാ വിവാഹം.വിവരം കേട്ടറിഞ്ഞ് തലേദിവസം ശ്രീദേവിയുടെ അമ്മ വി.ടി.യുടെ വീട്ടിലെത്തി. വിവാഹം നടത്തരുതെന്നും മകളെ തന്റെ കൂടെ അയക്കണമെന്നും പറഞ്ഞു. ആ സമയം ഞാളൂരും ഉണ്ടായിരുന്നു. ഞാളൂർ ഒരുറുപ്പികയെടുത്ത് ശ്രീദേവിയുടെ കയ്യിൽ കൊടുത്തു. അമ്മയ്ക്ക് നൽകി അനുഗ്രഹം വാങ്ങാൻ. ശ്രീദേവി അങ്ങനെ ചെയ്തു. കരഞ്ഞു കൊണ്ട് അമ്മ ആ വീട്ടിൽ നിന്ന് ഇറങ്ങി. അങ്ങനെ രണ്ടാമത്തെ വിധവാ വിവാഹം ചരിത്രത്തിലെ അദ്ധ്യായമായി.

ഇനി സരസ ഞാളൂർ തന്നെ പറയട്ടെ:

‘ വിവാഹശേഷം അച്ഛനുമമ്മയും മേഴത്തൂരിൽ ഒരുവീട് വാടകക്കെടുത്തെങ്കിലും പകലെല്ലാം വി.ടിയുടെ കൂടെയായിരുന്നു. ഭക്ഷണം തയ്യാറാക്കാനും വി ടി യുടെ ഉണ്ണി വിജയകുമാരനെ നോക്കാനുമൊക്കെ അമ്മ കൂടെയുണ്ടാവും. എന്നെ ഗർഭം ധരിച്ച സമയത്ത് ഗർഭരക്ഷയ്ക്കും മറ്റും വലിയമ്മ (മിസിസ് വി ടി ) ആയിരുന്നു എല്ലാറ്റിനും.മാതൃഗൃഹവും പിതൃഗൃഹവുമെല്ലാം വി ടി യുടെ വീടായതിനാൽ എന്നെ പ്രസവിച്ചതും ആ വീട്ടിൽ തന്നെ. 1941ലെ ഗുരുവായൂർ ഏകാദശി നാളിലായിരുന്നു ജനനം. വൃശ്ചികത്തിലെ രേവതി. വി ടി യുടെ മൂത്ത മകൻ വിജയേട്ടൻ എന്നേക്കാൾ രണ്ടു വയസ്സു മീതെ. അനിയൻ വി. ടി വാസുദേവൻ ഒരു വയസ്സു താഴെ. ബാല്യത്തിലെ അനാഥത്വമറിയാതെ പോയത് ആ സഹോദരന്മാരുടെ സാമീപ്യം കാരണം. ഒരേ പ്രസവ മുറിയിൽ പിറന്ന സഹോദരന്മാരാണ് അവർ. എനിക്ക് ഒരു വയസ്സു കഴിഞ്ഞ കാലത്താണ് അച്ഛന്റെ മരണം. അമ്മക്ക് പ്രായം 28. രണ്ടാമതും വൈധവ്യം.''

ആ രണ്ടാം വൈധവ്യമാണ് കടുത്ത പരീക്ഷണങ്ങളിലൂടെ മിസി



*‘അടുക്കളയിൽ നിന്ന്അരങ്ങത്തേക്ക്’ ഒരു ദൃശ്യം. കുത്തുള്ളി, പ്രേംജി, പരിയാനംപറ്റ എന്നിവർ വേദിയിൽ. അക്കിത്തം, ചൊവ്വൂർ നമ്പൂതിരിപ്പാട് എന്നിവരെയും കാണാം*

സ് ഞാളൂരിനെ അനാഥമന്ദിരത്തിലെത്തിച്ചത്. ആദ്യ വൈധവ്യസമയത്ത് ഒറ്റക്കായിരുന്നു.ആത്മഹത്യ ചെയ്താൽ ആർക്കുമില്ല നഷ്ടം. ഇപ്പോൾ അങ്ങനെയല്ല. ഒരു വയസ്സുള്ള ഒരു പെൺകുട്ടിയുണ്ട്. അവളെ അനാഥമാക്കാനാവില്ല. ജീവിക്കാൻ തന്നെ തീരുമാനിച്ചു.

ഭർത്താവിന്റെ മരണശേഷവും വാടകവീട്ടിൽ തന്നെയായിരുന്നു.ഭക്ഷണം കഴിക്കണം. വാടക നൽകണം. വി.ടിയും മഹാമനസ്കരായ ചിലരും എത്തിച്ചു കൊടുക്കുന്ന അരിയും പണവുമായിരുന്നു ആശ്രയം. ചിലപ്പോൾ മുഴുപ്പട്ടിണി.

കഷ്ടപ്പാട് പെരുകിയപ്പോൾ ഇല്ലത്തു പോയി തന്റെ അവകാശമെങ്കിലും തരാൻ കെഞ്ചി.വിധവാവിവാഹത്തിലൂടെ ഭ്രഷ്ടയായ ഒരുവൾ അവകാശം ചോദിച്ചു വന്നതിനെ അപമാനിച്ച് വിട്ടു ഇല്ലക്കാർ. പക്ഷേ,ഒന്നുണ്ടായിരുന്നു രക്ഷയ്ക്ക്. ഞാളൂർ മരിക്കും മുമ്പ് അദ്ദേഹത്തിന്റെ ഇല്ലത്തു നിന്ന് കിട്ടിയ അവകാശം ഭാര്യയുടെയും മകളുടെയും പേരിൽ രജിസ്റ്റർ ചെയ്തു വച്ചിരുന്നു . അതുപയോഗിച്ച് മേഴത്തൂരിൽ ത്തന്നെ ഒരു വീടു വാങ്ങി അങ്ങോട്ടു മാറി. വാടക കൊടുക്കാതെ കഴിയാം. എന്നാലും ഭക്ഷണം കഴിക്കണം. കുട്ടിയെ വളർത്തണം.

ആയിടക്കാണ് അന്തർജനസമാജവുമായി ദേവകി നരിക്കാട്ടിരി അവിടെയെത്തിയത്. അവർ ഒരു കാര്യം ചെയ്തു. കോട്ടയത്ത് മഹിളാ സേവാസദനം നടത്തുന്ന ശ്രീമതി നീലിമംഗലത്തിന് കത്തു നൽകി. (നീലിബഹൻ എന്നറിയപ്പെട്ട ഇവരെ മുഖ്യകഥാപാത്രമാക്കിയാണ്

ലളിതാംബികാ അന്തർജനം അഗ്നിസാക്ഷിയെന്ന നോവലിൽ ദേവീബഹൻ എന്ന ദേവകി മാനമ്പിള്ളിയെ സൃഷ്ടിച്ചത്.)

അക്കഥയെല്ലാം അമ്മ പറഞ്ഞതല്ല അനുഭവിച്ചതാണ് സരസയെന്ന ഈ മുത്തശ്ശി.

''രണ്ടാം ക്ലാസ് മുതലാണ് കോട്ടയത്തെത്തിയത്. അവിടെ നീലീബഹൻ എന്ന മുത്തശ്ശിയുടെ മഹിളാ സേവാസദനത്തിൽ മൂന്നു കൊല്ലം.എന്നെ മടിയിലിരുത്തി ആ മുത്തശ്ശി സാന്ത്വനിപ്പിക്കും. വെളുത്തു നരച്ച മുടിയുള്ള വളരെ സ്നേഹനിധിയായ ഒരു മുത്തശ്ശിയായി ഇന്നും അവർ മനസ്സിലുണ്ട്.'' സ്നേഹം മാത്രം വാരിക്കൊടുത്ത ആ നീലിബഹനെ അഗ്നിസാക്ഷിയിൽ വായിക്കാം.

മകളെ കോട്ടയത്താക്കി നാട്ടിലെത്തിയ ആ അമ്മ കഷ്ടപ്പാടിൽ നിന്ന് ലഭിച്ച ആത്മധൈര്യവുമായി അന്തർജനസമാജത്തിലേക്കിറങ്ങി.തൃശൂരിൽ നിന്നുള്ള രണ്ടാം യാചനായാത്രയിലൂടെ. പിരിഞ്ഞു കിട്ടിയ തുക കൊണ്ട് ഒറ്റപ്പാലത്ത് ലക്കിടിയിൽ അന്തർജനങ്ങൾക്കായി തൊഴിൽ പരിശീലനകേന്ദ്രം. പതിനാറു പേരായിരുന്നു അതിൽ. സ്കൂളിന്റെ പടി പോലും കാണാത്തവരും ഭ്രഷ്ടരും വിധവകളും മറ്റും.

ആ തൊഴിൽ കേന്ദ്രത്തെപ്പറ്റി യാഥാസ്ഥിതികർ അപവാദപ്രചാരണം നടത്തി. വ്യഭിചാരിണികളുടെ കേന്ദ്രം. അതായിരുന്നു ആക്ഷേപം.ഒരു കൊല്ലമായപ്പോഴേക്കും അത് പിരിച്ചു വിട്ടു. എല്ലാവരും അവരവരുടെ സ്ഥലങ്ങളിലേക്ക് മടങ്ങി. ശ്രീദേവിക്ക് മടങ്ങാൻ ഇടമില്ലായിരുന്നു. കൂനിന്മേൽ കുരുവായി ഒന്നുകൂടി. മകൾ സരസയെകോട്ടയത്തു നിന്ന് തിരിച്ചു കൊണ്ടു പോരണം. നാലാം ക്ലാസ് കഴിഞ്ഞതിനാൽ പഠിപ്പിക്കാൻ അവിടെ സംവിധാനമില്ല.പലരെയും സമീപിച്ചു. മകളെ പഠിപ്പിക്കാനുള്ള സഹായമെങ്കിലും ചെയ്യാൻ. എന്നാൽ ആരും സഹായിച്ചില്ല.

**ആ തൊഴിൽ കേന്ദ്രത്തെപ്പറ്റി യാഥാസ്ഥിതികർ അപവാദപ്രചാരണം നടത്തി. വ്യഭിചാരിണികളുടെ കേന്ദ്രം. അതായിരുന്നു ആക്ഷേപം.ഒരു കൊല്ലമായപ്പോഴേക്കും അത് പിരിച്ചു വിട്ടു. എല്ലാവരും അവരവരുടെ സ്ഥലങ്ങളിലേക്ക് മടങ്ങി. ശ്രീദേവിക്ക് മടങ്ങാൻ ഇടമില്ലായിരുന്നു.**



*മിസിസ് ഞാളൂർ ഒരു ഗ്രൂപ്പ് ഫോട്ടൊ ഇരിക്കുന്നവരിൽ നടുവിലുള്ള ആൾ*

ഒടുവിൽ അവരെ ആര്യാപള്ളം (അന്തർജനസമാജത്തിലെ അക്കാലത്തെ പ്രമുഖനേതാവ്) പട്ടാമ്പിയിലെ പള്ളത്തു മനയിലേക്ക് കൂട്ടി. അവിടെ കുടുംബാംഗത്തെപ്പോലെ കുറച്ചു കാലം കഴിഞ്ഞു.

''മേഴത്തൂരിൽ തനിയെ താമസിക്കാൻ താല്പര്യമില്ലാത്ത അമ്മയെ ആര്യാപള്ളം നിർബന്ധിച്ച് കൊപ്പത്തെ അവരുടെ ഇല്ലത്തേക്ക് കൊണ്ടുപോയി. ഒപ്പം ഞാനും അമ്മയോടൊപ്പം ചേർന്നു.

? കോട്ടയത്തെ മൂന്നു കൊല്ലത്തെ താമസത്തിനു ശേഷം

> അതേ. അക്കാലത്ത് എം. ആർ.ബിയും പത്നിയും ഷൊർണ്ണൂരിലെ ചുടുവാലത്തൂരിലാണ്. (ഇവരുടേതാണ് ആദ്യവിധവാ വിവാഹം. വി.ടിഭട്ടതിരിപ്പാടിന്റെ പത്നിയുടെ സഹോദരിയെയാണ് എം.ആർ.ബി വിധവാ വിവാഹം ചെയ്തത്.) അവരുടേത് ഭ്രഷ്ടനാക്കപ്പെട്ട കുടുംബം. ധാരാളം സാമ്പത്തിക ക്ളേശമുണ്ടായിട്ടും അവർ കൂടെ താമസിപ്പിച്ചു. ഷൊർണ്ണൂർ യു.പി സ്കൂളിൽ ചേർക്കുകയും ചെയ്തു.

അവരുടെ കൂടെയാണ് ഞാൻ കഴിഞ്ഞത്. അവരുടെ മക്കളായ ലീലോപ്പോളും സരളോപ്പോളും എന്റെ മീതെ . മൂന്നാമത്തെ കുട്ടിയായ തങ്കമണി നിലത്തിഴയുന്ന പ്രായം. അവരുടെ നാലാമത്തെ മകളായി ഞാനും. തങ്കമണിയെ നോക്കലായിരുന്നു സ്കൂൾ വിട്ടു വന്നാലുള്ള ജോലി.'

''അക്കാലത്താണ് അമ്മാത്തെ ഭാഗം കഴിഞ്ഞത് .ചെറിയൊരു വിഹിതം കിട്ടി . അതുമായി തൃത്താലയിൽ ഒരു വീടു വച്ചു.എന്നെ തൃത്താല സ്കൂളിലേക്ക് മാറ്റി.അമ്മ ഒരു ചർക്കയും തറിയും വാങ്ങി. പരുത്തി വാങ്ങി നൂലുണ്ടാക്കി നെയ്ത് തുണിയാക്കുക. ഇതായിരുന്നു വഴി. എന്നാൽ പരുത്തി വാങ്ങിയ കടം തീർക്കാനേ കാശ് ഉപകരിച്ചുള്ളൂ.

അങ്ങനെയാണ് ഒറ്റപ്പാലത്തെ തീപ്പെട്ടിക്കമ്പനിയിൽ തൊഴിലന്വേഷിച്ചു ചെന്നതും അവഹേളിച്ച് പുറക്കാക്കിയതും. അതും കഴിഞ്ഞാണ് പേരൂർ ഗാന്ധി സേവാസദനത്തിലെ താമസവും പഠിപ്പും കോഴിക്കോട്ടേക്കുള്ള വരവും.''

ചരിത്രത്തിന്റെ ക്രൂരമായ മുഖം

സരസ ഞാളൂരിന്റെ വാക്കുകളിൽ തെളിഞ്ഞു.

? കോഴിക്കോട്ടെ ആദ്യകാല ജീവിതം.

> ബാലമന്ദിരത്തോടനുബന്ധിച്ചുള്ള സ്കൂളിൽ ആറാം ക്ളാസിൽ. അമ്മയ്ക്ക് ഞാൻ മാത്രമല്ല അവിടത്തെ എല്ലാ കുട്ടികളും മക്കളായി. എനിക്ക് മാത്രമായി ഒരു പരിഗണനയും ഉണ്ടായിരുന്നില്ല. ഒന്നുരണ്ടു ടെക്സ്റ്റ് ബുക്കുകൾ.എല്ലാവരും അത് മാറി മാറി ഉപയോഗിക്കും.സ്വന്തം മുറികളില്ല.ഒരു ഹാൾ പോലെയുള്ള തളം.ഗുജറാത്തിൽ നിന്ന് കോഴിക്കോട്ടെത്തിയ ബിസിനസ്സുകാരൻ സേട്ട് നാഗ്ജി ദാനം ചെയ്ത കെട്ടിടമാണ് വെള്ളിമാട് കുന്നിലേത്. മഹാത്മാഗാന്ധി വന്നു താമസിച്ച കെട്ടിടമാണെന്നൊക്കെ പറഞ്ഞു കേട്ടിട്ടുണ്ട്.

? ഏതൊക്കെ ക്ളാസിൽ അവിടെ .

> ആറ്.ഏഴ്. എട്ട്. എട്ടാം ക്ളാസിൽ ഇ.എസ്.എൽ.സി എന്ന ഒരു പൊതു പരീക്ഷയുണ്ട്. അതിൽ ഇംഗ്ളീഷിൽ തോറ്റു. പിന്നെ വീണ്ടും എഴുതി പാസായി.

? ഭക്ഷണം.

> കോഴിക്കോട്ടെ ഉദാരമതികളായ ആളുകൾ അന്നദാനപ്രിയരാണ്.പിറന്നാൾ, ശ്രാദ്ധം ,ചോറൂണ്, വിവാഹം തുടങ്ങി അവരവരുടെ വീട്ടിലെ വിശേഷങ്ങൾക്ക് അനാഥമന്ദിരത്തിലെ കുട്ടികൾക്കും ഭക്ഷണം നൽകുന്നവരുണ്ട്. അമ്പലങ്ങളിൽ വഴിപാടു കഴിക്കുന്ന പോലെ.ആ വഴിപാടിലെ ദേവീ ദേവന്മാരായി ഞങ്ങൾ.

? കോഴിക്കോട്ടു വരുന്നതിനു മുമ്പോ വന്ന ശേഷമോ പട്ടിണി കിടന്നിട്ടുണ്ടോ

> ഓർമ്മ വച്ച മുതൽ പട്ടിണിയായിട്ടില്ല. എന്നാൽ അമ്മയ്ക്ക് പട്ടിണി ദിനചര്യയായിരുന്നു.

? ഹൈസ്കൂൾ ജീവിതം.

> നടക്കാവ് ഗേൾസ് ഹൈസ്കൂളിൽ. ഫോർത്ത് ഫോം, ഫിഫ്ത്ത് ഫോം, സിക്സ്ത്ത് ഫോം എന്നൊക്കെയാണ് അന്ന് പറഞ്ഞിരുന്നത്. മൊത്തം പതിനൊന്ന് കൊല്ലം. അതിനിടയിൽ രണ്ടാമത്തെ പൊതു പരീക്ഷഎസ്.എസ്.എൽ.സി. അതിൽ ഫസ്റ്റ് ക്ളാസിൽ പാസായി

പിന്നെ,പ്രോവിഡൻസ് കോളേജിൽ പ്രീ യൂണിവേഴ്സിറ്റിയും ബി.എയും.

? ജോലി

> 1964 ൽ ടെലഫോൺസിൽ 1150 രൂപ ശമ്പളത്തിൽ ജോലി. അധികം വൈകാതെ അമ്മ അനാഥമന്ദിരത്തിൽ നിന്ന് പിരിഞ്ഞു.മേഴത്തൂരിൽ ഞങ്ങൾക്കൊരു വീടുണ്ടായിരുന്നു. കോഴിക്കോട്ട് സ്ഥിരതാമസമാക്കാൻ



## മിസിസ് ഞാളൂർ അന്തരിച്ചു

കോഴിക്കോട്: നമ്പൂതിരിപരിഷ്ക്കരണ പ്രസ്ഥാനത്തിന്റെയും ദേശീയപ്രസ്ഥാനത്തിന്റെയും ആദ്യകാല പ്രവർത്തകയായിരുന്ന മിസിസ് ഞാളൂർ എന്ന ശ്രീദേവി അന്തർജനം (87) പാറോപ്പടിയിലെ ഞാളൂർ ഭവനിൽ അന്തരിച്ചു. വെള്ളിമാട്കുന്ന് ജുവനൈൽ ഹോമിൽ (അബലാമന്ദിരം) നാലു പതിറ്റാണ്ടിലധികം അധ്യാപികയായും വാർഡനായും പ്രവർത്തിച്ചു.

കോഴിക്കോട് ഡിസ്ട്രിക്ട് ടെലകോം മാനേജർ ആപ്പീസിൽനിന്ന് വിര

ബാലമന്ദിരത്തിലെ മേട്രണായി 1968 ജൂൺ മൂന്നിന് വിരമിച്ച മിസിസ് ഞാളൂർ കോഴിക്കോട്ടെ പാറോപ്പടിയിൽ പിന്നെയുമുണ്ടായി കുറെക്കാലം.കൃത്യമായി പറഞ്ഞാൽ 2000 ആഗസ്റ്റ് 31 ന്റെ പത്രങ്ങളിലെ ഒരു സിങ്കിൾ കോളം ന്യൂസായി അസ്തമിക്കുന്നതു വരെ. കോഴിക്കോട്ടെ സാമൂഹ്യപ്രവർത്തകരോ സാംസ്കാരിക നായകരോ അവാർഡ് സംഘാടകരോ പുരസ്കാര സമർപ്പകരോ ഒന്നുമറിയാതെ. എന്തിന് നമ്പൂതിരിമാരായ നമ്മൾ പോലുമറിയാതെ.

അമ്മ തീരുമാനിച്ചപ്പോൾ അത് വിറ്റു . അനാഥമന്ദിരത്തിനു സമീപത്തൊരു വീടു വാങ്ങി.പിന്നെ എന്റെ വിവാഹശേഷം ഇങ്ങോട്ട് താമസം മാറി.ഇപ്പോൾ താമസിക്കുന്ന ഞാളൂർ ഭവനിലേക്ക്.

? പിന്നീട്

**"രണ്ടു വർഷത്തെ സർവീസ് ബാക്കിയുള്ളപ്പോൾ ഞാൻ വളണ്ടറി റിട്ടയർമെന്റ് എടുത്തു. അമ്മയുടെ പ്രായാധിക്യം കാരണം ഒരാൾ കൂടെ വേണമായിരുന്നു. എന്നെ വളർത്തി വലുതാക്കാനും പഠിപ്പിക്കാനും സ്വന്തം കാലിൽ നിൽക്കാറാക്കാനും വേണ്ടി അമ്മ ഒരുപാട് സഹിച്ചിട്ടുണ്ട്. അതിനാൽ അമ്മയെ ശുശ്രൂഷിക്കാനായിത്തന്നെ ജോലി വേണ്ടെന്നു വച്ചു."**

അതു പറയുമ്പോൾ സരസയ്ക്ക് ആ സാത്വികസന്യാസിനി നീലിബഹന്റെ ഭാവം.

ചളവറയിലെ ബാലകൃഷ്ണനാണ് സരസയുടെ ജീവിത സഖാവ്. മർച്ചന്റ് നേവിയിലായിരുന്നു.പിന്നീട് കോഴിക്കോട് ബിസിനസുമായി സെറ്റിൽ ചെയ്തു. ഇപ്പോൾ മകൻ സന്ദീപും പേരക്കുട്ടികളുമുണ്ട് കൂടെ .മകൾ സിന്ധുവും കുട്ടികളും ചെന്നൈയിൽ.

ബാലമന്ദിരത്തിലെ മേട്രണായി 1968 ജൂൺ മൂന്നിന് വിരമിച്ച മിസിസ് ഞാളൂർ കോഴിക്കോട്ടെ പാറോപ്പടിയിൽ പിന്നെയുമുണ്ടായി കുറെക്കാലം.കൃത്യമായി പറഞ്ഞാൽ 2000 ആഗസ്റ്റ് 31 ന്റെ പത്രങ്ങളിലെ ഒരു സിങ്കിൾ കോളം ന്യൂസായി അസ്തമിക്കുന്നതു വരെ. കോഴിക്കോട്ടെ സാമൂഹ്യപ്രവർത്തകരോ സാംസ്കാരിക നായകരോ അവാർഡ് സംഘാടകരോ പുരസ്കാര സമർപ്പകരോ ഒന്നുമറിയാതെ. എന്തിന് നമ്പൂതിരിമാരായ നമ്മൾ പോലുമറിയാതെ. സ്വസ്തിയെങ്കിലും നേരാം നമുക്ക്.നമ്മുടെ ന്യൂജെൻ കുട്ടികൾ അവരുടെ കഥയിൽ നിന്ന് ജീവിതമെന്തെന്ന് പഠിച്ചാൽ അതാവും ഏറ്റവും വലിയ തിലോദകം. അതായിരിക്കും ഏറ്റവും വലിയ ആദരം.

സരസ ഞാളൂരിന്റെ
മൊബൈൽ : **9400409712** ❐




**ശ്രീരാഗ്**
S/o ശംഭു നമ്പൂതിരി
& വരദാകുമാരി
മരങ്ങാട് ഇല്ലം, കുട്ടമ്പേരൂർ


**വൃന്ദാ ദാമോദരൻ**
D/o ദാമോദരൻ നമ്പൂതിരി
& എം.പി.ബിന്ദു അന്തർജനം
നീലമന ഇല്ലം, പയ്യന്നൂർ

ആശംസകളോടെ: ബന്ധുമിത്രാദികൾ



# അതിരാത്രം തൊട്ട് അഭിനയം വരെ; ഹരിയുടെ ജീവാംശങ്ങൾ...

**മികച്ച ഗാനരചയിതാവിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ ബി.കെ.ഹരിനാരായണന്റെ വിശേഷങ്ങൾ**



രവി മങ്ങത്തായ

വർഷം 2006. ആലത്തൂർ വടക്കഞ്ചേരിക്കടുത്ത് ശ്രീകുറുംബാ ക്ഷേത്രത്തിലെ യാഗവേദി... ഓരോ ചടങ്ങ് നടക്കുമ്പോഴും വിശദവിവരവും അതിന്റെ ഫലങ്ങളും മൈക്കിലൂടെ യാഗം കാണാനെത്തിയവർക്ക് വേണ്ടി അനൗൺസ് ചെയ്യുന്നത് കേവലം 30 വയസ്സ് മാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരൻ. ചടങ്ങുകളും മന്ത്രങ്ങളും അതിന്റെ അർത്ഥവും നിത്യജീവിതത്തിൽ അതിനുള്ള പ്രാധാന്യവുമൊക്കെ വളരെ ലളിതമായി കാണികൾക്ക് പറഞ്ഞുകൊടുത്ത യുവാവ് ആ യാഗത്തിലെ താരമായി. സ്മാർത്ത, ശ്രൗതങ്ങളിൽ അറിവിന്റെ ആഴങ്ങൾ താണ്ടി. ഈ വ്യക്തിപ്രഭാവം അന്നത്തെ യാഗത്തിന്റെ സാമ്പത്തിക സാരഥ്യം വഹിച്ചിരുന്ന ശോഭ ഗ്രൂപ്പ് എം.ഡി. പി.എൻ.സി. മേനോനെ അതിശയിപ്പിച്ചു. ഇനി മറ്റു ജോലികളൊന്നും തേടി പോകണ്ട, എന്നു പറഞ്ഞ് ശോഭ ഗ്രൂപ്പിൽ ജോലി ചെയ്യാൻ ക്ഷണിച്ചു. പക്ഷേ, നിർവ്വഹിക്കാനുള്ള ജോലി വേറിട്ട ഒന്നായിരുന്നു... അതിരാത്രത്തിന്റെ പൂർണ്ണ വിവരങ്ങളോടെ ഒരു പുസ്തകമെഴുതുക. അതും ഏറ്റെടുത്തു വൈദികരംഗത്തെ മുടിചൂടാമന്നനായ കുഴിയാംകുന്നത്തു മനയിലെ രാമൻ നമ്പൂതിരിയുടെ മകൻ ഹരിനാരായണൻ.

കുന്നംകുളം പഴഞ്ഞിക്കടുത്താണ് കുലത്തൊഴിലായ വൈദികവൃത്തി അതിന്റെ പരിശുദ്ധിയും നിഷ്ഠയും കൈവിടാതെ കാത്തുപോരുന്ന കുഴിയംകുന്നത്ത് മന. പി.ഡബ്ലിയു.ഡി. അസിസ്റ്റന്റ് എൻജിനീയറായി വിരമിച്ച അച്ഛൻ രാമൻ നമ്പൂതിരി വൈദിക കാര്യങ്ങളിൽ കേരളത്തിലെത്തന്നെ ഏറ്റവും പ്രാഗത്ഭ്യമുള്ള ആളാണ്. മകൻ ഹരിയെ അദ്ദേഹം





**2010-ൽ ബി.ഉണ്ണികൃഷ്ണന്റെ ദി ത്രില്ലർ എന്ന ചിത്രത്തിലായിരുന്നു ഹരിയുടെ അരങ്ങേറ്റം. ശ്രദ്ധേയമായത് 2014-ൽ ഇറങ്ങിയ '1983'ലെ ഓലഞ്ഞാലിക്കുരുവി തന്നെ.**

തന്നെയാണ് പ്രാഥമിക പാഠങ്ങൾ പഠിപ്പിച്ചത്. അതിനുശേഷം അതിപ്രശസ്തരായ വൈദികരത്നങ്ങളുടെ കീഴിൽ ഉപരിപഠനം നടത്താൻ ഹരിക്ക് ഭാഗ്യമുണ്ടായി. ചെറുമുക്ക് വൈദികൻ വല്ലഭൻ അക്കിത്തിരിപ്പാട്, വൈദികൻ തൈക്കാട്ട് കേശവൻ നമ്പൂതിരി എന്നിവരുടെ കീഴിൽ ഷോഡശക്രിയകളിലും ശ്രുതി, സ്മൃതി പ്രധാനമായ ചടങ്ങുകളിലും അവഗാഹം നേടി. ഇതിൽ ശ്രൗതത്തിൽപ്പെടുന്ന യാഗസംബന്ധിയായ കാര്യങ്ങളും ഇതിനകം ഹരി ഹൃദിസ്ഥമാക്കി.

വേളി, പിണ്ഡം, മാസം, സപിണ്ഡി, നാരായണബലി തുടങ്ങി ഏതു ചടങ്ങും കഴിപ്പിക്കാനും അതിരാത്രങ്ങളിൽ നിർണ്ണായക ഭാഗമാകാനും കഴിഞ്ഞു.

ഇതൊക്കെയാണെങ്കിലും പാട്ടെഴുത്തിലും സംഗീതത്തിലും വ്യാപരിക്കാനായിരുന്നു ഹരിയുടെ ഇഷ്ടം. ബി.എസ്.സി.യും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദവും നേടിയെങ്കിലും ഗാനരചനയോടുള്ള കമ്പം മറ്റൊന്നിനോടുമുണ്ടായിരുന്നില്ല. അതിനിടെ കെ.എസ്.ആർ.ടി.സി. കണ്ടക്ടർ പണി തരായെങ്കിലും രണ്ടു ദിവസം കൊണ്ടു തന്നെ ഇതു തനിക്കു പറ്റിയ പണിയല്ല എന്ന തിരിച്ചറിവുണ്ടായപ്പോൾ അതും ഉപേക്ഷിക്കാൻ ഒരു മടിയും ഉണ്ടായില്ല.

ഈസ്റ്റ്കോസ്റ്റിന്റെ മാപ്പിളപ്പാട്ട് ആൽബമായ 'പൊന്നുറുമാലി'ലാണ് ഹരിശ്രീ കുറിക്കുന്നത്. 2010-ൽ ബി. ഉണ്ണികൃഷ്ണന്റെ ദി ത്രില്ലർ എന്ന ചിത്രത്തിലായിരുന്നു ഹരിയുടെ അരങ്ങേറ്റം. ശ്രദ്ധേയമായത് 2014-ൽ ഇറങ്ങിയ '1983'ലെ ഓലഞ്ഞാലിക്കുരുവി തന്നെ. പിന്നെ ഈറൻകാറ്റിൻ ഈണംപോലെ, കാറ്റുമൂളിയോ പ്രണയം, ഹേമന്തമെൻ കൈക്കുമ്പിളിൽ, ലൈലാകമേ, മിനുങ്ങും മിന്നാമിനുങ്ങേ, അമ്പാഴം തണലിട്ടൊരിട വഴിയിൽ, മുരുകാ മുരുകാ പുലിമുരുകാ, എന്തൂട്ടണ്ട് കിടാവേ, ഖൽബിൽ തേനൊഴുകണ കോഴിക്കോട്, സത്യൻ അന്തിക്കാടിന്റെ 'ഞാൻ പ്രകാശനി'ലെ ഗാനങ്ങൾ. പുരസ്കാരാർഹമായ ജീവാംശമായ് എന്ന 'തീവണ്ടി'യിലെയും പൂമുത്തോളെ തുടങ്ങിയ 'ജോസഫി'ലെയും ബി.കെ.ഹരിനാരായണന്റെ വേറിട്ട രചനാവൈഭവം മലയാളത്തിന് അനുഗ്രഹവർഷമായി തുടരുന്നു. സംസ്ഥാന ചലച്ചിത്ര അവാർഡിന് പുറമെ ഇന്ത്യാവിഷൻ, വനിതാ, ഏഷ്യാനെറ്റ്, ഫിലിം ക്രിട്ടിക്സ്, ഫിലിം ഫെയർ അവാർഡുകളും ഈ യുവപ്രതിഭക്ക് ലഭിച്ചിട്ടുണ്ട്. മികച്ച ഗാനരചയിതാവായി മലയാളം ഹരിയെ തിരഞ്ഞെടുത്തപ്പോൾ സന്തോഷാശ്രുക്കളോടെ അമ്മ ഭവാനി അന്തർജനം മകനെ മാറോട് ചേർത്തു. അച്ഛനും അങ്ങേയറ്റത്തെ ചാരിതാർത്ഥ്യം.

**വേളി, പിണ്ഡം, മാസം, സപിണ്ഡി, നാരായണബലി തുടങ്ങി ഏതു ചടങ്ങും കഴിപ്പിക്കാനും അതിരാത്രങ്ങളിൽ ഋത്വിക് ആകാനും കഴിഞ്ഞു.**

പക്ഷേ, ഇവിടെയൊന്നും അവസാനിക്കുന്നില്ല ഈ അശ്വമേധം. അഭിനയവും തനിക്ക് നന്നായി വഴങ്ങുമെന്ന് ഹരി ധ്വനിപ്പിച്ചിട്ടുണ്ട്. വേൾഡ് മ്യൂസിക് ഫെസ്റ്റിവൽ ഫൗണ്ടേഷനു വേണ്ടി ശ്രുതി നമ്പൂതിരിയുടെ രചനയിലും സംവിധാനത്തിലും സുദീപ് പാലനാടിന്റെ മനസ്സിറ്റുന്ന സംഗീതത്തിലും ആലാപനത്തിലും പിറവിയെടുത്ത 'ചാരുലത'യിൽ. 1964 ലെ സത്യജിത് റേ ഫിലിമായ 'ചാരുലത'യുടെ കലാമർമ്മജ്ഞത ഉൾക്കൊണ്ട് അമലിനെയും ചാരുവിനെയും പുനരാവിഷ്കരിച്ചപ്പോൾ ലക്ഷക്കണക്കിന് ആസ്വാദകർ അനുഭവിച്ചത് പ്രണയത്തിന്റെ ഒരായിരം പുനർജനി നൂളുന്ന പുണ്യം! അതിൽ അമലായി ജീവിക്കുകയായിരുന്നു ഹരി. ചാരുവായി പാർവ്വതി മേനോനും.

അതിരെഴാമുകിലേ നിൻ
സജലമാമറുകരയിൽ
അടരുവാൻ വിതുമ്പിനിന്നോ
പരിചിതമൊരു മൗനം എന്ന കനൽ


നീറ്റുന്ന വരികൾക്കൊപ്പം നായകനായ അമലും അനശ്വരനായി. ഏറെ നൊസ്റ്റാൾജിക് നൊമ്പരവുമായി ചാരുലത കലാഹൃദയങ്ങൾ ഇരുകൈയും നീട്ടി സ്വീകരിച്ചു. ചാരുലതയിലെ അമലിനെയും ആസ്വാദക ലക്ഷങ്ങൾ ഏറ്റെടുത്തു.

സ്മാർത്ത ശ്രൗതക്രിയകളും അതിനപ്പുറം സകല കലാവൈഭവവും ഹരിക്ക് കരതലാമലകം പോലെ. വൈദികനാവണമെങ്കിൽ അങ്ങനെ, അല്ല അഭിനയിക്കണോ, എഴുതണോ പ്രഭാഷകനാവണോ, തായമ്പക വേണോ എന്തും ഏതും വശം. ചെയ്യുന്നതെന്തും ഏറ്റവും ഹൃദ്യമായിരിക്കണം അതാസ്വദിക്കുന്നവർക്ക് എന്നത് ഹരിക്ക് നിർബന്ധമാണ്. വരികളിൽ മാത്രമല്ല, ഏത് കൃത്യനിർവ്വഹണത്തിനും ഒരാത്മാവുണ്ടാവും. അതുകൊണ്ടുതന്നെയാണ് ഹരിയുടെ ഓരോ ആവിഷ്കാരത്തിലും ജീവാംശം നിറഞ്ഞുകവിയുന്നതും.

മൊബൈൽ 9447885595 ❐



*അച്ഛൻ രാമൻ നമ്പൂതിരിക്കും കരിയന്നൂർ മന മകളായ അമ്മ ഭവാനി അന്തർജനത്തിനുമൊപ്പം ഹരിനാരായണൻ*



വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വ... യനക്കാർ പ്രതി

# ശാന്തിക്കാരൻ കൂടിയായ എനിക്ക് ആ ചിത്രം കണ്ട് അഭിമാനം തോന്നി




**സ്വ**സ്തി മുഖച്ചിത്രത്തെ വിമർശിച്ചു കൊണ്ട് പ്രസ്താവനകൾ സോഷ്യൽ മീഡിയകളിൽ പലയിടത്തും ശ്രദ്ധയിൽ പ്പെട്ടു.പരിഷ്കാരിയായ ഒരു ബ്രാഹ്മണ യുവാവ് ഫ്രീക്കനായി മോട്ടോർ സൈക്കിളിൽ പോകുന്നതാണ് ചിത്രം.

ഇതിൽ അപാകത കാണുന്നവരോട് ഒരു ചോദ്യം. എന്താണ് ആ ചിത്രത്തിൽ വന്ന തെറ്റ്?പൂജാപാത്രങ്ങൾ ബൈക്കിനു പിന്നിൽ വെച്ചതിലും മണി ഹാൻഡിലിൽ തൂക്കിയിട്ടതിലും പൂണൂലിൽ താക്കോൽ തൂങ്ങിക്കിടക്കുന്നതിലും എന്തു തെറ്റാണ്?

തെറ്റായി എനിക്കു തോന്നിയത് മൊബൈലിൽ സംസാരിച്ചു കൊണ്ടുള്ള റൈഡിംഗ് മാത്രം.സോഷ്യൽ മീഡിയകളുടെ വരവോടെ യുവാക്കളുടെ വേഷവിധാനത്തിലും പൂജാ സമ്പ്രദായത്തിലുമൊക്കെ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കയാണ്.

ചെയ്യേണ്ട കടമയോ ജോലിയോ ആത്മാർത്ഥമായി ചെയ്യണമെന്നുള്ള ത്വര അവർക്കിടയിൽ സംജാതമായിരിക്കുന്നു. തെറ്റായ വഴികളിൽ കൂടി സഞ്ചരിച്ചവർ മറ്റുള്ളവരുടെ ചെയ്തികൾ കണ്ട് ശരിയായ വഴിയിലൂടെ നടക്കാൻ തുടങ്ങിയിരിക്കുന്നു.സോഷ്യൽ മീഡിയകളുടെ കടന്നു വരവോടെ കൂടുതൽ പുറംപൂജകളും യഥേഷ്ടം ശാന്തി ഒഴിവുകളും ഉണ്ടെന്ന് മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.

ക്ഷേത്രങ്ങളിൽ നിന്നും ലഭിക്കുന്ന പടച്ചോറുകളെ ആശ്രയിച്ചല്ല ഇന്ന് കുടുംബം നോക്കുന്നത്. സമയത്തിന് വില കൊടുത്ത് യഥാസമയങ്ങളിൽ ക്ഷേത്ര നട തുറക്കുവാനും പൂജക്കെത്തുവാനും അവൻ ബൈക്കോ കാറോ ഉപയോഗിച്ചെന്നു വരാം. അതൊന്നും പരിഷ്കാരം എന്നു പറഞ്ഞ് പുച്ഛിക്കരുത്.

ഇന്നത്തെ തലമുറയെ പ്രതിനിധീകരിക്കുന്ന ശാന്തിക്കാരെ പൂർണ്ണമായും ഉൾക്കൊണ്ട ഒരു വ്യക്തിയാവാം ആ കാരിക്കേച്ചർ വരച്ചത്.അതിൽ ഒരു തെറ്റുമില്ല. ആവശ്യമില്ലാതെ അതിന്റെ പേരിൽ ഒരു വിവാദത്തിന് കോപ്പുകൂട്ടരുത്.അവർ മാറട്ടെ.ആ മാറ്റങ്ങൾ പൈതൃകത്തെ ഉൾക്കൊണ്ടു കൊണ്ടുള്ളതാണെങ്കിൽ എന്തിന് ബേജാറാകണം.

ശാന്തിക്കാരൻ കൂടിയായ എനിക്ക് ആ ചിത്രം കണ്ട് അഭിമാനം തോന്നിയെങ്കിൽ ആയിരക്കണക്കിന് ശാന്തിക്കാരായ യുവാക്കൾക്ക് പ്രചോദനമേകാൻ ആ ചിത്രം സഹായിച്ചിട്ടുണ്ട് എന്ന് അടിവരയിട്ടു പറയട്ടെ.


**ജ്യോതിഷ്.സി.കൃഷ്ണ**
**ചങ്ങഴശ്ശേരി 9413110367**

### ○വിനോദമാസികയിൽ പൊതിഞ്ഞ സ്വർണ്ണ നാണയം പോലെ

നമ്മൾ നല്ല വൃത്തിയിൽ വസ്ത്രങ്ങൾ ധരിച്ചാണ് പോകാറ്. ഈ വേഷം കണ്ടാൽ തന്നെ ഇവൻ (ഇവൾ ) നല്ലൊരു തറവാട്ടിൽ പിറന്നതെന്ന് മറ്റുള്ളവർക്ക് തോന്നും. ഇതു പോലെ തന്നെയാണ് ഏതൊരു പുസ്തകത്തിന്റേയും മുഖചിതം. ഹായ് ഗംഭീരം ഒന്ന് വായിച്ചു നോക്കണം എന്ന് ഒറ്റനോട്ടത്തിൽ തോന്നിപ്പിയ്ക്കുന്ന ഒരു പ്രധാന ഘടകമാണ് മുഖചിത്രത്തിനുള്ളത്.

പരസ്പര ബന്ധമില്ലാത്തവസ്ത്രാദികളും മറ്റു വസ്തു വഹകളും ധരിച്ച് നടക്കുന്നവരെ കാണുമ്പോൾ എന്തോ മാനസിക തകരാറ് ഉണ്ടെന്നും മാറി നടക്കാനും തോന്നും.ഇതു പോലെയാണ് ഈ പ്രാവശ്യത്തെ സ്വസ്തിയുടെ അവസ്ഥയും.ഹാസ്യ കൈരളി വിനോദമാസികയിൽ പൊതിഞ്ഞ സ്വർണ്ണ നാണയങ്ങളെ പോലെയായി സ്വസ്തിയിലെ ഉള്ളടക്കം.

**കണ്ടമംഗലം നാരായണൻ നമ്പൂതിരി 8547813272**



*സ്വസ്തി ത്രൈമാസിക അഭിമാനത്തോടെ: താഴമൺ മഹേഷ് മോഹനര്‍ക്ക് പുതിയ ലക്കം സ്വസ്തി, കോഴിക്കോട് ജില്ലാ യോഗക്ഷേമസഭ സെക്രട്ടറി മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി സമ്മാനിക്കുന്നു.*

### ○ സ്വസ്തി ശ്രദ്ധിക്കപ്പെടുന്നു എന്നതിന്റെ തെളിവ്

ഇത് വിവാദമാക്കേണ്ട ആവശ്യമില്ല. ഇന്ന് ചെത്തി നടക്കാനാഗ്രഹിക്കാത്ത ചെറുപ്പക്കാർ ആരാണുള്ളത് . കവർചിത്രത്തെ വിമർശിക്കുന്നവരിൽ അത്തരക്കാരുണ്ടെങ്കിൽ മാറ്റം വരുത്തേണ്ടത് അവരുടെ ശൈലിയല്ലേ.അതു മാറ്റിയെടുക്കാനും ആത്മ വിമർശനത്തിനും ഉള്ള ഒരവസരമല്ലേ ഇത്. മാത്രമല്ല വിവാദങ്ങൾ സ്വസ്തി ശ്രദ്ധിക്കപ്പെടുന്നു എന്നതിന്റെ തെളിവാണ്. വളർച്ചയ്ക്ക് വിവാദവും ആവശ്യമാണല്ലോ.


**ശ്രീധരൻ പൂലൂർ, ബാംഗ്ലൂർ**

### ○ ന്യൂ ജൻ മുഖചിത്രം ഗംഭീരമായി

നമ്പൂതിരി യുവത്വത്തിന്റെ ന്യൂജൻ മുഖം തുറന്ന്കാട്ടുന്ന മുഖചിത്രം ഗംഭീരമായി. മുത്തശ്ശന്റെ കാലഘട്ടം മുതൽ ഉപയോഗിക്കുന്ന ശുദ്ധം മാറാത്ത പ്ലാസ്റ്റിക് സഞ്ചിയും അതിനുള്ളിൽ ഞെളിഞ്ഞ് നിൽക്കുന്ന ദർഭപ്പുല്ലും ചിത്രത്തിന് മാറ്റ് കൂട്ടുന്നു. സദാസമയവും കാതിലമരുന്ന സ്മാർട്ട് ഫോണും റോയൽ എൻഫീൽഡ് ബുള്ളറ്റും നമുക്കും അന്യമല്ലെന്ന് ചിത്രം വ്യക്തമാക്കുന്നു.

മംഗല്യ സൗഭാഗ്യം കിട്ടാക്കനിയാകുന്ന പുതുതലമുറ ഹണ്ട്റഡ് സി.സി.ബൈക്കും അതിലൊരു പൂജാഭട്ടും വേണം എന്ന പഴയ ഗാനത്തെ 'പൂജാ പാത്രം' കൊണ്ട് തൃപ്തിപ്പെടുന്ന ദുഃഖസത്യവും വരകൾക്കിടയിൽ വായിക്കാം.

രചയിതാവ് കൃഷ്ണൻ പാതിരിശ്ശേരിക്ക് ഒരായിരം അഭിനന്ദനങ്ങൾ. സമുദായത്തിലെ കലാകാരൻമാരെ കണ്ടെത്തി ജനഹൃദയങ്ങളിലേക്കെ



കരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായ

ത്തിക്കാൻ യത്നിച്ച സ്വസ്തി ടീമിനും അഭിനന്ദനങ്ങൾ.

ചെറിയ ഒരു അഭിപ്രായവും.കഴുത്തിൽ മുത്തും സ്ഫടികവും കോർത്തിണക്കിയ ഒരു മാലയും കൈതണ്ടിൽ പല വർണത്തിലുള്ള മന്ത്രച്ചരടുകളും ആകാമായിരുന്നു. കൂടാതെ ചിത്രത്തിൽ കാണുന്ന മഞ്ഞ നിറം (പ്രിന്റിംഗ് പ്രശ്നമാണോ എന്നറിയില്ല) ചില അവ്യക്തതകൾ വരുത്തുന്നു.

**കൃഷ്ണൻ നമ്പൂതിരി,ട്രഷറർ, അരീക്കോട് ഉപസഭ.9048486430**

### ○ പരിഹാസച്ചിരിയാവില്ലേ?

ഈ കവർ ഫോട്ടോ കാണുമ്പോൾ മുഖത്ത് വിടരുന്ന പുഞ്ചിരി മറ്റുള്ളവരിൽ പരിഹാസച്ചിരിയാവില്ലേ

**ശ്രീധർ ആർ.എൻ 9947700043**

### ○ ഗരിമ വിളിച്ചോതുന്നതായില്ല

കവർ ചിത്രം നന്നായിട്ടുണ്ട്. ഉള്ളടക്കവും. മുഖചിത്രം ഉള്ളടക്കത്തിന്റെ ഗരിമ വിളിച്ചോതുന്നതായില്ല.യാദൃച്ഛികമായി കാണുന്ന ആൾക്ക് ഇതൊരു തമാശ മാഗസിൻ ആണെന്ന് സംശയം തോന്നിയേക്കാം. തോന്നണമെന്നുമില്ല.

**രാമചന്ദ്രൻ ടി.എസ് 9496444500**

### ○ എന്താണ് സന്ദേശം?

എന്റെ ചോദ്യം ഇതാണ്. ഈ മുഖചിത്രത്തിൽ നിന്ന് എന്താണ് ഞങ്ങൾ യുവാക്കൾക്കുള്ള സന്ദേശം?

**വിനീത് കണ്ടമംഗലം 8465079001**

### ○നല്ല അഭിപ്രായം

അഭിനന്ദനം അർഹിക്കുന്നു. **ഇളമന അനിയേട്ടൻ 9048324152**

### ○ നന്നായിട്ടുണ്ട്

അഭിപ്രായം നല്ലത്. **പുരുഷോത്തമൻ നമ്പൂതിരി പാറോളി ഇല്ലം 9495767981**




### ○ സഹസ്രാവൃത്തി

സഹസ്ര സംഖ്യാനാം ഗായത്രീം,സഹസ്രനാമജപം തഥാ,നിത്യോപാസന സായൂജ്യം,അപ്രാപ്യം പ്രാപ്യമേവ ച. കൃതേന കൃഷ്ണോൽകൃഷ്ടം,ശ്രേഷ്ഠം പുണ്യം ഭവന്തു തേ,ശ്രേഷ്ഠോദ്യോഗ പ്രാപ്തഞ്ച, ഉപാസനേതു നിഷ്ക്രഷാ. സർവത്ര വിജയംഭവേത്!

**വൈത്തല സുബ്രഹ്മണ്യൻ നമ്പൂതിരി, 9446633235**

### ○ സഹസ്രാവൃത്തി വല്ലാതെ ഇഷ്ടായി

ഏറ്റവും ഇഷ്ടമായത് സഹസ്രാവൃത്തിയുള്ള വൈത്തല കൃഷ്ണൻ നമ്പൂതിരിയെപ്പറ്റിയുള്ളതാണ്.അത് വല്ലാതെ സ്പർശിച്ചു. ഇത്ര ഉന്നതിയിലെത്തിയിട്ടും ഇതെല്ലാം മുറുകെപ്പിടിക്കുന്ന അദ്ദേഹത്തെ നേരിൽ കാണാനും പരിചയപ്പെടാനും തോന്നി. മറ്റുള്ളവർക്ക് പ്രചോദനകരമാണ് ഇതെല്ലാം.ഗായത്രിയുടെ കാര്യവും മോട്ടിവേറ്റ് ചെയ്യുന്നതാണ്. **പുല്ലങ്കോട് സുരേഷ് നമ്പൂതിരി, മേൽശാന്തി നല്ലൂർ ശിവക്ഷേത്രം.9947311320**

### ○ യുവാക്കൾക്ക് പ്രചോദനം

വൈത്തലകൃഷ്ണൻ നമ്പൂതിരിയെക്കുറിച്ചുള്ള ലേഖനം സമുദായത്തിന് അഭിമാനവും യുവാക്കൾക്ക് പ്രചോദനവും യുവതലമുറയ്ക്ക് വഴികാട്ടിയുമാണ്. ജീവിത സന്ദേശത്തോടൊപ്പം നല്ല നമ്പൂതിരിയായി എങ്ങനെ നല്ല കരിയർ ബിൽഡ് ചെയ്യാമെന്ന് സ്വസ്തിയിൽക്കൂടി വിദ്യാർത്ഥികളെ ഗൈഡ് ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

**ഈശ്വരൻ നമ്പൂതിരി , എൽ.ഐ. സി. ഓഫ് ഇന്ത്യ, കോഴിക്കോട് 9447010780**

*അരീക്കോട് ആറ്റുപുറത്തെ 95 കഴിഞ്ഞ മുത്തശ്ശി സ്വസ്തി വായിക്കുന്നു.*






### ○ ഉദാഹരണം ഗായത്രി

മുഴുവൻ വായിച്ചു.ഗംഭീരം.ഉദാഹരണം ഗായത്രി വളരെ നന്നായി.പെൺകുട്ടികൾക്ക് നല്ല പ്രചോദനമാകും അത്.വിവാഹം കഴിയുന്നതോടെ സ്വപ്നങ്ങൾ കുഴിച്ച് മൂടേണ്ടെന്ന നല്ല സന്ദേശവും. **ശ്രീകൃഷ്ണൻ തിരുവാലൂർ,മൊബൈൽ 9645250164**


### ○ഗംഭീരമായിട്ടുണ്ട്

ഐ.എ.എസ് ഗായത്രിയുമായിട്ടുള്ള സംവദിക്കലും, അവരുടെ പടിപടിയായിട്ടുള്ള ഉയർച്ചയും,കഠിനാധ്വാനവും,നന്നായി കവർ ചെയ്തിട്ടുണ്ട്.വായിച്ച് നമ്മുടെ കുട്ടികൾക്ക് പ്രചോദനമാവട്ടെ. തയ്യാറാക്കിയ ദിവാകരേട്ടന് അഭിനന്ദനങ്ങൾ. **ഗോവിന്ദൻ പോറ്റി ബി, റിട്ട ചീഫ് മാനേജർ ഇന്ത്യൻ ഓവർസീസ് ബാങ്ക്, ഖജാൻജി തിരുവനന്തപുരം ജില്ലാ യോഗക്ഷേമസഭ.**

### ○ Thank you very much

I received the books. Article has come out beautifully. Very well written. Thanks and pls convey my appreciation to the entire team for producing a quality magazine.

**Gayathri IAS Sub collector, Pollachi**



വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതി

എന്താവണം നമ്പൂതിരിയുടെ രാഷ്ട്രീയം. ഇ.എം.എസിന്റെ സഹോദരപുത്രൻ ഇ.എം.വി നമ്പൂതിരിപ്പാട് നിർദ്ദേശിക്കുന്നു. അടുത്ത പേജിൽ.

### ○ ഇതു നന്നായി

അടുത്ത പേജിലെ അറിയിപ്പ് ഈ രീതിയിൽ കൊടുത്തതു നന്നായി.

**ദേവി, പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി, പന്തീരാങ്കാവ് , മൊബൈൽ 9946685461**

### ○ ഇഷ്ടപ്പെട്ടത് തുടർച്ച

ഓരോ ലേഖനങ്ങളും ഒന്നിന്റെ തുടർച്ച മറ്റൊന്ന് എന്ന രീതിയിൽ ഉള്ള അവതരണം ആണ് ഏറ്റവും ഇഷ്ടപ്പെട്ടത്. മറ്റു നമ്പൂതിരി മാസികകളെ അപേക്ഷിച്ച്, എല്ലാ ഘടകങ്ങളിലും ഏറെ മികച്ചത്. പക്ഷേ ഉപയോഗിച്ചിരിക്കുന്ന ഭാഷയിൽ നമ്പൂതിരിച്ചുവ പലേടത്തും ചെറിയ കല്ലുകടിയായി തോന്നി. ബാക്കിയെല്ലാം വളരെ മികച്ചത്.

**മനു വിഷ്ണു**
**മംഗലപ്പിള്ളി, തൃശൂർ,**
**7559950659**

### ○ മാസികയായി വളരട്ടെ

ആദ്യം കിട്ടിയത് ഒന്നാം വാർഷികപതിപ്പ്.കണ്ടപ്പോൾ കൗതുകം തോന്നി.കടലാസ് കേമം, അച്ചടി മനോഹരം,വിഭവങ്ങൾ അതീവഹൃദ്യം. ഉടനെതന്നെ മുൻലക്കങ്ങൾ സംഘടിപ്പിച്ചു. എല്ലാം ഒന്നിനൊന്ന് മെച്ചം. 2019ലേക്കുള്ള വരിസംഖ്യയും അയച്ചുകൊടുത്തു. 2019 ജനുവരിയും കിട്ടി.അണിയറ ശില്പികൾക്ക് അകമഴിഞ്ഞ അഭിനന്ദനങ്ങൾ.വൈകാതെ ദ്വൈമാസികയായും ക്രമേണ മാസികയായും വളരട്ടെ എന്നാശംസിക്കുന്നു.

നാരായണൻ നമ്പൂതിരി,
**കക്കാട്ടു മന ആലങ്കോട്, 679585**

### ○നന്നായി

സ്വസ്തി കിട്ടി. നന്നായിട്ടുണ്ട്.

**ജ്ജു,ഏലംകുളം മന,കരിങ്കരപ്പുള്ളി, പാലക്കാട് 8075996939**

### ○ ഓ.പിയിലെ തിരക്കിലും

സ്വസ്ഥമായിരുന്നു വായിക്കാൻ സ്വസ്തി ബാഗിൽ തിരുകി.ഓ.പിയിൽ തിരക്ക് കുറവുള്ളപ്പോഴൊക്കെ,അത് ഒരു മിനിറ്റായാലും,സ്വസ്തിയിലൂടെ കണ്ണോടിച്ചു. വായിച്ചു തുടങ്ങിയാൽ ലേഖനങ്ങളുടെ കാന്തിക തരംഗങ്ങൾ വീണ്ടും വീണ്ടും അതിലേയ്ക്ക് തന്നെ ആകർഷിക്കുന്നു.വിഷയങ്ങളുടെ ഗൗരവ സ്വഭാവവും അത് കൈകാര്യം ചെയ്യുന്നതിലെ വ്യത്യസ്തതയും സ്വസ്തിയെ മറ്റ് മാഗസിനുകളിൽ നിന്ന് വേറിട്ടു നിർത്തുന്നു.

വിദ്യാഭ്യാസമികവിലൂടെയും മൂല്യങ്ങൾ കൈവിടാതെയുള്ള ജീവിത തപസ്യയിലൂടെയും നമ്മൾ തീർച്ചയായും ഒരിക്കൽ ആദരിക്കപ്പെടുക തന്നെ ചെയ്യും എന്നും സോദാഹരണം സ്വസ്തി കാണിച്ചു തരുമ്പോൾ വായനക്കാരായ ഓരോ സമുദായാംഗങ്ങളും അനുഭവിക്കുന്ന ആത്മഹർഷവും ഊർജ്ജവും പറഞ്ഞറിയിക്കാൻ കഴിയുന്നതിനപ്പുറമാണ്.

**ഡോ: യമുന സജിത്, മൊബൈൽ 6238457236**

### ○ പാൽപ്പായസം പോലെ

ഷുഗർ ഇല്ലാത്തയാൾ പാൽപ്പായസം കഴിച്ചാലുണ്ടാവുന്ന അനുഭവമായി ജനുവരി ലക്കം വായന. മുഖചിത്രം മുതൽ അവസാന ചട്ടയിലെ പഴമ തോന്നിക്കുന്ന രീതിയിലുള്ള പി.എം നമ്പൂതിരിയുടെ ചിത്രം വരെ ശ്രദ്ധേയം.വി.ടി. വാസുദേവന്റെ അഭിപ്രായം ചേർത്തത് വളരെ നന്നായി.ഓരോ ലേഖനം കഴിയുമ്പോഴും അടുത്ത പേജിലെ വിഷയം സംബന്ധിച്ച ഏതോ മാർക്കിനുള്ളിൽ കുറിപ്പ് ചേർത്തത് നന്നായി.ഗായത്രിയും സിവിൽ സർവീസും സിനിമയും എല്ലാം ഒന്നിനൊന്ന് മെച്ചം.കുട്ടികൾക്കായി പ്രത്യേകം പേജുകൾ മാറ്റിവച്ചതും ഉചിതം. കെ.പി പുരുഷോത്തമൻ നമ്പൂതിരിയുടെ ശ്രാദ്ധത്തലേന്ന് എന്ന കവിത ഉഗ്രൻ.അത് വായിച്ച് ഞാൻ അദ്ദേഹത്തെ വിളിച്ചു നന്നായെന്ന് പറഞ്ഞു. അദ്ദേഹത്തിന് സന്തോഷമായി. അദ്ദേഹത്തോട് ഭാര്യാഭർതൃബന്ധത്തിന്റെ പഴയകാലത്തെ അനുഭവം പങ്കു വച്ചു. ഇ.എം.എസിന്റെ സഹോദരപുത്രനെ എനിക്ക് നല്ല പരിചയമുണ്ട്. എല്ലാം കൊണ്ടും വിഭവങ്ങൾ പായസതുല്യം.

**ജയൻ പുതുമന,**
**ഉദയനാപുരം, വൈക്കം, പിൻ 686143 മൊബൈൽ 8330086062**

### ○ ശ്രാദ്ധത്തലേന്ന് നന്നായി

കവിത നന്നായി. ജരയും നരയും വന്ന ശേഷമാണ് പത്നി മരിച്ചതെന്ന് പറയുന്നു. പിന്നീട് ശ്രാദ്ധം എത്രാമത്തെയെന്ന് ഓർക്കാനാവാത്തത്ര കാലമായി എന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ കവിക്ക് എത്ര പ്രായമായിക്കാണും?

**തരുപ്പ നാരായണൻ നമ്പൂതിരി,**
**പെരുമൺപുറ 9946202218**

### ○ ഈ ലക്കം ഇല്ലപ്പെരുമ

അവതരണം അസ്സലായി.പാക്കത്തെയും പാഴിയോട്ടെയും അതിജീവനങ്ങൾ, പുതിയ തലമുറയിലെ നമ്പൂതിരിമാർക്ക് നല്ലൊരു വർക്ക് ബുക്ക് തന്നെയാവുന്ന തരത്തിൽ സത്യസന്ധമായി എഴുതിയിട്ടുണ്ട് .ഞാൻ കേട്ടതും പറഞ്ഞതുമായ കാര്യങ്ങൾ അതിന്റെ സത്ത ചോരാതെ ഫീച്ചറാക്കിയതിൽ വിനോദ് മങ്ങത്തായയ്ക്കും ചീഫ് എഡിറ്റർ കൊയ്ത്തടി പരമേശ്വരനും സന്തോഷം അറിയിക്കട്ടെ .ജ്ഞാനമാർഗ്ഗത്തിൽ നിന്ന് ബ്രാഹ്മണർ പിന്മാറരുത്. അനവധി തലമുറകളായി കൊണ്ടു നടന്ന തേജസ്സാണത്.ഇത്തവണത്തെ വിജയകഥകൾ പോലെ സ്വസ്തി എന്നും വിജ്ഞാനത്തേര് തെളിയിക്കട്ടെ.

**എസ്.എൻ ഭട്ടാചാര്യ**
**മൊബൈൽ 9446648792**

### ○ കൈതപ്രം പറഞ്ഞ പോലെ

കൈതപ്രം പറഞ്ഞ പോലെ സ്വസ്തി കേമാവ്ണ് ണ്ട്. കുറെയൊക്കെ വായിച്ചു .കുട്ടിക്കൂട്ടത്തിലെ പി .എം. ശ്രീഭദ്ര ആരാ? പുളിയപ്പിലാശ്ശേരി രാമന്റെ പേരക്കുട്ടിയാണോ?

**ഇ.എം.വി നമ്പൂതിരിപ്പാട്,**
**ഏലംകുളം മന. 9400696490**

### ○ കൂടുതൽ നന്നാവുന്നു


സ്വസ്തി ഒരോ പ്രാവശ്യവും കൂടുതൽ നന്നാവുന്നുണ്ട്

**കൊറ്റിവട്ടം ജയരാജൻ. 9961085646**

### ○ വരിക്കാരനാക്കിക്കോളൂ

ഒരു വരിക്കാരനാക്കിക്കോളൂ.വരിസംഖ്യ അക്കൗണ്ടിൽ തരാം.

**ഗോവിന്ദൻ നമ്പൂതിരി, കടുങ്ങമംഗലത്തു മന, മഞ്ചേരി**



വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു വായനക്കാർ പ്രതികരിക്കുന്നു

# മാതൃവിലാപം

ദേവസേന മന്ത്രേടത്ത്

ഇരുപതു കൊല്ലം മുമ്പു വേർപിരിഞ്ഞ നിന്റെ താതൻ
എന്റെ സംരക്ഷണം നിന്നെ ഏൽപ്പിച്ചതല്ലേ?
എത്ര വർഷം കൂട്ടിരുന്നു, മക്കൾക്കൊപ്പം താമസിച്ചു
ആർക്കുമാപത്തു വരരുതെന്ന് പ്രാർത്ഥിച്ചു
നിന്റെ കൂടെയെന്നും നിന്നു, എനിക്ക് നീ കൂട്ടിരുന്നു
അവിടുത്തെ ബന്ധുക്കളായ് സഹവസിച്ചു
ഇപ്പോളെന്തേ എല്ലാം വിട്ടിട്ടനന്തമാം വിഹായസ്സിൽ
ഒരു നോക്കു പോലും കാണാൻ പറ്റാതെ പോയി..?
എന്നോട് നീ യാത്ര ചൊല്ലി, പുഞ്ചിരിയും കണ്ണുനീരും
കലർന്നൊരായാത്ര ചൊല്ലൽ ദുസ്സഹമായി!
സന്തത സഹചാരിയാം പ്രിയനെ നീ തനിച്ചാക്കി
ശിവസന്നിധിയിൽ നിന്നും വിട്ടുപിരിഞ്ഞു!
പ്രിയൻ, അമ്മ, സോദരിമാർ, ബന്ധുക്കൾ, സുഹൃജ്ജനങ്ങൾ
എല്ലാവരുമോർക്കും നിന്നെ ജീവിതകാലം
എല്ലാവരെയും നീയോർക്കും, മറക്കില്ലെന്നറിഞ്ഞീടാം
സൂക്ഷ്മശരീരിയായ് ഞങ്ങൾക്കൊപ്പം വാഴണേ...
ഈശ്വരഹിതമിതാകാം നീയോ ഞാനോ തെറ്റു ചെയ്തു
ശാശ്വതമീ ദുഃഖം തീർത്തും അസഹനീയം
മക്കളെയെല്ലാമരികെക്കണ്ടുകൊണ്ടു മരിക്കുവാൻ
ഭാഗ്യം വേണം ഞാനിന്നെത്ര ഭാഗ്യഹീനയായ്
വിഷ്ണു പാദമണഞ്ഞനീ ഞങ്ങളെയും ഹരി തന്റെ
തൃപ്പദങ്ങളിലെത്തിക്കാൻ സഹായിക്കണേ...






*കൈലാസ യാത്രക്കിടയിൽ മോക്ഷപദം പൂകിയ കിടങ്ങഴി ലീല അന്തർജനത്തിന്റെ അമ്മയാണ് ദേവസേന അന്തർജനം. കിടങ്ങഴി സേതു മാധവൻ നമ്പൂതിരിപ്പാട് ഭർത്താവും*



## എൻ 'കണ്ണീർ'കയ്പ്

കൈലാസ ദർശനം പുണ്യം
സ്നാനം മാനസരോവരേ,
ആവേശഭരിതം കൂട്ട
പ്രാർത്ഥനാ ച പരിക്രമം.

ഹാ കഷ്ടം! ജീവിതം മായാ
പ്രപഞ്ചം, ക്ഷണഭംഗുരം !
കൈവിട്ടു പോയീ, എൻ ലീല
ലീലയായ്, വിട ചൊല്ലിനാൾ!

അനായാസേന മരണം
സ്വജീവിത നിദർശനം
നിൻ ഭാഗ്യമെന്റെ നിർഭാഗ്യം
കഷ്ടം ! ഈ ജന്മമെൻ സഖീ.


ഏകാന്തവാസം കഠിനം,
ബന്ധുക്കൾക്കൊരു ഭാരമായ്
കർമ്മങ്ങളെത്രയോ ബാക്കി
ഒററക്കോരോന്നു തീർപ്പു ഞാൻ !

'സ്വസ്തി'യാൽ സ്വജനങ്ങൾ തൻ
കുശലപ്രശ്നമെപ്പൊഴും
ശാന്തമാകും വിഷാദാഗ്നി
ക്കാജ്യാഹുതി ! സഹിച്ചിടാം.

എൻ 'കണ്ണീർ'കയ്പു വായിച്ചോ
രയച്ചിട്ടുള്ള കത്തുകൾ
ശാന്തിയേകീ മനസ്സിന്നു
സമാഹിതമനസ്സുകൾ !

എല്ലാമെൻ വിധി ! ദു:ഖത്തിൽ
പങ്കു ചേർന്ന സമാജമേ,
എല്ലാർക്കും 'സ്വസ്തി' നേരുന്നൂ
ലീലക്കും 'സ്വസ്തി' നേരണേ...!

കിടങ്ങഴി സേതുമാധവൻ നമ്പൂതിരിപ്പാട്,
മൊബൈൽ 9447629839



### ○ ഇല്ലപ്പെരുമ തുടരുക

സ്വസ്തി മാസികയുടെ വാർഷികപ്പതിപ്പ് കാണാനിടയായി. എളിയ തുടക്കത്തിൽ നിന്ന് ഇത്രയുമെത്തിയല്ലോ. യോഗക്ഷേമസഭ ജില്ലാ കമ്മിറ്റിയ്ക്ക് തീർച്ചയായും അഭിമാനിക്കാം. ഉള്ളടക്കത്തിലെ അറിയേണ്ട നമ്പൂതിരിമാർ ശ്രദ്ധേയം. പുല്ലേരി വാദ്ധ്യാരില്ലത്തെ ഉണ്ണികൃഷ്ണൻ നമ്പൂതിരി ചിരകാലസുഹൃത്താണ്. ഇല്ലപ്പെരുമ തുടരുക. തനത് ആചാര വിശേഷങ്ങളും ഐതിഹ്യങ്ങളും മറ്റുമായി ആ പരമ്പര ശ്രദ്ധേയമാണ്. ആശംസകളോടെ.

**സി.വി.ബാലകൃഷ്ണൻ , ദിശ, പോസ്റ്റ് പിലിക്കോട്, കാസർകോട് ജില്ല, പിൻ 671310 മൊബൈൽ 9446016590**

### ○ സ്വസ്തി കസറുന്നു

ഇത്രയ്ക്ക് പ്രതീക്ഷിച്ചില്ല. നമുക്കിടയിൽ ഇത്രയും കഴിവുള്ളവരെ കണ്ടെത്തുന്ന സ്വസ്തി ടീമിന് അഭിനന്ദനങ്ങൾ

**കൃഷ്ണപ്രസാദ് കളം**

### ○ സ്വസ്തി കിട്ടി

നന്നായിട്ടുണ്ട്.നന്ദി.

**കുമാരൻ മൂസ്സത് മഞ്ചേരി.**

### ○ സ്വസ്തി വേണം.

വരിസംഖ്യ എങ്ങോട്ടാണെത്തിക്കേണ്ടത്.?

**അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്**



**സ്വസ്തി കിട്ടാനും രചനകൾ അയക്കാനും**
**9447337337**
swasthithrimonthly@gmail.com

# നൂറാംകോലു കളിയിൽ തോറ്റുതരുന്ന മുതുമുത്തശ്ശി




**( മുത്തശ്ശിക്കഥയല്ല ഒരു മുതുമുത്തശ്ശി ക്കഥയാണിത്. മുത്തശ്ശിമാർ പോലും ഇല്ലാത്ത അണുകുടുംബങ്ങളിലെ ന്യൂ ജെൻ പിള്ളേർ അറിയണം ഈ മുതു മുത്തശ്ശിയെ. മൂന്നു മാസം മുമ്പ് മരിച്ചു പോയ വൈത്തല എടക്കാട്ടെ ഉമാദേവി അന്തർജ്ജനം എന്ന മുതുമുത്തശ്ശിയുടെ ഊഷ്മളമായ ഓർമ്മകൾ പങ്കു വയ്ക്കു കയാണ് അവരുടെ മകന്റെ മകളുടെ മ കളായ ആർദ്ര മങ്ങത്തായ. കക്കോവ് പി.എം.എസ്.എ. പി.ടി.എച്ച്.എസ്.സ്കൂളി ലെ ഒമ്പതാംതരം വിദ്യാർത്ഥിനിയാണ്.)**



**അ**മ്മാത്ത് വെറ്റില മുറുക്കില്ലാ ത്തവർ കഷ്ടിയാണ്. മുറുക്കാത്തവർ ക്ക് പോലും അമ്മാത്തെത്തിയാൽ ഒന്നു മുറുക്കാൻ തോന്നും. കാരണം ചായക്കു ക്ഷണിക്കുന്നതിനു മുമ്പു തന്നെ അവരുടെ മുന്നിലേക്ക് ചെ ല്ലവുമായി മുതുമുത്തശ്ശിയെത്തും. വെറ്റിലയിൽ നൂറു തേക്കുമ്പോൾ വി ശേഷങ്ങൾ. സ്വന്തക്കാരെക്കുറിച്ചുള്ള അന്വേഷണങ്ങൾ. ഞങ്ങൾ കാഴ്ച ക്കാരാവും. ചിലപ്പോൾ മുറുക്കാനും കൂടും.ആ മുറുക്കിനിടയിലാണ് ചില സൂപ്പർ കഥകൾ പിറക്കുക.

ചാണകപ്പറച്ചിയുടെ കഥയെല്ലാം ഞങ്ങൾക്കു മാത്രമായി ഉണ്ടാക്കിയ താണോ എന്നു തോന്നും. വേറെ ആരും ആ കഥ പറയണത് കേട്ടിട്ടി ല്ല. പുരാണ കഥകൾ പറഞ്ഞു തരു മ്പോൾ ഭാവമാറ്റങ്ങൾ കാണേണ്ടതു തന്നെ. ശ്രീരാമനെയെല്ലാം നേരിൽ കണ്ടിട്ടുണ്ട് അമ്മാത്ത് നിന്ന്.അമ്പാ ടിക്കണ്ണൻ ഞങ്ങളോടൊപ്പം കളി ച്ചിട്ടുമുണ്ട്. അതിനെല്ലാം കാരണം മുതുമുത്തശ്ശിയാണ് . പുരാണകഥ കളെല്ലാം പരിചയപ്പെട്ടത് ഇങ്ങനെ. കൂടാതെ നരിയുടെയും ഉപ്പുകൊ റ്റന്റെയുമെല്ലാം കഥകൾ . വീണ്ടും വീണ്ടും കേൾക്കാൻ തോന്നും. മനസ്സിലെന്നും നിറഞ്ഞു നിൽക്കും. ഞാനും അമ്മാമന്മാരുമൊക്കെ ഈ കഥകളിൽ ചിലത് വേദികളിൽ അവ തരിപ്പിച്ച് സമ്മാനങ്ങളും വാങ്ങീട്ടു ണ്ട്.

മുതുമുത്തശ്ശിക്ക് എല്ലാറ്റിനുമു ണ്ടായിരുന്നു ചിട്ടവട്ടങ്ങൾ. സന്ധ്യ ക്കു മുമ്പെതന്നെ പിറ്റേന്നക്കുള്ള പൂപറിച്ചു വെയ്ക്കണം. പൂപറിക്കു വാൻ കൊക്കയും കൊട്ടയുമായി ഞങ്ങളും ചെല്ലും. അപ്പോൾ സ ന്തോഷാവും. കൊട്ട നിറയെ ചെമ്പര ത്തിമൊട്ടുകളും തെച്ചിപ്പൂവും ശേഖ രിച്ച് പാട്ടുപുരയിലെത്തും. പിന്നെ യെല്ലാം മുത്തശ്ശി പറയും പോലെ. വെള്ളം തളിച്ച് മൊട്ടുകൾ വിരിയാൻ വെക്കണം. മുത്തശ്ശിയോടൊപ്പം അ തിരാവിലെ എണീക്കണം. രാവിലെ യാണ് മാലകെട്ടൽ. ആദ്യമൊക്കെ ഞങ്ങൾ കാഴ്ചക്കാരായിരുന്നു. പിന്നെ, അതു നോക്കി കുറേശ്ശെ കെട്ടാൻ തുടങ്ങി. വാഴത്തണ്ടിൽ നിന്ന് ശേഖരിച്ച നാരാണ് വേണ്ടത്. ഇലയും പൂവും ചേർത്തുവെച്ചാണ് കെട്ടൽ. ആ പ്രായത്തിലും മുതുമു ത്തശ്ശിയുടെ കൈവേഗം അപാരമാ ണ്. അതുപോലെത്തന്നെ പിരിക്കു ന്നതിന്റെ ഉറപ്പും. ഞങ്ങൾക്കൊന്നും ആ മുറുക്കം കിട്ടില്ല.

അമ്മാത്ത് ഒരു ശ്രീരാമസ്വാമി ക്ഷേത്രമുണ്ട്. കൂടാതെ പാട്ടുപുര യും ദേവിയുടെ ശ്രീകോവിലുമു ണ്ട്. തിരുമാന്ധാംകുന്നിലമ്മയാണ് സങ്കൽപം. വിശേഷാൽ പൂജകളും വാരവും ഭഗവതിപ്പാട്ടും മറ്റുമായി മി ക്കപ്പോഴും വിശേഷങ്ങൾ. ഓരോന്നി നും ഒട്ടനവധി ബന്ധുക്കളും വരും. പ്രായത്തിന്റെ അവശതകളുണ്ടെ ങ്കിലും ഒന്നിനുമൊരു മുടക്കമില്ല. ഞങ്ങൾ കുട്ടികളിലേക്കും ഈശ്വ രവിചാരവും ആചാരശുദ്ധികളും നിഷ്ഠയോടെ പകർന്നു തന്നു . രാ വിലെ അമ്പലത്തിൽ പോവുന്നതും ഞങ്ങളൊന്നിച്ചാണ്. നടക്കാനുള്ള പ്രയാസമുണ്ടായിരുന്നു. കൈപിടിച്ച് വർത്തമാനങ്ങൾ പറഞ്ഞ് ഞങ്ങളും ഒപ്പം നടക്കും. ഓരോ ദേവന്മാരെ വണങ്ങിത്തൊഴുമ്പോഴും അവരുടെ പ്രാധാന്യം പറഞ്ഞു തരും. നമസ്ക രിക്കാനുള്ള മന്ത്രങ്ങളും.

കർക്കിടകം വേറൊരു തരത്തിലാ


ണ്. രാമായണവായനയാണ് പ്രധാന ചടങ്ങ്. ഈണത്തിൽ രാമകഥകൾ പാടിക്കേൾക്കാൻ ഞങ്ങൾ അരികിലെത്തും. രാമലക്ഷ്മണന്മാരുടേയും സീതയുടെയും ചിത്രങ്ങൾ ചേർത്ത പുറംചട്ടയും നോക്കി ഞങ്ങളങ്ങനെ ഇരിക്കും. അതും കഥകളുടെ കാലമാണ്.

കഥകൾ മാത്രമല്ല കളിയുമുണ്ട് .അമ്മാത്തെത്തിയാൽ പിന്നെ ഞങ്ങൾക്ക് കളിക്കൂട്ടുകാരിയായിരുന്നു 70 വയസ്സിലേറെ പ്രായവ്യത്യാസമുള്ള മുതുമുത്തശ്ശി.ഭക്ഷണം കഴിക്കുന്നത് ഒപ്പം. ഉച്ചയൂണു കഴിഞ്ഞുള്ള സമയത്ത് കളിക്കുന്നതും ഒപ്പം. നൂറാംകോലു കളിക്കുന്നതാണ് ഇഷ്ടം. പലപ്പോഴും ഞങ്ങളെ ജയിപ്പിക്കാൻ മുത്തശ്ശി തോറ്റു തരും. മുത്തശ്ശിയെ തോല്പിക്കുന്നത് അക്കാലത്ത് വല്ലാത്ത ത്രില്ലായിരുന്നു.

വേനലവധിക്കാലത്താണ്  രസം. ചാമ്പക്കയും, മാങ്ങയും ചക്കയുമെല്ലാം കൊണ്ട്  ഉത്സവ പ്രതീതി. ഞങ്ങൾ  മാങ്ങ എറിഞ്ഞു വീഴ്ത്തും. അത് വൃത്തിയായി ചെത്തിത്തരും. ഉപ്പും മുളകും വെളിച്ചെണ്ണയും ചേർത്ത് സ്വാദിഷ്ടമായ കൂട്ടുണ്ടാക്കും. അതിൽ ഒപ്പി ആവോളം മാങ്ങ തിന്നും. ഇനി മതിയെന്നു പറയണം ഞങ്ങൾ നിർത്താൻ. 'ദണ്ണം വരാൻ' പാടില്ലല്ലോ. ആപ്പിളാവട്ടെ, ഓറഞ്ചാകട്ടെ കിട്ടുന്നതെല്ലാം ഞങ്ങൾക്കും വീതം വെച്ച് തരും.ഞങ്ങളെത്തുന്നത് വരെ കാത്തിരിക്കും. മാമ്പഴമീമ്പിത്തിന്നാൻ പോലും ഞങ്ങൾക്കൊപ്പം ചേരും. കൂടാതെ മുത്തശ്ശനും മുത്തപ്പന്മാരും മുത്തശ്ശിമാരും അമ്മാമന്മാരും ചിറ്റമാരും. എല്ലാരുമുണ്ടാകും.

പെട്ടെന്നായിരുന്നു ആ ചുറുചുറുക്കും തെളിമയും മങ്ങിത്തുടങ്ങിയത്. ഓർമ്മകൾ മങ്ങിത്തുടങ്ങിയപ്പോഴും ചിരി മാഞ്ഞില്ല. അരികിലെത്തിയപ്പോൾ കൈകൾ ചേർത്തു പിടിച്ച് പുഞ്ചിരിക്കാൻശ്രമിച്ചു.  നൂറാം കോലുകളിയിൽ ഞങ്ങൾ തോല്പിക്കുമ്പോഴുള്ള ചിരി. ഉള്ളു നിറഞ്ഞു പോയി അപ്പോൾ. കണ്ണു നനഞ്ഞു പോയി. നാളുകൾതോറും അവശത കൂടിക്കൂടി വന്നു. ഒടുവിൽ.....കഥകൾ മാത്രം ബാക്കിയായി; കളികൾ ഓർമ്മയായി. മുതുമുത്തശ്ശി ഉത്തരമില്ലാത്ത കടംകഥയായി.

മൊബൈൽ: 7558928452 ❐



# STORY OF A COCONUT !

## Sreeveda

I am a coconut, a coconut living in the southern islands. My life was very comfortable; seeing the sunrise, watching toddlers learn to walk, seeing and hearing kids play and shout, and many more things.

That time, I loved snuggling to my mama palm tree for the night. Once like normal, I saw the kids play soccer for a change. But, sadly they lost the coconut which they were playing with. So one of them climbed mama palm tree, and chose a coconut.

And which one do you think he chose? Well, me!!! I did not like it at all. So I stayed at the beach for the whole day. In early morning, I got up to see the sunrise. When I did quite a fat little boy took me and threw me far from the shallow beach to a little more deep sea.

As I was light, thankfully I floated. But I could not again float back to the beach!!! I got scared and tensed.

" Now I cannot be with mama".

" what if I get rotten in this salt water ?"

"Maybe I might fall into some sea ravines and sink".

"What will I do?" were the thoughts in my mind.

I remembered mama's wise saying then.

"think positive, be positive and happen positive".

I tried to give a smile and be jolly. I tried to enjoy the waves taking me here and there and I did! It soon turned out fun. Suddenly, while enjoying I heard a sound of a ship.

"Finally, someone has come to rescue me". I thought happily.

Oh no, but the ship sailed so fast that I moved forward and not ashore. After a few hours of dullness, I came up to my next meeting with friends. It was a whale. She was quite hungry for she was licking her lips when she saw me.

"I am not meat!" I badly wanted to explain.

Then I saw a boat coming near us. It was written in big letters " A rescue policy" in the front. I understood that it took all the fish suffering in pet shops and put them in the sea because of the fish, the whale quickly grabbed a twenty of them and left happily. I was thankful not to be whale food.

It started to be dark.

While seeing the sun set, I saw a baby seahorse all alone. "Are you also trapped as I am?" I asked.

I sighed. "You are more lucky . this is your home. You live here I don't."

Suddenly, I saw two adult seahorses coming and taking the baby with them. Tears came in my eyes. I wanted to go home. I badly wanted to see a little boy named ' Lue' as he is very caring and kind. Lue was a fisherman's son. I could always look at him for his house was near mine. Lue helped a little bird heal its wings.

"I miss you Lue!" I thought.

Soon a month passed. Then two, three…….eleven months passed. A year passed. I still sailed in the sea. Soon I saw a ten to eleven year old boy fishing in a handmade boat. He quite resembled Lue. I understood that I was near ashore. Soon the boy noticed me and took me.

"My little coconut!" he called affectionately. Do you remember me? I am Lue".

I was surprised and very happy. He took me and we went home. Right now I am myself again, following my old routine, sitting near mama as I am old, and thinking about my wonderful experience. ❐

ദുബായ് ജെംസ് ഇംഗ്ലീഷ് ഹൈസ്കൂളിലെ വിദ്യാർത്ഥിയായ ശ്രീവേദ പുലാമന്തോൾ അവിഞ്ഞിക്കാട്ടു മനയിലെ അരുൺദാസിന്റെയും ഉമയുടെയും മകളാണ്. മൊബൈൽ: +971566820829

# SREEPATHY

## INSTITUTE OF MANAGEMENT AND TECHNOLOGY

Vavanoor,Koottanad, Near Pattambi, Palakkad Dist- 679533

Ph : 0466 2370200, 9447131000, 9176701460, 9895596548

e-mail: sreepathycollege@gmail.com, www.simat.ac.in

Approved by AICTE Affiliated to APJ Abdul kalam Technological University

**FELICITATION CEREMONY TO 26 CALICUT UNIVERSITY RANK HOLDERS OF 2013-17 BATCH**



**MS.SRUTHI (1ST RANK IN CSE) RECEIVING THE AWARD FROM PADMAVIBHUSHAN DR E.SREEDHARAN**

B.TECH COURSES

- Civil Engineering
- Computer Science & Engineering
- Electronics & Communication Engineering
- Electrical & Electronics Engineering
- Mechanical Engineering

M.TECH COURSES

- Structural Engineering

INSTITUTION CODE


SPT

790 281 555, 790 282 555 ,790 283 555

# ആശംസകൾ



കൊയ്ത്തടി (ഋദ്ധി) മധുവിന്റെയും മനസ്വിത
യുടെയും മക്കൾ സിദ്ധാർത്ഥും വേദാന്തും



2019 ഏപ്രിൽ 11ന് ഒന്നാം പിറന്നാൾ ആഘോ
ഷിക്കുന്ന തച്ചംപൊയിൽ രായരമംഗലത്ത്
മനക്കൽ ദീപകിന്റെയും ദേവികയുടെയും
മകൻ നിരഞ്ജൻ :9446311932



പാലാഞ്ചേരി അനാമയൻ നമ്പൂതിരിയും പത്നി
പുല്പറ്റ തിരുവാലൂർ ഇല്ലത്ത് കൃഷ്ണപ്രിയയും മക്കളായ
ധ്വനി.പി.നമ്പൂതിരി, ദ്യുതി.പി.നമ്പൂതിരി എന്നിവർക്കൊപ്പം



എടവണ്ണപ്പാറയിലെ
തിരുവാലൂർ ദേവൻ
നമ്പൂതിരിയുടേയും
ലതയുടേയും
മകളായ ശ്രേയയുടെ
(എട്ടാം ക്ലാസ് )
പെയിൻ്റിംഗ്

കാഞ്ഞങ്ങാട് പുതുമന
ഇല്ലത്ത് ഗോവിന്ദന്റെയും
ശ്രീദേവിയുടെയും പുത്രി
അന്വിതാ നിഹിര.



രണ്ടാം പിറന്നാൾ
ആഘോഷിക്കുന്ന നിവേദ്
വിഷ്ണു. വെദിരമന ഡോ.
കേശവന്റേയും ഡോ തുളസി
യുടേയും മകൻ





# മനീഷിയായ മാഷ്!

## (ഡോ. ചേക്രക്കൽ കൃഷ്ണൻ നമ്പൂതിരി 1926 2019)

**ശ്രീ**പദം എന്നായിരുന്നു ചേക്രക്കൽ കൃഷ്ണൻ നമ്പൂതിരിയുടെ വീട്ടു പേര്. 2019 ഫെബ്രുവരി 10 മുതൽ വിഷ്ണുപദത്തിലായി താമസം. ഇനി എന്നും ഭഗവദ്പദത്തിൽത്തന്നെ! ശുദ്ധമാനസന്മാർക്ക് എത്തിച്ചേരാവുന്ന പരമമായപദം!!

ആരായിരുന്നു ഡോ. സി കൃഷ്ണൻ നമ്പൂതിരി ?


മാഷ്! സാധാരണക്കാരായ അദ്ധ്യാപകരെ അങ്ങനെയാണ് വിളിക്കുക. എന്നാൽ

**ഹീലിയോ സെൻട്രിക് തിയറി കോപ്പർനിക്കസ് കണ്ടു പിടിച്ചതാണെന്ന് പഠിപ്പിക്കേണ്ടി വന്നപ്പോൾ വ്യാസമുനിയെ ഓർത്തു പോയി ഈ ഭാരതീയൻ.**

മനീഷിയെന്ന് വിളിക്കേണ്ട ധിഷണാശാലിയാണ് ഈ മാഷ്.

ഗവേഷണപ്രബന്ധങ്ങളുടെ നിലവാരമുള്ള 25 ഓളം ഗ്രന്ഥങ്ങളങ്ങളുടെ ഉടമ. എല്ലാം സ്വന്തമായി പ്രസിദ്ധീകരിച്ചത്. പൂർണ്ണസ്യ പൂർണ്ണമാദായ എന്ന് പറയാറില്ലേ? ഇത്രയ്ക്ക് പൂർണ്ണനായ അദ്ധ്യാപകൻ ഇനി ഉണ്ടാവുമോ എന്ന് സംശയം. കവി, സംസ്കൃതപണ്ഡിതൻ സംസ്കൃത സാഹിത്യശാസ്ത്ര ഗവേഷകൻ ...അങ്ങനെ വേറെയും വിശേഷണങ്ങളാവാം.

ഹീലിയോ സെൻട്രിക് തിയറി കോപ്പർനിക്കസ് കണ്ടു പിടിച്ചതാണെന്ന് പഠിപ്പിക്കേണ്ടി വന്നപ്പോൾ വ്യാസമുനിയെ ഓർത്തു പോയി ഈ ഭാരതീയൻ. പൈത്തഗോറാസിനും ആയിരക്കണക്കിനു വർഷം മുമ്പ് ഭാരതീയർക്കറിയാമായിരുന്ന ഒരു തിയറത്തിന്റെ പേറ്റന്റ് ഭാരതത്തിനില്ലാതെ പോവുന്നതിൽ വല്ലാതെ നൊമ്പരപ്പെട്ടു. ഇങ്ങനെ പലതും കണ്ടപ്പോഴാണ് നമ്മുടെ ശാസ്ത്രപാരമ്പര്യമറിയാനായി സ്വന്തം നിലയിൽ പഠനം തുടങ്ങിയത്. പി.എച്ച്.ഡി കിട്ടാനല്ല. ഏതെങ്കിലും

പ്രസാധകനെ മുന്നിൽ കണ്ടുകൊണ്ട ല്ല. പേരും പ്രശസ്തിയുമുണ്ടാക്കാനല്ല. കേവലമായ സത്യാന്വേഷണം. മുൻവിധികളില്ലാത്ത ശുദ്ധഗവേഷണം.

ആരെങ്കിലും എഴുതി വച്ച അഞ്ചെട്ട് പുസ്തകങ്ങൾ വായിച്ച് അതിൽ നിന്ന് ആശയാനുവാദം നടത്തി തട്ടിക്കൂട്ടിയതല്ല ഇവയൊന്നും. സംസ്കൃതത്തിലെ മൂല ഗ്രന്ഥങ്ങൾ പഠിച്ച് പ്രസക്തഭാഗങ്ങൾ ഉദ്ധരിച്ച് തത്തുല്യമായ ആധുനിക ശാസ്ത്രവിഷയങ്ങളെ വിശദീകരിക്കുന്ന മൗലികമായ രചനകൾ. ലളിതമായ പ്രതിപാദനം. എല്ലാവരും കൈ വെക്കുവാൻ പേടിക്കുന്നതാണ് ഭാഗവതത്തിലെ ഭൂഗോള വർണ്ണന. അതും ശ്രീശങ്കരാചാര്യരുടെ പ്രപഞ്ചസാരവും മറ്റും എത്ര അനായാസമായാണ് ഈ മാഷ് അവതരിപ്പിച്ചത്.

ഈ അനായാസത തന്നെയാണ് ഗണിതത്തിലും. അസാദ്ധ്യമായത് എന്നു കരുതപ്പെട്ടിരുന്ന ഒരു ആംഗിളിന്റെ ട്രൈസെക്ഷൻ കണ്ടു പിടിച്ച് പ്രൂവ് ചെയ്യുന്ന കല വല്ലാത്ത സിദ്ധി തന്നെ! വേറൊരു സിദ്ധിയാണ് പ്രാണിക് ഹീലിംഗിലേത്. പ്രാണിക് ഹീലിംഗിൽ ഫോർത്ത് ലെവലിൽ എത്തി പ്രാക്ടീസ് ചെയ്യാറുള്ള അപൂർവം ആചാര്യരിൽ ഒരാൾ!!

ഒന്നാം ക്ലാസ്മുതൽ ഇന്റർമീഡിയറ്റ് വരെ പഠിച്ച ക്ലാസിലെല്ലാം ഒന്നാമൻ. മലയാളം ഇംഗ്ലീഷ് സംസ്കൃതം എന്നീ ഭാഷകളിൽ പ്രാവീണ്യം.രസതന്ത്രം ഊർജതന്ത്രം ഗണിതശാസ്ത്രം എന്നീ ശാസ്ത്രങ്ങളിൽ അവഗാഹം. വേദങ്ങൾ പുരാണേതിഹാസങ്ങൾ ഉപനിഷത്തുകൾ ബ്രാഹ്മണങ്ങൾ മഹാഭാഗവതം എന്നിവയിൽ ആഴത്തിലുള്ള അറിവ്. 93ാം വയസ്സിലും അപാരമായ ഓർമ്മശക്തി.

ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു. പരപ്പനങ്ങാടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുമായി. കരുവാരക്കുണ്ട് ഗവ. ഹൈസ്കൂളിലെ പ്രധാന അദ്ധ്യാപകനായും ജോലി ചെയ്തു. 1981ൽ വിരമിക്കുകയും ചെയ്തു.എന്നാൽ റിട്ടയർ ചെയ്ത ശേഷം പന്ത്രണ്ടര വർഷത്തോളം കാലിക്കറ്റ് സർവകലാശാല സംസ്കൃത വിഭാഗത്തിൽ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായി. ഇന്നു വരെയും ഇങ്ങനെയൊരു പദവി മറ്റൊരാളെ തേടി വന്നിട്ടില്ല. എമിററ്റസ് പ്രൊഫസർ എന്നൊക്കെ വിദേശ സർവകലാശാലകൾ ബഹുമാനിക്കുന്നത് ഇത്തരം മനീഷികളെയാണ്. നമ്മുടെ നാട്ടിലായതുകൊണ്ട് അത്തരം പദവികളിലെത്തിയില്ലെന്നു മാത്രം.അതെന്തായാലും ആ ഇൻവെസ്റ്റിഗേഷന്റെ ഫലമാണ് ഭാരതീയ ശാസ്ത്രചിന്ത, ഗണിതം, പ്രപഞ്ച വിജ്ഞാനീയം, രസതന്ത്രം, മനോവിജ്ഞാനീയം, ആർഷ ശാസ്ത്രജ്ഞന്മാർ തുടങ്ങി അങ്ങേയറ്റം മൗലികതയുള്ള ഗ്രന്ഥങ്ങളെല്ലാം.

കോഴിക്കോട്ടെ മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ ഭാരതീയ ശാസ്ത്രജ്ഞരുടെ പ്രതിമകൾ സ്ഥാപിക്കാൻ ഒറ്റ ഹേതുവേയുള്ളൂ. ചേക്രക്കലിന്റെ ഇടപെടൽ.

കാഞ്ചി യൂനിവേഴ്സിറ്റിയുടെ ഡോക്ടറേറ്റ് നേടിയ മനീഷിയായ ഈ മാഷ് കേരള സർക്കാറിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ 1993 ലെ ഡോ. എസ്. വാസുദേവ അവാർഡ്,രേവതീ പട്ടത്താന പുരസ്കാരം, 2005 ലെ സ്വദേശി ശാസ്ത്ര പുരസ്കാരം,ഡൽഹി ഭാരതീയ വിദ്യാഭ്യാസ വികസന കേന്ദ്രം സംഗമഗ്രാമ മാധവ ഗണിത പുരസ്കാരം എന്നിവയും നേടിയിട്ടുണ്ട്.

പരേതയായ കുടുംബക്കാട്ട് ഉമാദേവി അന്തർജ്ജനമാണ് പത്നി. മക്കൾ: മീര, ഡോ. സി. ശ്രീകുമാരൻ (സംസ്കൃത വിഭാഗം മേധാവി, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്). മരുമക്കൾ: താമരക്കുളം ദിവാകരൻ നമ്പൂതിരി (റിട്ട. ബി.എസ്. എൻ.എൽ), ഡോ. പി.എം. മിനി (ഗണിത ശാസ്ത്ര വിഭാഗം മേധാവി എം.എ.എം.ഒ കോളേജ് മുക്കം)

❐

# ശ്രീകൃഷ്ണ വിലസിതം

(കുമ്മി)

**ഡോ സി കൃഷ്ണൻ നമ്പൂതിരി**

**ഓ**രങ്ങളങ്ങുമേ യോരാതൊരു
പാരാവാരത്തിൻ പെരുമയിങ്കൽ,
പേരാലിലയിൽ, പെരുവിരൽ
ചോരിവാതന്നിൽ തിരുകുവോ
രാരോമലുണ്ണി, കനിവാർന്നു
തീരാത്തൊരു ശോകത്തിര
മാറിത്തരു മാറത്തിരു
നീലകളേബരമെൻഹൃദയ
മാലയമാക്കി വസിച്ചിടേണം, മാറിൽ
മാലകൾ ചാർത്തുവതേറ്റീടണം!

മഞ്ഞപ്പട്ടാട ഞൊറിഞ്ഞുടുത്തു
കുഞ്ഞരഞ്ഞാണ മണിഞ്ഞു മീതേ
അഞ്ജ്ജന ശോഭ കളിയാടും
മഞ്ജ്ജുള മേനി കാണാകണം
മഞ്ജ്ജസാമുന്നിൽ, മുരളിക
രഞ്ജ്ജിച്ചൊരു മന്ദസ്മിത
മഞ്ജ്ജുംമുഖ കഞ്ജ്ജത്തൊടു
മോഹനഗോകുല ബാലരൂപം കണ്ടു
ദേഹം പുളകിതമായീടേണം, മമ
ദേഹിയാനന്ദത്തിലാണ്ടിടേണം

നെഞ്ചിലായ് കേളീരസം നിറഞ്ഞു
ചഞ്ചലമാം പിഞ്ചു കാലംങ്ങളിൽ
പൊഞ്ചിലമ്പേന്തി | അതിൽ നിന്നും
'ചിഞ്ചിലം' പൊന്തി
അഞ്ചിത നൃത്തം തുടരവേ
പൂഞ്ചായലിലഞ്ചും ശിഖി
പിഞ്ജാവലികൾ തൻ ചേലുക
ളെൻചേതോമാലിന്യം മൂലമൂറ്റും പാപ
സഞ്ചയമാകെയകറ്റിടേണം

ചന്ദികാ സുന്ദരമായ രാവിൽ
കന്ദ സുഗന്ധമിയന്ന ഭൂവിൽ
മന്ദേതരമായ് വ്രജ വധു
വൃന്ദനടനം, അവർക്കിടെ
ഒന്നിനൊന്നായി നിറയവേ
വൃന്ദാരകൾ വിണ്ണിലാകെ നി
ന്നങ്ങിനെ വന്ദിച്ചൊരുനന്ദജ
പാദങ്ങളെൻ കാണാകേണം ഹൃദി
മിന്നിയവയെന്നും നിന്നിടേണം ❐

## പാണിഗ്രഹണം

ല ശി ര ശു മ

| | | | |
|---|---|---|---|
| | ശി | | |
| മ | ഗ്രഹനില | | ച |
| | അംശകം | | ര ബു ശു |
| | ഗു | ല സ മാ | കു |

ബു മാ

ച സ ഗു കു

ആര്യ സി. ആർ (അദ്ധ്യാപക ദമ്പതികളുടെ മകൾ). ബി.ടെക് (സി.ഇ.ടി. തിരുവനന്തപുരം), ജോലി (Bosch Bangalore) 162 സെ.മീ.ഭരദ്വാജ ഗോത്രം. (1995 ആഗസ്റ്റ് 24ന് പൂയ്യം നക്ഷത്രത്തിൽ പകൽ 11.18 ന് ജനനം. ശിഷ്ടദശ 3.5.18 മന്ദദശ) മൊബൈൽ: 94463 00751/ 8921364808

ല

| | | | |
|---|---|---|---|
| | | | |
| ച | ഗ്രഹനില | | സ |
| ശുശി | അംശകം | | ല |
| | ര ബു | ഗു മാ | കു മ |

സ മ

ശു കു ശി

ര ച ഗു

ബു മാ

1157 വൃശ്ചികം 18 (3-12-1981) വ്യാഴാഴ്ച 11.30 pm ചതയം നക്ഷത്രം പുരുഷൻ. 17-9-18 രാഹു ദശ
Contact: Ravi Namboodiri S., Vallopilly Mana, 9847938303



യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കുടുംബ സംഗമം എം.കെ.രാഘവൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു




കലാമേളയിലെ അക്ഷരശ്ലോക മത്സരം



# ജില്ലാ കലാമേള പുതിയ ഊർജ്ജമായി

**യോ**ഗക്ഷേമസഭ കോഴിക്കോട് ജില്ല കലാമേളയും കുടുംബ സംഗമവും ജനുവരി 12, 13 തിയ്യതികളിൽ ചേവായൂർ പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരി നഗറിൽ ആഘോഷിച്ചു.

എം.കെ.രാഘവൻ എം.പി,ഡോ. എം.ജി.എസ് . നാരായണൻ, കൈതപ്രം ദാമോദരൻ നമ്പൂതിരി, കാശ്യപാശ്രമം അധിപതി ആചാര്യ എം. ആർ. രാജേഷ് തുടങ്ങി പ്രമുഖർ സമ്മേളത്തിൽ പങ്കെടുത്തു.



12 നു കൊളപ്പുറം നാരായണൻ നമ്പൂതിരിയുടെ ഗണപതി ഹോമത്തിനു ശേഷം താമരക്കുളം ദിവാകരൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കക്കാട് ശ്രീദേവി അന്തർജനം ഉദ്ഘാടനം ചെയ്തു. കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി , പാലാഞ്ചേരി നാരായണൻ നമ്പൂതിരി എന്നിവർ ആശംസ നേർന്നു. ജനറൽ കൺവീനർ പാറക്കോട് ശങ്കരൻ നമ്പൂതിരി നന്ദി പറഞ്ഞു.

രണ്ടു സ്റ്റേജുകളിലായിരുന്നു കലാമത്സരങ്ങൾ. ചാത്തമംഗലം ഉപസഭയിലെ കലാതിലകം മേധാമാധവിയുടെ പ്രഹ്ളാദ ചരിതം കഥകളിയും മികവു കാരണം വിധികർത്താക്കൾക്ക് വെല്ലുവിളിയായ അക്ഷരശ്ലോകവും ഏറെ ആവേശമായി.

13ന് പുലർച്ചെ പാടേരി വാസുദേവൻ നമ്പൂതിരിപ്പാടിന്റെ ഗണപതി ഹോമം.10 മണിക്ക് ജില്ലാ പ്രസിഡണ്ട് മധു അരീക്കരയുടെ അധ്യക്ഷതയിൽ ഉദ്ഘാടന സമ്മേളനം.എം കെ രാഘവൻ എം പി ഉദ്ഘാടനം ചെയതു. സ്വസ്തി ത്രൈമാസിക വാർഷികപ്പതിപ്പ് രാമകൃഷ്ണാശ്രമത്തിലെ സംപൂജ്യ വീതസംഗാനന്ദജി മഹാരാജ് പ്രകാശനം ചെയ്തു. ഇത്തരം മൂല്യമുള്ള പ്രസിദ്ധീകരണം എല്ലാ നമ്പൂതിരി ഇല്ലങ്ങളിലും ഉറപ്പാക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.ജില്ലാ സെക്രട്ടറി മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി സ്വാഗതം പറഞ്ഞു. പാലാഞ്ചേരി നാരായണൻ നമ്പൂതിരി, സ്വസ്തി മാനേജിംഗ് എഡിറ്റർ ഉമശ്രീ കിഴക്കുമ്പാട്, ചേവായൂർ ഉപസഭ പ്രസിഡണ്ട് ബാലകൃഷ്ണൻ മൂസദ് എന്നിവർ പ്രസംഗിച്ചു.സംസ്ഥാന കലോത്സവ ജേതാവ് മേധാമാധവിയേയും ഭാഷാശ്രീ പുരസ്കാരം നേടിയ സുവർണ്ണ മുല്ലപ്പള്ളിയേയും ആദരിച്ചു.

സമാപന സമ്മേളനം കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. ആചാര്യ എം.ആർ രാജേഷ് മുഖ്യാതിഥിയായി. കെ.എൻ നാരായണൻ നമ്പൂതിരി സ്വാഗതവും കെ.ഐ വിഷ്ണനമ്പൂതിരി നന്ദിയും പറഞ്ഞു. വിനോദ് മങ്ങത്തായ, കോരമ്പറ്റ ശങ്കരൻ നമ്പൂതിരി, കെ.എൻ നാരായണൻ നമ്പൂതിരി, പ്രീത കോരമ്പറ്റ, ലത തായട എന്നിവർ പരിപാടി ആങ്കർ ചെയ്തു.

രാമല്ലൂർ ഉപസഭയുടെ ആതിഥ്യത്തിൽ കക്കോടിയിലായിരുന്നു സ്റ്റേജിതര മത്സരങ്ങൾ.രണ്ടു മൂന്ന് വർഷങ്ങളായി അൽപം മാന്ദ്യത്തിലായിരുന്ന ജില്ലാ സഭക്കും ഉപസഭകൾക്കും ഊർജം പകരുന്നതായി കുടുംബ സംഗമവും കലാമേളയും.

കെ. ഐ വിഷ്ണു നമ്പൂതിരി(പ്രോ



ചികിൽസാ സഹായധനം ഫറോക്ക് ഉപസഭാ പ്രസിഡൻറ് പാലകുന്നം പരമേശ്വരൻ നമ്പൂതിരി നാറണിയാട്ട് കേശവൻ നമ്പൂതിരിക്ക് നൽകുന്നു.

## ഫറോക്ക് ഉപസഭ

പട്ടപ്പറമ്പിൽ എടമന നളിനി അന്തർജനത്തിന്റെ ദേഹവിയോഗത്തിൽ ഫറോക്ക് ഉപസഭാ ഭാരവാഹികൾ ഇല്ലത്തു പോയി അനുശോചനം അറിയിച്ചു. അരി, പലവ്യഞ്ജനങ്ങൾ എന്നിവ നൽകി. നാറണിയാട്ട് കേശവൻ നമ്പൂതിരിക്ക് ഫറോക്ക് ഉപസഭ 30000 രൂപ ചികിൽസാ സഹായ ധനം നൽകി.




കുടുംബ സംഗമം കലാമേളയിലെ സംഗീതവിരുന്ന്



വിഭവസമൃദ്ധമായ ഊട്ടുപുര







കുടുംബ സംഗമം കലാമേളയിൽ സ്വസ്തി ത്രൈമാസിക സ്റ്റാൾ



സരസ്വതി വിദ്യാമന്ദിരിലെ ഓഫ് സ്റ്റേജ് മത്സര പരിപാടികൾ



ഗ്രാം) തിരുമംഗലം കൃഷ്ണൻ നമ്പൂതിരി (ഫുഡ്) നാറണിയാട്ട് ദാമോദരൻ നമ്പൂതി രി(ഫിനാൻസ്) ചേക്രക്കൽ ഉണ്ണികൃ ഷ്ണൻ നമ്പൂതിരി(ട്രോഫി) ഹേമലതാ പാറക്കോട് ചേക്രക്കൽ ശ്രീദേവി(റിസപ് ഷൻ, രജിസ്ട്രേഷൻ) എന്നിവരുടെ നേതൃ ത്വത്തിലുള്ള കമ്മിറ്റികൾ മികച്ച പ്രവർത്ത നം നടത്തി.

എല്ലാ ഉപസഭകളും പങ്കാളികളാ യി.ഓവറോൾ ട്രോഫി നേടിവൻ ഊർ



ജം പ്രസരിപ്പിച്ച രാമല്ലൂർ ഉപസഭയിലെ ചുണക്കുട്ടികൾക്ക് പ്രത്യേക അഭിനന്ദനം. തൊട്ടടുത്തു തന്നെയുണ്ട് ബാലുശ്ശേ രിയും. ചേവായൂരിലെ സ്വന്തം സ്ഥലം കലാമേളക്ക് വിട്ടുതന്ന് കുടുംബസംഗമം വിജയിപ്പിക്കാൻ അങ്ങേയറ്റം പ്രവർത്തിച്ച ചെമ്പകശ്ശേരി മനോജ് നമ്പൂതിരിയോടും കുടുംബാംഗങ്ങളോടുമുള്ള നന്ദി ഇവിടെ പ്രകാശിപ്പിക്കട്ടെ.

**താമരക്കുളം ദിവാകരൻ നമ്പൂതിരി**
ചെയർമാൻ, കുടുംബമേള

## ഇവർ പറഞ്ഞത്



**പഴ**യകാലത്ത് ആരോ ചെയ്ത ചെയ്തികൾക്ക് ഇന്ന് ഒരു സമൂഹത്തെയാകെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. നമ്പൂതിരിമാർക്കും മുന്നോക്ക സംവരണത്തിനും വേണ്ടിയും പാർല മെന്റിൽ ഞാൻ ശബ്ദമുയർത്തും.
**എം.കെ.രാഘവൻ എം.പി.**



**സാം**സ്കാരിക സമ്പന്നമായ പൈതൃകത്തിന് ഉടമകളാണ് നമ്പൂതിരിമാർ. അത് മുറുകെപ്പിടിച്ചുകൊണ്ടാകണം മുമ്പോട്ടുള്ള പ്രയാണം.
**ഡോ.എം.ജി.എസ്.നാരായണൻ**



**സ്വ**സ്തി പോലുള്ള ഒരു പ്രസിദ്ധീകരണം ഈ കാലത്ത് ആവശ്യമുള്ളതാണ്. അതിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.
**കൈതപ്രം ദാമോദരൻ നമ്പൂതിരി**



**വൈ**ദിക കാലം തൊട്ടുള്ള പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന തരത്തിൽ മുന്നോട്ടു പോകേണ്ടത് സമുദായത്തിന്റെ ഉന്നതിക്ക് ആവശ്യമാണ്.
**ആചാര്യ എം.ആർ.രാജേഷ്**

## കൊയിലാണ്ടി ഉപസഭ

കൊയിലാണ്ടി ഉപസഭയി ലെ 25 അംഗ ങ്ങളിൽ നിന്നും 2 ലക്ഷത്തോളം തുക സമാഹരിച്ചു സദ്യക്കാവശ്യമായപാത്രങ്ങൾ സ്വന്തമായി വാങ്ങി മിതമായ നിരക്കിൽ ഇല്ലങ്ങളിലേക്കു വാടകയ്ക്ക് നൽകാൻ തീരുമാനിച്ചു.പരിപാടിയുടെ ഉദ്ഘാടനം എടവല്യം പുരുഷോത്തമശർമ്മക്കു ഫണ്ട് കൈമാറി സെക്രട്ടറി അകപ്പുറം കേശവൻ നമ്പൂതിരി നിർവഹിച്ചു.

## ചേവായൂർ

മെമ്പർഷിപ്പ് പ്രവർത്തനവും സ്വസ്തി മാസികയുടെ കലക്ഷനും പൂർത്തിയാക്കാനും ഏപ്രിൽ 15ന് മുമ്പായി ജനറൽ ബോഡി നടത്താനും തീരുമാനിച്ചു. വിഷുകൈനീട്ടവും സദ്യയും കുടുംബ സംഗമവും നടത്താൻ തീരുമാനിച്ചു .



## ചാത്തമംഗലം ഉപസഭ

മെമ്പർഷിപ്പ് വിതരണം പുരോഗമിക്കുന്നു. ഉപസഭയിലെ നമ്പൂതിരിമാരുടെ ഊരായ്മയിലുള്ള ശ്രീകൃഷ്ണക്ഷേത്രത്തിൽ മെയ് 4 മുതൽ 11 കൂടി ശ്രീമദ് ഭാഗവത സപ്താഹയജ്ഞം നടത്തപ്പെടുന്നു.കേരളത്തിലെ പ്രമുഖ ഭാഗവതാ ചാര്യൻമാരായ 41 പേർ ഒരേ വേദിയിൽ ഏഴ് ദിവസവും യജ്ഞത്തിൽ പങ്കെടുക്കുന്നു എന്ന അപൂർവത ഈ ഒരു സംരംഭത്തിനുണ്ട്.



ജില്ലാ കലാമേളയിലെ പങ്കാളിത്തം




കുടുംബ സംഗമം കലാമേളയിൽ ഓവറോൾ ട്രോഫിയുമായി രാമല്ലൂർ ഉപസഭ



# ആദരാഞ്ജലികൾ





താമരക്കുളം ദാമോദരൻ
നമ്പൂതിരി,
മുക്കം ഉപസഭ



കിഴക്കുമ്പാട്ടില്ലത്ത്
ഹരി നമ്പൂതിരി
അരീക്കോട് ഉപസഭ



പൂക്കോട്ടൂർ കക്കാട്ടില്ല
ത്ത് സാവിത്രി
അന്തർജ്ജനം



ചന്ദനവേലി പ
രമേശ്വരൻ നമ്പൂതിരിയുടെ
പത്നി സിന്ധു.പി.എം



കോൽപ്പുറത്ത്
ഉമാദേവി
അന്തർജ്ജനം



മാമണ്ണ് മനയിലെ
തുപ്പേട്ടൻ എന്ന
സുബ്രഹ്മണ്യൻ നമ്പൂതിരി



ഫോക്‌ലോർ ഗവേഷകൻ
ഡോ. എം.വി.വിഷ്ണു
നമ്പൂതിരി, പയ്യന്നൂർ



അരീക്കര ഇല്ലത്ത്
വാസുദേവൻ നമ്പൂതിരി
ചാത്തമംഗലം ഉപസഭ



മേപ്പാട് പുരുഷോത്തമൻ
നമ്പൂതിരി
കൊയിലാണ്ടി ഉപസഭ



ചാത്തങ്കോട്ടില്ലത്ത്
മാധവൻ നമ്പൂതിരി
തിനൂർ ഉപസഭ



പുത്തൂർ മുതുമന
സുബ്രഹ്മണ്യൻ നമ്പൂതിരി
നീലേശ്വരം ഉപസഭ



പന്ന്യംവള്ളി
പാർവതി അന്തർജനം
രാമല്ലൂർ ഉപസഭ.



അഴിഞ്ഞില്ലത്ത് ചെമ്പാഴി
കൃഷ്ണൻ നമ്പൂതിരി
അരീക്കോട് ഉപസഭ



അകപ്പുറത്തില്ലം
നീലകണ്ഠൻ നമ്പൂതിരി
രാമല്ലൂർ ഉപസഭ.



മുണ്ടോട്ടെ കുനിയിൽ ഇല്ല
ത്തു സതി അന്തർജനം.
കൊയിലാണ്ടി ഉപസഭ.



മഹാകവി
അക്കിത്തത്തിന്റെ പത്നി
ശ്രീദേവി അന്തർജ്ജനം



കുഴിപ്പുറത്ത് ഇല്ലത്ത്
നാരായണൻ നമ്പൂതിരി
ചാത്തമംഗലം ഉപസഭ



പട്ടപ്പറമ്പ് എടമന
നളിനി അന്തർജനം
ഫറോക്ക് ഉപസഭ



അമ്പിളിക്കുന്നം ഇല്ലത്ത്
നാരായണൻ നമ്പൂതിരി
വടകര, കടമേരി




**ആനന്ദ്**
S/o നാരായണൻ നമ്പൂതിരി
& സാവിത്രിക്കുട്ടി
കൊറ്റിവട്ടത്ത് ഇല്ലം, മുത്താലം,
മണാശ്ശേരി പി.ഒ., കോഴിക്കോട്

**അർച്ചന**
D/o ശിവശങ്കരൻ നമ്പൂതിരി
& രത്നമണി ടി.
മാടമന ഇല്ലം, കൈതപ്രം,
കണ്ണൂർ

ആശംസകളോടെ: ബന്ധുമിത്രാദികൾ




# NIRMAL AGENCIES

M.M.Ali Road, Calicut- 673 002

Tel: 0495 2305544






*Sales, Services, Spare parts of Sewing Machines*










# O.T CATERERS

Vinod O.T (Manikuttan) Ozhukil Thattayoor Illam

Neeleswaram P.O, Kozhikode-673582

MOB : 9947166663, 9447951344, 9562166663


വേളി
RMN Photography
Moments Are Memmories....
Special Packages
For Bride N Groom
With In 45 Days
Renjith Maruthat Illam 09496809385
Athira Renjith Kakkadavath Kandamangalam 09072377388